ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, 1986-ലെ കേരള പൊതുകെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ബോഡിയിൻമേലുള്ള സബ് ജഡ്ജ് കമ്മിറ്റിയുടെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അംഗമായ ഞാൻ സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് ചെയർമാനു വേണ്ടി സമർപ്പിക്കുന്നു.

VI ധനകാര്യം

1986-87-ലെ ബഡ്ജറിലേക്കുള്ള ഉപധനാഭ്യർത്ഥന കും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, സംസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,000 രൂപയുടേയും പോലീസ് എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 300 രൂപയുടേയും ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ജില്ലാ ഭരണവും പലവകയും എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,22,400 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, വിദ്യാഭ്യാസം കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,96,98,200 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, കൃഷി എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു നൂറു രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ക്ഷീരവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) : സർ, ക്ഷീരം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,10,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, വനം എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, വ്യവസായം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,200 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ജലസേചനം എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, ഗതാഗതം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,00,00,200 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കേടിയേരി ബാലകൃഷ്ണൻ : സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ഈ ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ അംഗീകരിക്കുന്നതു കേരളത്തിലെ ജനലക്ഷങ്ങളോടു കാണിക്കുന്ന ഒരു വഞ്ചനയായിരിക്കും. നാലര കൊല്ലക്കാലം തുടർച്ചയായി ഐക്യജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് തികഞ്ഞ ഒരു പരാജയമായിത്തീർന്നിരിക്കുകയാണ്. . . . മനുഷ്യന്റെ തലയ്ക്കും തെങ്ങിന്റെ കുലയ്ക്കും രക്ഷ എന്ന മുദ്രാവാക്യത്തിന്റെ പേരിൽ വോട്ടുപിടിച്ചു നാലര കൊല്ലക്കാലം ഭരിച്ചപ്പോൾ 2,096 കൊലപാതകങ്ങളാണ് ഇവിടെ നടന്നത്. 34 സ്ഥലങ്ങളിൽ പോലീസ് വെടിവച്ചു. 14 പേരെ കൊന്നു. 134 രാഷ്ട്രീയ കൊലപാതകങ്ങളിൽ 72 മാർക്സിസ്റ്റ് പാർട്ടിയുടെ പ്രവർത്തകൻമാരെ കൊല ചെയ്തു. ലോക്കപ്പുകളിൽ വച്ച് 15 ആളുകളെ കൊന്നു. 6,643 കളവു കേസുകളിൽ 3,947 പ്രതികളെ ഇതുവരെ പിടിച്ചില്ല. ക്ഷേത്ര മോഷണങ്ങളും 1,348, ബലാൽസംഗങ്ങളും 491. 147 ഹരിജൻ സ്ത്രീകളെയാണ് ബലാൽസംഗം ചെയ്തത്. 477 കേസ്സുകളിൽ ഇതുവരെ പ്രതികളെ പിടിക്കാൻ ശ്രീ. കരുണാകരന്റെ പോലീസ്സിനു സാധിച്ചില്ല. സ്ത്രീകളെ തട്ടിക്കൊണ്ടു പോകുന്നതു ഒരു നിത്യസംഭവമായിത്തീർന്നിരിക്കുകയാണ്. 234 സ്ത്രീകളെ തട്ടിക്കൊണ്ടുപോയ കേസ്സുകളുണ്ടായി. ഇന്നലെ ഞാൻ കണ്ണൂരിൽ നിന്നു വരുമ്പോൾ അവിടത്തെ കണ്ണൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിരിക്കുകയാണ്. കണ്ണൂർ ഡി. സി. സി. പ്രസിഡന്റ് ശ്രീ. എം. രാമകൃഷ്ണന്റെ ഭാര്യയെ തട്ടിക്കൊണ്ടുപോയി എന്നതിന്റെ പേരിൽ ഒരു കേസ് ചാർജ്ജ് ചെയ്യേണ്ടി വന്നിരിക്കുകയാണ്. സ്വന്തമായി സ്ത്രീകൾക്ക് ഇവിടെ വഴി നടന്നുപോകാൻ കഴിയാത്ത ഒരു സാഹചര്യം നാലര കൊല്ലക്കാലത്തെ ക്രമസമാധാനത്തിന്റെ ഫലമായി കേരളത്തിലുണ്ടായിരിക്കുകയാണ്. 50 സ്ഥലങ്ങളിലാണ് ഡി. വൈ. എഫ്. ഐ. പ്രവർത്തകൻമാർക്ക് എതിരായി പോലീസ് ലാത്തിചാർജ്ജ് ചെയ്തത്. നാലായിരത്തോളം യുവതീയുവാക്കളെ പോലീസ് റോഡിലിട്ട് മർദ്ദിച്ചു. കാസർകോട് സഖാവ് ബാലകൃഷ്ണനെ വെടിവച്ചു കൊന്നു, മന്ത്രിയും ശ്രീ. കെ. പി. നൂറുദ്ദീന്റെ സാന്നിദ്ധ്യത്തിൽ. ചീമേനിയിലെ രാമചന്ദ്രനും വടകരയിൽ അഴിയൂരിലെ നാസ്സറിനും വെടിയേറ്റ് പരിക്കുകളുമായി ഇപ്പോഴും ആശുപത്രിയിലാണ്. കാസർകോടും കണ്ണൂരും വടകരയിലും പോലീസ് വെടിവച്ചു. കണ്ണൂരിൽ വെടിവയ്പ്പ് നടന്ന സ്ഥലത്ത് ഞാൻ പോയപ്പോഴും ഡി. വൈ. എഫ്. ഐ. സമരത്തെ നേരിടാൻ നിന്ന പോലീസ്സുകാർ നിലത്തു കിടന്നു വെടിവയ്ക്കുന്ന കാഴ്ചയാണ് കണ്ടത്. ഞാൻ എസ്. പി. ക്ക് കാണിച്ചുകൊടുത്തു. പക്ഷെ പോലീസ് പറയുന്നത് എല്ലാ വെടിയും ആകാശത്തേയ്ക്കാണ് എന്നാണ്, നോട്ടം ആകാശത്തേക്കും വെടി ഭൂമിയിലേക്കുമാണ്. "അത്യുന്നതങ്ങളിൽ ദൈവത്തിന് വെടി, ഭൂമിയിൽ സൻമനസ്സുള്ളവർക്കു ശവങ്ങൾ" എന്ന ബൈബിൾ വചനം തന്നെ ശ്രീ. കരുണാകരന്റെ രേണത്തിൽ തിരുത്തി എഴുതിയിരിക്കുകയാണ്. സ്ത്രീത്വത്തെ ഇത്രമാത്രം അപമാനിച്ച ഒരു ഗവൺമെന്റ് ഈ കേരളത്തിന്റെ ചരിത്രത്തിൽ എപ്പോഴെങ്കിലും ഉണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ടോ ? വയനാട്ടിലെ തൃശലേരിയിൽ ആദിവാസി സ്ത്രീകളെക്കൊണ്ട് വ്യാജവാറ്റ് ചാരായം കഴിപ്പിച്ച് നഗ്നനൃത്തം ചെയ്യിപ്പിച്ചത് പോലീസ് എസ്. പി. യുടെ നേതൃത്വത്തിലല്ലേ. ശ്രീ. കരുണാകരന്റെ ഭരണത്തിലല്ലാതെ മറ്റ് ഏതെങ്കിലും ഒരു ഭരണത്തിൽ ഈ ആരോപണം നടക്കുമോ ? ഇടുക്കി ജില്ലയിലെ തങ്കമണിയിൽ ഒക്ടോബർ 22-ാം തീയതി രാത്രി പോലീസുകാർ ചെയ്ത കാടത്തം പോലീസ് സേനയ്ക്ക് ലജ്ജാകരമാണോ ? 15 വയസ്സു മുതൽ 40 വയസ്സുവരെ പ്രായമുള്ളവർ അവിടെ അപമാനിക്കപ്പെട്ടു. സ്ത്രീത്വത്തെ അപമാനിക്കുന്നതിൽ തൃപ്തി വരാത്ത പോലീസ് ചിലരുടെ വായിൽ ലാത്തി കുത്തിത്തിരുകി. കന്യാസ്ത്രികളുടെ മുഖത്ത് കടിച്ചു മുറിവേൽപ്പിച്ചു. സ്ത്രീകളുടെ കരണത്തടിച്ചു. പനിപിടിച്ച് അവശനായി കിടന്ന സഹോദരന്റെ മുമ്പിൽ വച്ച് സഹോദരിമാരെ മാനഭംഗപ്പെടുത്തി. അവരെ ഉപദ്രവിയ്ക്കരുതെ എന്ന് താണുകേണപേക്ഷിച്ച മാതാവിന്റെ മുഖത്ത് പോലീസ് ലാത്തികൊണ്ട് അടിച്ചു. അദ്ധ്യാപികമാരുടെ ഹോസ്റ്റലിൽ പോലീസ് കയറി 2 അദ്ധ്യാപികമാരെ തൂക്കിയെടുത്ത് മറവിൽക്കൊണ്ടുപോയി അഞ്ച് പോലീസുകാർചേർന്ന് ആ രണ്ട് അദ്ധ്യാപികമാരെ ബലാൽസംഗം ചെയ്തു. ഈ സ്ത്രീകളെ ഇപ്പോൾ എവിടെയാണ്? അവർ ഇവിടെ തിരിച്ചുവന്നിട്ടില്ല. അവർ പോലീസിന്റെ കസ്റ്റഡിയിലാണോ ? പണവും സാധനങ്ങളും കൊള്ളയടിച്ചു. ആൻറണി എന്നു പറയുന്ന ഒരാളുടെ വീട്ടിൽ നിന്ന് 10,000 രൂപയും മറ്റൊരാളുടെ വീട്ടിൽ നിന്ന് പത്തു പവന്റെ ആഭരണങ്ങളും തട്ടിക്കൊണ്ടുപോയി പോലീസ്. ഇപ്പോൾ അന്വേഷണത്തിനു പോയ പോലീസ് മേധാവികളെ ചോദിക്കുന്നത് എന്താണെന്നറിയാമോ ? എന്തിനാണ് നിങ്ങൾ 10,000 രൂപ വീട്ടിൽ വച്ചത് എന്നാണ്? നമ്മുടെ അന്വേഷണത്തിന് നേതൃത്വം കൊടുക്കുന്ന പോലീസുകാരുടെ ചോദ്യം. നിങ്ങൾക്ക് നാണമില്ലേ മിസ്റ്റർ കരുണാകരൻ.

കന്യാമാത്തിൽ കയറി അവിടത്തെ വാഴകളും മുഴുവൻ പോലീസ് വെട്ടി നശിപ്പിച്ചു. അവിടത്തെ പശുക്കളെ പോലീസ് അടിച്ചോടിച്ചു. ദേഷ്യം പിന്നെ പശുക്കളോടായി. നേഴ്സിംഗ് ഹോമിൽ കയറി മഞ്ഞപ്പിത്തം ബാധിച്ച് അവശനായി കിടന്ന രോഗിയെ പിടിച്ചുകൊണ്ടുപോയി മർദ്ദിച്ചില്ലേ, ആശുപത്രിയിലെ മാനേജർക്കും നേഴ്സിനും അടി. 40 സ്ത്രീകളെ ആണ് സർ ഇടുക്കിയിൽ ബലാൽസംഗം ചെയ്തത്. ബലാൽസംഗം എന്നു കേൾക്കുമ്പോൾ ഇന്ന് അതിന്റെ വികാരം ഉൾക്കൊള്ളാൻ നമുക്ക് സാധിക്കുന്നുണ്ടോ ? മിസ്റ്റർ കരുണാകരൻ, നിങ്ങളുടെ വീട്ടിലെ സ്ത്രീകളുടെ കവിളാണ് ഒരു പോലീസുകാരൻ കടിച്ചു പറിച്ചതെങ്കിൽ നിങ്ങൾക്ക് എന്തു മാത്രം വികാരമുണ്ടാകുമായിരുന്നു. നിങ്ങളുടെ വീട്ടിലെ സ്ത്രീകളെയാണ്, പോലീസ് ബലാൽസംഗം ചെയ്തതെങ്കിൽ നിങ്ങൾക്ക് എന്ത് വികാരമുണ്ടാകുമായിരുന്നു. ആ ഹൃദയ വേദനയോടുകൂടി ഇടുക്കി ജില്ലയിൽ അപമാനിക്കപ്പെട്ട ആ സ്ത്രീകളുടെ സ്ത്രീത്വത്തെ ബഹുമാനിക്കാൻ നിങ്ങൾക്ക് സാധിക്കുമോ ? അവിടെ ചെയ്തത് എന്താണ് ? നാല് പോലീസുകാർക്ക് സസ്പെൻഷൻ. അവിടെ അതിന് നേതൃത്വം കൊടുത്ത ആളുകളുടെ പേരിൽ നടപടിയില്ല. സി. ഐ. തുടങ്ങിയവരെല്ലാം നേതൃത്വം നൽകുമ്പോൾ പറഞ്ഞു മുകളിൽ നിന്ന് നിർദ്ദേശം കിട്ടിയിട്ടാണ് അങ്ങനെ ചെയ്തത് എന്ന്. എസ്. പി. യുടെ പേരിൽ നടപടിയില്ല. ഐ. ജി. യുടെ പേരിൽ നടപടി ഇല്ല. ആരാണ് മുകളിൽ നിന്ന് നിർദ്ദേശം കൊടുത്തത് ? ആഭ്യന്തര വകുപ്പു മന്ത്രിയാണോ നിർദ്ദേശം കൊടുത്തത് ? ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ സ്വയം മന്ത്രി സ്ഥാനത്തുനിന്ന് ഒഴിഞ്ഞുപോകുകയാണ് വേണ്ടത്. അതല്ലെങ്കിൽ ആഭ്യന്തര വകുപ്പുമന്ത്രി സ്ഥാനമെങ്കിലും ഒഴിയാൻ ഈ മുഖ്യമന്ത്രി തയ്യാറാകേണ്ടതായി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു. അതിനൊന്നും മുഖ്യമന്ത്രി തയ്യാറാകുകയില്ലെന്ന് നമുക്കറിയാം. ഇപ്പോഴും അവിടെ ഇടിപ്പാസ്സാണ് വിതരണം ചെയ്യുന്നത്. ഇടിയിൽ നിന്ന് രക്ഷ വേണമെങ്കിൽ അതിന് പോലീസ് എസ്. ഐ. ഒരു ഇടിപ്പാസ്സ് കൊടുക്കുകയാണ്. ഈ ഇടിപ്പാസ്സ് കിട്ടണമെങ്കിലോ അവിടത്തെ നിയോജക മണ്ഡലം എം. എൽ. എ. ശ്രീ. ജോസ് കുറിയാനിയുടെ ചീട്ടുവേണം. എത്ര നാണക്കേടാണ് ഇന്ന് പോലീസ് സ്റ്റേഷനിൽ മീശ വച്ചിട്ട് പോയിക്കൂടാ. മീശ വച്ചവന്റെ മീശ പിഴുതെറിയുന്നു. കത്തിയും ബ്ലേഡും കൊണ്ടാണ് മീശവടിച്ചിരുന്നതെങ്കിൽ ആ പണിയെങ്കിലും പോലീസ് പഠിച്ചല്ലോ എന്ന് നമുക്ക് ആശ്വസിക്കാമായിരുന്നു. മീശ വച്ച് പോലീസ് സ്റ്റേഷനിൽ പോയാൽ അപകടമാണ് എന്നു കരുതി നേമം പോലീസ് സ്റ്റേഷനിൽ ഒരു അച്ഛനും മകനും മീശ വടിച്ചു ചെന്നപ്പോൾ അവരുടെ ഉടുതുണിയാണ് പോലീസുകാരൻ ഊരിയത് എന്ന് നമ്മെ ഈ നിയമസഭയിൽ കേട്ടില്ലേ. ഇങ്ങനെ പോലീസ് സ്റ്റേഷനിൽ ആർക്കും പോയ്ക്കൂടാത്ത അനുഭവമാണ് ഇപ്പോഴും. കേരളത്തിൽ ഉടനീളം കൊലപാതകങ്ങളും, ആത്മഹത്യകളും വർദ്ധിച്ചു വന്നുകൊണ്ടിരിക്കുകയാണ്. അതിന്റെയെല്ലാം കണക്കുകളും എന്റെ കൈവശമുണ്ട്. ഇവിടെ സമയമില്ലാത്തതുകൊണ്ട് ഞാൻ ഇതിലേക്കു കടക്കുന്നില്ല. കൊല്ലത്തെ ഒരു നേഴ്സായ മേരിക്കുട്ടിയെ വീട്ടിനകത്തു കയറി കൊന്നില്ലേ ? ആ മേരിക്കുട്ടിയെ കൊന്ന ഫാദർ ആന്റണിയെ ഇതുവരെ പിടിക്കാൻ പോലീസ് സേനക്കു സാധിച്ചിട്ടില്ല. പോലീസുകാർക്കു സ്വന്തമായി ഒന്നും ചെയ്യാൻ അനുവാദമില്ല. സ്വതന്ത്രമായി പ്രവർത്തിക്കേണ്ട പോലീസിന്റെ കൈയ്ക്കും കാലിനും ചങ്ങലയിട്ടിരിക്കുകയാണ്. കണ്ണൂരിൽ കരിക്കോട്ടക്കരി പോലീസ് സ്റ്റേഷനിൽ ഒരു കോൺഗ്രസ് (ഐ) ക്കാരൻ മർദ്ദിക്കപ്പെട്ടു. മർദ്ദിക്കപ്പെട്ടപ്പോൾ പോലീസ് കേസ് ചാർജുചെയ്തു. പക്ഷെ ഇപ്പോൾ കണ്ണൂർ ക്രൈം ഡിറ്റാച്ച്മെന്റ് സർക്കിൾ ഇൻസ്പെക്ടർ കോടതിയെ മേൽ നടപടി സ്വീകരിക്കരുതെന്നു തടഞ്ഞിരിക്കുന്നു. കാരണം ഒരു കോൺഗ്രസ്(ഐ)കാരനെ മറ്റൊരു കോൺഗ്രസ്(ഐ)കാരനാണ് മർദ്ദിച്ചത്. ഇവിടെ നമ്മുടെ യൂണിവേഴ്സിറ്റി കാമ്പസിൽ കെ.എസ്.യു. വിന്റെ സംസ്ഥാന സെക്രട്ടറി പ്രതാപ വർമ്മ തമ്പാനെ കുത്തി കൊടൽമാല എടുക്കുമ്പോൾ തൊട്ടടുത്തുണ്ടായിരുന്ന സബ് ഇൻസ്പെക്ടർ പറയുകയാണ് നമ്മുടെ കുട്ടികൾ ഇങ്ങനെ കുത്തിയാലോയെന്ന്. പ്രതിയെ പിടിക്കേണ്ട പോലീസ് സമാധാന ഭാവത്തിൽ സംസാരിക്കുകയാണ്. കോൺഗ്രസ്(ഐ) ക്കാർ തമ്മിലടിക്കുമ്പോൾ പോലീസ് നോക്കി നിൽക്കുന്നു. ഇവിടെ ഈ ഗവൺമെന്റ് ക്രമസമാധാനം പാലിക്കുന്നതിൽ അത്യന്തരം പരാജയപ്പെട്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന് ഒരു നിമിഷം പോലും അധികാരത്തിൽ തുടരാൻ അർഹതയില്ല. കേരളത്തിലെ ജനങ്ങൾ ഈ ഗവൺമെന്റിനെ ചവുട്ടി പുറത്താക്കാനാണ് ആഗ്രഹിക്കുന്നത്. ഇനി ഇവിടെ ഒരു തെരഞ്ഞെടുപ്പു നടന്നാൽ ഈ മുന്നണി തകരും. കേരളത്തിലെ ജനങ്ങൾ മുന്നണിയെ തകർക്കും. വീണ്ടും ഐക്യജനാധിപത്യ മുന്നണി അധികാരത്തിൽ വരുമെന്നാണ് പറയുന്നത്. അതിനുവേണ്ടി ഇപ്പോൾ ഈ ഗവൺമെന്റ് ചെയ്യുന്നത് ഓണത്തിന് ഒരു സൗജന്യ റേഷൻ കൊടുക്കുന്നു. മൂത്ത കോഴിക്ക് സാധാരണ ഗതിയിൽ കാരണവൻമാർ എള്ളു കൊടുക്കുന്നത് കോഴിയോടുള്ള സ്നേഹം കൊണ്ടാണെന്നാണ് പറയുന്നത്. എള്ളു കൊടുത്താൽ മൂത്ത എല്ലിന്റെ മൂപ്പ് കുറഞ്ഞു കിട്ടും. അതുകൊണ്ട് മാംസവും എല്ലും ഒന്നിച്ചു ക്ഷിക്കാം. അതുപോലെ തെരഞ്ഞെടുപ്പ് അടുത്തു വരുമ്പോൾ ജനങ്ങളെ മയക്കാൻ സൗജന്യ റേഷൻ കൊടുത്തതുകൊണ്ടൊന്നും രക്ഷപ്പെടാൻ പോകുന്നില്ല. നിങ്ങളെ അടിച്ചിറക്കാൻ വേണ്ടി കേരളത്തിലെ ജനങ്ങൾ കാത്തിരിക്കുകയാണ്. അതുകൊണ്ട് അടുത്ത തെരഞ്ഞെടുപ്പിൽ തികഞ്ഞ പരാജയമാണ് കിട്ടാൻ പോകുന്നതെന്നു പറഞ്ഞു കൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. തോമസ് : ഇവിടെ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും വിവിധ വകുപ്പുകളിലേക്ക് അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. നാലരവർഷം ഭരിച്ചുകൊണ്ട് മുന്നോട്ടു നീങ്ങുന്ന ഈ ഗവൺമെന്റ് അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെയാണ് ഞാൻ പിൻതാങ്ങുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജനോപകാരപ്രദങ്ങളായ നിരവധി കാര്യങ്ങളാണ് ചെയ്തിട്ടുണ്ടെന്നത് ഈ സംസ്ഥാനത്തെ ജനങ്ങൾക്ക് വ്യക്തമായി അറിയാം. അതുകൊണ്ടായിരിക്കാം ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പർ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പോലീസിന്റെ ചില അതിശയോക്തിപരമായ കാര്യങ്ങളെ സംബന്ധിച്ച് ഇവിടെ പ്രതിപാദിച്ചത്. ഇതിൽ നിന്നും മനസ്സിലാക്കുന്നത് എതിർക്കുകയെന്നുള്ളത് പ്രതിപക്ഷത്തിന്റെ ചുമതലയാണ്. അത് ഞാൻ അംഗീകരിക്കുന്നു. വൈലോപ്പള്ളി കവിതയിലെ രണ്ടുവരികളാണ് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഒരു പഴയ ചെന്നായ് ഒരു പഴയ ആട്ടിൻകുട്ടിയോടു പറഞ്ഞു നീ എന്റെ വെള്ളം കലക്കി, വെള്ളം കലക്കിയാൽ നിന്നെ ഞാൻ വെറുതെ വിടില്ല. അപ്പോൾ ആട്ടിൻകുട്ടി പറഞ്ഞു ഞാൻ നദിയുടെ താഴെയും അങ്ങു മുകളിലുമാണ് നിൽക്കുന്നത്. അപ്പോൾ ഞാൻ എങ്ങനെയാണ് വെള്ളം കലക്കുന്നത്. നീ പറയുന്നത് ശരിയല്ല. ചെന്നായ് പറഞ്ഞു നിന്റെ തന്ത, നിന്റെ പൂർവ്വികൻ പണ്ട് എന്നെ വഴക്കു പറഞ്ഞിട്ടുണ്ട്. അതു കാണ്ട് നിന്നെ ഞാൻ വെറുതെ വിടില്ല. വൈലോപ്പള്ളി കവിതയിൽ പുതിയ ചെന്നായ്, പുതിയ ആട്ടിൻകുട്ടിയോടു പറഞ്ഞു ;

"മണ്ടനാമെൻ പൂർവ്വികനെപ്പോലെ തർക്കത്തിൽ തോറ്റു
തന്തയിൽ കുറ്റം ചാർത്തി നിന്നെ ഞാൻ വധിക്കില്ല"

പഴയ എന്റെ പൂർവ്വികനെപ്പോലെ തന്തയിൽ കുറ്റം ചാർത്തി നിന്നെ ഞാൻ വധിക്കില്ല. കാരണം എന്റെ ധർമ്മമാണ് നിന്നെ കൊല്ലുകയെന്നുള്ളത് എന്നു പറഞ്ഞപോലെയാണ് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രസംഗം കേട്ടപ്പോഴെനിക്കു തോന്നിയത്. അതിശയോക്തിപരമെന്ന് ഞാൻ പറഞ്ഞത് ഈ രാജ്യത്ത് നടക്കുന്ന പല സംഭവങ്ങളെ സംബന്ധിച്ചും ഇവിടെ നടപടി എടുക്കുന്നുണ്ട്. പിന്നെയും അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. വെടിവയ്പിനെ സംബന്ധിച്ചു ജൂഡീഷ്യൽ അന്വേഷണം നടക്കുന്നു. പോലീസുകാർ അതിക്രമം കാണിച്ചുവെന്ന പ്രസ്താവനയുണ്ട്. അതു സംബന്ധിച്ചുള്ള പല വശങ്ങളും പരിശോധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാലഞ്ചു പോലീസു ഉദ്യോഗസ്ഥൻമാരെ സസ്പെൻറു ചെയ്തു. വീണ്ടും റവന്യൂ ബോർഡ് മെംബറെക്കൊണ്ട് അന്വേഷിപ്പിക്കുന്നു. സസ്പെൻറു ചെയ്ത പോലീസുകാരുടെ പേരിൽ ക്രിമിനൽ കുറ്റം ചുമത്തി ക്രിമിനൽ കുറ്റവാളികളായി അവരുടെ പേരിൽ കേസ് എടുക്കുന്നതിന് നടപടി സ്വീകരിച്ചു.

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ ബഹുമാനപ്പെട്ട നായനാർ ഈ രാജ്യം ഭരിച്ച അവസാനത്തിലും വെടിവയ്പുണ്ടായിട്ടില്ലേ. പോലീസ് അതിക്രമം കാണിച്ചുവെന്ന് ഇവിടെ പ്രസംഗിച്ച ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പാർട്ടി കേരളം ഭരിക്കുമ്പോഴും യാതൊരു പ്രകോപനവുമില്ലാതെ പ്രകടനം നടത്തിയ മുസ്ലീം സഹോദരൻമാരെ മലപ്പുറത്ത് മൂന്നാളുകളെ വെടിവച്ച് വീഴ്ത്തിയ സംഭവം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. കെ. തോമസ് : സർ, അതു തന്നെയല്ല തങ്കമണി അക്രമത്തെപ്പറ്റി വിലപിക്കുന്നവരുടെ കണ്ണടയ്ക്കൽ. ഞാൻ ഓർക്കുകയാണ്. കോന്നിയിൽ 198 -ൽ കുമ്മണ്ണൂർ എന്നു പറയുന്ന ഗ്രാമത്തിൽ ഒരു പോലീസ് പാർട്ടി ചെന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്തോ കാരണത്തിന് ആ ഗ്രാമീണർ ഒരു പ്രതിയെ വിട്ടുകൊടുക്കാൻ തയ്യാറായില്ല. എന്താണ് സംഭവിച്ചത്, പോലീസുകാരനെ ആക്രമിച്ചു എന്നു പറഞ്ഞ് ആ ഗ്രാമം മുഴുവൻ വെളുപ്പിച്ചു. നൂറോളം പേരെ പോലീസ് സ്റ്റേഷനിൽ കൊണ്ടു ചെന്ന് മൃഗീയമായി മർദ്ദിച്ചു. ശ്രീ. നായനാർ ഗവൺമെൻറ് അധികാരത്തിൽനിന്നും പോകുന്നതുവരെ കുമ്മണ്ണൂർ ജനങ്ങളും വനാന്തരങ്ങളിലായിരുന്നു. ആ ഗ്രാമത്തിലെ ജനങ്ങളും പോലീസിനെ ഭയപ്പെട്ടു കഴിഞ്ഞിരുന്നത്. പിന്നെയെന്തിനാണ് ഈ തരം വിലാപങ്ങളൊക്കെ ഇപ്പോൾ വിഷമം എന്താണെന്നുവച്ചാൽ ഈ ഗവൺമെൻറ് നാലു വർഷം പിന്നിട്ടിരിക്കുന്നുവെന്നുള്ളതാണ്. 6 മാസം കൊണ്ട് പോകുമെന്ന് പറഞ്ഞ ഈ ഗവൺമെൻറ് നാലര വർഷം പിന്നിട്ടിരിക്കുന്നു. നിങ്ങളെകൊണ്ട് സാധിക്കാത്ത സംഗതി ശ്രീ. കരുണാകരൻ നടത്തുന്നു അതല്ല നിങ്ങൾക്കുള്ള പ്രയാസം. ബഹുമാനപ്പെട്ട കരുണാകരനല്ലാതെ മുന്നണി രേണത്തിനെ ഈ രാജ്യത്തെ നേതൃത്വം കൊടുക്കാൻ മറ്റാർക്കും കഴിയുകയില്ല, സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് കഴിഞ്ഞില്ല എന്ന് തെളിയിക്കപ്പെട്ടു. ബഹുമാനപ്പെട്ട നായനാർക്കു കഴിഞ്ഞില്ല. എന്നാൽ സഖാവ് അച്യുതമേനോൻ ഗവൺമെൻറിന് 5 വർഷത്തിൽ കൂടുതൽ ഭരിക്കാൻ കഴിഞ്ഞു. ആയിരുന്നു ആ ഗവൺമെൻറിനു നേതൃത്വം കൊടുത്തിരുന്നത്. അന്നത്തെ കപ്പിത്താൻ ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനായിരുന്നു. അദ്ദേഹം ഇന്ന് ഈ ഗവൺമെൻറിനു നേതൃത്വം കൊടുക്കുന്നു. ചില വിശേഷ ഗുണങ്ങളൊക്കെ ഒരു പൊതു പ്രവർത്തകനു വേണമെന്ന് ഗാന്ധിജി പറഞ്ഞിരുന്നു. ഗാന്ധിജി പറയുന്നത് സ്ഥിരോൽസാഹം ഹൃദയവിശാലത രജ്ഞിപ്പ് വിട്ടുവീഴ്ചാമനോഭാവം, യോജിപ്പിക്കുന്നതിനുള്ള കഴിവ് ഈ എല്ലാ ഗുണങ്ങളുമുള്ള, ഇന്ന് കേരളം അംഗീകരിച്ച ഒരു നേതാവാണ് ഈ ഗവൺമെൻറിനെ നയിക്കുന്ന മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ. അതുകൊണ്ടാണ് സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് പറഞ്ഞത്, അച്യുതമേനോനെറ ഭരണത്തിലും നേതാവ് കരുണാകരനായിരുന്നവെന്ന് അച്യുതമേനോനെറ ഭരണം 6 വർഷം ഈ രാജ്യത്ത് തുടരാൻ അനുവദിച്ചത്. കോൺഗ്രസ്സായിരുന്നു. കോൺഗ്രസ് നേതാവ് ശ്രീ. കരുണാകരനായിരുന്നു ആ ഗവൺമെൻറിനെ മുന്നോട്ടു നയിച്ചത്. ഒരു മുന്നണി സംവിധാനത്തെ നയിച്ചുകൊണ്ട് പോകുന്നതിന് അപൂർവ്വം ചില സിദ്ധികളും ഗുണങ്ങളുമൊക്കെ വേണം. അതുകൊണ്ട് ഈ ഗവൺമെൻറ് തുടരുന്നത് നിങ്ങൾക്കില്ലാത്ത ചില ഗുണങ്ങളും ഉള്ളതുകൊണ്ടാണ്. നിങ്ങൾക്ക് സാധിക്കാത്ത കാര്യങ്ങളും ഈ ഗവൺമെൻറിന് കഴിയുന്നു. കേരളത്തിലെ ജനങ്ങൾ ഈ ഗവൺമെൻറിനെ കാണുന്നത് അവരുടെ തണലും തണലുമായി, ഫലങ്ങളും നൽകുന്ന ഒരു ഫലവൃക്ഷമായിട്ടാണ്. അതിനു നിങ്ങൾ എന്തിനാണ് വിഷമിക്കുന്നത്.

അതുപോലെ തന്നെ ഈ നീണ്ട നാലര വർഷം ഈ ഗവൺമെൻറ് ഇപ്പോൾ തകരും, തകരും എന്ന് കാത്തിരുന്നവരുടെ എല്ലാ പ്രതീക്ഷകളും തകർത്തു. നിരവധി കൊടുങ്കാറ്റുകളെ അതിജീവിച്ച് മുന്നോട്ടു നീങ്ങുന്നു. ഇന്നും കൊടുങ്കാറ്റുകളേയും പ്രതിസന്ധികളേയും അതിജീവിച്ച് ശാന്ത സമുദ്രത്തിലൂടെ നീങ്ങുന്ന ഈ ഗവൺമെൻറ് ഒരു കപ്പലാണ്. തീരത്ത് അടുക്കുന്നതിനുവേണ്ടി നങ്കൂരമിടുന്നതിനുവേണ്ടി മുന്നോട്ടു നീങ്ങുന്ന ഒരു കപ്പലാണ് ഈ ഗവൺമെൻറ്. ആ ഗവൺമെൻറിന്റെ കപ്പിത്താനാണ് ശ്രീ. കരുണാകരൻ. ശ്രീ. കരുണാകരന്റെ പേരിൽ ആരെങ്കിലും ആക്ഷേപം പ്രചരിപ്പിച്ച് ആരോപണങ്ങളും വച്ച് പൊറുതി മുട്ടിച്ച് ഈ ഗവൺമെൻറിനെ താഴെയിടാമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അത് വ്യാമോഹമാണ്. ഈ ഗവൺമെൻറ് ഒരു കപ്പലു പോലെ തീരത്തടുക്കും. വീണ്ടും ഒരു തിരഞ്ഞെടുപ്പിനെ നേരിടും. ശ്രീ. കരുണാകരന്റെ നേതൃത്വത്തിൽ ഞങ്ങൾ തന്നെ അധികാരത്തിൽ വരുമെന്ന് കേരളത്തിലെ ജനങ്ങൾ തീരുമാനമെടുത്തിരിക്കുന്നു. അതിന്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ എന്തിന് വിരളിപിടിക്കുന്നു? അതുകൊണ്ട് ഗവൺമെന്റിനുവേണ്ടി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കഴിഞ്ഞ നാലരവർഷം ഈ രാജ്യം ഭരിച്ച് നാടിനെ നാശഗർത്തിലാക്കിയ ഭരണം തുടർന്നു നടത്താൻ അനുവാദം വേണമെന്നതാണ് ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളുടെ ആവശ്യം. അത് അംഗീകരിക്കാൻ സാദ്ധ്യമല്ല. ഇവിടെ അടിയന്തിര പ്രമേയത്തിലൂടെ ഉന്നയിച്ച വിഷയം ഇന്ന് നമ്മുടെ നാട്ടിലെ ലക്ഷോപലക്ഷം വരുന്ന രക്ഷിതാക്കളുടേയും വിദ്യാർത്ഥികളുടേയും മനസ്സിൽ വേദനകൾ തളം കെട്ടി നിർത്തിയ പ്രീഡിഗ്രി പരീക്ഷാഫലം, വിദ്യാർത്ഥികളുടെ ഭാവിയെ മുഴുവനും തുലയ്ക്കുന്ന അഹങ്കാരത്തിന്റെ ചില അഭിപ്രായങ്ങളുമായി വിദ്യാഭ്യാസമന്ത്രി മുന്നോട്ടു പോകുന്നതിന്റെ അടിസ്ഥാനത്തിൽ ഇന്ന് നമ്മുടെ നാട്ടിലെ എത്രയോ വിദ്യാർത്ഥികൾ ദുരിതം അനുഭവിക്കുകയാണ്. അതുപോലെ തന്നെ ഓരോ വകുപ്പും കൈകാര്യം ചെയ്യുന്ന മന്ത്രിമാർ ഇന്ന് തുടരുന്ന നടപടികൾ പരിശോധിച്ചാൽ അതെല്ലാം തന്നെ ഈ നാടിനെ മുഴുവൻ കുട്ടിച്ചോറാക്കുന്നതിന് വേണ്ടിയുള്ള നടപടികളായിരുന്നുവെന്ന് ബോധ്യമാകും. വ്യാവസായിക മേഖലയാണെങ്കിൽ ഇന്ന് ആകെ തകർച്ചയിലാണ്. ഒരു ശ്മശാന മൂകതയിൽ എത്തി നിൽക്കുകയാണ്. അങ്ങനെയെല്ലാം തകർത്തെറിഞ്ഞു കൊണ്ട് ജനങ്ങളെ അടിച്ചമർത്തി മുന്നോട്ടുപോകാമെന്നാണ് ഈ ഗവൺമെന്റ് വ്യാമോഹിക്കുന്നത്. അതുകൊണ്ട് ഇന്ന് നമ്മുടെ നാട്ടിൽ മുഖ്യമന്ത്രി തന്നെ മറ്റെല്ലാമന്ത്രിമാരിൽ നിന്നും യോഗ്യൻ താനാണെന്ന് ബോധ്യപ്പെടുത്താൻ പോലീസിന്റെ ഭരണം കൈയേറിയതിനുശേഷം നാക്കു നാം എന്നോണം നമ്മുടെ സംസ്ഥാനത്ത് നടക്കുന്ന വാർത്തകൾ ഇപ്പോൾ പത്രങ്ങളിൽ വരുന്നുണ്ട്. മീശ വലി തൊട്ട് നഗ്നതാപ്രദർശനങ്ങൾ വരെ ഇവിടെ നടക്കുന്നു. അത് പൊയ്പ്പോയി ആടിനെ കടിച്ചു, മാടിനെ കടിച്ചു, അവസാനം മനുഷ്യനെ കടിക്കുന്നതിനും യാതൊരു വിരോധവുമില്ല എന്ന് മന്ത്രി നാനുവാദം കൊടുത്തതിന്റെ ഫലമായി പോലീസുകാർ ഇന്ന് വീടുകളിൽ കയറി കൊള്ള നടത്തുന്നു. മൃഗീയമായ മർദ്ദനങ്ങൾ നടത്തുന്നു. കാണാൻ കൊള്ളാവുന്ന പെൺകുട്ടികളുണ്ടെങ്കിൽ അവരെ ബലാസംഗം ചെയ്യുന്നു. അതിന് ഒന്നും ചോദ്യമില്ല. അതിനെയൊക്കെ ന്യായീകരിക്കാൻ കുറെ മരപ്പാവകളായ അംഗങ്ങളും. ഞാൻ അങ്ങനെയാണ് അവരെ വിശേഷിപ്പിക്കുന്നത്. മനസാക്ഷി ഉണ്ടെങ്കിൽ, മനസാക്ഷി മരവിച്ചിട്ടില്ലെങ്കിൽ, കേരള സംസ്ഥാനത്തിൽ ഇത്തരം ഒരു സംഭവം ഇനിയെങ്കിലും ആവർത്തിക്കപ്പെടാതിരിക്കണമെന്ന ഒരു താൽപ്പര്യമുണ്ടാകണം. അവിടെ പോയ കുറെ ആളുകളുണ്ടല്ലോ അവരുടെ നാവ് അടഞ്ഞു പോയോ? നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയായ പി. ജെ. ജോസഫ്, ശ്രീ. കെ. എം. മാണി, ഉമ്മൻചാണ്ടി തുടങ്ങിയവരൊക്കെ അവിടെ പോയി എന്നൊക്കെ പറയുന്നു. അവർക്ക് ഈ കാര്യത്തിൽ എന്താണ് പറയാൻ ഉള്ളത്? കണ്ണുനീരോടുകൂടി ആ പ്രദേശത്ത് തകമണിയിൽ നടന്ന കഥന കഥകളും അവർ എന്നോട് വിശദീകരിച്ചതാണ്. ഞാനും, സഖാവ് എം. കെ. കേശവനും, ശ്രീ. കെ.ടി. കണാരനും, അതുപോലെ ശ്രീ. കാനം രാജേന്ദ്രനുമൊക്കെ രണ്ടു ദിവസം ആ പ്രദേശങ്ങളിൽ മുഴുവൻ പോയി. ആരുടേയും കരളലിയിപ്പിക്കുന്ന സംഭവങ്ങളാണ് അവിടെ നടന്നത്. അത്രയേറെ ക്രൂരത നടത്തുന്നതിന്, ആ നാട്ടിലെ ജനങ്ങൾ ചെയ്ത അപരാധമെന്താണ്? അതിനെ പറ്റി മന്ത്രിമാർക്കോ, മുഖ്യമന്ത്രിക്കോ പറയാൻ കഴിയുമോ? കൈപ്പത്തിയുടെ ചിഹ്നവും, ഇന്ദിരാ ഗാന്ധിയുടെ പടവും അതുപോലെ തന്നെ കോൺഗ്രസ് നേതാക്കൻമാരുടെ പടവും, ഇല്ലാത്ത വീടുകൾ അവിടെയില്ല. അവർ അന്ധമായി ബഹുമാനിക്കുകയും, ആരാധിക്കുകയും ചെയ്യുന്ന പാവപ്പെട്ട കർഷകരോട് ഇത്ര വലിയ ക്രൂരത വേണമായിരുന്നോ? അതിന് ന്യായങ്ങൾ കണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പിടിക്കാൻ പലരും ശ്രമിക്കുന്നു. നിസ്സാരമായ ഒരു കാര്യം ഊതിവീർപ്പിച്ച് കൊണ്ട് ആ പ്രദേശത്ത് ഒരു തേർവാഴ്ച നടത്തി 45 വാഹനങ്ങളിൽ പോലീസുകാർ ഉന്നതാധികാരികളോടുകൂടി അവിടെ പോയി. 28 ബാരൽ ചാരായം ഉണ്ടായിരുന്നുവെന്ന് ദൃക്സാക്ഷികൾ പറയുന്നു. ആ ചാരായം കുടിച്ച് മദോന്മത്തരായ ആളുകൾ എൺപതിലേറെ വീടുകളിൽ അവിടെ കയറി ഇറങ്ങി. അവരുടെ പേരും, നാളുമൊന്നും ഞാൻ വ്യക്തമായി പറയാത്തത് അവരുടെ ഭാവിയെ ബാധിക്കുമെന്നുള്ളതുകൊണ്ടാണ്. ആ വീടുകളിലെ സഹോദരിമാരും, അമ്മമാരും കണ്ണുനീരോടുകൂടി ഞങ്ങളോടു പറഞ്ഞു ഈ സംഭവം നമ്മുടെ കേരളത്തിൽ അല്ല. ഈ രാജ്യത്ത് ഒരു പ്രദേശത്തും ഇനി ഒരിക്കലും വരാതിരിക്കട്ടെ എന്ന് അവർ ആശിക്കുകയാണെന്ന്. കൂടാതെ അവിടത്തെ കന്യാസ്ത്രീ മഠത്തിലെ സഹോദരിമാരെ എന്തെല്ലാമാണ് ചെയ്തത്. എന്നത് അവർ ഏത്വസരത്തിലും, എല്ലാ സ്ഥലത്തും പറയാൻ തയ്യാറായെന്ന് വരില്ല. പക്ഷെ അവർ അനുഭവിച്ച വേദനകൾ അവരുടെ മുഖത്തും മനസ്സിലും തളംകെട്ടി കിടക്കുകയാണ്. അതിന് പരിഹാരമുണ്ടാകണ്ടേ? മഠത്തിന്റെ വികാരങ്ങൾ വൃണപ്പെടുത്തുന്നുവെന്ന് ഉന്നയിച്ചതിന്റെ പേരിൽ ഇവിടെ വാചാലമായി പ്രസംഗിക്കുന്നവരുണ്ട്. അതിനുവേണ്ടി സഭയുടെ മണിയടിച്ച് ആളെ കൂട്ടി അതിനെതിരായ നടപടിയെടുക്കുന്നവരുണ്ട്. എന്നാൽ കന്യാസ്ത്രീ മഠത്തിലെ സഹോദരിമാർക്കെതിരായി മാനഭംഗ നടപടിയുണ്ടായപ്പോൾ അതിനെതിരായി ഒരു ചെറുവിരലനക്കാൻ തയ്യാറായില്ല. അടുത്തതായി അവിടത്തെ ഒരു ലേഡീസ് ഹോസ്റ്റലിൽ 22-ാം തീയതി രാത്രി പോലീസ് കടന്നു കയറി പരിശോധിക്കേണ്ട കാര്യമുണ്ടോ? അവിടെ തോക്കുണ്ടാകുമോ?, അവിടെ നിന്ന് മൂന്നു പെൺകുട്ടികളെ എടുത്തുകൊണ്ടു പോയി. ആ മൂന്നു പെൺകുട്ടികളും ഇപ്പോൾ സമാധാനനില ശരിപ്പെട്ടെന്ന് പറയുന്ന ഈ സാഹചര്യത്തിൽപ്പോലും അവിടെ തിരിച്ചെത്തിയിട്ടില്ല. അവർ ഇപ്പോൾ അവരുടെ വീടുകളിലുമില്ല. ഈ മൂന്നു പെൺകുട്ടികളെയെന്തുചെയ്തു എന്ന് അറിയാൻ ഈ രാജ്യത്തെ ജനങ്ങൾക്ക് ബാദ്ധ്യതയില്ലേ? ആ കുട്ടികളെ മാനഭംഗപ്പെടുത്തിയെന്ന് പരസ്യമായി പറയാനുള്ള വൈമനസ്യം കൊണ്ട് ആ വീട്ടുകാർ ഇന്ന് തീ തിന്നുകയാണ്. അതാണ് അവിടത്തെ ഇപ്പോഴത്തെ സ്ഥിതി. ആ പെൺകുട്ടികളെ ഇപ്പോഴും കണ്ടുകിട്ടിയിട്ടില്ല. അവിടത്തെ പാവപ്പെട്ട മുഴുവൻ കർഷകരേയും ഇടിച്ചു ചമ്മന്തിയാക്കി. ഇപ്പോൾ പലരും ആശുപത്രിയിലാണ്. കൂടാതെ കരുനാഗപ്പള്ളിയിൽ നിന്ന് വയറിംഗിന് വേണ്ടി വന്ന ഒരാളും ഇടികൊണ്ട് ഇപ്പോൾ ആശുപത്രിയിലാണ്. എല്ലാ സാധനങ്ങളും കൊള്ള ചെയ്യപ്പെട്ടിട്ട് തൃശ്ശൂരിലെ ബിഷപ്പിന്റെ ബന്ധുവായ ആൻറണിയെ ഇടിച്ച് ചമ്മന്തിയാക്കി പതിനായിരം രൂപയെടുത്തു. ഞങ്ങൾ ആ വീട്ടിൽ പോയിതൊക്കെ കണ്ടതാണ്. അവിടെയുള്ള കുട്ടികളും, അമ്മമാരും ഈ കാര്യങ്ങൾ ഓർക്കുമ്പോൾ തന്നെ ഞെട്ടി വിറയ്ക്കുകയാണ് ചെയ്യുന്നത്. കൂടാതെ അവിടെ എക്സ്മിലറിക്കാരനുണ്ട്. ആ വീട്ടിൽ ഞങ്ങൾ കയറി ചെന്നപ്പോൾ ആ വീട്ടിലെ കുട്ടികൾ അതാ പോലീസ് വരുന്നേ എന്ന് പറഞ്ഞുകൊണ്ട് നിലവിളിക്കുകയായിരുന്നു. ആ പ്രദേശമൊട്ടാകെ ഒരു ഞെട്ടലിൽനിന്ന് മോചനം നേടിയിട്ടില്ല. അവിടെ ഒരു വൈദ്യരുണ്ട്. കേശവൻ വൈദ്യർ. ഒരു കാരണവുമില്ലാതെ ആ വൈദ്യരെ പിടിച്ച് ഇടിച്ച് വണ്ടിയിൽ കൊണ്ടുപോയി. അദ്ദേഹം ഒരു രോഗിയാണ്. അദ്ദേഹത്തിന് നാവിറങ്ങി വെള്ളം വേണം എന്ന് രണ്ടു മൂന്നു വട്ടം ആവശ്യപ്പെട്ടു. മരിച്ചുപോകുമെന്ന് അദ്ദേഹത്തിന് തോന്നി. പക്ഷേ വെള്ളം കൊടുക്കുന്നതിനുപകരം ഒരു മുക്കിലേക്ക് ചവിട്ടി മാറ്റുകയാണ് ചെയ്തത്. അദ്ദേഹം കണ്ണുനീരോടുകൂടി ആ കഥന കഥ ഞങ്ങളോട് പറഞ്ഞു. അദ്ദേഹം പറഞ്ഞു ഞാൻ മരിച്ചുപോകും, നാവിറങ്ങുമെന്ന് എനിക്ക് തോന്നിയപ്പോൾ ഞാൻ രണ്ടു മൂന്നു തവണ മൂത്രം ഒഴിച്ചു കുടിക്കേണ്ടിവന്നുവെന്ന് ഇത്രയേറെ ആ പ്രദേശത്തെ

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളോട് ക്രൂരത കാണിക്കാൻ അവിടെ എന്തുണ്ടായി? ആ പോലീസിനെ ന്യായീകരിക്കാൻ, ആ പോലീസിന് ഇനിയും ഇതുപോലെ പ്രോത്സാഹനം നൽകാൻ ആവശ്യമായ പ്രേരണയും, പ്രവർത്തനവുമല്ല ഇവിടെ നടന്നത്? ഇതിനു മുൻപ് ഒരു വെടവയ്പ് ഉണ്ടായപ്പോഴും ആത്മരക്ഷയ്ക്ക് പോലീസിന് വെടിവയ്ക്കാൻ അധികാരമുണ്ടെന്ന് പറഞ്ഞു. ആ പോലീസിന് അധികാരമുണ്ടെന്ന് പറഞ്ഞാൽ ഈ രാജ്യത്തെ ആരെയും എന്തും ചെയ്യാനും സ്ത്രീകളെ മാനഭംഗപ്പെടുത്താനും മുഖ്യമന്ത്രി ഈ പോലീസിന് ലൈസൻസ് കൊടുത്തിരിക്കുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ശ്രീ. കരുണാകരൻ അവരുടെ ആശ്രിതവത്സലനായി വിശ്വാസം അർപ്പിച്ചിട്ടുള്ളത് ഈ പോലീസിലായിരിക്കാം. ഇതിലൊന്നും ഉൾപ്പെടാത്ത സത്യസന്ധൻമാരായ പോലീസുകാരുണ്ടെങ്കിൽ ഇത്തരം പോലീസുകാരെ പുറത്തു കൊണ്ടുവരുമായിരുന്നു. അത്തരം പ്രവണതകൾ ഇനി അനുവർത്തിക്കുകയില്ലെന്ന് പറയാൻ അവരും തയ്യാറാകണം. ഇത്തരം നടപടികൾ കേരളത്തിൽ ഇതിനുമുൻപ് ഒരിക്കലും ഉണ്ടായിട്ടില്ല. ഇത്രയേറെ മൃഗീയമായ പോലീസ് മർദ്ദനങ്ങളും കൊലപാതകങ്ങളും, കൊള്ളയും, ഇതുപോലുള്ള ബലാൽസംഗങ്ങളും ഇതെല്ലാം തുടർന്നും നടത്താനാണ് ഭാവമെങ്കിൽ അത്തരം പ്രവർത്തനങ്ങൾ എന്തു ചെയ്തും നേരിടേണ്ടിവരും. ഈ ഗവൺമെൻറ് രാജി വയ്ക്കണം. ശ്രീമാൻ കരുണാകരൻ ആഭ്യന്തരവകുപ്പ് ഒഴിയണം. ഇതിന് ഈ നിയമസഭയിലെ വനിതാ അംഗങ്ങളടക്കം ഈ നിയമസഭയിലെ അംഗങ്ങളെക്കൊണ്ട് നിഷ്പക്ഷമായ ഒരു അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടുപിടിക്കാൻ കഴിയണം. ഇത്തരം ഗവൺമെൻറിന് ഇത് അംഗീകരിച്ചു കൊടുക്കാൻ സാധ്യമല്ലന്ന് പറഞ്ഞുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. കെ. ജി. ആർ. കർത്താ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. വളരെയധികം വികസന പ്രവർത്തനങ്ങൾ കഴിഞ്ഞ നാലര വർഷക്കാലമായി കേരളം കാണുന്നു. ഓരോ നിയോജക മണ്ഡലത്തിലും അനേകം വികസന പരിപാടികൾ ആരംഭിക്കുകയും, ചിലതൊക്കെ പൂർത്തിയാക്കുകയും മറ്റ് ചിലത് പൂർത്തിയായിക്കൊണ്ടിരിക്കുകയുമാണ്. എന്നാൽ തുടങ്ങിയ പല പരിപാടികളും നടക്കാത്തതുകൊണ്ട് തീർച്ചയായും ഓരോ മണ്ഡലത്തിലേയും കണക്കെടുത്താൽ ധാരാളം വികസന പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നുള്ളത് മണ്ഡലങ്ങൾ തോറും സഞ്ചരിക്കുന്നവർക്ക് കാണാൻ സാധിക്കും. എനിക്ക് അഭ്യർത്ഥിക്കാനുള്ളതു തുടങ്ങിവച്ച പരിപാടികൾ പൂർത്തിയാക്കണമെന്നാണ്, പലതും തീരാനുണ്ട് എന്ന് ഞാൻ പറഞ്ഞു. അങ്ങനെ തീരാനുള്ള പരിപാടികൾ പൂർത്തിയാക്കുന്നതിന് ഓരോ ഡിപ്പാർട്ടുമെൻറിനേയും പ്രത്യേകം ചട്ടം കെട്ടുന്ന ഒരു സംവിധാനം നമുക്ക് ഉണ്ടായെങ്കിലെന്നാണ് എൻറെ അഭിപ്രായം. ഒരു സമയ ബന്ധിത പരിപാടി വച്ചുകൊണ്ട്, നാം ആരംഭിച്ചിരിക്കുന്ന റോഡുകളും, കെട്ടിടങ്ങളും, ജലസേചന പദ്ധതികളും പൂർത്തിയാക്കുന്നതിനുവേണ്ടി ബാക്കി അവശേഷിക്കുന്ന സമയം കൊണ്ടെത്താമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

എൻ. ഡി. പി. പ്രശ്നവുമൊന്നുമല്ല ഇപ്പോൾ ഞാൻ പറഞ്ഞത്. രാജ്യത്ത് വളരുകയും, പുളരുകയും—പിളരുകയും വീണ്ടും വളരുകയും-ചെയ്യുന്ന രാഷ്ട്രീയ പാർട്ടികളുണ്ട്. അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. കൊച്ചിയിലുള്ള ഏറ്റവും വലിയ ഒരു പാലമാണ് വടുതലപാലം എന്നുള്ളത് അങ്ങേയ്ക്ക് അറിയാവുന്നതാണ്. കൊച്ചി മഹാരാജാക്കൻമാരുടെ കാലത്ത് കുതിരവണ്ടികയറി പോകേണ്ട പാലമേ ആവശ്യമുണ്ടായിരുന്നുള്ളൂ. കാളവണ്ടിയുടേയും, കുതിരവണ്ടിയുടേയും കാലഘട്ടത്തിലുണ്ടായിരുന്ന ഒരു പാലമാണത്; പക്ഷേ ധന്യരായ കൊച്ചി മഹാരാജാക്കൻമാർ ആ പാലം വളരെയധികം

LIBRARY ARCHIVES Kerala Legislative Assembly

വിസ്താരത്തോടുകൂടി പണിതുയർത്തി, വളരെ കൊല്ലങ്ങളായി അത് പണിതിട്ട്. ഇന്ന് ആ പാലത്തിന്റെ അടിഭാഗം മുഴുവൻ ഇടിഞ്ഞുപോയിരിക്കുകയാണ്. ആറേഴ് മാസം മുമ്പ് അവിടത്തെ എം. പി. മാരും ഞാനും ഉൾപ്പെടെ നിവേദനങ്ങൾ നടത്തിയിട്ടുണ്ട്. അതിന്റെ ഫലമായി ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി, ഇത്തരം വളരെ പഴയ പരമപ്രാധാന്യമുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം എങ്ങനെയും പണം കണ്ടുപിടിച്ച് അവ ചെയ്തെ മതിയാകൂ. അനേകം വാഹനങ്ങൾ പോകുന്ന, കൊച്ചിയിലെ ഏറ്റവും പഴക്കമുള്ള ഒരു പാലമാണ് വടുതല പാലം. ധനം വിനിയോഗിക്കുന്ന ഇത്തരം സന്ദർഭങ്ങളിൽ ഈ മഹത്തായ കാര്യംകൂടി ചെയ്തു തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വടുതല മുതൽ ചേരാനല്ലൂർ വരെയുള്ള റോഡ് സഞ്ചാരയോഗ്യമല്ല. ദിനംപ്രതി 60-68 ബസ്സുകളും മറ്റു വാഹനങ്ങളും അതുവഴി പോകുന്നുണ്ട്; എന്നുള്ള കാര്യത്തിൽ ഈ ഗവൺമെന്റിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഒന്നുകൂടി ആ പാലത്തിന്റെ പണി പൂർത്തിയാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിത്തരുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. രാഘവൻ പൊഴക്കടവിൽ: സാർ, വിവിധ വകുപ്പുകളിലേക്ക് വേണ്ടി ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. നമ്മുടെ ബഹുമാന്യരായ, പ്രതിപക്ഷ ബഞ്ചുകളിൽ ഇരിക്കുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണനും ഇസ്മയിലും ഒക്കെ അതിശയോക്തി കലർന്ന ചില കണക്കുകൾ ഉണ്ടാക്കി ഇവിടെ അവതരിപ്പിച്ചിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം വളരെ ക്രിയാത്മകമായി നമ്മുടെ പോലീസിന്റെ ഭരണത്തിലും ജനങ്ങൾക്കുള്ള അവരുടെ അവകാശ സംരക്ഷണത്തിലും എല്ലാം കൃത്യമായി പാലിച്ചിട്ടുള്ള ഒരു ഗവൺമെന്റാണ് ഇവിടെയുള്ളത് എന്നുള്ള വസ്തുത കേരളത്തിലെ ജനങ്ങൾക്കറിയാം. ഈ ഗവൺമെന്റ് വന്നിട്ട് അഞ്ചുവർഷം തികയാൻ പോകുകയാണ്. അഞ്ചുവർഷം തികയുന്നതിനിടക്ക് ഈ ഗവൺമെന്റിനെ മറിച്ചിടുന്നതിനുവേണ്ടി പല തന്ത്രങ്ങളും പ്രതിപക്ഷ ബഞ്ചുകളിൽ നിന്നും ഉയർന്നിട്ടുണ്ട്. നിയമസഭയിൽ വന്നാൽ എന്തെങ്കിലും ഒരു ആക്ഷേപം ഉന്നയിച്ചുകൊണ്ട് പ്രതിപക്ഷങ്ങൾ ഇറങ്ങിപ്പോക്ക് നടത്തുക, പത്രങ്ങളിൽ വരുത്തുക, ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ നോക്കുക ഈ പരിപാടികൾ മാത്രമല്ലാതെ മറ്റൊന്നും പ്രതിപക്ഷങ്ങൾ ചെയ്തിട്ടില്ലായെന്നുള്ളത്. കഴിഞ്ഞ അഞ്ചുവർഷത്തെ സംഭവങ്ങൾ പരിശോധിച്ചാൽ കാണാവുന്നതാണ്. ഇതൊക്കെ എന്തിനുവേണ്ടിയുള്ളതാണെന്ന് നമുക്കെല്ലാവർക്കുമറിയാം. ഏതായാലും തെരഞ്ഞെടുപ്പ് വരാൻ പോകുന്നതുകൊണ്ടുതന്നെ ഇപ്പോൾ ഈ സഭ തുടങ്ങിയതിനുശേഷവും ഇതുതന്നെയാണ് സ്ഥിതി. ശ്രീ. ബാലകൃഷ്ണൻ പറഞ്ഞ അതിശയോക്തി കലർന്ന കാര്യങ്ങളൊന്നും ഈ സംസ്ഥാനത്തുണ്ടായിട്ടില്ല. ഈ ഗവൺമെന്റിനുള്ള കാലത്തോളം ജനങ്ങൾക്കെതിരായുള്ള യാതൊരു സംഭവങ്ങളും ആവർത്തിക്കാൻ അനുവദിക്കില്ല.

ഏറ്റവും ഒടുവിൽ തങ്കമണിയിൽ നടന്ന സംഭവത്തെക്കുറിച്ചാണ് ഇവിടെ വലിയ വാദഗതികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. തങ്കമണിയിൽ നടന്ന സംഭവങ്ങളുണ്ടായി പ്രതിപക്ഷം ഊതിവീർപ്പിക്കുന്നതു കാണുമ്പോൾ അത്ഭുതം എന്നല്ലാതെ എന്തുപറയാനാണ്. കന്യാസ്ത്രീകളുടെ മുഖത്ത് പോലീസുകാർ കടിച്ചു എന്നൊക്കെ പറയുന്നത് അവാസ്തവങ്ങൾ. ദൈവപുത്രിമാരെ ആരെങ്കിലും കടിക്കുമോ? സംഭവങ്ങൾ വളച്ചൊടിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഇതൊക്കെ വലുതാക്കിക്കാണിക്കാനാണ്, അതിനു ഇവിടെ ചില പത്രങ്ങളുമുണ്ട്. എന്നാലും തങ്കമണിയിൽ ചില പോലീസുകാർ ചില തെറ്റുകൾ ചെയ്തുവെന്ന് ഗവൺമെന്റിന് ബോദ്ധ്യമായപ്പോൾ ആ തെറ്റ് ചെയ്തവരെ നിലക്കുനിറുത്താൻ മുഖ്യമന്ത്രി ഉടൻതന്നെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പലരേയും ക്രിമിനൽ കുറ്റം ചുമത്തി അറസ്റ്റ് ചെയ്തു. ഇതിനുമുമ്പ് ഏതെങ്കിലുമൊരു കാലത്ത് ഇങ്ങനെയൊരു നടപടി സ്വീകരിച്ചിട്ടുണ്ടോ ? 1957-ലും, 1967-ലും, 1980-ലും ഇവിടെ കമ്മ്യൂണിസ്റ്റു പാർട്ടി ഭരിച്ചല്ലെ. ! അക്കാലങ്ങളിൽ ഇവിടെ നടന്നിട്ടുള്ള സംഘർഷങ്ങൾ, അക്രമങ്ങൾ ഇവിടെ വിശദീകരിക്കണോ ? അന്ന് എത്രയോ കൊലപാതകങ്ങൾ നടന്ന ഒരു സംസ്ഥാനമാണ് ഇത്. നമ്മുടെ പ്രതിപക്ഷനേതാവ് ഭരിക്കുന്ന കാലത്ത് 21 മാസംകൊണ്ട് 1,800-ൽ പരം ചെറുപ്പക്കാരെ കൊലചെയ്ത ഒരു സംസ്ഥാനമാണ്. അത് പലപ്പോഴും ഈ സഭയിൽ ഞാൻ ആവർത്തിച്ചതാണ്. അതുകൊണ്ട് ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല.

ഹരിജനങ്ങളെ ബലാൽസംഗം ചെയ്തു, ഹരിജൻ മർദ്ദനങ്ങൾ നടക്കുന്നു എന്നൊക്കെ പറയുന്നതു കേൾക്കുമ്പോൾ ഈ ഗവൺമെന്റ് ബലാൽസംഗത്തിനും മർദ്ദനങ്ങൾക്കും നേതൃത്വം കൊടുക്കുന്നു എന്നാണോ അർത്ഥം ? ഇത്തരത്തിലുള്ള അക്രമപരമായ സംഘർഷങ്ങൾ ഉണ്ടായാൽ ഗവൺമെന്റ് അതിനെ ഏതു തരത്തിൽ നേരിടുന്നു—നടപടികൾ എന്തു എടുക്കുന്നു എന്നതിനെയാണ് നോക്കേണ്ടത്. ഈ ഗവൺമെന്റ് അത്തരത്തിലുള്ള സംഘർഷങ്ങൾ ഉണ്ടായാൽ നീതി ലഭിക്കുന്നതിനുള്ള കർശനമായ നടപടികൾ എടുക്കുന്നു—നിങ്ങളുടെ ഗവൺമെന്റ് ഭരിക്കുമ്പോൾ ബലാൽസംഗമുണ്ടായാൽ മർദ്ദനമുണ്ടായാൽ നിങ്ങൾ നടപടി എടുത്തിരുന്നോ—നിങ്ങൾ ഓർക്കുന്നുണ്ടോ ?

നിങ്ങളുടെ ഭരണകാലത്ത് തെരുവീഥികളിലൂടെ നടക്കാൻപോലും ഭയമായിരുന്നില്ലേ ? കഠാരിയും കൈബോംബും ആയി നടന്ന കാലമായിരുന്നു അത്. ഈ രാജ്യത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിക്കാരുടെ ആഫീസുകളിൽ കൈബോംബ് ശേഖരിച്ചുവെച്ച് ജനങ്ങളെ ആക്രമിച്ചിരുന്ന കാലമായിരുന്നു. ഇതൊക്കെ ഇവിടെ നടന്നതാണ്. ഭാരതത്തിന്റെ സംസ്ക്കാരം 'ഭാരതസ്ത്രീകൾതൻഭാവശുദ്ധി' എന്ന മഹനീയ സിദ്ധാന്തത്തെ പരാജയപ്പെടുത്താൻ വേണ്ടി തങ്കമണിയിൽ സ്ത്രീകളെ മാനഭംഗപ്പെടുത്തി എന്ന് വ്യാഖ്യാനിച്ചുകൊണ്ട് നടക്കുന്നു. ഇന്ന് അവിടെ സ്ത്രീകളെ മാനഭംഗപ്പെടുത്തുന്ന യാതൊരു സംഭവങ്ങളും ഉണ്ടായിട്ടില്ലായെന്ന് മുഖ്യമന്ത്രി വിശദീകരിച്ചതാണ്. വീണ്ടും അതുതന്നെ ആവർത്തിക്കുന്നു. 1956-ലും, 1967-ലും 1980-ലും കമ്മ്യൂണിസ്റ്റ് പാർട്ടിക്കാർ ഭരിച്ചു. അക്കാലത്തും തൊഴിലാളികളെ സംഘടിക്കുവിൻ, ഒരു നല്ല നാളേക്കുവേണ്ടി നിലനിൽക്കുന്ന ഞങ്ങളെ ജയിപ്പിച്ചാൽ ഞങ്ങൾ നിങ്ങൾക്കു ഒരു പുതിയ ലോകം നല്കുമെന്ന മുദ്രാവാക്യം വിളിച്ചു നടന്നവരല്ലേ നിങ്ങൾ ? ഈ ഗവൺമെന്റ് വന്നതിനുശേഷമല്ലേ 45 ലക്ഷം വരുന്ന ഇവിടത്തെ തൊഴിലാളികൾക്ക് പുതുതായി ക്ഷേമനിധിപദ്ധതി കൊണ്ടുവന്നത്. അലക്കുതൊഴിലാളികൾ, മറ്റ് അസംഘടിത തൊഴിലാളികൾ, ബാർബർ തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, മരപ്പണി തൊഴിലാളികൾ, സ്വർണ്ണ പണിക്കാർ, കരിങ്കല്ല് പണിക്കാർ തുടങ്ങിയവർക്കെല്ലാം ക്ഷേമനിധി ഏർപ്പെടുത്തുകയെന്നു പറഞ്ഞാൽ അത് വളരെ ഭാരമേറിയ ഒരു കാര്യമാണ്. ഈ സംസ്ഥാനത്തിന്റെ വരുമാനത്തിലെ നല്ലൊരു ഭാഗം ഈ അശരണരായ പാവപ്പെട്ട തൊഴിലാളികൾക്കുവേണ്ടി ഈ ഗവൺമെന്റ് നീക്കിവച്ചിരിക്കയാണ്.

LIBRARY ARCHIVES Kerala Legislative Assembly

10 രൂപ അടച്ച്, ക്ഷേമനിധിയിൽ ചേർന്നുകഴിഞ്ഞാൽ അയാൾ ഉടനെ മരിച്ചുപോയാലും ഉടൻതന്നെ പതിനായിരം രൂപ കിട്ടുകയാണ്. ആ ക്ഷേമ നിധിപ്രവർത്തനവുമായി മുന്നോട്ടുപോയാൽ 50,000 രൂപ കിട്ടുന്ന ഒരു സാമൂഹ്യ സാമ്പത്തിക പരിഷ്ക്കാരം ഇവിടെ നടപ്പാക്കിയത് ഈ ഗവൺമെൻറാണ്. കർഷകതൊഴിലാളികളുടെ കാര്യം ഞാൻ ഇവിടെ പ്രത്യേകമായി പറയുന്നില്ല; ഈ രാജ്യത്തെ മറ്റ് പല തൊഴിലാളികൾക്കുവേണ്ടി ബീഡി തൊഴിലാളികൾ, ബിൽഡിംഗ് തൊഴിലാളികൾ, ഇലക്ട്രിഫിക്കേഷൻ വർക്കേഴ്സ് തുടങ്ങിയവർക്കെല്ലാം—ഈ ക്ഷേമനിധി ബാധകമാക്കാൻ പോകുകയാണ്. കേരളത്തിലെ 45 ലക്ഷംവരുന്ന തൊഴിലാളികൾക്ക് ഗുണകരമായ പദ്ധതിയുമായി ഈ ഗവൺമെൻറ് മുന്നോട്ട് പോകുകയാണ്, ഇത്രയധികം കർമ്മപദ്ധതികളുമായി മുന്നോട്ട് പോയ ഒരു സർക്കാരിനെ മറെറാരു കാല ഘട്ടത്തിലും കാണാൻ കഴിഞ്ഞിട്ടില്ല. അഞ്ചുവർഷം പൂർത്തിയാക്കാൻ പോകുന്ന ഒരു ഗവൺമെൻറ് എന്ന നിലയിൽ ഈ കരുണാകരൻ ഗവൺമെൻറിന് ജനങ്ങളോടുള്ള വാഗ്ദാനം നിറവേറാൻ കഴിഞ്ഞുവെന്ന സമാധാനത്തോടുകൂടി തെരഞ്ഞെടുപ്പിനെ നേരിടാൻ കഴിയും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇത്ര മഹനീയമായ കർത്തവ്യങ്ങൾ നിർവ്വഹിച്ചിട്ടുള്ള ഒരു ഗവൺമെൻറിനെയാണ് അപ്പുറത്തിരുന്നു ചിലർ പുച്ഛിക്കുന്നത്. അടിയന്തിരപ്രമേയം ഇന്നും നാളെയും ഈ സഭ തീരുന്നതുവരെ കൊണ്ടുവരണം, നിങ്ങൾ അത് കൊണ്ടുവന്നേ മതിയാകൂ. അല്ലെങ്കിൽ നിങ്ങളുടെ നിലനിൽപ്പ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

അപ്പുറത്തിരിക്കുന്ന ശ്രീ. എം. വി. രാഘവൻെറ പാർട്ടി ഇന്ന് ശക്തമാണ്. എം. വി. ആറിൻെറ പാർട്ടിയുടെ ഒരു വലിയ ജാഥ ഞാൻ കാണുകയുണ്ടായി. നമ്മുടെ നാഷണൽ ഹൈവേയിൽക്കൂടി പാലക്കാട് നിന്നുവന്ന ജാഥയിലെ അംഗങ്ങളുടെ കണക്കുനോക്കിയപ്പോൾ ലക്ഷക്കണക്കിനാളുകളാണ് ഉള്ളത്. അടുത്ത തെരഞ്ഞെടുപ്പോടെ ശ്രീ. നായനാരുടെ പാർട്ടി, ശ്രീ. ഇ. എം. എസ്സിൻെറ പാർട്ടി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഇവിടെ നിന്ന് നാമാവശേഷമാകാൻ പോകുകയാണ്. എം. വി. ആറിൻെറ പാർട്ടി വലുതാകണമെന്ന അഭിപ്രായം എനിക്കില്ല. അതിനോട് എനിക്ക് യോജിപ്പുമില്ല, പക്ഷേ മാർക്സിസ്റ്റ് പാർട്ടിയുടെ നേതൃത്വം ഉച്ചക്കിറുക്കൻമാരുടെ നേതൃത്വമായതിനാൽ ആണ് മാർക്സിസ്റ്റ് പാർട്ടി അപേനശിച്ചുകൊണ്ടിരിക്കുന്നത്. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ഈ രാജ്യത്തെ ജനങ്ങളോട് ചെയ്തിട്ടുള്ള ക്രൂരമായ വിനോദങ്ങളുടെ അനന്തര ഫലമായിട്ടാണ് എം. വി. ആറിൻെറ പാർട്ടി ഇന്ന് ശക്തമായിക്കൊണ്ടിരിക്കുന്നത്. ചെറുപ്പക്കാർ മുഴുവൻ ആ പാർട്ടിയിൽ അണിനിരന്നുകഴിഞ്ഞിരിക്കുകയാണ്. ശ്രീ. നായനാർക്ക് ഇവിടെ പ്രതിപക്ഷ നേതാവായിരിക്കാനുള്ള അവകാശമുണ്ടോ ? രാജിവയ്ക്കേണ്ടതേ ശ്രീ. നായനാരാണ്. പ്രതിപക്ഷ നേതാവെന്നുപറഞ്ഞ് ഇവിടിരിക്കാൻ അദ്ദേഹത്തിന് അവകാശമില്ല. മാർക്സിസ്റ്റ് പാർട്ടി തകർന്ന് തരിപ്പണമായിരിക്കുന്നു. അവർക്ക് ഇവിടെ വളരാൻ സാദ്ധ്യമല്ല. ജനാധിപത്യവ്യവസ്ഥിതിയിൽ പ്രവർത്തിക്കാൻ കഴിയാത്ത ഒരു രാഷ്ട്രീയ പാർട്ടിക്കും ഇൻഡ്യയിലെ മണ്ണിൽ നിലനിൽക്കാൻ കഴിയില്ല. ആ സത്യം മനസ്സിലാക്കിക്കൊണ്ടാണ് കേരളത്തിലെ യുവ ലക്ഷങ്ങൾ ഇന്ന് മാർക്സിസ്റ്റ് പാർട്ടിയിൽനിന്ന് വിട്ട് മറു പാർട്ടികളിൽ ചേർന്നുകൊണ്ടിരിക്കുന്നത്. കോൺഗ്രസ്സിലാണെങ്കിൽ ധാരാളം യുവാക്കൾ പുതുതായി വന്നുചേർന്നുകൊണ്ടിരിക്കുന്നു. മാർക്സിസ്റ്റ് പാർട്ടിയുടെ പിളർപ്പോടുകൂടി കോൺഗ്രസ്സിലേക്കും ധാരാളം ചെറുപ്പക്കാർ വരികയാണ്. ജനങ്ങളുടെ നിരവധി പ്രശ്നങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നല്ല കാര്യങ്ങളും ചെയ്ത ഒരു ഗവൺമെൻറ് അഞ്ചുവർഷത്തെ ഭരണം പൂർത്തിയാക്കി അടുത്ത അഞ്ചുവർഷത്തെ ഭരണഭാരം ഏറ്റെടുക്കാനുള്ള ശക്തി യാർജ്ജിച്ചുകൊണ്ട്. വരാൻപോകുന്ന തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണി വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി പ്രതിപക്ഷങ്ങളെ തൂത്തുവാരിക്കൊണ്ട് ഈ നിയമസഭയിൽ വരും എന്നുള്ള പ്രഖ്യാപനത്തോടുകൂടിത്തന്നെ ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

ശ്രീ. വി. കേശവൻ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുകയാണ്. നാലുകൊല്ലവും അഞ്ചുമാസവും പിന്നിട്ട ഈ ഗവൺമെൻറ് ഈ സംസ്ഥാനത്തെ ജനജീവിതം ആകെ തകർത്തുകഴിഞ്ഞിരിക്കുകയാണ്. നമ്മുടെ നാട്ടിൽ പിടിച്ചുനിറുത്താൻ കഴിയാത്ത വിധത്തിൽ വിലക്കയറ്റം വർദ്ധിച്ചു. റേഷനരിയുടെ തോത് വെട്ടിക്കുറച്ചു. അതിൻെറ വില വർദ്ധിപ്പിച്ചു. പത്തുലക്ഷം ഹെക്ടർ സ്ഥലത്ത് നെൽക്കൃഷിയുണ്ടായിരുന്നത് 7 ഹെക്ടറായി കുറയ്ക്കാൻ വേണ്ടിയുള്ള നടപടികളാണ് ഈ ഗവൺമെൻറ് സ്വീകരിച്ചത്. അങ്ങനെ നെൽക്കൃഷിക്കാരെ ദ്രോഹിച്ചും വ്യാവസായിക രംഗത്തു അമ്പേ തകർച്ചയും സ്തംഭനവും ഉണ്ടാക്കി. പതിനായിരക്കണക്കിന് ആളുകളുടെ തൊഴിൽ ഇല്ലാതാക്കി. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളും വൻകിട വ്യവസായ സ്ഥാപനങ്ങളും അടച്ചുപൂട്ടപ്പെട്ടു. തൊഴിലില്ലായ്മ അതിഭീകരമായി. വികസനപ്രവർത്തനങ്ങളും ആകെ മരിച്ച് മരവിച്ച് നിൽക്കുകയാണ്. ഈ രാജ്യം എല്ലാ വിധത്തിലും തകർത്തിട്ടുള്ള ഭരണമാണ് ഇവിടെയുള്ളത്. അതുകൊണ്ട് ഈ ഉപധനാഭ്യർത്ഥന അനുവദിക്കുന്നത് ശരിയല്ല. അത് ജനങ്ങൾക്ക് എതിരാണെന്നുള്ളതുകൊണ്ട് ഞാൻ എതിർക്കുകയാണ്.

ക്രമസമാധാന പ്രശ്നം വീണ്ടും ആവർത്തിക്കപ്പെടുകയാണ്. ഇവിടെ പറഞ്ഞ കാര്യങ്ങളും ഞാൻ ആവർത്തിക്കുന്നില്ല. എൻെറ അനുഭവം പറയാം. എൻെറ നിയോജകമണ്ഡലത്തിൽ തഴക്കര പഞ്ചായത്തിൽ നടന്ന അതിഭീകരമായ നരനായാട്ടിൻെറ കാര്യം ചുരുക്കം സമയം കൊണ്ട് അവതരിപ്പിക്കാം. അവിടെ ഹരിജനങ്ങളും പാർക്കുന്ന കോളനികളിൽ പോലീസ് അർദ്ധരാത്രി കടന്നുചെന്ന് അവരെ അതിക്രമിക്കുകയും അവരുടെ വീട് തല്ലിപ്പൊളിക്കുകയും സ്ത്രീകളുടെ നേരെ കൈയ്യേറ്റം നടത്തുകയും ചെയ്തു. ഇന്നും അവർ കണ്ണീരും കൈയ്യുമായി കഴിയുകയാണ്. മാവേലിക്കര പോലീസ് സ്റ്റേഷനിൽ ഗോവിന്ദപ്പിള്ള എന്നൊരു എസ്. ഐ. ഉണ്ട്. അദ്ദേഹം സ്ത്രീകളുടെ നേരെ കൈയ്യേറ്റം നടത്തുന്നു. ഒരു വീട്ടിൽ ചെന്നിട്ട് ഒരു സ്ത്രീ പ്രസവിച്ചുകിടക്കുന്ന മുറിയിൽ കടന്നുചെന്ന് അവിടെ പ്രസവിച്ചുകിടക്കുന്ന സ്ത്രീയാണ് ഉള്ളതെന്ന് പറഞ്ഞപ്പോൾ പ്രസവിച്ചവനാണോ എന്ന് ഞാൻ നോക്കട്ടെ എന്നുപറഞ്ഞ് പോലീസുകാരുടെ കൈയ്യിൽനിന്ന് ലാത്തി വാങ്ങിച്ചിട്ട് തുണി പൊക്കിനോക്കി. വളരെ ഹീനമായ നടപടിയാണ് അവർ സ്വീകരിച്ചത്. കണ്ടിയൂരിൽ സരസ്വതീസദനത്തിൽ ലളിതാംബിക എന്നു പറയുന്ന സ്ത്രീയെ അവരുടെ മാതാപിതാക്കളോടൊപ്പം പോലീസ് സ്റ്റേഷനിൽ വരുത്തി അവരുടെ ധൂർത്തനായ ഭർത്താവിന് തൊണ്ണൂറായിരം രൂപയുടെ ചെക്ക് ഒപ്പിട്ടുകൊടുക്കണമെന്ന് പറഞ്ഞു. അയാൾക്ക് പൈസ കണ്ടമാനം ചെലവാക്കാൻ വേണ്ടിയാണ്. അവർ ചെക്ക് ഒപ്പിടാൻ വിസമ്മതിച്ചപ്പോൾ അവരുടെ തുണി വലിച്ചൂരാൻ ശ്രമിച്ചു. അതുകണ്ട് മാതാപിതാക്കളും ഉടൻപ്പെടെയുള്ള ആളുകളും നെഞ്ചത്തടിച്ച് കരഞ്ഞപ്പോൾ അവരൊതെറികൊണ്ട് അഭിഷേകം ചെയ്തു. പോലീസുകാർ സ്ത്രീകളെ അധിക്ഷേപിക്കുന്ന അഡ്വക്കേറ്റ് ജയകുമാർ എന്നുപറയുന്ന ആളിൻെറ സാന്നിദ്ധ്യത്തിൽവച്ചാണ് നടന്നത്. അവിടെ നടന്ന യോഗത്തിൽവച്ച് അത് ശരിയല്ല എന്നു പറഞ്ഞതിന് ഈ സഭയിലെ പ്രതിപക്ഷത്തിൻെറ ഡെപ്യൂട്ടി ലീഡറായ

LIBRARY ARCHIVES Kerala Legislative Assembly

പരിണിതപ്രജ്ഞയായ ഗൗരിയമ്മയെ അഡ്വക്കേറ്റിന്റേയും മറ്റു പോലീസുകാരുടേയും സാന്നിദ്ധ്യത്തിൽ ആ എസ്. ഐ. തെറിവിളിച്ചു. അദ്ദേഹത്തിന്റെ പേരിൽ ധാരാളം പോർ അന്യായക്കേസ് കൊടുത്തിരിക്കുകയാണ്. ഇത്തരം അക്രമങ്ങളാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇത് അവസാനിപ്പിക്കാതെ അവർക്ക് അഴിഞ്ഞാടാൻ ഈ ഗവൺമെന്റ് അവസരം കൊടുത്തിരിക്കുകയാണ്.

തങ്കമണിയിലേയും മറ്റും സംഭവങ്ങൾ ഇവിടെ പറഞ്ഞു. രാവിലെ ചോദ്യോത്തരവേളയിൽ മുഖ്യമന്ത്രി പറഞ്ഞു, അവിടെ ബലാൽസംഗം നടന്നിട്ടില്ല എന്ന്. ശ്രീ. രാഘവൻ പൊഴക്കടവിലും അതിനെ ആവർത്തിച്ചു പറഞ്ഞു. ഞാൻ കേൾക്കുന്നത് ശരിയാണെങ്കിൽ, തങ്കമണിയിലെ വെടിവയ്പിനുശേഷം പോലീസ് അവിടെ കാര്യങ്ങൾ അന്വേഷിക്കാൻ കൂടുതലായി ചെന്നപ്പോൾ അവിടുത്തെ സ്ത്രീകൾ കൂട്ടമായി പോലീസിനെ ബലാൽസംഗം ചെയ്തു എന്നൊരു വകുപ്പ് ചേർത്തുകൊണ്ട് കേസെടുക്കാൻ പോലീസിന് നിർദ്ദേശം കൊടുത്തിരിക്കുകയാണ് എന്നാണ്. അങ്ങനെ ഈ സംസ്ഥാനത്ത് പോലീസിന്റെ അതിക്രമങ്ങൾ, ലോക്കപ്പ് മർദ്ദനങ്ങൾ, ലോക്കപ്പിൽ വച്ച് തല്ലിക്കൊല്ലൽ ഇവയെല്ലാം വ്യാപകമായി നടക്കുകയാണ്. ഇത്രയും പോലീസുകാരെ കെട്ടഴിച്ചുവിട്ടിട്ടുള്ള ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകൾ അനുവദിച്ചുകൊടുക്കാൻ സാധിക്കുകയില്ല.

വിദ്യാഭ്യാസ രംഗത്തും ഇന്ന് കാട്ടാന കയറിയ കരിമ്പിൻതോട്ടം പോലെയാണ്. അവിടമാകെ ധിക്കാരിയായ വിദ്യാഭ്യാസമന്ത്രി തകർത്തുകളഞ്ഞിരിക്കുകയാണ്. പ്രീ-ഡിഗ്രി ബോർഡ് കൊണ്ടുവരുമെന്ന് ഇപ്പോൾ അദ്ദേഹം വീണ്ടും പ്രഖ്യാപിച്ചിരിക്കുകയാണ്. എൻ. ഡി. പി., എസ്. എൻ. ഡി. പി., ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗ് എന്നിവർ അതിനെ എതിർക്കുന്നു. ഭരണകക്ഷിയിലെ പല ഘടക കക്ഷികളും അതിനെ എതിർക്കുന്നു. കോൺഗ്രസ്സ് (ഐ) യുടെ നിലപാട് എന്താണ്? കെ. പി. സി. സി. പ്രസിഡന്റ് കോൺഗ്രസ്സ് (ഐ) യുടെ നിലപാട് വ്യക്തമാക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. പ്രീ-ഡിഗ്രി ബോർഡ് കൊണ്ടുവരുന്നതിനോട് അവർ അനുകൂലിക്കുന്നുണ്ടോ അതോ പ്രതികൂലിക്കുന്നോ എന്നുള്ള നിലപാട് വ്യക്തമാക്കണം. പതിനായിരക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി തുലച്ചു. ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകൾ അനുവദിക്കാൻ പാടില്ല. ശ്രീ. കെ. കെ. തോമസ് ഇവിടെ സംസാരിച്ചപ്പോൾ അങ്ങേയറ്റം ഐക്യത്തോടെ പോകുന്ന ഭരണമാണ് ഇവിടെ നടക്കുന്നത് എന്നു പറഞ്ഞു. ഞാൻ അതിനെ സംബന്ധിച്ച് പറയുന്നില്ല പത്രങ്ങൾ വായിച്ചാൽ മനസ്സിലാകും ഘടകകക്ഷികൾ തമ്മിലടിച്ച്, ഛിന്നഭിന്നമായി, കാലുവാരലും കുതികാൽ വെട്ടുമായി നീങ്ങിക്കൊണ്ടിരിക്കുന്ന വലതുപക്ഷ വർഗ്ഗീയ പിന്തിരിപ്പൻ മുന്നണിയുടെ ഐക്യത്തെപ്പറ്റി കേരള കോൺഗ്രസ്സിന്റെ യൂത്തുഫ്രണ്ട് തയ്യാറാക്കി ലോകമലയാള സമ്മേളനത്തിൽ അവതരിപ്പിക്കാൻ പോയ ഒരു പാട്ടിന്റെ ചില അംശം ഞാൻ പറയാം. അവിടെ അവതരിപ്പിച്ചോ ഇല്ലയോ എന്ന് പത്രത്തിൽ വന്നില്ല. വയലാർ രവി ഉള്ളിൽ പാടിക്കൊണ്ട് നടക്കുന്നതും ആരോഗ്യമന്ത്രിയായിരുന്ന കെ. ജി ആർ. കർത്തായും, എസ്. രാമചന്ദ്രൻപിള്ളയും, ശ്രീനിവാസനും പാടുന്ന, കോൺഗ്രസ്സ് (എ) കാർ പാടുന്ന, കെ. പി. സി. സി. പ്രസിഡന്റ് പാടാനിടയുള്ള പാട്ടിന്റെ വരികളാണ് ഞാൻ ഇവിടെ അവതരിപ്പിക്കാൻ പോകുന്നത്. അതിൽനിന്ന് അവരുടെ ഐക്യം മനസ്സിലാകും.

സഭാധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാനടപടികളിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സ്പീക്കർ : അങ്ങയുടെ കവിതാ രചനയിലുള്ള താല്പര്യത്തെ അനുമോദിക്കുന്നു. പക്ഷേ ഈ സഭയിലെ ഒരു മെമ്പറും മറ്റൊരു മെമ്പറെ ഇങ്ങനെ പറയുന്നത് ശരിയല്ല.

ശ്രീ. വി. കേശവൻ : സർ, ഞാൻ പറയുന്നതല്ല, ഞാൻ കവിത രചിച്ചത് വായിച്ചതാണ്.

മിസ്റ്റർ സ്പീക്കർ : അത് പുറത്തു പറയാം. പക്ഷേ ഇവിടെ പറയാൻ പറ്റുകയില്ല.

ശ്രീ. വി. കേശവൻ : യൂത്തു്ഫണ്ടുകാർ തിരുവനന്തപുരം തെരുവിൽ പരസ്യമായി മുദ്രാവാക്യം വിളിച്ചതാണ്. മനോരമ, മാതൃഭൂമി അതുപോലുള്ള മറ്റ് പത്രങ്ങളിലും വന്നതാണ്.

ശ്രീ. എം. എം. ഹസ്സൻ : സർ, ബഹുമാനപ്പെട്ട മെമ്പറുടെ പ്രയോഗം രേഖയിൽ ഉണ്ടായിരിക്കുകയില്ല എന്ന് അങ്ങ് റൂളിംഗ് നൽകിയിട്ടും ഇത് കവി എഴുതിയതാണെന്ന് പറയുന്നു. ഏത് പൊട്ടക്കവിയാണ് അങ്ങനെ എഴുതിയത്.

മിസ്റ്റർ സ്പീക്കർ : ചെയർ വളരെ വ്യക്തമായി പറഞ്ഞു കഴിഞ്ഞു ഈ സഭയിലെ ഏതൊരു മെമ്പറെക്കുറിച്ചും ഇത്തരത്തിലുള്ള പ്രയോഗം നടത്തുന്ന പ്രശ്നമില്ല. അങ്ങനെ പറയുന്നത് രേഖയിൽ ഉണ്ടായിരിക്കുകയില്ല.

ശ്രീ. വി. കേശവൻ : കോൺഗ്രസ്സ് (എ) വിദ്യാർത്ഥി വിഭാഗം, എൻ. ജി. ഒ. അസോസിയേഷൻ മുതലായവ തമ്മിലടിയും കുത്തും നടന്നു കൊണ്ടിരിക്കുന്ന ഈ മുന്നണിയെ ആറടി മണ്ണിൽ കുഴിച്ചുമൂടാൻ കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ ശവപ്പെട്ടി പണിതുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഈ സപ്ലിമെന്ററി ഡിമാൻറ് കൊണ്ടുവന്നിരിക്കുന്നത്. അത് ചെലവാക്കാൻ ഈ ഗവൺമെൻറിന് അർഹതയില്ല. ചോദിക്കാൻ അവകാശവുമില്ല. ഈ ഗവൺമെൻറ് ഉപധനാഭ്യർത്ഥനകൾ കൊണ്ടുവന്നതിനെ ഞാൻ ശക്തമായി എതിർക്കുന്നു. പോലീസതിക്രമങ്ങളുടെ കൂട്ടത്തിൽ തൊഴിലവസരങ്ങളുടെ നേരെ നടത്തിക്കൊണ്ടിരിക്കുന്ന അക്രമങ്ങൾ ഡി. വൈ. എഫ്. ഐ. യുടെ പ്രവർത്തനത്തെ സംബന്ധിച്ചുപറഞ്ഞു. നേഴ്സിംഗ് വിദ്യാർത്ഥികളുടെ അനുഭവം ഈ സഭയിൽ തന്നെ സബ്മിഷനായി ഉന്നയിച്ചതാണ്. കൊല്ലത്ത് കശുവണ്ടി തൊഴിലാളികൾ സമരം നടത്തുമ്പോൾ ന്യായമായ ആ സമരത്തെ അടിച്ചമർത്താൻ വേണ്ടി കുത്തകമുതലാളിമാരെ സഹായിക്കാൻ പോലീസിനെ അഴിച്ചുവിട്ട് അക്രമം നടത്തി. ശാസ്താംകോട്ട വിനോദ് ഫാക്ടറിയിലെ പരമേശ്വരൻ എന്ന തൊളിലാളിയെ ചവറ ലോക്കപ്പിൽ കൊണ്ടുപോയി തല്ലിക്കൊന്ന സംഭവം നടന്നു. ഇങ്ങനെ പോലീസ് ലോക്കപ്പിൽ ഇട്ട് കൊല്ലും, തല്ലിക്കൊല്ലും, വെടിവെച്ച്കൊല്ലും. ആ പരിപാടിയാണ് ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നത്. എല്ലാ രംഗവും തകർത്ത് ജനജീവിതം ആകെ തകർത്ത ഈ ഗവൺമെൻറിൻെറ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കാൻ നിവർത്തിയില്ല, ഞാൻ ഇതിനെ ശക്തിയായി എതിർക്കുന്നു.

ശ്രീ. പി. ഭാസ്കരൻ : സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. 1982-ൽ അധികാരത്തിൽ വന്ന ജനാധിപത്യമുന്നണി ഗവൺമെൻറ് 5 കൊല്ലം പൂർത്തിയാക്കാൻ പോകുകയാണ്. 1987-ൽ വീണ്ടും

LIBRARY ARCHIVES Kerala Legislative Assembly

ഒരു പുതിയ തെരഞ്ഞെടുപ്പിനെ നേരിടുകയാണ്. വീണ്ടും ഈ ഗവൺമെൻറ് അധികാരത്തിൽ വരുമെന്ന് ഞാൻ പ്രത്യാശ പ്രകടിപ്പിക്കുന്നു.

വ്യാവസായിക രംഗത്തും ആഭ്യന്തര രംഗത്തും സമാധാനം കണ്ടെത്താൻ ഈ ഗവൺമെൻറിന് വളരെയേറെ സാധിച്ചുവെന്ന് അഭിമാനപുരസരം ഞാൻ ഇവിടെ രേഖപ്പെടുത്തുകയാണ്. എൻെറ മണ്ഡലത്തിലെ ചില പ്രശ്നങ്ങൾ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത് മുഖവിലയ്ക്കെടുക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു. എനിക്ക് അനുവദിച്ചിട്ടുള്ള രണ്ട് എ. എൽ. എ. റോഡിൻെറ പണി ആരംഭിച്ചിട്ടില്ല. അത് അടിയന്തിരമായി ആരംഭിക്കണമെന്നു വകുപ്പുമന്ത്രിയെ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുന്നു. എം. എൽ. എ. മാർക്ക് അനുവദിച്ചിട്ടുള്ള രണ്ട് സ്കൂൾ കെട്ടിടങ്ങളുണ്ട്. അതിൽ ഒരു സ്കൂൾ കെട്ടിടം മാത്രമേ പൂർത്തിയാക്കാൻ സാധിച്ചിട്ടുള്ളൂ. ഒരു സ്കൂൾകെട്ടിടത്തിൻെറ പണമ ബാക്കിയാണ്. അതുകൂടി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. വർഷങ്ങളായി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളതാണ് പയ്യാമ്പലം കടൽത്തീരത്തെ വിശാലമായ റോഡിൻെറ പണി. അതിൻെറ പ്രവർത്തനം ആരംഭിച്ചിട്ടില്ല. അതുപോലെതന്നെ പുലുമ്പിക്കടവിൽ ഒരു പാലം കെട്ടണമെന്ന അഭ്യർത്ഥന ഈ നിയമസഭയിൽ കടന്നുവന്നിരുന്നതു മുതൽ ആരംഭിച്ചതാണ്. എല്ലാക്കൊല്ലവും ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുള്ളതുമാണ്. ഈ രണ്ടു പ്രവർത്തനങ്ങളും ആരംഭിക്കണമെന്നു പൊതുമരാമത്തു വകുപ്പു മന്ത്രിയോട് ഈ അവസരത്തിൽ പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്.

കണ്ണൂരിൽ ഒരു എൻജിനീയറിംഗ് കോളേജ് അനുവദിച്ചിട്ടുണ്ട്. അതിൻെറ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. ഒരു വാടകകെട്ടിടത്തിലാണ് അതിൻെറ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. എൻജിനീയറിംഗ് കോളേജിന് സ്ഥിരമായ ഒരു കെട്ടിടം പണിയുന്നതിനുവേണ്ടി സ്ഥലം അക്വയർ ചെയ്തുകൊണ്ടിരിക്കുകയാണ്. സർക്കാരിൻെറ കൈവശം തന്നെ ധാരാളം ഭൂമിയുണ്ട്. അതു കൈകാര്യം ചെയ്തുകൊണ്ട് എൻജിനീയറിംഗ് കോളേജിനുവേണ്ടി സ്ഥിരമായ സ്ഥായിയായ ഒരു കെട്ടിടം കെട്ടുന്നതിന് ഈ ഗവൺമെൻറ് മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനയെ ഞാൻ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. നാലരക്കൊല്ലമായി നൻമ ചെയ്തു നാലുമണിപൂക്കളുടെ മനോഹാരിതയോടുകൂടി നിൽക്കുന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിൻെറ ഭാവിയിലേക്കുള്ള നല്ല ചുവടുവയ്പ് ഞങ്ങൾ കാണുകയാണ്. ദുർബ്ബല ജനവിഭാഗങ്ങൾക്ക് ഒട്ടുവളരെ നല്ലകാര്യങ്ങൾ ചെയ്തുകൊണ്ട് പ്രതിപക്ഷങ്ങളുടെ മുദ്രാവാക്യങ്ങളെ ദുർബ്ബലപ്പെടുത്തിയ ഒരു ഗവൺമെൻറാണിതെന്ന് പറയുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. (ബഹളം) .....

സർ, അവർ എതിർക്കുന്നത് സപ്ലിമെൻററി ഡിമാൻറിനെയല്ല. ഈ സപ്ലിമെൻററി എന്ന പദം കേൾക്കുമ്പോൾ അപ്പുറത്തു ഒരു ചങ്കിടിപ്പാണ്. സപ്ലിമെൻററിയെന്നു കേൾക്കുമ്പോൾ പെട്ടെന്നു അവരുടെ മനസ്സിൽ വരുന്നത് നാളെ രാവിലെ എം. വി. രാഘവൻ പ്രസിദ്ധീകരിക്കുന്ന രാജിവച്ചവരുടെ സപ്ലിമെൻററി ലിസ്റ്റിൽ ആരൊക്കെയുണ്ടാകുമെന്ന ചിന്തയാണ്. അവർക്കു തോന്നുന്ന മറെറാരു കാര്യം രാഘവൻെറ ലിസ്റ്റിൽ ആരുമില്ലെങ്കിലും ഇപ്പോൾ പാർട്ടിയിൽ ഉറച്ചു നിൽക്കുന്ന എം. എൽ. എ. മാർ ആ പാർട്ടിയിൽത്തന്നെ ഉറച്ചുനിൽക്കാൻ പാർട്ടിക്ക് അവർ കൊടുക്കുന്ന സപ്ലിമെൻററി ഡിമാൻറിൽ ഏതൊക്കെ ഇനമാണ് ചേർത്തിരിക്കുന്നതെന്നാണ്,

LIBRARY ARCHIVES Kerala Legislative Assembly

(ബഹളം) ഈ സപ്ലിമെൻററിയെന്ന പദം അവർക്ക് അലർജിയുണ്ടാക്കും. ഈ രണ്ടു സപ്ലിമെൻററിയായിട്ടുള്ള ചിന്തയുമായിട്ട് നടക്കുന്നതിനിടയിലാണ് പുതിയ ഒരു ചിന്ത. അതെന്താണെന്നു അറിയാമോ ? സപ്ലിമെൻറ് എന്ന പുതിയ ഒരു ചിന്ത. ഔരംഗബാദിൽ കൂടിനിൽക്കുന്ന എസ്-കാർ പാസാക്കാൻ പോകുന്ന ലയനപ്രമേയത്തോടനുബന്ധിച്ച സപ്ലിമെൻറിൽ തങ്ങളെക്കുറിച്ച് ഇനി എന്തൊക്കെയാണ് പറയാൻ പോകുന്നതെന്ന ചിന്തയും അവർക്ക് വ്യാകുലതയുണ്ടാക്കുന്നുണ്ട്. അവർക്ക് സപ്ലിമെൻറ് എന്ന പദത്തോടു പേടിയാണ്. (ബഹളം)

ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ നിരവധി നല്ല കാര്യങ്ങൾ ചെയ്തിട്ടുള്ള ഈ ഗവൺമെൻറ് അഭിമാനപുരസരമാണ് കുരുക്ഷേത്രത്തിലേക്ക് പോകാൻ പോകുന്നത്. ഞങ്ങളുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ പ്രാവശ്യം അസംബ്ലിയിൽ പറഞ്ഞതുപോലെ ഞങ്ങൾ കുരുക്ഷേത്രത്തിലേക്ക് പോകാൻ തയ്യാറാണ്. ഞങ്ങൾ ഒരുങ്ങി നിൽക്കുകയാണ്. അഭിമാനപുരസരം ഞങ്ങൾ പറയുകയാണ് കുരുക്ഷേത്രത്തിലേക്ക് പോകാൻ ഞങ്ങൾക്ക് ശക്തനായ ഒരു നായകനുണ്ട്. ഇൻഡ്യയിലെ ഏറ്റവും പ്രഗൽഭരായ മുഖ്യമന്ത്രിമാരിൽ ഒരാളെന്ന ഖ്യാതി നേടിയ ഇൻഡ്യാരാജ്യത്തെ ഏറ്റവും യോഗ്യനെന്നു ഇൻഡ്യയിലെ പ്രധാനമന്ത്രിയുടെ അംഗീകാരം നേടിയ, ജനങ്ങളുടെ അംഗീകാരം നേടിയ യോദ്ധാവായ ശ്രീ. കരുണാകരൻറെ നേതൃത്വത്തിൽ ഒറക്കെട്ടായി (ബഹളം) മുന്നോട്ടുപോകാൻ ഞങ്ങൾക്ക് സാധിക്കും.

കുരുക്ഷേത്രത്തിലേക്ക് പോകാൻ അപ്പുറത്തുള്ളവരുടെ കയ്യിലുള്ള ആയുധമെന്താണ് ? ഞങ്ങൾക്ക് ശക്തനായ ഒരു നേതാവുണ്ട്. ശക്തമായ ഒരു തത്വമുണ്ട്. അപ്പുറത്തുള്ളവരുടെ കയ്യിലുള്ള സാധനങ്ങളെന്താണെന്ന് വിനീതനായിട്ട് ഞാൻ ചോദിക്കുകയാണ് ? അപ്പുറത്തുള്ളവർക്ക് കുരുക്ഷേത്രത്തിൽ എങ്ങനെ അണിനിരക്കണമെന്ന് ചിന്തിക്കാൻപോലും പറഞ്ഞിട്ടില്ല. കുരുക്ഷേത്രത്തിൽ നേതൃത്വം കൊടുക്കേണ്ടത് മാർക്സിസ്റ്റ് പാർട്ടിയാണ്. പക്ഷെ മാർക്സിസ്റ്റ് പാർട്ടി മുന്നിൽ നേതൃത്വം കൊടുക്കാൻ നിന്നാൽ പിന്നാമ്പുറത്ത് സി. പി. ഐ. ക്കാരെ നിർത്താൻ അവർക്ക് പേടിയാണ്. കാരണം കുരുക്ഷേത്രത്തിലേക്ക് പോകുമ്പോൾ സി. പി. ഐ. ക്കാർ പിന്നിൽനിന്നു കുത്തുമെന്നാണ് അവരുടെ ശങ്ക. സി. പി. എം. ക്കാർ പിന്നിലും സി. പി. ഐ. ക്കാർ മുമ്പിലും കോൺഗ്രസ് എസ്. കാർ പടയണിയുടെ നടുവിലുമാണ് നിൽക്കുന്നത്. സി. പി. ഐ. ക്കാർക്കും സി. പി. എം. നും ഇടയിൽ കോൺഗ്രസ് എസ്സിനെ നിർത്തുന്നു. കാരണമെന്താണ് ? കോൺഗ്രസ് എസ്സിനെ നടുവിൽ നിർത്താനേ പറ്റൂ. കോൺഗ്രസ് (ഐ) ക്കാർ വരുന്നോ എന്നൊന്നു ചോദിച്ചാൽ 'യെസ്' പ്പറയാൻ കാത്തുനിൽക്കുന്നവരാണ് അപ്പുറത്തുള്ള കോൺഗ്രസ് എസ്സുകാർ. അവരേയും കൂട്ടി കുരുക്ഷേത്രത്തിലേക്ക് പോകുന്ന ആളുകളോട് ഒരു കാര്യം മാത്രമാണ് എനിക്ക് വിനീതമായിട്ട് ചൂണ്ടിക്കാണിക്കാനുള്ളത്. കുരുക്ഷേത്രത്തിലേക്ക് നമുക്കെല്ലാപേർക്കും ഒരുമിച്ച് പോകാവുന്നതാണ്. പക്ഷെ ഒരു നിർദ്ദേശം എനിക്കുണ്ട്. കുരുക്ഷേത്രത്തിലേക്ക് ഞങ്ങൾ പോകുന്നതിനു കുറച്ചുമുമ്പേ നിങ്ങളങ്ങോട്ട് കടന്നുചെന്നായ്ക്കോ. കാരണമെന്താണെന്നു വച്ചാൽ ഞങ്ങളുടെ കയ്യിൽ കുരുക്ഷേത്രത്തെ നേരിടാൻ ശക്തമായ ആയുധങ്ങളുണ്ട്. നിങ്ങളുടെ കയ്യിലോ ? ഒന്നര കാലുള്ള ചാവാലിക്കുതിരകളും മാക്കലും പ്രയോഗിക്കാൻ കഴിയാത്ത വായ്ത്തല മടങ്ങിപ്പോയ ആയുധങ്ങളുമായിട്ടാണ് നിങ്ങൾക്ക് കുരുക്ഷേത്രയുദ്ധത്തിലേക്ക് വരാനുള്ളത്. ഒരിക്കലും പൊട്ടാത്ത ഉണ്ടയില്ലാത്ത വെടികളുമായിട്ടാണ് നിങ്ങൾക്ക് കുരുക്ഷേത്രത്തിലേക്ക് പോകാനുള്ളത്. അതുകൊണ്ടാണ് എനിക്ക് പറയാനുള്ളത് ഞങ്ങൾ നടക്കുന്നതിനു കുറച്ചുമുമ്പുതന്നെ നിങ്ങൾ നടന്നുപോകൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ ടി. കെ. ഹംസ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. റൂൾ 287 അനുസരിച്ചുള്ള പോയിൻറ് ഓഫ് ഓർഡറാണ്.

The Speaker, after having called the attention of the Assembly to the conduct of a member who persists in irrelevance or in tedious repetition either of his own arguments or of the arguments used by other members in debate, may direct him to discontinue his speach.

ഈ 'കുരുക്ഷേത്ര'മെന്നു ആയിരംവട്ടം റിപ്പീറ്റ് ചെയ്യുന്നു. ഇതൊന്നു അവസാനിപ്പിച്ചുകൂടെ ?

മി. സ്പീക്കർ : അങ്ങ് ഉന്നയിച്ച പോയിൻറ് ഓഫ് ഓർഡർ വളരെ പ്രസക്തമാണ്. ഇത് അപ്പുറത്തും ഇപ്പുറത്തും ബാധകമാണെങ്കിൽ ചെയർ വളരെ സ്ട്രിക്റ്റായിട്ട് പോകാം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, അവരെ സംബന്ധിച്ചിടത്തോളം അവരെന്താണെന്നു അവർക്കറിയില്ല. ഇ. എം. എസ്. – അച്യുതാനന്ദൻ തണ്ടിൽ ദിക്കറിയാതെ കറങ്ങിക്കൊണ്ടിരിക്കുകയാണ് മാർക്സിസ്റ്റ്പാർട്ടി. അവർ എന്താണ് പറയുന്നതെന്ന് മനസ്സിലാക്കാൻപോലും അവർക്ക് കഴിയില്ല. അവർക്ക് പറ്റിയ കുഴപ്പത്തിന് പ്രധാന കാരണം അവർ മാർക്സിനെ മറന്നു എന്നതാണ്. മാർക്സിനെ മറന്നതാണ് മാർക്സിസ്റ്റ് പാർട്ടിക്ക് പറ്റിയ ഏറ്റവും വലിയ പരാജയം. മാർക്സ് പറഞ്ഞു വെറും മനശാസ്ത്രപരമായ വിഭവങ്ങൾ ഒരു സാമൂഹ്യ വിപ്ലവപ്രത്യയ ശാസ്ത്രത്തിൻറെ രൂപീകരണിന് ഉതകുകയില്ലെന്ന്. നിങ്ങളുടെ കയ്യിൽ മനശാസ്ത്രപരമായ വിഭവങ്ങൾ മാത്രമേയുള്ളൂ. നിങ്ങളുടെ കയ്യിൽ പ്രായോഗിക രാഷ്ട്രീയമില്ല. നിങ്ങളുടെ കയ്യിലുള്ളത് മനഃശാസ്ത്ര വിഭവങ്ങളാണ്. എന്താണ് മാർക്സ് പറഞ്ഞ മനഃശാസ്ത്രവിഭവങ്ങൾ ? മാർക്സ് പറഞ്ഞ മനഃശാസ്ത്രവിഭവങ്ങൾ, ഇൻഡ്യൻ സാഹചര്യത്തിൽ ഇടതുപക്ഷ പാർട്ടികൾക്ക് നേരിടാനുള്ള പ്രധാനമായ രാഷ്ട്രീയ, ഇവിടത്തെ ശരിയത്തു പ്രശ്നമാണെന്ന മനഃശാസ്ത്രപരമായ ചിന്ത. ഇൻഡ്യയിലെ ഇടതുപക്ഷങ്ങൾക്ക് ഈ കാലഘട്ടത്തിൽ ഉന്നയിക്കാനുള്ള രാഷ്ട്രീയമായ കടമ കുവൈറ്റ് പ്രശ്നമാണെന്ന ചിന്ത. മനഃശാസ്ത്രപരമായ ചിന്തയിലുള്ള പ്രത്യേകമായ രാഷ്ട്രീയത്തെക്കുറിച്ച് ചിന്തിക്കാതെ തത്വത്തെക്കുറിച്ച് ചിന്തിക്കാതെ മാർക്സിനെ മറന്നുപോയവരാണ് അപ്പുറത്തുള്ളവർ. അവർക്ക് ക്ഷോഭമുണ്ടാകുക സ്വാഭാവികമാണ്. അവരെ അറിയാത്ത ഒരു നേതാവ് മാർക്സിസ്റ്റ് പാർട്ടിയെ അടക്കിവാഴുകയാണ്. ഒരു നേതാവിൻറെ ആത്മാവ്, മാർക്സിൻറെ ആത്മാവല്ല, ഡോൺ കിക്സോട്ടിൻറെ ആത്മാവാണ് മാർക്സിസ്റ്റ് പാർട്ടിയെ അടക്കി ഭരിക്കുന്നത്. വയ്ക്കോലുണ്ടകൾ, കാറ്റാടി മരങ്ങൾ ഇവ വലിയ ശത്രുക്കളാണെന്ന് വിചാരിച്ച് യുദ്ധം ചെയ്തു പല്ലുപോയ കഥാപാത്രമാണ് ഡോൺകിക്സോട്ട്. ആ ഡോൺകിക്സോട്ടിൻറെ അനുഭവമാണ് മാർക്സിസ്റ്റ് പാർട്ടിക്കുണ്ടായിരിക്കുന്നത്.

സർ, ശരിഅത്തിൻറെ പിന്നാലെപോയി, കുവൈറ്റ് പ്രശ്നത്തിൻറെ പിന്നാലെ പോയി എന്താണ് സംഭവിച്ചത്. മുന്നിലെ പല്ലു പോയി അപ്പുറത്തു നിൽക്കുന്ന എം. വി. രാഘവൻ. മുമ്പിലത്തെ പല്ലുപോയി ഡോൺ കിക്സോട്ടിൻറെ അനുഭവമുള്ള ആളുകളോട് വളരെ വിനീതനായിട്ട് ഞാൻ ചോദിക്കുന്നു നിങ്ങൾ ബഹളം കൂട്ടുന്നതിൽ വല്ല ആത്മാർത്ഥതയുമുണ്ടോ, വല്ല സത്യസന്ധതയുമുണ്ടോ ? ഒരു കാര്യം വളരെ വ്യക്തമാണ്. അവരുടെ പാർട്ടിയിലെ ആരോടു സംസാരിച്ചാലും അവരുടെ ഉള്ളിലിരുപ്പ് അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

ദുഃഖം മനസിലാക്കാൻ സാധിക്കുന്നതാണ്. എനിക്ക് അവരുടെ പല പാർട്ടി പ്രവർത്തകരുമായിട്ട് സംസാരിച്ചപ്പോഴും ഉണ്ടായിട്ടുള്ള അനുഭവം ഞാൻ പറയുകയാണ്. സത്യത്തിൽ അവരുടെ പാർട്ടിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഗതികേടിനെക്കുറിച്ച് ആലോചിച്ച് ദുഃഖിച്ച് കണ്ണീർ പൊഴിക്കുന്ന കമ്മ്യൂണിസ്റ്റ് സുഹൃത്തുക്കളുടെ കണ്ണുനീർ സംഭരിച്ച് പൈപ്പ്‌ലൈൻവഴി ക്യാച്ചുമെന്റ് ഏരിയയിലെ ജലസംഭരണികളിൽ എത്തിക്കാൻ കഴിയുമെങ്കിൽ നമ്മുടെ സംസ്ഥാനത്ത് ഒരു കാലത്തും പവർകട്ട് ഏർപ്പെടുത്താൻ ഇടയില്ലാത്തവിധം ജലവിതാനം ഉയർത്താൻ കഴിയുമെന്നാണ് എനിക്കു പറയാനുള്ളത്.

സർ, നമ്പൂതിരിപ്പാടിന് ഇപ്പോഴും നല്ലതു തോന്നുന്നില്ല.

ശ്രീ. പി. വി. മുഹമ്മദ് : സർ, അപ്പുറത്തിരിക്കുന്ന മാർക്സിസ്റ്റ് സുഹൃത്തുക്കൾക്ക് ബുദ്ധിപരമായ നിർദ്ദേശം നൽകുന്നത് എന്നും കോൺഗ്രസുകാരനായ ശ്രീ. ടി. കെ. ഹംസയാണെന്നുള്ള വിവരം മെമ്പർക്കറിയാമോ ?

ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ : സർ, അറിയാം. അവരുടെ സ്ഥിതി എന്താണ് ? അവരുടെ കരച്ചിൽകൊണ്ടുപോലും കാര്യമില്ല. നമ്പൂതിരിപ്പാട് നല്ലത് ചെയ്യുന്നുമില്ല ; അച്യുതാനന്ദന്റെ മനസ് കനിയുന്നുമില്ല എന്ന സാഹചര്യത്തിൽ വെറുതെ ഒഴുക്കിക്കളയുന്ന അവരുടെ കണ്ണുനീർ സംസ്ഥാനത്തിന്റെ പൊതുതാൽപര്യത്തിന് ഉപയോഗപ്പെടുത്താം എന്നതുകൊണ്ടാണ് ഞാൻ ഈ നിർദ്ദേശം വയ്ക്കുന്നത്.

സർ, ഞാൻ അവസാനിപ്പിക്കുകയാണ്. നിരവധി നല്ല കാര്യങ്ങളും ചെയ്തിട്ടുള്ള ഈ ഗവൺമെന്റ് അഭിമാനപുരസ്സരം കുരുക്ഷേത്രത്തിലേക്ക് പോകുമ്പോൾ താങ്കളുടെ ചെയ്തികളും 'പാപത്തിന്റെ ശമ്പളം മരണം ആണ്' എന്ന് അവരെ ഓർമ്മിപ്പിച്ചുകൊണ്ട് അവരുടെ മുന്നണിയുടെ നാശമാണ് വരാൻ പോകുന്ന തെരഞ്ഞെടുപ്പെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് നല്ല കാര്യങ്ങളും ചെയ്തു ഈ ഗവൺമെന്റിന് ബഹുദൂരം മുന്നോട്ടു പോകാൻ കഴിയട്ടെയെന്ന് പ്രത്യാശ പ്രകടിപ്പിച്ചുകൊണ്ട് ഞാൻ ഇതിനെ അനുകൂലിച്ചുകൊണ്ട് നിർത്തുകയാണ്.

ശ്രീ. സി. എഫ്. തോമസ് : സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഞങ്ങളെല്ലാവരും അപ്പുറത്തുനിന്നുള്ളവരുടെ പ്രസംഗങ്ങളും ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ ഉപധനാഭ്യർത്ഥനകളുടെ അവതരണവേളയിൽ ഈ ഗവൺമെന്റിന്റെ നാലര വർഷത്തെ ചെയ്തികളെക്കുറിച്ച് ഒരു നല്ല വിമർശനം ഉണ്ടാകുമെന്ന് ഞങ്ങളും പ്രതീക്ഷിച്ചതാണ്. ഇതുവരെയുള്ളവർ ആരും പറഞ്ഞില്ലെങ്കിലും ഇനിയുള്ളവരെങ്കിലും പറയുമായിരിക്കും. ഇതുവരെ നിങ്ങളും പറഞ്ഞതിന്റെ ആകെത്തുക നോക്കിയാൽ ക്രമസമാധാനത്തിന്റെ ചില പ്രശ്നങ്ങളും മാത്രമേ എടുത്തു പറഞ്ഞുള്ളൂ. ഞങ്ങൾക്ക് ഒരു കാര്യം വ്യക്തമായിട്ടും പറയാം. ക്രമസമാധാനപ്രശ്നങ്ങളെ സംബന്ധിച്ച് ഇന്ന് രാവിലെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അവിടെ നിന്നും സംസാരിച്ച പലരും തങ്കമണിയിലെ കാര്യം സൂചിപ്പിച്ചു. ഇത്തരം സംഭവങ്ങളെക്കുറിച്ച് വളരെ വ്യക്തമാണ് ഈ ഗവൺമെന്റിന്റെ നിലപാട്. അവിടെ കൊള്ളരുതായ്മകളും നടന്നിട്ടുണ്ട്. അങ്ങനെ കൊള്ളരുതായ്മകളും നടന്നിട്ടുണ്ടെങ്കിൽ കുറ്റക്കാരുടെമേൽ കർശനമായ നടപടിയെടുക്കും. ഇവിടത്തെ മുഖ്യമന്ത്രി തന്നെ പ്രഖ്യാപിച്ചിട്ടുണ്ട് വളരെ കർശനമായ നടപടികളും എടുക്കുമെന്നും

LIBRARY ARCHIVES Kerala Legislative Assembly

നടപടികളും ആരംഭിച്ചിരിക്കുന്നു എന്നും. അങ്ങനെ കൊള്ളരുതായ്മകളും നടത്തിക്കൊണ്ട് ഒരു പോലീസ് ഉദ്യോഗസ്ഥനെയും മുന്നോട്ടുപോകാൻ അനുവദിക്കത്തില്ലയെന്നുള്ളത് ഈ ഗവൺമെൻറിന്റെ ഐക്യജനാധിപത്യ മുന്നണിയുടെയും നിലപാടാണ്. അതുതന്നെയാണ് മുഖ്യമന്ത്രിയുടെ പ്രഖ്യാപനവും.

സർ, എന്റെ സുഹൃത്ത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ പറഞ്ഞു നാലരവർഷം ഭരിച്ചു മുടിച്ചു എന്ന്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതിലെ ആദ്യത്തെ ഭാഗം ശരിയാണ്. നാലരവർഷം ഭരിച്ചത്. അതൊരു നേട്ടമല്ലേ? നമ്മുടെ സംസ്ഥാനത്ത് ഭരണസ്ഥിരതയില്ലാത്തതുമൂലം രാഷ്ട്രീയ സ്ഥിരതയില്ലാത്തതുമൂലം കഴിഞ്ഞകാലങ്ങളിൽ ഈ സംസ്ഥാനത്തിനുണ്ടായ നഷ്ടത്തെക്കുറിച്ച് നിങ്ങൾ വിലയിരുത്തുന്നുണ്ടോ? അതിന് മാറ്റം വരുത്തിക്കൊണ്ട് ഈ ഗവൺമെൻറ് നാലരവർഷം തുടർച്ചയായി ഭരിച്ചുകൊണ്ട് ഈ സംസ്ഥാനത്തിന്റെ ഭാവിക്കുവേണ്ടി വളരെയേറെ മികച്ച പരിപാടികളും വളരെ ഭാവനയോടുകൂടി ആവിഷ്ക്കരിച്ചത് നിങ്ങൾ പറയാൻ മറന്നുപോയിക്കാണുമെന്ന് ഞാൻ വിചാരിക്കുകയാണ്. തീർച്ചയായും ഇത്തരമൊരു അവസരത്തിൽ കഴിഞ്ഞ നാലരവർഷക്കാലത്തിനിടക്ക് ഈ ഗവൺമെൻറ് എന്തു ചെയ്തു എന്തു ചെയ്തില്ല എന്ന് നിങ്ങൾ സൂചിപ്പിക്കേണ്ടതായിരുന്നു.

സർ, ഞങ്ങൾക്കെടുത്തുപറയാൻ നേട്ടങ്ങൾ ഒരുപാടുണ്ട്, ഓരോന്നോരോന്നായി പറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. നിഷേധിക്കാൻ തയ്യാറുണ്ടെങ്കിൽ അപ്പുറത്തു നിന്നും പ്രസംഗിക്കാൻ ഉള്ളവർ അടുത്ത പ്രസംഗങ്ങളിൽ അവർ നിഷേധിക്കട്ടെ. ഈ സംസ്ഥാനത്തിന്റെ ഗുരുതരമായ പ്രശ്നങ്ങൾ വിലയിരുത്തിക്കൊണ്ട് ദുർബ്ബല ജനവിഭാഗങ്ങളുടെ അടിസ്ഥാനപ്രശ്നങ്ങൾ എന്താണെന്ന് വിലയിരുത്തിക്കൊണ്ട് ഈ കഴിഞ്ഞ നാലരവർഷം കൊണ്ട് ഗവൺമെൻറ് ഓരോരോ പ്രശ്നങ്ങൾക്കുവേണ്ടി വളരെ വ്യക്തമായ പരിഹാരമാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കുന്നുവെന്ന് മാത്രമല്ല നടപ്പിലാക്കിയെന്നുള്ളതാണ് ഈ ഗവൺമെൻറിന്റെ ഏറ്റവും വലിയ നേട്ടം. നിങ്ങൾക്കുതന്നെ അറിയാമല്ലോ അപ്പുറത്തിരിക്കുന്ന പല പാർട്ടികളുടെയും . അടിസ്ഥാനവർഗ്ഗമെന്ന് വിശേഷിപ്പിക്കാവുന്ന നമ്മുടെ രാജ്യത്തെ കറുത്തവർഗ്ഗമായ പട്ടിക ജാതി–പട്ടികവർഗ്ഗ സമൂഹം, അവിടെയൊക്കെ ഇന്ന് വന്നിരിക്കുന്ന മാറ്റങ്ങൾ എന്താണ്? നമ്മുടെ ഗ്രാമങ്ങളിലെ ഹരിജൻ കോളനികളിൽ, ലക്ഷംവീട് കോളനികളിൽ ഒക്കെ വന്നിരിക്കുന്ന മാറ്റങ്ങൾ എന്താണ്? കറുത്തവർഗ്ഗക്കാർ ചുവന്ന കൊടി ഉപേക്ഷിച്ച കാലഘട്ടം കരുണാകരൻ മന്ത്രിസഭയുടെ കാലഘട്ടമാണെന്ന് ഈ കാലഘട്ടത്തിലെ ചരിത്രകാരൻമാരും രാഷ്ട്രീയ വിദ്യാർത്ഥികളും വിശേഷിപ്പിക്കാൻ പോവുകയാണ്. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി, സി. പി. ഐ. തുടങ്ങിയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ ബെയിസ് താഴെക്കിടയിലുള്ളവരുടെയിടയിൽ നിന്നും തകർന്നിരിക്കുന്നു, ദൂരെപോയിരിക്കുന്നു എന്ന് എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സർ, നമ്മുടെ രാജ്യത്തിലെ അടിസ്ഥാനപ്രശ്നങ്ങൾ എന്തൊക്കെയാണ്? പാർപ്പിടത്തിന്റെ പ്രശ്നം നിങ്ങൾ പറയാത്തത് എന്താണ്? വീടില്ലാത്ത ലക്ഷക്കണക്കിന് ആളുകൾക്ക് വീട് വച്ചുകൊടുക്കുന്നതിന് ഗവൺമെൻറ് കൊണ്ടുവന്ന പദ്ധതികൾ നിങ്ങൾ നോക്കിയോ? ആ പദ്ധതികൾ കടലാസ് പദ്ധതികൾ ആയിരുന്നോ നിങ്ങൾ പറയേണ്ടതായിരുന്നു. ഞാൻ നാലരവർഷത്തെ കണക്കല്ല പറയുന്നത്, ഈ വർഷം മാത്രം ഒരു ലക്ഷം വീടുകളിൽ 80,000 എണ്ണത്തിനും മൂന്നുതവണയും കൊടുത്തുകൊണ്ട് ഈ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പുവർഷത്തിലെ എട്ടുമാസം കൊണ്ട് ഈ ഗവൺമെന്റ് പൂർത്തിയാക്കിയിരിക്കുകയാണ്. ഈ നവംബര ഒന്നാം തീയതി മുതൽ വീണ്ടും ഒരു ലക്ഷം വീടുകളുടെ നിർമ്മാണത്തിന്റെ പരിപാടി ആരംഭിക്കുകയാണ്. പാർപ്പിടത്തിന്റെ പ്രശ്നം അതാണെങ്കിൽ പാവപ്പെട്ടവന് വെള്ളവും വെളിച്ചവും എത്തിച്ചുകൊടുക്കുന്നതിനുള്ള പദ്ധതി എങ്ങനെയാണ് നിർവ്വഹിച്ചത് എന്ന് പറയേണ്ടതല്ലേ? ഈ സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും നഗരപ്രദേശങ്ങളിലും ശുദ്ധജലം എത്തിച്ചുകൊടുക്കുകയെന്നുള്ള ജോലി ഈ ഗവൺമെന്റ് ഏറ്റെടുക്കുകയും അതിൽ വിജയിക്കുകയും ചെയ്തത് എങ്ങനെയെന്ന് പറയണം നിങ്ങളുടെ മറുപടിയിൽ. എല്ലാ പഞ്ചായത്തുകളിലും ശുദ്ധജലം എത്തിക്കുന്നതിനുള്ള പരിപാടികളും ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി. കരുണാകരൻ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം മാത്രം എട്ടു ലക്ഷം പേർക്ക് പുതിയതായി വൈദ്യുതി കണക്ഷനുകൾ കൊടുത്തു. കഴിഞ്ഞ ദിവസം ഇലക്ട്രിസിറ്റി മന്ത്രി പറഞ്ഞപ്പോൾ നിങ്ങൾ നിഷേധിച്ചില്ല. നിഷേധിക്കാൻ നിങ്ങൾ തയ്യാറുണ്ടോ? കേരളത്തിന്റെ ചരിത്രത്തിൽ ആകെ കൊടുത്ത കണക്ഷനുകളിൽ 40 ശതമാനവും ഈ ഗവൺമെന്റിന്റെ കാലത്ത് കൊടുത്തതാണെന്ന് നിങ്ങൾ പറയേണ്ടതായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം വിദ്യുച്ഛക്തി ലഭിക്കാനുള്ള പരിപാടികൾ കഴിഞ്ഞ ഏതുകാലത്ത് നടപ്പിലാക്കിയ പരിപാടികളുടെ ആകെമൊത്തം അളവെടുത്തുനോക്കിയാൽ അതിൽ 50 ശതമാനവും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മാത്രം നടത്തിയതാണെന്ന് മനസിലാകും. സംസ്ഥാനത്തിന്റെ ഭാവികണ്ടുകൊണ്ട്, വ്യാവസായിക പുരോഗതി കണ്ടുകൊണ്ട് കാർഷികോല്പാദനം കണ്ടുകൊണ്ട് പുതിയതായി ഉണ്ടാക്കിയ വൈദ്യുച്ഛക്തി പദ്ധതികളിൽ എത്രയെണ്ണം പൂർത്തിയാക്കിയെന്ന് നിങ്ങൾ പറയേണ്ടതായിരുന്നു. ഇടുക്കി 2-ാം സ്റ്റേജും ഇടമലയാർ 3-ാം സ്റ്റേജും ഈ ഗവൺമെന്റ് പൂർത്തിയാക്കിയ പദ്ധതികളാണ്. ബാണാസുരസാഗർ പദ്ധതിയും ഇരട്ടയാർ പദ്ധതിയും ഈ വർഷം പൂർത്തിയാക്കാൻ പോകുന്ന പദ്ധതികളാണ്. ഇങ്ങനെയൊക്കെയാണ് ഒരു ഗവൺമെന്റിനെക്കുറിച്ച് വിലയിരുത്തേണ്ടത്. ഈ സംസ്ഥാനത്തിലെ ജനങ്ങളുടെ താല്പര്യത്തിനുവേണ്ടി ഭാവനയോടുകൂടിയുള്ള പരിപാടികൾ കരുണാകരൻ മന്ത്രിസഭ ചെയ്തോയെന്ന് നിങ്ങൾ വിലയിരുത്തേണ്ടതാണ്. നാലരവർഷം കഴിഞ്ഞ് നമ്മൾ തെരഞ്ഞെടുപ്പിലേക്ക് പോവുകയാണ്. ഞങ്ങൾ ജനങ്ങളോട് പറയാൻ പോകുന്ന കാര്യങ്ങളാണ് ഇതൊക്കെ. നിങ്ങൾ അത്തരം കാര്യങ്ങൾ പറയേണ്ടതാണ്. ഈ സംസ്ഥാനത്തെ ജനങ്ങളുടെ പാർപ്പിടപ്രശ്നം, വെള്ളത്തിന്റെയും വെളിച്ചത്തിന്റെയും പ്രശ്നം എല്ലാം നിങ്ങൾ പറയേണ്ടതാണ്. പൊതുവിതരണസമ്പ്രദായത്തിന്റെ കഥ നിങ്ങൾ വിസ്മരിച്ചിരിക്കും. ഇൻഡ്യയിൽ ഏറ്റവും നല്ല പൊതുവിതരണ സമ്പ്രദായം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കേരളത്തിൽ സഹകരണ മാവേലിസ്റ്റോറുകൾ എന്നുള്ള ആശയം കൊണ്ടുവന്നു. കേരളത്തിലെ ആയിരത്തോളം പഞ്ചായത്തുകളിൽ സഹകരണ മാവേലിസ്റ്റോറുകൾ സ്ഥാപിക്കുകയും ജനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ ന്യായമായ വിലയ്ക്ക് നൽകുവാനുള്ള പദ്ധതി ഏറ്റെടുത്തു അതിൽ വിജയിക്കുകയും ചെയ്ത സർക്കാരാണ് ഐക്യജനാധിപത്യമുന്നണി സർക്കാർ അതിൽ പരാജയപ്പെട്ടുവെങ്കിൽ നിങ്ങൾ പറയേണ്ടതായിരുന്നു. അതൊന്നും നിങ്ങൾ പറഞ്ഞിട്ടില്ല. നമ്മുടെ ഗ്രാമങ്ങളിലെ 15000-ൽപ്പരം കിലോമീറ്റർ റോഡുകൾ എവിടെ ചെന്നാലും നിങ്ങൾക്ക് കാണാം, ഏതു ഗ്രാമങ്ങളായാലും പ്രതിപക്ഷ മെമ്പർമാരുടെ പഞ്ചായത്തുകളിലും അവരുടെ നിയോജകമണ്ഡലങ്ങളിലും പതിനായിരത്തിൽപ്പരം കിലോമീറ്റർ റോഡുകൾ പുതിയതായി ഉണ്ടാക്കുകയും ഏതാണ്ട് മൂവായിരത്തിൽപ്പരം കിലോമീറ്റർ റോഡുകൾ ടാറിംഗ് നടത്തുകയും ചെയ്തുകൊണ്ട് ആർ. എൽ. ഇ ജി. പി., എൻ. ആർ. ഇ. പി. സ്കീമുകൾ ഈ സംസ്ഥാനത്ത് നടപ്പിലാക്കി

LIBRARY ARCHIVES Kerala Legislative Assembly

ഇതെല്ലാം മറന്നുകൊണ്ട്, ഒന്നും പറയാനില്ലാത്തതുകൊണ്ട് രാഷ്ട്രീയത്തിലേക്ക് കാര്യങ്ങളെ കൊണ്ടുപോയി ഒന്നുരണ്ട് ക്രമസമാധാന പ്രശ്നങ്ങൾ മാത്രം ഉന്നയിച്ചുകൊണ്ടല്ലേ പ്രതിപക്ഷം ഈ സമയത്ത് വിമർശിക്കേണ്ടത്. ഈ സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം 168 കോടി രൂപ മിച്ച മുണ്ടാക്കിക്കൊണ്ട് പുതിയ സാമ്പത്തികവർഷത്തേക്ക് വളരെ പുതിയ പദ്ധതികൾ ഏറ്റെടുത്തുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ആയിരക്കണക്കിന് ജലസേചനപദ്ധതികൾക്ക് ആശയംകൊടുത്തുകൊണ്ട് ഈ ഗവൺമെന്റ് മുന്നേറുകയാണ്. ഇവിടെ ചോദിക്കുകയുണ്ടായി, ഭക്ഷ്യാൽപ്പാദനം വർദ്ധിപ്പിക്കാനുള്ള പരിപാടികൾ എന്തു ചെയ്തുവെന്ന്. നമ്മുടെ സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും ഉള്ള കർഷകർക്കു മുഴുവനും, നെൽകൃഷിക്കാർക്ക് മാത്രമല്ല, നാണ്യവിള കൃഷിക്കാർക്കും ജലസേചന സൗകര്യമുണ്ടാക്കിക്കൊടുത്തുകൊണ്ട് ആയിരക്കണക്കിന് പദ്ധതികൾ നടപ്പാക്കാനുള്ള പരിപാടികൾ ഈ ഗവൺമെന്റ് ഏർപ്പെടുത്തിയിരിക്കുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊല്ലത്ത് ഉത്ഘാടനം ചെയ്ത പരിപാടിയെക്കുറിച്ച് നിങ്ങൾക്ക് എന്താണ് പറയാനുള്ളത്? ഈ രാജ്യത്തെ പാവപ്പെട്ട തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതികളെക്കുറിച്ച് നിങ്ങൾ ഒന്നും പറഞ്ഞില്ല. തൊഴിലാളി വർഗ്ഗത്തിന്റെ താത്പര്യങ്ങൾക്കുവേണ്ടി വാദിക്കുന്നു എന്ന് പറയുന്ന കക്ഷികൾ ഇന്നലെ ഉത്ഘാടനം ചെയ്ത, വിവിധ വിഭാഗങ്ങളിലുള്ള തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കിയ ക്ഷേമപദ്ധതിയെക്കുറിച്ച് ഒന്നും പറഞ്ഞില്ല. ഈ സംസ്ഥാനത്ത് ഇതുവരെയും വ്യാവസായിക സമാധാനവും ശാന്തതയും ഉണ്ടായ ഒരു കാലഘട്ടം കേരളത്തിന്റെ ചരിത്രത്തിലുണ്ടായിട്ടുണ്ടോയെന്ന കാര്യം നിങ്ങൾ പറയേണ്ട ഒരു പോയിന്റായിരുന്നു. ഈ ഗവൺമെന്റ് ഏറ്റെടുത്ത നല്ല കാര്യങ്ങൾ മുഴുവൻ വിസ്മരിച്ചുകൊണ്ട് രാഷ്ട്രീയത്തിലേക്ക് വലിച്ചിഴയ്ക്കുന്ന രീതിയിലേക്ക് പ്രതിപക്ഷം കടന്നുപോയതിൽ ഞങ്ങൾക്ക് വളരെയധികം സങ്കടമുണ്ട്. ഐക്യജനാധിപത്യ മുന്നണിയിലെ ഐക്യത്തെക്കുറിച്ച് നിങ്ങൾ ഇവിടെ പറഞ്ഞു. അതിന്റെ ഐക്യമില്ലായ്മയെക്കുറിച്ച് ആക്ഷേപിക്കുന്നതിനുമുമ്പ് നെഞ്ചത്തു കൈവച്ചുകൊണ്ട് പ്രതിപക്ഷ മുന്നണിയുടെ ഇന്നത്തെ സ്ഥിതി യെന്താണെന്ന് പറയുക? കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി മുതൽ ഇങ്ങേയറ്റത്തിരിക്കുന്ന പ്രതിപക്ഷ കക്ഷികൾവരെയുള്ളവർ തമ്മിൽ നടക്കുന്ന ആന്തരിക സംഘടനകളെക്കുറിച്ച് എന്താണ് പറയാനുള്ളത്?

ശ്രീ. വി. സി. കബീർ: പ്രതിപക്ഷത്ത് ഐക്യമില്ലെന്നു പറയുന്ന കേരള കോൺഗ്രസുകാർ തമ്മിൽ ഒരു കമ്പാർട്ടുമെന്റിലെ അഴിഞ്ഞുപോകുന്ന ബോഗികളെപ്പോലെയാണ്. അങ്ങനെയുള്ള കേരള കോൺഗ്രസ്സിലെ ഗ്രൂപ്പുവഴക്കും അടിപിടിയും കൊണ്ടു കമ്പാർട്ടുമെന്റ് അഴിഞ്ഞുപോയ വഴിയൊക്കെ കിടക്കുന്നതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്?

ശ്രീ. സി. എഫ്. തോമസ്: രാഷ്ട്രീയത്തിലേക്ക് വരേണ്ടെന്ന് വച്ചിട്ടാണ് ഞാൻ അതിനെക്കുറിച്ച് കൂടുതലൊന്നും പറയാത്തത്. കബീർ മാസ്റ്റർ ചോദിച്ചതുകൊണ്ട് പറയാം. കേരളകോൺഗ്രസ് പ്രസ്ഥാനമെന്നു പറഞ്ഞാൽ കബീർ മാസ്റ്റർക്കും അപ്പുറത്തിരിക്കുന്നവർക്കുമൊക്കെ അറിയാവുന്നതാണ്. ലക്ഷക്കണക്കിനുള്ള ജനങ്ങളും ആ ജനങ്ങളുടെ പ്രവർത്തന പരിപാടികൾക്ക് നേതൃത്വം കൊടുക്കുന്ന പ്രവർത്തകരും ഞങ്ങളെപ്പോലുള്ള കുറെ എം. എൽ. എ. മാരും എല്ലാം ചേർന്ന ഒരു സമൂഹമാണ് കേരള കോൺഗ്രസ് എന്ന പ്രസ്ഥാനം. ആ സമൂഹത്തിൽ എവിടെ, എന്ത് വിള്ളലുണ്ടായി എന്ന് നിങ്ങൾ നടത്തുന്ന ഗവേഷണം വെറും തെറ്റാണ്. കേരള കോൺഗ്രസ് പ്രസ്ഥാനമെന്നു പറയുന്നത് കേരളത്തിലെ ജനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്ഥാനമാണ്. കേരളത്തിലെ ജനങ്ങളും ആ പ്രസ്ഥാനത്തെ മുന്നോട്ടു കൊണ്ടുപോകും. ഒന്നോ രണ്ടോ വ്യക്തികളോ, ഇവിടെയിരിക്കുന്ന കുറെ എം. എൽ. എ. മാരോ മാത്രമല്ല ഇവിടെ വിഷയം ഈ പ്രസ്ഥാനം ഈ സംസ്ഥാനത്തിന്റെ ആവശ്യമാണ്. ഞാൻ ആ വിഷയം വിടുകയാണ്. ഈ സംസ്ഥാനത്തിന്റെ താൽപര്യങ്ങൾക്കുവേണ്ടി, ഈ സംസ്ഥാനത്തിന്റെ ഭാവിയെ കണ്ടുകൊണ്ട് കഴിഞ്ഞകാലത്ത് ഒരു മന്ത്രിസഭയും ചെയ്തിട്ടില്ലാത്ത തരത്തിലുള്ള പരിപാടികളും, ശക്തമായ പദ്ധതികളും ഒക്കെ നടപ്പിലാക്കിയിട്ടുണ്ട്. നാലരവർഷം മുന്നിട്ടുകൊണ്ട് ആ പരിപാടികളുടെ നേട്ടങ്ങൾ ജനങ്ങളുടെ മുമ്പിൽ വച്ചുകൊണ്ട് നിക്ഷിപ്തമായ ഒരു വിധിയെഴുത്ത് നടത്തുന്നതിനുവേണ്ടി സമീപിക്കുന്ന കേരള ഗവൺമെന്റിന് അനുകൂലമായ ഒരു വിധിയെഴുത്ത് കേരളത്തിലെ ജനങ്ങൾ നൽകും. അതിൽ നിങ്ങളുടെ കണക്കുകൂട്ടലുകളൊക്കെ തെറ്റുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

ശ്രീ. സി. ജി. ജനാർദ്ദനൻ : സർ, നാൽപ്പത്തിയൊന്നു ദിവസം നീണ്ടു നിന്ന സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ പാർട്ടിയുടെ ആയിരത്തിലേറെ പ്രസംഗങ്ങളിൽ ഞാൻ പ്രസംഗിച്ചപ്പോഴും, ഈ നിയമ സഭയിൽ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതാവായ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ ചെയ്തികളെക്കുറിച്ച് പ്രസംഗിച്ചപ്പോഴൊക്കെ നിയമസഭയിലെ ഗർജ്ജിക്കുന്ന സിംഹം ശ്രീ. എം. വി. രാഘവൻ അന്ന് മൗനം ദീക്ഷിച്ചതെന്തുകൊണ്ടാണെന്ന് എനിക്ക് ഇന്നു മനസ്സിലായി. അദ്ദേഹത്തിന് എന്നെ നേരെ എതിർക്കാനുള്ള ബുദ്ധിമുട്ടുകൊണ്ടല്ലേ. അദ്ദേഹം ഇന്ന് ആവർത്തിച്ചു പറയുന്ന കാര്യങ്ങളായിരുന്നു അന്ന് നിയമസഭയിൽ ഞാൻ അവതരിപ്പിച്ചിരുന്നത്. ഞങ്ങളോട് കടുത്ത ആക്രമണം നടത്തിയ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ മുന്നണി എത്രതന്നെ നീതി പൂർവം അദ്ദേഹത്തെ നിലനിറുത്തുവാൻ പരിശ്രമിച്ചാലും ഈ വരുന്ന പൊതു തെരഞ്ഞെടുപ്പിൽ അദ്ദേഹത്തിന്റെ അംഗസംഖ്യ ഒരു ഡിജിറ്റിൽ ഒതുങ്ങി നിൽക്കുമെന്നുള്ള കാര്യത്തിൽ ഇന്ന് നിയമസഭയിൽ ഒച്ചയുണ്ടാക്കി തോൽപ്പിക്കാൻ ശ്രമിക്കുന്ന മാർക്സിസ്റ്റു സ്നേഹിതൻമാർക്ക് അശേഷം ശങ്ക വേണ്ട.

അന്ന് ഞങ്ങൾ ഉന്നയിച്ച പ്രധാന കാര്യം മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്നാണ്. അതുപോലെ ശ്രീനാരായണഗുരു ജയന്തിയും സമാധിയും ഒഴിവു ദിനമാക്കണം.

(അദ്ധ്യക്ഷ വേദിയിൽ മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. രാജീവ് ഗാന്ധിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് പിന്നോക്കജനവിഭാഗങ്ങൾക്കു വേണ്ടി മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് എങ്ങനെ നടപ്പിലാക്കാമെന്നതിന്റെ ദേശീയ കൺസൻസസ് എടുക്കാമെന്ന് ആവർത്തിച്ചു പ്രഖ്യാപിക്കുന്നു. ഇന്ന് നിയമ സഭയിലുന്നയിച്ച പ്രധാന വാദം ശ്രീനാരായണഗുരു ജയന്തിയും സമാധിയും ഒഴിവു ദിനമാക്കണമെന്നാണ്. അതിൽ ഇന്ന് ജയന്തി ഒഴിവു ദിനമാണ്. സമാധി ദിനവും ഒഴിവു ദിനമായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ടത് കേരളത്തിൽ അന്നുവരെ നിലവിലുണ്ടായിരുന്ന അനുകൂല്യങ്ങളും കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്കു കൂടി ബാധകമാക്കണമെന്നാണ്. ഇതിനെക്കുറിച്ച് ഞങ്ങൾ തുടർച്ചയായി ശ്രീമതി ഇന്ദിരാ ഗാന്ധിക്ക് നിവേദനങ്ങൾ നടത്തിയിരുന്നു. നമ്മുടെ മുഖ്യമന്ത്രി ഇപ്പോൾ എഴുതി അയച്ചതിന്റെ ഫലമായി സമാധി ദിനവും അവധിയായി പ്രഖ്യാപിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഈ കാലഘട്ടത്തിൽ ഈ തത്വങ്ങൾക്ക് വിഘാതമായി ജനവിഭാഗങ്ങളെ തകർക്കാൻ ശ്രമിക്കുന്ന ആളുകൾ 140 നിയോജക മണ്ഡലങ്ങളിൽ പരാജയപ്പെടുത്താനും മുതലാളിമാർക്ക് കൂലിക്കുവേണ്ടി ആളെപ്പിടിക്കാൻവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ശ്രമം നടത്തുന്ന ആ സന്ദർഭത്തിൽ എനിക്ക് അവരോട് ഭയമാണ്. ഇന്നത്തെ പത്രത്തിൽ ഒരു വാർത്ത വന്നിരിക്കുന്നു. ആ വാർത്തയിൽ അദ്ദേഹത്തെ പന്ത്രണ്ടായിരം രൂപയ്ക്ക് ശിക്ഷിച്ചുവെന്നും രണ്ടു വർഷത്തേയ്ക്ക് വീണ്ടും ക്രിമിനൽ നടപടികൾ നടത്താൻ ശ്രമിക്കുന്നുവെന്നുമാണ്. എനിക്ക് അപേക്ഷിക്കുവാനുള്ളത്, അദ്ദേഹത്തിന്റെ പ്രായപരിധി മാനിച്ച്, രണ്ടു വർഷത്തേയ്ക്ക് ശിക്ഷിക്കരുത് എന്ന് അപേക്ഷിക്കുവാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുന്നു. അദ്ദേഹത്തിന്റെ കഴിഞ്ഞകാല പാരമ്പര്യത്തോടും അദ്ദേഹം ചെയ്ത സേവനത്തോടും എല്ലാമുള്ള മതിപ്പ് വച്ചുകൊണ്ടാണ് ഞാനിങ്ങനെ അപേക്ഷിക്കുന്നത്. നൂറിനാൽപ്പതു നിയോജക മണ്ഡലങ്ങളിലും പരാജയപ്പെടുത്താനുള്ള അങ്ങയുടെ ശ്രമം പിന്നിൽ നിന്ന് സ്വതന്ത്രന്മാരെ, ഇവിടെ എല്ലാ കാലഘട്ടത്തിലും നമ്പൂതിരിപ്പാട് ഉണ്ടായിക്കാറുള്ള വാദത്തിന്റെ അടിസ്ഥാനത്തിൽ, മൂന്നാം ചേരിയുണ്ടാക്കി ഈ രാജ്യത്ത് സംരക്ഷിക്കാനുള്ള പരിശ്രമത്തിന് പ്രയോജനം ചെയ്യുകയില്ല. ഈ വയോവൃദ്ധനായ നേതാവിനെ വീണ്ടും ക്രിമിനൽ കുറ്റത്തിന് ശിക്ഷിക്കാവുന്ന ഒരു നടപടി കോടതിയിൽ നിന്നുമുണ്ടാകരുത്, അതിനുള്ള സന്മനസ്സ് പ്രതിപക്ഷം കാണിക്കണം. ഞങ്ങൾ സന്മനസ്സ് കാണിക്കുന്നു. അദ്ദേഹം ചെയ്ത കഴിഞ്ഞകാല തെറ്റിനോടെല്ലാം നീതി കാണിക്കുവാനുള്ള ശ്രമം നടത്തുന്നു. ആ ശ്രമത്തിൽ അങ്ങേയ്ക്കും പാരമ്പര്യമുണ്ട്. ഈ ഗവൺമെന്റിന് അപമാനമുണ്ടാക്കാൻ വ്യഗ്രത കാണിച്ച സമയത്തെല്ലാം 'ഞാൻ നിഷേധിക്കുന്നു' എന്ന് ഒറ്റ വാചകത്തിൽ പറഞ്ഞ പാരമ്പര്യമുള്ള അങ്ങ് വീണ്ടും നിഷേധിക്കുന്നു എന്നു പറയണമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. ശ്രീനിവാസൻ: സർ, എനിക്ക് പിഴ ഇട്ടതും എന്നെ ശിക്ഷിക്കാൻ ഒരുമ്പെടതും മനോരമയും, ശ്രീ. സി.ജി. ജനാർദ്ദനനുമാണ്. ആലപ്പുഴ കളക്ടർ അങ്ങനെയൊരു ഉത്തരവ് പാസ്സാക്കിയിട്ടില്ല.

ശ്രീ. വി. ദിനകരൻ: സാർ ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കഴിഞ്ഞ നാലര വർഷകാലമായി ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്ക് ഖ്യാതി ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടു പോകുന്ന ഒരു ഗവൺമെന്റാണ് ഈ സംസ്ഥാനം ഭരിക്കുന്നത്. ഈ രാജ്യത്തെ ഹരിജനങ്ങളെയും, മത്സ്യത്തൊഴിലാളികളെയും മറ്റു ദുർബല വിഭാഗങ്ങളെയുമൊക്കെ സംഘടിപ്പിച്ചുകൊണ്ട് അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് മുന്നോട്ടു പോകുന്ന ഒരു സംസ്ഥാന ഗവൺമെന്റ് എന്നുള്ള രീതിയിൽ അഞ്ചു വർഷവും പൂർത്തീകരിച്ചുകൊണ്ട് വീണ്ടും ഈ ഗവൺമെന്റ് തിരിച്ച് അധികാരത്തിൽ വരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അസംഘടിത മേഖലയിലെ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് മുന്നോട്ടു പോകുന്ന ഈ ഗവൺമെന്റിനെ ഇന്നു കുറ്റം പറയാൻ ചിലർ ശ്രമിക്കുന്നു. അസംഘടിതരായ തൊഴിലാളിവർഗ്ഗം, ഇന്നലെവരെ അപ്പുറത്തിരിക്കുന്നവർക്കുവേണ്ടി മുദ്രാവാക്യം വിളിച്ച തൊഴിലാളിവർഗ്ഗം അവരുടെ പിന്നിൽനിന്ന് അവരറിയാതെതന്നെ പോയിക്കൊണ്ടിരിക്കുന്നുഎന്ന യാഥാർത്ഥ്യം വിസ്മരിച്ചിട്ടു കാര്യമില്ല. അവരുടെകൂടെ ഇന്നു നിൽക്കുവാൻ ശ്രമിക്കുന്നത് വൈറ്റ് കോളേഴ്സ് എന്നു വിശേഷിപ്പിക്കാവുന്ന ചിലർ മാത്രമാണ്. അവർക്കുവേണ്ടി മാത്രമായിട്ടാണ് അവർ നിലനിൽക്കുന്നത്. യഥാർത്ഥ തൊഴിലാളി വർഗ്ഗം അവിടെനിന്ന് ഇന്ന് പോയിരിക്കുന്നു,

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് മാർകിസ്റ്റ് പാർട്ടിയുടെ ഡി. വൈ. എഫ്. ഐ. യും, സി. പി. ഐ. യുടെ എ. ഐ. വൈ. എഫും. കൂടെ തെരുവിലൂടെ തൊഴിലിനു വേണ്ടി മൽസരിച്ച് ശ്രമം നടത്തുകയാണ്. അവർ തമ്മിൽ ചുവരെഴുതുന്നതിനുവേണ്ടിയും, ബോർഡ് വയ്ക്കാൻവേണ്ടിയും, ജാഥ നടത്താൻ വേണ്ടിയും മത്സരിക്കുന്ന കാഴ്ച കേരളത്തിലെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്.

ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ കൊലപാതകങ്ങളുടെ കണക്കു പറഞ്ഞു. ഞാൻ ശ്രീ. ബാലകൃഷ്ണനോട് ചോദിക്കുകയാണ്; എന്റെ നിയോജക മണ്ഡലത്തിലെ പുന്നപ്രയിൽ സി. പി. ഐ. യുടെ സഖാവായിരുന്ന മോഹനന്റെ കൊലപാതകം ഇതിൽപ്പെടുന്നില്ലേ? ആരാണ് മോഹനനെ കൊന്നത്? മാർക്സിസ്റ്റ് കാപാലികൻമാരെന്ന് സി. പി. ഐ. ക്കാർ വിശേഷിപ്പിക്കുന്നവരല്ലേ അവിടെ കൊല നടത്തിയത്? അവരെയും ഉൾപ്പെടുത്തിക്കൊണ്ടാണോ നിങ്ങൾ കൊലപാതകങ്ങളുടെ എണ്ണവുമായിട്ട് ഇന്ന് കേരളാ നിയമസഭയിൽ കടന്നു വന്നത്? ഈ രാജ്യത്ത് നിങ്ങളുടെ കാലിനടിയിലെ മണ്ണ് പോകുന്നു എന്നതിന്റെ വ്യക്തമായ തെളിവാണ് സി. എം. പി. യുടെ രൂപീകരണവും, ശ്രീ. എം. വി. രാഘവന്റെ ഇരുപ്പും. ഇന്ന് ശ്രീ. സി. വാസുദേവമേനോനെയും, ശ്രീ. സി. കെ. ചന്ദ്രപാണിയെയും നിങ്ങൾ കൂടെ പിടിച്ചിരുത്തിയിരിക്കയല്ലേ? അല്ലെങ്കിൽ ശ്രീമതി ഗൗരിയമ്മയ്ക്ക് പുറകോട്ടു മാറിയിരിക്കേണ്ട സ്ഥിതി വരും. ഗൗരിയമ്മ പുറകോട്ട് മാത്രം പോയാൽ പോരാ; അടുത്ത തെരഞ്ഞെടുപ്പ് വന്നു കഴിഞ്ഞാൽ ഈ നിയമസഭയിൽ മാർക്സിസ്റ്റു പാർട്ടിയിലെ നേതാക്കൻമാരെപ്പോലും കാണുകയില്ല എന്ന യാഥാർത്ഥ്യം വിസ്മരിച്ചിട്ട് കാര്യമില്ല. ഈ രാജ്യത്തെ തൊഴിൽ വർഗ്ഗത്തെ വിസ്മരിച്ചുകൊണ്ട് യാഥാർത്ഥ്യത്തിനു നേരെ കണ്ണടച്ചുകൊണ്ട് പോകുന്ന ഈ പ്രതിപക്ഷത്തിന്റെ നയവും പരിപാടിയും മാത്രമാണ് നിങ്ങളെ ഈ നിലയിൽ കൊണ്ടെത്തിച്ചിരിക്കുന്നത്. എന്തായാലും ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്ന ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ വ്യക്തമായി പറഞ്ഞു. പോലീസിന്റെ ഭാഗത്തുനിന്ന് തങ്കമണി പോലെയുള്ള ഭാഗങ്ങളിൽ അതിക്രമങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ കർശനമായി അന്വേഷിച്ച് കുറ്റക്കാരായവരെ നിഷ്ക്കരുണമായി ശിക്ഷിക്കുവാനുള്ള നടപടികളുമായി മുന്നോട്ടു പോകും. ഈ രാജ്യത്തെ ജനങ്ങൾക്ക് സംരക്ഷണം കൊടുക്കാനുള്ള ബാദ്ധ്യത ഈ ഗവൺമെന്റിനുണ്ട്. പോലീസ് അല്ല ആര് എന്തു കുറ്റം കാണിച്ചാലും അവരെ നിലയ്ക്കു നിർത്താനുള്ള ബാദ്ധ്യത ഏറ്റെടുത്തുകൊണ്ട് മുന്നോട്ടു പോകണം എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. ഈ സർക്കാർ മതസൗഹാർദ്ദവും ക്രമസമാധാനവും തകർത്തു. നാലര കൊല്ലം കൊണ്ട് ഈ നാട് കട്ടു മുടിച്ചു. 30-9-1986 വരെയുള്ള ഈ സർക്കാരിന്റെ ക്രമസമാധാനം മുഖ്യമന്ത്രി തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. കൊലപാതകങ്ങൾ 2809. അതിൽ ഹരിജനങ്ങൾ 145. പ്രതികളെ കിട്ടാത്ത കേസുകൾ 1146. ഏറ്റവും കൂടുതൽ കൊലപാതകങ്ങൾ നടന്നിട്ടുള്ളത് തൃശ്ശൂർ ജില്ലയിലാണ്; 216. ഇവിടെ ദിവസംപ്രതി ഇരട്ടകൊലപാതകങ്ങൾ നടക്കുകയാണ്. മാള നിയോജക മണ്ഡലത്തിൽ മാത്രം ഒരു ഡസൻ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. ബലാൽസംഗങ്ങൾ മൊത്തം 491. ഹരിജന യുവതികൾ 149. മോഷണം 6648. പ്രതികളെ കിട്ടാത്ത കേസ്സുകൾ 3949. ദിവസേന നടക്കുന്ന ആത്മഹത്യകൾ 15.

LIBRARY ARCHIVES Kerala Legislative Assembly

പിടിച്ചുപറി കേസുകളും 582. സ്ത്രീ പീഡനങ്ങളും 1037. കള്ളനോട്ടടി കേസുകളും 338. ഇതുവരെ ആരെയും ശിക്ഷിച്ചിട്ടില്ല. വർഗ്ഗീയ സംഘട്ടനങ്ങളും 366. കൊലപാതകങ്ങളും 88. അയിത്താചാരണ കേസുകളും 49. ദേവാലയ ആക്രമണങ്ങളും 1348. ക്ഷേത്രങ്ങളും 819. ക്രിസ്ത്യൻ പള്ളികളും 388. മുസ്ലീം പള്ളികളും 171. ഈ കാര്യത്തിൽ മതസൗഹാർദ്ദം അക്ഷരംപ്രതി പാലിച്ചിട്ടുണ്ട്. തെളിയാത്ത കേസുകൾ 1110. ലോക്കപ്പ് മരണങ്ങളും 10. കഴിഞ്ഞ ഒരു കൊല്ലത്തെ മാത്രം ലാത്തിചാർജ്ജ് 11. വെടിവയ്പ് 14. മരിച്ചവർ 3. തങ്കമണിയിലെയും പൊൻകുന്നത്തെയും ഒക്കെ പുരമെയ്യാണ് ഇത്. ഈ സർക്കാരിന്റെ മന്ത്രിമാർ അഴിമതിയിൽ മുങ്ങിക്കുളിക്കുകയാണ് ചെയ്യുന്നത്. അഴിമതി നിരോധന കമ്മീഷൻ കുറ്റക്കാരെന്നു വിധിച്ചവരാണ് അപ്പുറത്തിരിക്കുന്നവർ. പാവം ശ്രീനിവാസൻ! മുൻ ജഡ്ജിയാണ്. ഞാൻ ഈ നിയമസഭയിൽ അഴിമതി ആരോപണങ്ങളുടെ കണക്ക് രേഖാമൂലം എഴുതി ഉന്നയിച്ചതാണ്. 12,000 രൂപ പിഴയടയ്ക്കാൻ ശിക്ഷിച്ചിരിക്കുകയാണ്. നാണമില്ലാതെ അദ്ദേഹം അവിടെ ഇരിക്കുകയാണ്. അതുപോലെതന്നെ ശ്രീ. പി. സി. ജോർജ്ജ്. ഈ രാജ്യത്തെ ക്രമസമാധാനം തകർത്തു. മത സൗഹാർദ്ദം തകർത്തു. വിലക്കയറ്റം വാണംപോലെ കുതിച്ചു കയറുന്നു. ഈ സർക്കാരിന് തങ്കമണി സംഭവത്തിൽ മാത്രം രാജിവയ്ക്കാൻ ബാദ്ധ്യതയുണ്ട്. ഈ മുഖ്യമന്ത്രി രാജി വയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഇതിനു മുമ്പിലത്തെ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവസാനിപ്പിച്ചത് ഇനി നമുക്ക് തെരഞ്ഞെടുപ്പ് കളത്തിൽ കാണാമെന്നാണ്. നമ്മളും വീണ്ടും കാണുന്നത് ഇവിടെത്തന്നെയാണ്. ഇപ്പോഴും മുഖ്യമന്ത്രി ആഗ്രഹിക്കുന്നത് ഇനിയും ഈ നിയമസഭയിൽ കാണണമെന്നാണ്. പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അതു തുറന്നു പറയാൻ സാധിക്കുകയില്ല. അതുകൊണ്ട് ഇനി എവിടെ കാണുമെന്ന് പ്രഖ്യാപിക്കാതെ അദ്ദേഹം ഇന്ന് അവസാനിപ്പിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇനി വരുന്ന തെരഞ്ഞെടുപ്പ് അഞ്ചു കൊല്ലം കഴിഞ്ഞിട്ടുള്ള തെരഞ്ഞെടുപ്പായതുകൊണ്ട് ഒരു ഇടക്കാല തെരഞ്ഞെടുപ്പായി കാണേണ്ടതില്ല.

ഈ അഞ്ചു കൊല്ലം ഭരിച്ചതിന്റെ സ്ഥിതി വിവര കണക്കുകളും നോക്കിയതിൽ ഏതാനും ചില കാര്യങ്ങളും മാത്രം ഈ സഭയുടെ മുമ്പാകെ ഞാൻ കൊണ്ടുവരുന്നു.

കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ 1983-84-ൽ പഞ്ചാബിൽ നിന്നും അരി മേടിച്ചു. സൂപ്പർ ഫൈൻ അരി എന്നാണ് അവർ പറയുന്ന ഇവിടത്തെ ഇരുമ്പരി. അതിനു എക്സസ് പേമെന്റായി കൊടുക്കേണ്ടി വന്നത് 46,04,165 രൂപയാണ്. ആ അരി മേടിച്ചതിൽ കേരളാ സിവിൽ സപ്ലൈസ് കോർപ്പറേഷനു വന്ന നഷ്ടം ഒരു കോടി അറുപത്തിനാലു ലക്ഷം രൂപയാണ്. ബഹുമാനപ്പെട്ട യു. എ. ബീരാൻ ഈ സ്ഥിതി വിവരക്കണക്കുകളെല്ലാം കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യാ 1983-84-ൽ സമർപ്പിച്ച റിപ്പോർട്ടിൽ ഉണ്ടായിരുന്നത് കണ്ടിട്ടുണ്ടോ എന്നെനിക്കറിയില്ല. ഏതായാലും ഇന്ന് അദ്ദേഹത്തിന് കോടതിയിലാണ് ഇരുപ്പ്. ഇവിടെ ഉണ്ടെങ്കിലും അദ്ദേഹത്തിന്റെ കണക്കുകളെല്ലാം ബോധിപ്പിക്കേണ്ടത് കോടതിയിലാണ്. കോടതിയിൽ സത്യവാങ്മൂലങ്ങൾകൊടുക്കലാണ് ഇന്ന് അദ്ദേഹത്തിന്റെ ജോലി അദ്ദേഹം കൊടുത്ത ഒറ്റ ഹോംസെയിൽ ലൈസൻസും ഇന്ന് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. കൃഷി ഡിപ്പാർട്ടുമെന്റിനുവേണ്ടി ബയോഗ്യാസ് പ്ലാന്റ് ഈ സംസ്ഥാനത്തിന് കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു. ഫിസിക്കൽ ടാർജറ്റ് 30,000 യൂണിറ്റായിരുന്നു. നായനാർ മന്ത്രിസഭയുടെ

LIBRARY ARCHIVES Kerala Legislative Assembly

കാലത്താണ് ഈ ബയോ ഗ്യാസ് പ്ലാൻറിന്റെ 30,000 യൂണിറ്റ് ഈ സംസ്ഥാനത്തിന് കിട്ടിയത്. ഇതുവരെയായിട്ട് 7,500 യൂണിറ്റു മാത്രമേ നപ്പിലാക്കാൻ സാധിച്ചിട്ടുള്ളു. അതുതന്നെ നടപ്പിലാക്കിയത് കേന്ദ്ര ഗവൺമെൻറ് നിർദ്ദേശിച്ച ചെലവിൽ നിന്ന് അധികമായി പതിമൂന്ന് ലക്ഷം രൂപ കൂടുതലായിട്ട് ചെലവാക്കിക്കൊണ്ടാണ്.

സാമൂഹ്യ വനവൽക്കരണത്തിന് വേൾഡ് ബാങ്ക് സഹായത്തോടുകൂടി 1984-85-ൽ 8.87 കോടി രൂപ കിട്ടി. അത് നമുക്ക് ചെലവാക്കാൻ സാധിച്ചിട്ടില്ല. നമ്മൾ ചെലവാക്കിയത് 1.46 കോടി രൂപ മാത്രമാണ്. 1985 ജൂലായ് മാസത്തിൽ നട്ട വൃക്ഷങ്ങളുടെ കണക്കു പ്രകാരം 13.56 ലക്ഷം വൃക്ഷങ്ങൾ കോട്ടയത്ത് നട്ടിട്ടുണ്ടായിരുന്നു. പക്ഷെ അവിടെ കണക്കെടുത്തു വന്നപ്പോൾ ഇരുപത്തേഴായിരം വൃക്ഷങ്ങൾ മാത്രമാണ് നട്ടിട്ടുള്ളത്.

ടൂറിസ്റ്റ് ഡിപ്പാർട്ടുമെൻറ് എടുത്തുനോക്കിയാൽ, 1984-85-ൽ 10.96 ലക്ഷം രൂപ വക ഇരുത്തിയിട്ട് ഉണ്ടായിരുന്നു. അതിൽ ചെലവാക്കാൻ സാധിച്ചത് 75 ശതമാനം മാത്രമാണ്. നായനാർ മന്ത്രിസഭയുടെ കാലത്ത് ടൂറിസ്റ്റ് ഡിപ്പാർട്ടുമെൻറിന് പ്രത്യേകം പണം മേടിച്ചുകൊണ്ട് എഴു അഡീഷണൽ ഗസ്റ്റ്ഹൗസ് ഉണ്ടാക്കാൻ തീരുമാനിച്ച് ഓർഡറിട്ടു. ഇന്നുവരെ ഉണ്ടാക്കിയിട്ടുള്ളത് ഒരൊറ്റ അഡീഷണൽ ഗസ്റ്റ്ഹൗസ് മാത്രമാണ്. ഈ കാലഘട്ടത്തിൽ കെ. ടി. ഡി. സി. എഴു വിദേശ നിർമ്മിത കാറുകൾ മേടിച്ചു. 25.83 ലക്ഷം രൂപ ചെലവായി. കേന്ദ്ര ഗവൺമെൻറോ, കേന്ദ്ര ഗവൺമെൻറിന്റെ സ്ഥാപനങ്ങളോ ടൂറിസ്റ്റു ഡിപ്പാർട്ടുമെൻറിനു മാത്രമേ കാറുകൾ കൊടുക്കുകയുള്ളു. സംസ്ഥാന ഗവൺമെൻറിന്റെ മന്ത്രിമാർക്കോ മറ്റാർക്കെങ്കിലുമോ കാറുകൾ കൊടുക്കുകയില്ല. ആ കാറുകൾ മേടിച്ച് ഇവിടെ വന്ന ദിവസംതന്നെ കെ. ടി. ഡി. സി. യിൽ നിന്നും സംസ്ഥാന ഗവൺമെൻറ് ആ കാറുകൾ മേടിച്ചതിന്റെ ഫലമായി ഒരു വിദേശ നിർമ്മിത കാറുപോലും കെ. ടി. ഡി. സി. യുടെ കയ്യിൽ ടൂറിസ്റ്റുകൾക്കായിട്ട് ഇല്ല. 1985 വരെയുള്ള കാലഘട്ടത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ വയോജന വിദ്യാഭ്യാസ പരിപാടിക്കുവേണ്ടി പതിനൊന്നു കാറുകളും ഒരു വാനും മേടിച്ചു. ആ പതിനൊന്നു കാറും ഒരു വാനും ഒരു ദിവസംപോലും വയോജന വിദ്യാഭ്യാസ പരിപാടിക്കുവേണ്ടി ഉപയോഗിച്ചിട്ടില്ലെന്നാണ് കംട്രോളർ ആൻറ് ആഡിറ്റർ ജനറൽ അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ പറയുന്നത്. ആ ഡിപ്പാർട്ടുമെൻറ് മറ്റാവശ്യങ്ങൾക്കു വേണ്ടിയാണ് ആ കാറും വാനും ഉപയോഗിച്ചത്. ആഡിയോവിഷൻ എക്യുപ്മെൻറ്സ് വാങ്ങാനായി രണ്ടു ലക്ഷം രൂപ വാങ്ങിച്ചു. ഈ രണ്ടു ലക്ഷം രൂപയ്ക്ക് വാങ്ങിച്ച ആഡിയോവിഷ്വൽ എക്യുപ്മെൻറ് ഇന്നത്തെ തീയതിവരെ ഉപയോഗിച്ചിട്ടില്ല. ഓപ്പറേറർ ഇല്ലെന്ന കാരണത്താലാണ് അത് ഉപയോഗിക്കാത്തത്.

ഈ സംസ്ഥാനത്ത് ഇന്ന് വ്യാപകമായി ടെക്സ്റ്റ് ബുക്കുകളില്ല. പത്രങ്ങളിൽ വന്ന റിപ്പോർട്ടുകൾ ശരിയാണെങ്കിൽ, പത്താം സ്റ്റാൻഡേർഡിലേക്കുള്ള പതിനൊന്നു പുസ്തകങ്ങൾ തൃക്കാക്കര ഗവൺമെൻറു പ്രസ്സിൽ നിന്നു മാറ്റി കൊല്ലത്തെ ഒരു പ്രൈവറ്റ് പ്രസ്സിൽ കൊടുക്കാൻ പോകുന്നു. കൊല്ലത്തെ പ്രൈവറ്റ് പ്രസ്സിന്റെ കാര്യക്ഷമത വളരെയധികം ചോദ്യം ചെയ്യപ്പെടുന്നതാണ്. അവിടെ ബയൻറിംഗിന് രണ്ടു മാസം എടുക്കുമെങ്കിൽ തൃക്കാക്കര ഗവൺമെൻറ് പ്രസ്സിൽ ബയൻറിംഗിന് എടുക്കുന്നത് കഷ്ടിച്ച് അഞ്ചു ദിവസം മാത്രമാണ്. എന്നാൽ ഈ സംസ്ഥാനത്തെ സ്കൂളുകളിൽ പുസ്തകങ്ങൾ ഒന്നുംതന്നെ ഉണ്ടാവുകയില്ലെന്നുള്ള സ്ഥിതി ഉണ്ടാകുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ സെൻട്രൽ ജയിലിൽ സൂപ്രണ്ടിന് കാർട്ടേഴ്സ് പണിയാൻ തീരുമാനിച്ചു. 1982-ൽ കാർട്ടേഴ്സ് കെട്ടി. 1982 മുതൽ 1986 വരെ അത് ഉപയോഗിച്ചിട്ടില്ല. അവിടെ വാട്ടർ സപ്ലൈ ഇല്ല, വിദ്യുച്ഛക്തി ഇല്ല; അവസാനം അതെല്ലാം കിട്ടിയിട്ട് സൂപ്രണ്ടിനോട് അങ്ങോട്ടു പോകൻ പറഞ്ഞപ്പോൾ അദ്ദേഹം പറയുന്നത് തൂക്കിക്കൊല്ലുന്നതിനേക്കാൾ കഷ്ടമാണ് ആ കാർട്ടേഴ്സ് പണിതിട്ടുള്ളത് അതുകൊണ്ട് ഞാൻ അങ്ങോട്ടു പോകുന്നില്ല എന്നാണ്. ഇന്ന് ഏതോ ജയിലറെയാണ് അവിടെ താമസിപ്പിച്ചിരിക്കുന്നത്.

സർ, ലേബർ ഡിപ്പാർട്ടുമെന്റിന്റെ കാര്യത്തിൽ സ്പോൺസറിംഗ് 19% ഉണ്ടായിരുന്നത് 6% ആയി കുറഞ്ഞിരിക്കുകയാണ്. റിപ്ലെയിസ്മെന്റ് 3.03% ഉണ്ടായിരുന്നത്, .55% ആയിട്ട് കുറഞ്ഞിരിക്കുകയാണ്. ഈ സംസ്ഥാനത്തിൽ ബോൺസെഡ് (Bonded) ലേബർ 1983 ആഗസ്റ്റിൽ 823 ഉണ്ടെന്ന് സംസ്ഥാന ഗവൺമെന്റ് ഐഡന്റിഫൈ ചെയ്തു. അത് ഐഡന്റിഫൈ ചെയ്തശേഷം 536 ആളുകളെ അതിൽ നിന്നും വിട്ടയച്ചു. അതിനുശേഷം കേന്ദ്ര ഗവൺമെന്റിന് റിപ്പോർട്ടയച്ചത് 710 ആളുകളെ വിട്ടയച്ചു എന്നാണ്. ഇത് തെറ്റാണ്. കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ ഇത് പറയുന്നുണ്ട്.

സർ, ജലസേചനത്തിനു വേണ്ടി, കല്ലട പ്രൊജക്ടിനു വേണ്ടി 47 മില്ല്യൻ യു. എസ്. ഡോളർ നീക്കിവച്ചിട്ടുണ്ടായിരുന്നു. അതിൽ ചെലവാക്കാൻ സാധിച്ചത് 29 മില്ല്യൻ ഡോളർ മാത്രമാണ്. അതായത് 62%. ബഹുമാനപ്പെട്ട അന്നത്തെ മന്ത്രി ഗംഗാധരൻ, അതോറിറ്റിയുടെ ചെയർമാൻ എന്നുള്ള നിലയ്ക്ക് ഒരു ബൻസ് കാർ ഉപയോഗിച്ചു, എന്നാണ് പത്രത്തിൽ വന്നത്. അതിനുള്ള മുഴുവൻ പെട്രോളും അദ്ദേഹം സ്വീകരിച്ചു, ഡ്രൈവറെ സ്വീകരിച്ചു. പക്ഷെ മന്ത്രി എന്ന നിലയ്ക്ക് ആ കാലഘട്ടത്തിൽ അദ്ദേഹം 46,000 രൂപയ്ക്ക് ടി. എ. വാങ്ങിച്ചിരുന്നുയെന്നാണ് കേട്ടത്. സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന് ഇൻലാന്റ് ട്രാൻസ്പോർട്ട് ഡോക്ക് റിപ്പയർ യാർഡ് ഉണ്ട്. 1981-85 വരെയുള്ള കാലഘട്ടത്തിൽ ഏതാണ്ട് 5 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ ഇവിടെ ചെയ്യുകയുണ്ടായി. ഒരൊറ്റ പ്രവർത്തനംപോലും ഡോക്ക്യാർഡിൽ ചെയ്തിട്ടില്ല. ആ ഡോക്കിയാഡിനെ വിട്ടുകൊണ്ട് ഈ പ്രവർത്തനമെല്ലാംതന്നെ ഗവൺമെന്റ് പ്രൈവറ്റ് മേഖലയിൽ ചെയ്തു എന്നാണ് പറയുന്നത്. നമ്മുടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഒരു കമ്പനിയാണല്ലോ ടൈറ്റാനിയം. ടൈറ്റാനിയത്തിന് 2.32 കോടി രൂപ 1982-84 കാലഘട്ടത്തിൽ സ്റ്റോറ്റക്ക് പർച്ചയിസ് വാങ്ങിക്കാനായിട്ട് കൊടുത്തു. അവസാനം നോക്കിവന്നപ്പോൾ അവിടെയുള്ള സ്റ്റോറ്റക്ക് 24 മാസത്തേയ്ക്കുണ്ട്. 24 മാസം കഴിഞ്ഞപ്പോൾ ഒബ്സല്യൂട്ട് (Obsolete) സ്റ്റോറ്റക്കായിട്ട് മാറിയത് 24.35 ലക്ഷം രൂപ, ഷോർട്ടേജ് സ്റ്റോറ്റക്ക് കണ്ടത്, 71.89 ലക്ഷം രൂപ, എക്സസ് സ്റ്റോറ്റക്ക് കണ്ടത് 41.9 ലക്ഷം രൂപ. സാധാരണ ഗതിയിൽ പോലീസുകാരെയാണ് M.D. അയി അയയ്ക്കുന്നത്. പോലീസുകാർ എല്ലാം കട്ടുയെന്നാണ് ഇതിൽനിന്നും മനസ്സിലാക്കുന്നത്. ഈ സംസ്ഥാനത്തെ വെള്ളപ്പൊക്കത്തിനും, സ്കീമുകൾക്കും, പദ്ധതികൾക്കും വേണ്ടി കൊടുക്കുന്നതായിട്ടുള്ള തുകകൾ ഈ സംസ്ഥാനത്തെ സാധാരണ ചെലവിനുവേണ്ടിയാണ് ഉപയോഗിക്കുന്നത്. ഇന്ന് കാലത്ത് ബഹുമാനപ്പെട്ട ശ്രീ കൃഷ്ണൻകുട്ടിയോട് മുഖ്യമന്ത്രി പറയുകയുണ്ടായി; പാലക്കാട് പോലീസ് സ്റ്റേഷനുകളുടെ അറ്റകുറ്റപണി തീർക്കുന്നതിന് 2 ലക്ഷം രൂപ വെള്ളപ്പൊക്കത്തിന്റെ ഫണ്ടിൽ നിന്നാണ് മാറിവെച്ചിട്ടുള്ളത് എന്ന്. അങ്ങനെ വെള്ളപ്പൊക്കത്തിനും വരൾച്ചയ്ക്കും വേണ്ടിയുള്ള ഫണ്ടുകളെല്ലാം തന്നെ ദുരുപയോഗിച്ചുകൊണ്ടാണ് ഈ സംസ്ഥാന ഗവൺമെന്റ് അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങളും നടത്തുന്നത്. ഈ സംസ്ഥാനത്തെ റവന്യൂ റിസപ്ഷനുകളിൽ ഇന്നു ചെലവാകുന്നതെല്ലാംതന്നെ ശമ്പളം കൊടുക്കുവാനും മന്ത്രിമാരുടെ ദുർചെലവിനും വേണ്ടിമാത്രമാണ്. അത് ഒരു ഭാഗത്ത് നടക്കുമ്പോഴും ഈ സംസ്ഥാനത്ത് ഇക്കാലമത്രയും പോലീസ് അക്രമങ്ങളാണ് മുഴുവൻ നടന്നത്. ആ ആക്രമങ്ങളെപ്പറ്റി കൂടുതലൊന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല, ഒരേ ഒരു വാക്കുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഈ നിയമസഭയിൽ ഞങ്ങളും കൊണ്ടുവന്നിട്ടുള്ളതായ അടിയന്തിര പ്രമേയം വിലക്കയറ്റത്തെ സംബന്ധിച്ചുള്ളതായിരുന്നു. ഇന്ന് ആ വിലക്കയറ്റം വലിയ തോതിൽ ഈ സംസ്ഥാനത്തെയും ഇൻഡ്യയേയും ബാധിക്കാൻ പോകുകയാണ്. അസാധാരണമായ രീതിയിൽ കേന്ദ്ര ഗവൺമെന്റ് ബഡ്ജറിനു മുൻപ് 15% റയിൽവേ റേറ്റ് വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇന്നാലത്തെയും ഇന്നത്തെയും പത്രങ്ങളിൽ പറയുന്നു; അരിയുടെ വില സംശയമില്ലാതെ കൂടും, അരി ഡൽഹിയിൽ നിന്നും ഇങ്ങോട്ട് എത്തിക്കുവാൻ വേണ്ടി വളരെയധികം കൂടുതൽ ചെലവ് വരും എന്ന്. അരിയുടെ വില കൂടുകയാണെങ്കിൽ ബാക്കി എല്ലാ കൺസമ്പ്ഷൻ സാധനങ്ങളുടെയും വില കൂടും എന്നാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ഈ വിലക്കയറ്റം ഈ രാജ്യത്തെ ഞെട്ടിപ്പിക്കാൻ പോകുകയാണ്. ഇത്ര അപ്രാപ്തമായിട്ടുള്ളൊരു ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള സപ്ലിമെന്ററി ഡിമാന്റിനെ ഞാനെതിർക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഈ സംസ്ഥാനത്ത് ഐക്യജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വളരെയേറെ അഭിമാനത്തോടുകൂടി പറയാൻ കഴിയുന്ന നിരവധി നേട്ടങ്ങളും ഈ സംസ്ഥാനത്തിന് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജനക്ഷേമകരമായ നിരവധി പരിപാടികൾ നടപ്പിലാക്കി ഈ സംസ്ഥാനത്തിലെ വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ ഒരു സർവ്വകാല റിക്കാർഡ് തന്നെ നിർത്തിക്കാൻ കഴിഞ്ഞിട്ടുള്ളൊരു സർക്കാരാണ് ഐക്യജനാധിപത്യമുന്നണി സർക്കാർ. ഞാൻ ഓരോ കാര്യങ്ങളിലേക്കും വിശദമായി കടക്കാൻ ആഗ്രഹിക്കുന്നില്ല. ഏകദേശം 15 വർഷക്കാലംകൊണ്ട് ചെയ്തു തീർക്കേണ്ട കാര്യങ്ങളും ഈ നാലര വർഷത്തിനുള്ളിൽ ഐക്യജനാധിപത്യമുന്നണിക്ക് ചെയ്തു തീർക്കാൻ കഴിഞ്ഞിട്ടുണ്ട്. ഐക്യജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വരുമ്പോഴും ഈ രാജ്യത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണിക്കുണ്ടായിരുന്ന പ്രതീക്ഷ ഈ സർക്കാർ തകർന്നുപോകുമെന്നാണ്. ആദ്യമുണ്ടായിരുന്ന പ്രചരണങ്ങളും അങ്ങനെയുള്ളതായിരുന്നു. സർക്കാർ തകരാൻ പോകുന്നുയെന്നുള്ള പ്രചരണങ്ങളും കാലം ചെല്ലുന്തോറും നടക്കാൻ പോകുന്നില്ലെന്ന് ഈ സംസ്ഥാനത്ത് തെളിയിക്കപ്പെടുകയുണ്ടായി. ഇപ്പുറത്തിരുന്ന ആളുകളും അപ്പുറത്തേക്ക് കാലുമാറിയിട്ടുപോലും അതു നടന്നില്ല. ഈ മുന്നണി സർക്കാരിനെ തകർക്കാനുള്ള ഏറ്റവും ഹീനമായ ശ്രമങ്ങളുംപോലും പ്രതിപക്ഷത്തുനിന്നുണ്ടായത് നമുക്ക് അറിയാവുന്നതാണ്. ഇന്ന് എന്റെ സുഹൃത്തുക്കളും ഇവിടെ ചില കാര്യങ്ങളും സ്മരിക്കുകയുണ്ടായി. ഇവിടെ ആദ്യമായി ചർച്ച തുടങ്ങിവച്ച എന്റെ സുഹൃത്ത് കൊടിയേരി ബാലകൃഷ്ണൻ വളരെയേറെ വാചാലമായി സംസാരിക്കുന്നയാളാണ്. അദ്ദേഹം പറഞ്ഞിട്ടുള്ള കാര്യങ്ങളും മനസ്സാക്ഷിക്ക് നിരക്കാത്തതുകൊണ്ടാണ് ഫലപ്രദമായി ഇവിടെ ഒന്നും പറയാൻ കഴിയാത്തത്. കാരണം അദ്ദേഹത്തിനു മനസ്സാക്ഷിക്കുത്തുണ്ടാകും. പ്രധാനമായി പോലീസ് അതിക്രമത്തെക്കുറിച്ചാണ് എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. കൊടിയേരി ബാലകൃഷ്ണൻ ഇവിടെ പറഞ്ഞത്. മനുഷ്യർ ഉള്ളിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

കാലം കുറ്റകൃത്യങ്ങളുണ്ടാകും, കുറ്റവാസനകളും ഉണ്ടാകും, ഏതുവിഭാഗത്തിൽപ്പെട്ട ആളുകളും കുറ്റകൃത്യങ്ങളും ചെയ്യും, സമൂഹത്തിൽ ഉന്നത പദവിയിലിരിക്കുന്ന ആളുകളും പോലും നാം ഒരിക്കലും വിചാരിക്കാത്ത കുറ്റകൃത്യങ്ങളും ചെയ്തു എന്ന സത്യം നമ്മുടെ ശ്രദ്ധയിൽപ്പെടുന്ന കാര്യമാണ്. ഇവിടെ പോലീസ് കുറ്റം ചെയ്യുന്നു എന്നുള്ളതാണ് ഏറ്റവും വലിയ പരാതി. എന്റെ ബഹുമാന്യ സുഹൃത്തായ ബാലകൃഷ്ണന്റെ പാർട്ടി ഭരിക്കുന്ന കാലത്ത് പോലീസ് അതിക്രമങ്ങളും കാട്ടിയിട്ടില്ലേ ? പള്ളിത്തുറയിൽ വെടിവയ്പുണ്ടായി, പോലീസ് ബലാൽസംഗം ചെയ്തു. അതിക്രമങ്ങളും നടത്തി. ആ അതിക്രമങ്ങളും നടത്തിയപ്പോഴും പാവപ്പെട്ട സഹോദരിമാരും അമ്മമാരും അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയുടെ മുൻപിൽ പോലും പോലീസുകാർ ഏല്പിച്ച നഖക്ഷതങ്ങളും, അവരുടെ ആക്രമണത്തിന്റെ പാടുകളും കാണിച്ചുകൊണ്ട് വിലപിക്കുന്ന ദയനീയമായ കാഴ്ചയും ഈ സംസ്ഥാനത്ത് കാണുകയുണ്ടായി. ഏത് പോലീസ് അതിക്രമം കാണിച്ചാലും, ആര് കുറ്റകൃത്യം നടത്തിയാലും അന്ന് അധികാരത്തിൽ ഇരിക്കുന്ന സർക്കാർ എന്തു നടപടികളും സ്വീകരിക്കുന്നു എന്നതാണ് പ്രധാനം. അന്ന് നിങ്ങളും എന്താണ് ചെയ്തത് അന്ന് ഒരു അന്വേഷണ പ്രഹസനം നടത്തി. കുറ്റവാളികളെ ശിക്ഷിക്കാൻ നിങ്ങളും തയ്യാറായില്ല. കുറ്റവാളികളെ ശിക്ഷിക്കുന്നതിനുപകരം അന്വേഷണ പ്രഹസനം നടത്തി രക്ഷപ്പെടുത്തുന്ന കാഴ്ചയാണ് ഞങ്ങളും ഇവിടെ കണ്ടത്. ഇന്ന് തങ്കമണിയിയിൽ ആക്രമണമുണ്ടായി, ഈ സർക്കാർ അതിൽ കുറെയേറെ സത്യമുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ടുതന്നെ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടിയെടുക്കാൻ തയ്യാറായി. ഇത് നിങ്ങളുടെ കാലത്തുണ്ടായോ ? അതിനുശേഷം ഈ വരുന്ന ദിവസം ഇതുമായി ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാരെ, അവിടെ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥൻമാരെ നിരത്തി നിർത്തി ഐഡന്റിഫിക്കേഷൻ പരേഡ് നടത്തി, അതിൽ ആരാണ് കുറ്റവാളികൾ എന്ന് കണ്ടെത്താനുള്ള, തിരിച്ചറിയുവാനുള്ള ശ്രമം ഈ സർക്കാർ നടത്തുകയുണ്ടായി. നിങ്ങളുടെ കാലത്ത് അതുണ്ടായില്ല. എനിക്കറിയാം മലപ്പുറം കളക്ടറേറ്റ് പടിക്കൽ മുസ്ലീം സഹോദരൻമാർ പിക്കറ്റ് നടത്തിയപ്പോൾ അവിടെ വെടിവയ്പുണ്ടായി, പിന്നെ ഭുവനേന്ദ്രന്റെ കാര്യം അങ്ങനെ നിരവധി കാര്യങ്ങൾ നിങ്ങളുടെ കാലത്തുള്ളത് അക്കമിട്ട് പറയാനുണ്ട്. അക്കാര്യങ്ങളിൽ നിങ്ങൾ സ്വീകരിച്ച നടപടി എന്താണ് ? ഈ സംസ്ഥാന സർക്കാരിനെ സംബന്ധിച്ചിടത്തോളം കുറ്റവാളികളായാലും ശരി, ഏതുവിഭാഗത്തിൽപ്പെടുന്ന ആളുകളായിരുന്നാലും ശരി ഉദ്യോഗസ്ഥൻമാരായിരുന്നാലും ശരി, അവരെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരാൻ പ്രതിജ്ഞാബദ്ധമായിട്ടുള്ള ഒരു സർക്കാരാണിത്. ആ സർക്കാർ അത് ചെയ്യുകതന്നെ ചെയ്യും. നിങ്ങൾക്ക് വിലപിക്കാൻ അവകാശമില്ല. സാധാരണ വാവ് അടുക്കുമ്പോൾ ചില നാൽക്കാലികൾ അലമുറയിട്ട് കരയാറുണ്ട്. അതുമാതിരി പ്രതിപക്ഷം നിലവിളിക്കുകയാണ്. പ്രതിപക്ഷത്തിന്റെ വിളിയുടെ രഹസ്യം ഞങ്ങൾക്കറിയാം അടുത്തു വരുന്ന തെരഞ്ഞെടുപ്പാണ്, അടുത്തു വരാൻ പോകുന്ന വോട്ടാണ്. നിങ്ങൾക്ക് അധികാരമാണ് ലക്ഷ്യം പക്ഷെ അതു നടക്കാൻ പോകുന്നില്ല. ഒരു പഴംചൊല്ലുണ്ട്. ''അരിമണിയൊട്ടു കൊറിക്കാനില്ല തരിവളയിട്ടു നടക്കാൻ മോഹം'' എന്നുപറയുംപോലെ, നിങ്ങൾ എവിടെയും അധികാരത്തിന്റെ അതിരുപോലും പററാൻ പോകുന്നില്ല. ആ വിലാപം ഈ രാജ്യത്തിൽ വനരോദനമായി കലാശിക്കുകയേയുള്ളു. ജനങ്ങളെ അതിന്റെ പേരിൽ തെറ്റിദ്ധരിപ്പിക്കാൻ കഴിയുകയില്ല. ഞങ്ങൾ, ഈ സർക്കാർ നിഷ്പക്ഷമായി കാര്യങ്ങൾ ചെയ്യുന്ന സർക്കാരാണ്, ജനങ്ങൾക്ക് അതറിയാം. അതുകൊണ്ട് ഐക്യ ജനാധിപത്യ മുന്നണിയുടെ അടിത്തറ കൂടുതൽ ശക്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, നാലരവർഷക്കാലം സുസ്ഥിരമായഭരണമുണ്ടാക്കിയസർക്കാരാണിത്. ഇവിടെ ഐക്യജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വരുമ്പോൾ നിരവധി കക്ഷികളും ഈ മുന്നണിയിലുണ്ടായിരുന്നു. രാഷ്ട്രീയമായി സുസ്ഥിരതയുണ്ടാക്കാൻ കഴിഞ്ഞു. കോൺഗ്രസുകളും തമ്മിൽ ലയനം നടന്നു. കേരളാ കോൺഗ്രസുകളും തമ്മിൽ ലയിച്ചു. മുസ്ലീം ലീഗ് തമ്മിൽ ലയിച്ചു. എന്നാൽ നിങ്ങളും കക്ഷികളെ ഭിന്നിപ്പിക്കാനാണ് ശ്രമിച്ചിരുന്നത്. നേരെമറിച്ച് ഈ മുന്നണിയിലെ കക്ഷികളും യോജിച്ച് ഒന്നായി നിന്നുകൊണ്ട് ഈ രാജ്യത്തെ മുന്നണിയുടെ അടിത്തറ ബലപ്പെടുത്തിയപ്പോൾ സാധാരണക്കാരുടെ ജീവിതത്തിൽ ധാരാളം മാറ്റങ്ങളും ഉണ്ടാക്കി, കൂടുതൽ ജനകീയ അടിത്തറ പടുത്തുയർത്താൻ കഴിഞ്ഞിരിക്കുന്നു; രാഷ്ട്രീയ സുസ്ഥിരതയുണ്ടാക്കാൻ കഴിഞ്ഞിരിക്കുന്നു. അതുമാത്രമല്ല, കേരളത്തിലെ രാഷ്ട്രീയം അങ്ങനെയാണ്. കേരളത്തിൽ നിങ്ങളും ഒരു കാലത്തും കാണാത്ത വിധത്തിലുള്ള ഐക്യ ജനാധിപത്യമുന്നണിയുടെ കീഴിൽ, ഐക്യ ജനാധിപത്യ മുന്നണിയോടൊപ്പം, ഞങ്ങളുടെ പ്രിയങ്കരനായ നേതാവ് ശ്രീമാൻ കരുണാകരന്റെ നേതൃത്വത്തിലെ മുന്നണിയുടെ, ആ മന്ത്രിസഭയുടെ പിന്നിൽ ജനകോടികളും ഒന്നിച്ചു ഉറച്ചുനിൽക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. ജനങ്ങളെയൊക്കെ കുരുക്ഷേത്രത്തിൽ വച്ച് നമുക്ക് കാണാം. നിങ്ങൾക്ക് പറയാൻ കഴിയുമോ അടുത്ത തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ഇന്ന് നിലവിലുള്ള എം. എൽ. എ. മാരെ മാർക്സിസ്റ്റ് പാർട്ടിയിലായാലും സി. പി. ഐ. യിലായാലും ആർ. എസ്. പി. യിലായാലും കോൺഗ്രസ് (എസ്സ്) ൽ ആയാലും ജനതയിലായാലും നിയമസഭയിലേക്ക് തിരിച്ച് അയയ്ക്കാൻ കഴിയുമെന്ന്? 'ഇല്ല' എന്നുള്ളതിന്റെ വസ്തുത ഇ. എം. എസ്. നമ്പൂതിരിപ്പാട് സമ്മതിക്കുന്ന കാര്യമല്ലേ? ഇന്ന് ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് പറയുന്നത് രണ്ടായിരമോ മൂവായിരമോ വോട്ട് വാങ്ങി ഇങ്ങോട്ട് വന്നാൽ ആ ആളുകളെ സ്വതന്ത്രൻമാരായി നിർത്തി മൽസരിക്കാമെന്നാണ്. അങ്ങനെ സ്വതന്ത്രൻമാരായിനിറുത്തി മൽസരിക്കാമെന്ന് ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് പറയുമ്പോൾ ബി.ജെ.പി.യുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി കേരളത്തിൽവന്നുപറയുന്നത് മാർക്സിസ്റ്റുകാരും സ്വതന്ത്രൻമാരെ പിൻതുണയ്ക്കുന്നു എന്നുള്ളത് കൊണ്ട് മാത്രം ഞങ്ങൾ ആ സ്വതന്ത്രനു പിൻതുണ നൽകുന്നതിന് തടസ്സം ആയിരിക്കുകയില്ലെന്നാണ്. എന്നു പറഞ്ഞാൽ മാർക്സിസ്റ്റുകാരനും ബി. ജെ. പി. കാരനും അവിഹിതമായി രാഷ്ട്രീയ വേഴ്ച നടത്തി കുറെ ജാരസന്തതികളെ നിയമസഭയിലേക്ക് എത്തിക്കാൻ ഉള്ള ശ്രമമാണ് അതിന്റെ പിന്നിലുള്ളതെന്ന് ആർക്കാണ് മനസ്സിലാക്കാൻ കഴിയാത്തത്? ഈ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഗതികേട് ഇത്തരത്തിലുള്ളതാണോ? കിണറ്റിൽ വീണ് ചത്തവനായാലും ശരി, തൂങ്ങിമരിച്ചവനായാലും ശരി, എന്തായാലും ശരി ഇവരെയൊക്കെ സ്വീകരിക്കാം. രണ്ടായിരമോ മൂവായിരമോ വോട്ടു വേണമെന്നാണ് പറയുന്നത്. ശ്രീ. ഇ. കെ. നായനാരോ അങ്ങേക്ക് വന്നിട്ടുള്ള ഗതികേടിൽ ഞാൻ പരിതപിക്കുന്നതേയുള്ളൂ.

സർ, ശ്രീ. എം. വി. രാഘവൻ ഇവിടെ ചൂണ്ടിക്കാണിച്ച സി. എം. പി. യിലെ അംഗങ്ങൾ, സംസ്ഥാന സെക്രട്ടേറിയറ്റിലെ അംഗങ്ങൾ അങ്ങയുടെ പാർട്ടിയിൽ ഇന്ന് അംഗങ്ങളാണ്. "രണ്ടു കളത്രത്തെ വച്ചുകൊണ്ടിടുന്ന തണ്ടുതപ്പിക്ക് സുഖമില്ലൊരിക്കലും" എന്നു പറഞ്ഞിട്ടുണ്ട്.

"രണ്ടു കളത്രത്തെ വച്ചുകൊണ്ടിടുന്ന തണ്ടുതപ്പിക്ക് സുഖമില്ലൊരിക്കലും" എന്നു പറഞ്ഞത് രണ്ടു കളത്രത്തെ വയ്ക്കുന്നതുകൊണ്ടാണ് നിങ്ങളെക്കൊക്കെ ശരിയാക്കുവേണ്ടയെന്ന് വാദിച്ചവരാണല്ലോ? നാലുപെണ്ണുകെട്ടാം നൂറുമക്കളെയുണ്ടാക്കാം എന്നുപറഞ്ഞു ആക്ഷേപിച്ച ആളുകളല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ഈ നെറികെട്ട ആക്ഷേപം പറഞ്ഞിരുന്ന ആളുകളല്ലേ ? ഈ ആളുകൾക്ക് ഇന്ന രണ്ട് കളത്രത്തെ വച്ചുകൊണ്ട് ഇരിക്കാൻ ഉറപ്പുണ്ടോ ? ഇങ്ങനെ ഉറപ്പുകെട്ട ഒരു പാർട്ടിയുണ്ടോ ഈ സംസ്ഥാനത്ത്. ഇതിനേക്കാൾ നല്ലത് രാജീവച്ച് പോവുകയാണ് നായനാരേ ! അതുപോലെതന്നെ അഖിലേന്ത്യാ തലത്തിലുള്ള രാഷ്ട്രീയം അതു നാം കാണേണ്ടതായിട്ടുണ്ട്. അഖിലേന്ത്യാ തലത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് പറയുന്ന രാഷ്ട്രീയ യാഥാർത്ഥ്യം കൂടുതൽ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ കൂടുതൽ നേതാക്കൻമാരും അംഗീകരിക്കാൻ തയ്യാറായിരിക്കുന്നു. അതാണ് അഖിലേന്ത്യാ തലത്തിലെ ചിത്രം. കോൺഗ്രസ്സിനെ തകർക്കാൻവേണ്ടി കോൺഗ്രെസ്സുകൾ നടത്തി. കൽക്കട്ടയിൽ നടത്തി, ഹൈദ്രാബാദിൽ നടത്തി, കാഷ്മീരിൽ നടത്തി, കാഷ്മീരിൽ കോൺഗ്രസ് ക്ലേവിന് നേതൃത്വം നൽകിയിരുന്നത് ശ്രീമാൻ ഫറൂക്ക് അബ്ദുള്ളയാണ്. ആ ഫറൂക്ക് അബ്ദുള്ള ഇന്ന് കോൺഗ്രസ്സിനെ അംഗീകരിക്കാനും, രാജീവ് ഗാന്ധിയെ അംഗീകരിച്ചുകൊണ്ട് മുന്നോട്ട് പോകാനും വന്നിരിക്കുന്ന രാഷ്ട്രീയ യാഥാർത്ഥ്യം നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ ശ്രീ. ശരദ് പവാർ, ശ്രീ. ഷൺമുഖദാസേ, അങ്ങയുടെ നേതാവുണ്ടല്ലോ ശരദ് പവാർ, ജീവിച്ചിരിപ്പുണ്ടെങ്കിൽ അടുത്തുവരുന്ന ഡിസംബർ മാസത്തിൽ കോൺഗ്രസ്സിലേക്ക് കടന്നുവരാൻ പോവുകയാണ്. അങ്ങയുടെ യൂത്ത് കോൺഗ്രസ്സിന്റെ നേതാവുണ്ടല്ലോ ശ്രീ. സുരേഷ് കൽമാടി എം. പി., ആ സുരേഷ് കൽമാടി എം. പി. പറയുന്നത് ഈ രാജ്യത്തിന്റെ അഖണ്ഡതയും ഭദ്രതയും സംരക്ഷിക്കാൻ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന് പിൻതുണ നൽകണമെന്നാണ്. ആ രാഷ്ട്രീയ യാഥാർത്ഥ്യം നാം അംഗീകരിച്ചുകൊണ്ട് പെരുമാറിയില്ലെങ്കിൽ ചരിത്രം നമുക്ക് മാപ്പു തരില്ല എന്നാണ് പറയുന്നത്. അങ്ങനെ മാപ്പു തരാനില്ലെന്നു പറയുമ്പോൾ ശ്രീമാൻ ഷൺമുഖദാസിനെപോലുള്ള കുറേ ജൂദാസുകൾ ഈ രാജ്യത്തെ ഒറ്റുകൊടുക്കാൻ ശ്രമിക്കുന്ന ഒരു പറ്റം ആളുകളുടെ ഒപ്പം നിന്ന് .....

ശ്രീ. മണിമംഗലത്തു കുട്ട്യാലി : സർ, ബഹുമാനപ്പെട്ട ഷൺമുഖദാസിന്റെ കേരളത്തിലെ പാർട്ടിയിൽ നിന്നുള്ള ആളുകൾപോലും നമ്മുടെ പാർട്ടിയിലേക്ക് വരണമെന്നുള്ള ഒരു ഭിന്നാഭിപ്രായം ഉണ്ടായത് അറിഞ്ഞോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, അത് വരാൻ പോവുകയാണ്. അത് കണ്ടറിയേണ്ട കാര്യമാണ്. ഈ രാജ്യത്തിന്റെ രാഷ്ട്രീയാദർശങ്ങൾ മനസ്സിലാക്കേണ്ടതായിട്ടുണ്ട്. കൂടുതൽ രാഷ്ട്രീയ പ്രസ്ഥാനങ്ങളും കൂടുതൽ നേതാക്കൻമാരും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനേറെയും രാജീവ്ഗാന്ധിയുടേയും നേതൃത്വം ഈ രാജ്യത്ത് ആവശ്യമാണെന്ന് ഉറച്ച് വിശ്വസിക്കുകയും, രാഷ്ട്രീയ കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് കോൺഗ്രസ്സിനോടൊപ്പം മുന്നോട്ടുവരുന്ന കാഴ്ചപ്പാടാണ് കാണുന്നത്.

സർ, അതുപോലെ തന്നെ ഈ നാട്ടിൽ ജനക്ഷേമകരമായ നിരവധി കാര്യങ്ങൾ ചെയ്തു. അത് സാധാരണക്കാരുടെ ജീവിതത്തിൽ മാറ്റം ഉണ്ടാക്കുന്ന കാര്യങ്ങളാണ്. നിങ്ങൾക്ക് അറിയാം അതുപോലെ ദുർബലവിഭാഗങ്ങളുടെ മോചനത്തിനുവേണ്ടിയുള്ള കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതുപോലെതന്നെ ഹരിജനങ്ങളും ഗിരിജനങ്ങളും ഒരു കാലത്ത് ചൂഷണത്തിന് വിധേയരായിരുന്ന ആളുകളായിരുന്നു. ആ ആളുകൾ ഇന്ന് ബസ്സിന്റെ ഉടമകളാണ്. പെട്രോൾ പമ്പിന്റെ ഉടമകളാണ്, മോട്ടോർ വർക്ഷോപ്പിന്റെ ഉടമകളാണ്, കടയുടമകളാണ്. എല്ലാ പാവപ്പെട്ട ദുർബല വിഭാഗങ്ങളുടെ മോചനത്തിനും,

LIBRARY ARCHIVES Kerala Legislative Assembly

സാധാരണക്കാരന്റെ ജീവിതത്തിൽ മാറ്റങ്ങളും ഉണ്ടാക്കാനും നിരവധി പരിപാടികളും ചെയ്തതിന്റെ ഫലമായി ദുർബല വിഭാഗങ്ങളും ഐക്യ ജനാധിപത്യ മുന്നണിക്ക് അനുകൂലമായി വരികയാണ്. മാക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സമ്മേളനം കൂടിയിട്ട് ഏകദേശം ഒരുകൊല്ലമായെന്ന് തോന്നുന്നു, ഒരു കൊല്ലത്തിനു മുമ്പ് ചേർന്ന സംസ്ഥാന സമ്മേളനത്തിൽ സെക്രട്ടറി അവതരിപ്പിച്ച രേഖയിൽ പറയുന്നതു ദുർബല ജനവിഭാഗങ്ങളും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിയിൽ നിന്ന് അകന്നുപോയിരിക്കുന്നു എന്നാണ്. എന്നു പറഞ്ഞാൽ ആ യാഥാർത്ഥ്യം നിങ്ങളും അംഗീകരിക്കാൻ തയ്യാറായിരിക്കുന്നു എന്നാണ്. ഈ രാജ്യത്തെ ദുർബല ജനവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ഐക്യജനാധിപത്യ മുന്നണി സർക്കാർ ചെയ്തിട്ടുള്ള നല്ലകാര്യങ്ങളും മനസ്സിലാക്കിക്കൊണ്ട് തന്നെ പാവപ്പെട്ട ആളുകളും സാധാരണക്കാരായ ആളുകളും ഈ ഐക്യ ജനാധിപത്യ മുന്നണിക്ക് അനുകൂലമായ ഈ സംസ്ഥാനത്ത് ഐക്യജനാധിപത്യ മുന്നണിക്ക് കൂടുതൽ ശക്തിയായ പിൻതുണ നല്കുന്നു എന്നുള്ളതാണ്. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ഒരു കാര്യം വളരെ വ്യക്തമാണ്. നിങ്ങളും എന്തു പ്രചരണം നടത്തിയാലും, എന്ത് വൃത്തികെട്ട പ്രചരണം നടത്തിയാലും ഈ ഐക്യജനാധിപത്യ മുന്നണി ചെയ്തിട്ടുള്ള നല്ല കാര്യങ്ങളും മനസ്സിലാക്കിക്കൊണ്ടുതന്നെ ഈ സംസ്ഥാനത്തെ ജനങ്ങളും വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി ഐക്യജനാധിപത്യമുന്നണിയെ അധികാരത്തിലേറ്റുമെന്ന കാര്യത്തിൽ നിങ്ങളുംക്കും സംശയം വേണ്ട. അതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി അനുകൂലിക്കുന്നു.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. രാഘവൻ .....

ശ്രീ. ഒ. ഭരതൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.....

.....(ബഹളം).. .....സർ, നേരത്തേ ബഹുമാനപ്പെട്ട സ്പീക്കർ പ്രസംഗിക്കുന്നതിനുവേണ്ടി പേരു വിളിച്ചപ്പോഴും സീറ്റിലില്ലായിരുന്ന ആളെ വീണ്ടും വിളിക്കുന്നതു ശരിയാണോ ? നേരത്തേ ഈ സഭയിൽ ഒരു കീഴ്വഴക്കമുണ്ട്. മുമ്പൊരിക്കൽ ബഹുമാനപ്പെട്ട തച്ചടി പ്രഭാകരനെ (അന്ന് അദ്ദേഹം ധനകാര്യമന്ത്രി ആയിരുന്നില്ല) പ്രസംഗിക്കാൻ വേണ്ടി പേരു വിളിച്ചപ്പോഴും അദ്ദേഹം സീറ്റിൽ ഉണ്ടായിരുന്നില്ല; പിന്നീട് അദ്ദേഹത്തിന് പ്രസംഗിക്കാനുള്ള അനുവാദം ബഹുമാനപ്പെട്ട സ്പീക്കർ കൊടുത്തില്ല. ആ രീതിയിലുള്ള ഒരു കീഴ്വഴക്കം ഈ സഭയിലുണ്ട്. അതുകൊണ്ട് നേരത്തേ പേരു വിളിച്ചപ്പോഴും സീറ്റിലില്ലാതിരുന്ന ശ്രീ. എം. വി. രാഘവനെ ഇപ്പോൾ പ്രസംഗിക്കാൻ വിളിക്കുന്നത് ഓർഡറിലല്ല എന്നാണ് എന്റെ അഭിപ്രായം.

.....(ബഹളം).....

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ : ഒരു വിഷയത്തെക്കുറിച്ച് ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചിരിക്കുകയാണ്. അതിനെക്കുറിച്ച് ചെയറിനു പറയാനുള്ളതു പറയട്ടെ. ഇവിടെയിപ്പോൾ നടപടി ചട്ടത്തിനെക്കുറിച്ചാണ് മിസ്റ്റർ രേതൻ പറഞ്ഞത്. ഇവിടെ റൂൾസ് ഓഫ് പ്രൊസീഡ്യൂവറിൽ 289-ാം വകുപ്പനുസരിച്ച് ശരിക്കും മെമ്പർമാരെ വിളിക്കുമ്പോൾ അവർ അതാതു സീറ്റിലിരുന്ന് പ്രസംഗിക്കാൻ വരേണ്ടതാണ്. അതിനു വിപരീതമായി സംഭവിച്ചാൽ അങ്ങനെയുള്ള ആളുകളെ പിന്നീടു വിളിക്കാൻ വേണ്ടി സ്പീക്കർക്ക് പ്രത്യേക അധികാരമുണ്ട്. ആ ചട്ടമനുസരിച്ചാണ് ഞാൻ വിളിക്കുന്നത്. മിസ്റ്റർ രാഘവന് പ്രസംഗിക്കാം.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. ഭരതൻ : സർ, ...(തടസ്സം).....

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ റെയ്സ് ചെയ്തതിന് ബഹുമാനപ്പെട്ട ചെയർ റൂളിംഗ് നൽകിക്കഴിഞ്ഞാൽ അതിനെ ചോദ്യം ചെയ്യുന്ന കീഴ്വഴക്കമില്ല ; ചോദ്യം ചെയ്യാൻ അനുവദിക്കാവുന്നതുമല്ല. ....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : ഇവിടെ റൂൾസ് ഓഫ് പ്രൊസീഡ്യൂവറിൽ സ്പീക്കർക്ക് പ്രത്യേകമായിട്ട് അധികാരമുണ്ട്. അങ്ങനെ വിളിക്കുന്നുവെങ്കിൽ അദ്ദേഹത്തിന് സംസാരിക്കാം: ഇവിടെ റൂൾ 289 ആണ്. അതൊന്നു വായിച്ചുനോക്കണം. ....(ബഹളം) ..... ഓർഡർ, ഓർഡർ, ശ്രീ. രാഘവനു പ്രസംഗിക്കാം. ഇവിടെ നിലവിലിരിക്കുന്ന ചട്ടമനുസരിച്ച് വളരെ വ്യക്തമാണ്. വിളിക്കുമ്പോഴും സീറ്റിലില്ലാത്ത മെമ്പറെ സ്പീക്കർക്ക് വേണമെങ്കിൽ പിന്നീട് വിളിക്കാം. അതിന് ചട്ടമുണ്ട്. .....(ബഹളം).....

ശ്രീ. എം. വി. രാഘവൻ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇൻഡ്യാരാജ്യത്ത് കയ്യൂരിലും കാവുമ്പായിയിലും പുന്നപ്രവയലാറിലും അതുപോലെ നിരവധി ധീരരായിട്ടുള്ള ആളുകളെ സംസാരിക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതി മരിച്ച ഒരു പ്രസ്ഥാനത്തിന്റെ പ്രതിനിധികളെന്ന് അവകാശപ്പെടുന്നവർ ഒരാളുടെ പ്രസംഗത്തെ തടയുന്ന നാണംകെട്ട ഒരു ഇടപാടാണിവിടെ കാണുന്നത്. ഈ വഞ്ചകപ്പരിഷകളെ ഈ രാജ്യത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വെറുതെ വിടില്ലെന്ന് അവരെ താക്കീതു ചെയ്യാൻ ഞാൻ ഇവിടെ തുനിയുകയാണ് ചെയ്യുന്നത്. ഈ രാജ്യത്തെ കമ്മ്യൂണിസ്റ്റ് എന്നും പറഞ്ഞുകൊണ്ട് നടക്കുകയാണ്. ഇവിടെ ഒരാൾക്ക് പ്രസംഗിക്കാനുള്ള സ്വാതന്ത്ര്യമില്ല. ഈ രാജ്യത്ത് പ്രസംഗ സ്വാതന്ത്ര്യത്തിനു വേണ്ടിയും പത്രസ്വാതന്ത്ര്യത്തിനുവേണ്ടിയും അതുപോലെ തന്നെ അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തിനു വേണ്ടിയും നൂറുകണക്കിനു ധീരരായിട്ടുള്ള രക്തസാക്ഷികളെ സൃഷ്ടിച്ച കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ വഞ്ചിച്ചവരാണ് ഇപ്പോഴെനിക്ക് പ്രസംഗിക്കാനുള്ള സ്വാതന്ത്ര്യം നിഷേധിക്കുന്നത് സർ. അതാണിവിടെ കാണുന്നത്. സഖാവ് ഭരതൻ, ഞാൻ പ്രസംഗിക്കുമ്പോൾ ബേജാറാകുകയാണ്. ഇപ്പോഴും ഭരതൻ പറയുന്നത് എന്താണെന്നറിയാമോ ? എല്ലാവർക്കുംകൂടി ഒന്നായിട്ടുപോകാം, രാഘവന്റെ കൂടെ എല്ലാവർക്കും ഒന്നായിട്ടു പോകാമെന്നാണ്. എന്നിട്ട് ഇവിടെ വന്ന് എന്നെ എതിർക്കുന്നത് എ. കെ. ജി. സെൻററിൽ ഒ. ഭരതൻ എം. വി. രാഘവനെ എതിർത്തു എന്നു വിവരം കിട്ടണം. അതിനുവേണ്ടിയാണ്. ഇതു നാണക്കേടല്ലേ മിസ്റ്റർ ഭരതാ ? നാണംകെട്ട വഴിയല്ലേ ഇത് ? ഇപ്പോഴും സി. പി. എമ്മിലെ മെമ്പർമാരോട് ഭരതൻ സ്വകാര്യം പറയുന്നത് എന്താണെന്നോ ? ഞാനും രാഘവന്റെ അഭിപ്രായക്കാരനാണ്. നമുക്ക് ഒന്നായിട്ട് പോകാമെന്നാണ് .....(ബഹളം).. .. ..

രാഘവന്റെ കൂടെ നമുക്ക് ഒന്നായിട്ട് പോകാമെന്ന് പറഞ്ഞിട്ടാണ് ഇവിടെ വന്ന് ഇത് പറയുന്നത്. ഞാൻ തെളിവു തരാം. എന്നിട്ട് ഇവിടെ വന്ന് എന്നെ പ്രസംഗിക്കാൻ അനുവദിക്കുകയില്ല അല്ലേ? എന്തിനാണ് ഈ അടിമത്ത ക്യാമ്പിൽ നിൽക്കുന്നത് ഭരതാ ? എന്തിനാണ് ഇങ്ങനെ അടിമയായിട്ട് കിടക്കുന്നത് ? കുറേ ആളുകളോട് നിങ്ങളും പറഞ്ഞതാണ് രാഘവന്റെ കൂടെ ഞാനും വരാം, നമുക്കൊന്നായിട്ട് പോകാമെന്ന് ? മിനിഞ്ഞാന്നുവരെ പറഞ്ഞതല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

എന്നിട്ട് ആ അടിമ ക്യാമ്പിൽ ഇരുന്നിട്ട് ഒരാളെ പ്രസംഗിക്കാൻ അനുവദിക്കരുതെന്ന് പറയുന്നു. കോൺഗ്രസ് ഭരണാധികാരികളുടെ ആക്രമണത്തിനും അതുപോലെതന്നെ തെമ്മാടിത്തത്തിനും പൗരാവകാശ നിഷേധത്തിനുമെതിരായിട്ട് പൊരുതിയ ഒരു പാർട്ടിയുടെ കൊടി പിടിച്ചിട്ട് സംസാരിക്കാനുള്ള അവകാശം നിഷേധിക്കാൻവേണ്ടി വാദിക്കാൻ നിങ്ങൾക്ക് നാണമില്ലല്ലോ എന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. നിങ്ങളല്ലേ അവരുടെ എഞ്ജിൻറുമാർ? അച്യുതാനന്ദനല്ലേ പറഞ്ഞത് കരുണാകരനു അഞ്ചുകൊല്ലം ഭരിക്കാൻ മാൻഡേറ് ഉണ്ടെന്നു. അല്ലാതെ ഞങ്ങളല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞിരിക്കുന്നു.

ശ്രീ. എം. വി. രാഘവൻ : സർ, എനിക്ക് ഈ ഗവൺമെൻറിനോട് പറയാനുള്ളത് കഴിഞ്ഞ നാലരക്കൊല്ലത്തെ ഭരണം ജനങ്ങളുടെ ഒരു പ്രശ്നവും പരിഹരിച്ചിട്ടില്ല എന്നാണ്. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാത്ത ഒരു ഗവൺമെൻറാണിത്. കമ്മ്യൂണിസ്റ് മാർക്സിസ്റ് പാർട്ടി ഈ രാജ്യത്ത് ജനകീയ പ്രശ്നങ്ങൾക്കു വേണ്ടിയും വഞ്ചകപ്പരിഷകളായ സി. പി. എമ്മിൻറെ വഞ്ചനയ്ക്കെതിരായിട്ടും സമരം ചെയ്യും.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങയുടെ സമയം കഴിഞ്ഞിരിക്കുന്നു. പേയർ അടുത്ത ആളെ പ്രസംഗിക്കാൻ വിളിക്കുകയാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഈ ബഡ്ജറ്റിനെ സംബന്ധിച്ച് ചില അംഗീകൃത നടപടിച്ചട്ടങ്ങൾ ഇവിടെയുണ്ട്. ശ്രീ. എം. വി. രാഘവൻറെ പ്രസംഗം തടയാനല്ല. നടപടി കീഴ്വഴക്കങ്ങളെ സംബന്ധിച്ച് ചില ചട്ടങ്ങളുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇവിടെ പേയർ രൂളിങ്ങ് കൊടുത്ത വിഷയത്തെപ്പറ്റി രണ്ടാമത് ഒരു പോയിൻറ് ഓഫ് ഓർഡറിന് ചാൻസ് ഇല്ല എന്നാണ് ബഹുമാനപ്പെട്ട മെമ്പറോട് പറയാനുള്ളത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, നടപടിച്ചട്ടമാണ് ഞാൻ പറയാൻ പോകുന്നത്. ഇവിടെ പാർട്ടിയുടെ നേതാക്കൻമാരെ സ്പീക്കർ വിളിച്ചു കഴിഞ്ഞാൽപിന്നെ മെമ്പർമാരെ വിളിക്കുന്ന നടപടിച്ചട്ടമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഉണ്ട്.

ശ്രീ. ബേബി ജോൺ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഏതായാലും ഒരു പുതിയ മാറ്റം കാണുന്നതിൽ സന്തോഷമുണ്ട്. ഭരണകക്ഷിയിൽ നിന്നു കമ്മ്യൂണിസ്റ് പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കാനുള്ള ഒരു പ്രവണത കാണുന്നത് വാസ്തവത്തിൽ നല്ല ഒരു മാറ്റമാണെന്നാണ് എനിക്ക് തോന്നുന്നത്. സർ, ഞാൻ ഇതിനെ എതിർക്കുന്ന അവസരത്തിൽ നമ്മുടെ നാടിൻറെ പൊതുസ്ഥിതിയെക്കുറിച്ച് ആലോചിക്കണം. ഇന്നു തന്നെ ഒരു ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞു, 168 കോടി ഉറുപ്പികയുടെ മിച്ചത്തോടുകൂടിയാണ് നമ്മൾ തുടങ്ങിയത് എന്ന്. സർ, നമ്മുടെ സാമ്പത്തികസ്ഥിതി എന്താണ്? വാസ്തവത്തിൽ ഈ മാസത്തെ ശമ്പളം കൊടുക്കാൻ ഇല്ലായിരുന്നു സർ. അത്ര സംക്ഷോഭകമാണ് നമ്മുടെ സാമ്പത്തിക സ്ഥിതി. ഒരു വെള്ളപ്പൊക്കവും കെടുതിയും വരാഞ്ചയുമില്ലായിരുന്നു എങ്കിൽ ഈ സംസ്ഥാനത്തെ ഏതെങ്കിലും വികസന പ്രവർത്തനങ്ങൾ നടക്കുമായിരുന്നോയെന്ന് ഞാൻ ചോദിക്കുകയാണ്.?

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴത്തെ കാർഷിക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി 26 കോടി രൂപ കേരളത്തിന് അനുവദിച്ചിരിക്കുന്നു എന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ ഉദ്യോഗസ്ഥൻമാരുടെ റിപ്പോർട്ടിൽ പറയുന്നത്. നമ്മുടെ കെടുതികൾക്ക് പരിഹാരം കാണാൻ അതു പര്യാപ്തമാണോയെന്ന് ആലോചിക്കേണ്ടിയിരിക്കുന്നു. സർ, ഇത്രയും കാലത്തിനുള്ളിൽ എത്ര മേഖലകളിൽ നമ്മൾ വിജയിച്ചു; അതാണ് ഇവിടത്തെ പ്രശ്നം? കേന്ദ്ര മുതൽമുടക്ക് വർദ്ധിച്ചിട്ടുണ്ടോ? നമുക്ക് അർഹതപ്പെട്ടത് കിട്ടുന്നില്ല. ഈ ഗവൺമെന്റിന്റെ നാലര വർഷത്തെ ഭരണത്തിന്റെ ഫലമായി നമുക്ക് അർഹതപ്പെട്ട സെൻട്രൽ ഇൻവെസ്റ്റ്മെന്റ് ലഭിക്കുന്നില്ല. അതുപോലെതന്നെ വ്യാവസായികരംഗത്തും കാർഷിക രംഗത്തുമുള്ള നമ്മുടെ സ്ഥിതി എന്ത്? അഞ്ചാം പഞ്ചവൽസര പദ്ധതിയിൽ നമുക്കു നേടാൻ കഴിഞ്ഞത് നിലനിർത്താൻപോലും കഴിഞ്ഞില്ല. ആറാം പഞ്ചവൽസര പദ്ധതിയുടെ അവസാനം കാർഷിക രംഗത്ത് എന്തല്ലേ സ്ഥിതി? നമ്മുടെ നെൽക്കൃഷിയുടെ സ്ഥിതി യെന്താണ്? ജനാർദ്ദനൻ നായർ കമ്മിഷൻ റിപ്പോർട്ടു വന്നിട്ട് നാലര കൊല്ലമായി. നെൽക്കൃഷി ചെയ്യുന്ന കൃഷിക്കാരെ സഹായിക്കുന്നതിനു വേണ്ടിയുള്ള ആ റിപ്പോർട്ട് ഈ നാലരക്കൊല്ലമായിട്ട് നിങ്ങൾക്ക് ഒന്നു വായിക്കാനുള്ള സമയം കിട്ടിയോ എന്ന് ഞാൻ ചോദിക്കുകയാണ്. നിങ്ങൾ കർഷകർക്കുവേണ്ടി എന്തൊക്കെയോ ചെയ്യാൻ പോകുന്നുവെന്ന് പറഞ്ഞല്ലോ, നെൽക്കൃഷി ഇങ്ങനെ തകർന്നുകൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിൽ കർഷകരെ സഹായിക്കാനുള്ള ആ റിപ്പോർട്ട് പോലും പഠിച്ച് ഒരു തീരുമാനമെടുക്കാൻ കഴിയാത്ത ആളുകളാണ് ഈ മന്ത്രിസഭയിൽ ഇന്നുള്ളത് എന്ന കാര്യം വളരെ ഖേദകരമാണ്. വ്യാവസായികരംഗം എടുത്താൽ നമുക്ക് ഒരു കോടി രൂപയുടെ വ്യവസായം ഒരു താലൂക്കിൽ എന്നാണ് പറഞ്ഞത്, എന്നിട്ട് ഇപ്പോൾ ഓരോ താലൂക്കിലും എത്രയുണ്ട്. എത്ര വ്യവസായങ്ങളാണുള്ളത്? ഞാൻ ചോദിക്കട്ടെ, കഴിഞ്ഞ പ്രാവശ്യം നിയമസഭയിൽ ചോദിച്ചപ്പോൾ ഒരു കോടിയിൽ അങ്ങോട്ടുമിങ്ങോട്ടും വ്യത്യാസം വരും എന്ന് പറഞ്ഞില്ലേ? ഞാൻ ചോദിക്കുന്നു, ഒരു കോടിയിൽ എവിടെ വ്യവസായം തുടങ്ങാൻ കഴിയുന്നു നിങ്ങൾക്ക്? പുതിയ വ്യവസായങ്ങളിൽ എത്ര കോടി രൂപയുടെ മുതൽമുടക്ക് ഉണ്ടാക്കാൻ കഴിഞ്ഞു? കേന്ദ്രത്തിൽ നിന്ന് നിങ്ങൾ എന്തു നേടി? നിങ്ങൾക്കെന്താണ് നേടാൻ കഴിഞ്ഞത്? ശ്രീ. കരുണാകരൻ കേന്ദ്ര ഗവൺമെന്റുമായി നല്ല ബന്ധമാണല്ലോ ഉള്ളത്? നമ്മുടെ സംസ്ഥാനത്തിന് എന്തു പ്രയോജനമാണ് ഉണ്ടായിട്ടുള്ളതെന്ന് ഞാൻ ചോദിക്കുകയാണ്, എന്തു പ്രയോജനമുണ്ടാക്കാൻ ശ്രമിച്ചിട്ടുണ്ട്. അർഹതപ്പെട്ടതുപോലും കിട്ടാതെ വരുന്ന ഒരു സ്ഥിതി വിശേഷമാണുള്ളത്. ഇവിടത്തെ വ്യവസായ ശാലകളുടെ സ്ഥിതി വാസ്തവത്തിൽ ദയനീയമാണ്. ഈ ഗവൺമെന്റ് വ്യവസായസമാധാനം ഉണ്ട്, തൊഴിലാളികൾ വളരെ സംതൃപ്തരാണ് എന്നൊക്കെ പറയുമെങ്കിലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം എത്ര വ്യവസായശാലകളാണ് അടഞ്ഞു കിടക്കുന്നത്? ഏറ്റവും ഒടുവിൽ ഗ്വാളിയർ റയോൺസിന്റെ കാര്യം തന്നെ എടുക്കാം. 3,500 തൊഴിലാളികളുള്ള ഒരു സ്ഥാപനമാണ്. 16 മാസമായി അത് പൂട്ടിയിട്ടിട്ട്. നിങ്ങൾക്ക് എന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിഞ്ഞത്? എത്ര മാൻപവർ ലോസ് ഉണ്ടായി? നിങ്ങൾ കണക്കുകൂട്ടിയിട്ടുണ്ടോ? ലക്ഷക്കണക്കിനാണ് മാൻ പവർ ലോസ് ഉണ്ടായിട്ടുള്ളത്. അതുപോലെ തന്നെ പുനലൂർ പേപ്പർ മിൽ. ആയിരത്തിൽ ചിലപ്പോൾ ആളുകൾ ജോലി ചെയ്തിരുന്ന സ്ഥാപനമാണ്. അതും പൂട്ടിയിട്ടിരിക്കുകയാണ്. കുന്നത്തൂർ ടെക്സ്റ്റൈയിൽസിൽ 600 പേരാണ് ജോലി ചെയ്യുന്നത്. അതുപോലെ ഫോർമലിൻ പ്ലാന്റ്, പെരുമ്പാവൂർ റയോൺസ്, പ്രീമിയർ മൊറാർജി കെമിക്കൽസ്, പി. എൻ. എസ്. വെയർ റൂഫ്സ് ബ്രണ്ടൻ കമ്പനി, അങ്ങനെ എത്ര

LIBRARY ARCHIVES Kerala Legislative Assembly

കമ്പനികളാണ് ഈ ഗവൺമെൻറ് വന്നതിനുശേഷം അടച്ചുപൂട്ടിയിട്ടുള്ളത്? പുതിയ വ്യവസായങ്ങൾ തുടങ്ങിയിട്ടില്ലെന്ന് മാത്രമല്ല, ഉള്ള വ്യവസായങ്ങൾ പോലും പൂട്ടിയിട്ടിരിക്കുകയാണ്. ഫലപ്രദമായ ഒരു നടപടിയും സ്വീകരിക്കാൻ കഴിയാത്ത ഗവൺമെൻറ് നമ്മുടെ സമ്പദ്ഘടനയെ എങ്ങനെ ബാധിക്കുമെന്ന് നിങ്ങൾ ആലോചിക്കൂ. നമ്മുടെ തൊഴിലില്ലായ്മയെ എങ്ങനെ ബാധിയ്ക്കും എന്ന് ആലോചിക്കൂ. നിങ്ങളൊക്കെ കഴിഞ്ഞ ദിവസം പറഞ്ഞ കണക്കനുസരിച്ച് ഒരു കാര്യം പറയാം. അഖിലേൻഡ്യാ അടിസ്ഥാനത്തിൽ 16,000 ആളുകൾക്കാണ് നമ്മുടെ സംസ്ഥാനത്ത് സ്വയം തൊഴിൽ കണ്ടെത്താൻ വേണ്ടിയുള്ള ബാങ്കിൻെറ സഹായം കൊടുക്കാൻ കേന്ദ്ര ഗവൺമെൻറ് തീരുമാനിച്ചിരിക്കുന്നതെന്ന് പറയുമ്പോൾ നമ്മുടെ സ്ഥിതി എന്താണ് എന്ന് നാം ആലോചിക്കണം. എന്ന് മാത്രമേ എനിക്ക് അക്കാര്യത്തെക്കുറിച്ച് പറയാനുള്ളൂ. പരമ്പരാഗത വ്യവസായങ്ങളെക്കുറിച്ച് പറയുകയാണെങ്കിൽ രണ്ടു ദിവസം മുൻപ് നമ്മുടെ മുഖ്യമന്ത്രി കശുവണ്ടിത്തൊഴിലാളികളെപ്പറ്റി പറയുന്നത് കേട്ടപ്പോൾ എനിക്ക് വാസ്തവത്തിൽ ലജ്ജ തോന്നി. കശുവണ്ടിത്തൊഴിലാളികൾക്ക് മിനിമം വേജസ് കൊടുപ്പിക്കണമെന്ന് പറയുമ്പോൾ, ഒരു നോട്ടിഫൈഡ് വേജസ് നിലനിൽക്കുന്ന അവസരത്തിൽ അതിൽ കുറച്ച് ഒരു എഗ്രീഡ് വേജസ് എന്നു പറഞ്ഞ് ആരുമൊക്കെ ആയിട്ട് ഒരു ധാരണയുണ്ടാക്കിയിട്ട് അത് കൊടുപ്പിക്കുമെന്നാണ് പറയുന്നത്. മുഖ്യമന്ത്രി തൊഴിലാളികളോടുള്ള സ്നേഹം ഇങ്ങനെയാണോ കാണിക്കുന്നത്. പരമ്പരാഗത വ്യവസായത്തൊഴിലാളികളുടെ ഗതി എന്താണ്? മിനിമം വേജസ്-നോട്ടിഫൈഡ് വേജസ് കൊടുപ്പിക്കുമെന്ന് പറയുന്നതിനു പകരം അതിൽ കുറച്ച് കൊടുക്കണമെന്ന് പറയുന്ന ഒരു മുഖ്യമന്ത്രിയും ഒരു ഭരണകൂടവുമാണ് നമുക്കിവിടെയുള്ളത്. ഇന്ന് കയർ വ്യവസായത്തിൻെറ സ്ഥിതിയെന്താണ്? ഞാൻ പൊതുവായ ഒരഭിപ്രായ പ്രകടനം നടത്തുന്നതല്ല. ഈ ഗവൺമെൻറ് വന്നതിനുശേഷം പരമ്പരാഗത വ്യവസായ മേഖലകൾ തകർന്നിരിക്കുന്നു. ധാരാളം ഫാക്ടറികൾ പൂട്ടിയിട്ടിരിക്കുന്നു. പുതിയ വ്യവസായങ്ങൾ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ സമ്പദ്ഘടനയുടെ സ്ഥിതിയെന്താണെന്ന് നാം ആലോചിക്കണം. കർഷിക മേഖലയിലെ സ്ഥിതി ഗതികൾ നിങ്ങൾ ആലോചിക്കണം. പിന്നീടുള്ള ഒരു കാര്യം വിലക്കയറ്റമാണ്. ബഹുമാന്യനായ ശ്രീ. ബീരാൻ പറയുന്നു വിലക്കയറ്റം നമ്മെ ബാധിക്കുകയില്ലെന്ന്. നിങ്ങൾക്കറിഞ്ഞു കൂടേ? ഒരു പക്ഷേ അറിയാത്തതായിരിക്കാം. ഈ സംസ്ഥാനത്ത് റേഷൻ കാർഡ് പണയം വച്ച് അരി വാങ്ങുന്ന ആളുകളുണ്ട്. അത്രയ്ക്ക് ദരിദ്ര ജനവിഭാഗമാണ് നമ്മുടേത്. ഒരുനേരത്തെ ആഹാരത്തിനുപോലും നിവൃത്തിയില്ലാത്തവർ ജനസംഖ്യയിൽ പകുതിയിലധികമുള്ള ഒരു സംസ്ഥാനത്ത് റേഷൻ അരിക്ക് വില വർദ്ധിപ്പിച്ചാൽ അത് സാധാരണക്കാരെ ബാധിക്കുകയില്ലെന്ന് പറയുന്ന സാമ്പത്തിക സിദ്ധാന്തം എനിക്ക് മനസിലാക്കാൻ ബുദ്ധിമുട്ടുണ്ട്.

നല്ലൊരു ഡിസ്ട്രിബ്യൂഷൻ സമ്പ്രദായമുണ്ടായിരുന്നു നമ്മുടെ സംസ്ഥാനത്ത്. എന്നാൽ അതിനെ ഇപ്പോൾ താറുമാറാക്കിയിരിക്കുകയാണ്. ഇതിലെ വാസ്തവം നോക്കുമ്പോൾ ഇനിയും സാധനങ്ങളുടെ വില വർദ്ധിക്കുകയല്ലേ? അരിയുടെ വില വർദ്ധിക്കാൻ പോവുകയല്ലേ? മറ്റു സാധനങ്ങളുടെ വില വർദ്ധിക്കാൻ പോവുകയല്ലേ? അങ്ങനെ താങ്ങാനാവാത്ത നിലയിൽ സാധനങ്ങളുടെ വില വർദ്ധിക്കാൻ പോവുകയല്ലേ? എത്രയായാലും കൂടുതൽ ഭാരമാണ് നമുക്ക് ഇനി ഇവിടെ ഉണ്ടാകാൻ പോകുന്നത് എന്നാണ് എനിക്ക് പറയുവാനുള്ളത്. ഇതിന് എന്ത് നടപടി സ്വീകരിക്കുന്നു? അടിയന്തിര പ്രമേയത്തിൻെറ ചർച്ച വേളയിൽ വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ലാഘവബുദ്ധിയോടുകൂടിയാണ് ഈ വക കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് കൈക്കൊണ്ടു ചെയ്യുന്നത് ? ഏറ്റവും ഒടുവിൽ പറഞ്ഞതെന്താണ്? ഇത് ജീവനക്കാരുടെ കുറ്റംകൊണ്ടാണെന്ന്. അതുകൊണ്ട് ജീവനക്കാരുടെ സമരത്തിനു പ്രേരണ നല്കിയവരാണ് കുറ്റക്കാരെന്ന്. ജീവനക്കാരുടെ സമരത്തിനു ഞങ്ങളാരുമല്ല പ്രേരണ നല്കിയത്. അതുകൊണ്ട് ഞാൻ പറയുന്നു നിങ്ങൾക്ക് അവധാനപൂർവ്വം ആലോചിച്ച് തീരുമാനം എടുക്കാൻ കഴിയുന്നില്ല ഒരു കാര്യത്തിലും അല്ലെങ്കിൽ നിങ്ങൾ മനഃപൂർവ്വമായി ജീവനക്കാരെയും മറ്റുള്ളവരെയും പ്രകോപിപ്പിച്ച് സമരം ചെയ്യുകയില്ലായിരുന്നോ? മേയ് മാസം 15-ാം തീയതി എടുത്ത തീരുമാനം തന്നെ. കഷ്ടിച്ച് രണ്ടാഴ്ച കൂടി മാറ്റിവച്ചിരുന്നുവെങ്കിൽ ഈ സ്ഥിതിവിശേഷം ഒഴിവാക്കാൻ കഴിയുമായിരുന്നില്ലേ ? എന്നിട്ട് ഞങ്ങളാണോ ഇപ്പോൾ അതിനുത്തരവാദികൾ ? ദീർഘവീക്ഷണമില്ലാതെ അഹങ്കാരംകൊണ്ട് തീരുമാനമെടുത്ത് ഇന്നാട്ടിലെ അനേകായിരം കുട്ടികളുടെ ഭാവി അപകടത്തിലാക്കിയിരിക്കുകയാണ്. ഈ കുട്ടികൾക്ക് നഷ്ടപ്പെട്ട ഒരു വർഷം തിരിച്ചുകിട്ടുമോ ? ഞാൻ ചോദിക്കുന്നു, എത്രയായിരം കുട്ടികൾക്ക് ഒരു വർഷം നഷ്ടപ്പെടുന്നു ? മുഖ്യമന്ത്രിക്ക് അതിൽ ഖേദമില്ല, വിദ്യാഭ്യാസ മന്ത്രിക്ക് അതിൽ ഖേദമില്ല. വിദ്യാഭ്യാസ രംഗമാകെ താറുമാറാക്കിയിരിക്കുകയാണ്. അങ്ങനെ നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവി അപകടത്തിലാക്കിയിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണ്. അതല്ല ഇന്ന് നമുക്ക് കാണാൻ കഴിയുന്നത്. പിന്നെ ഏത് രംഗത്താണ് വിജയിച്ചത് ? അതാണ് ഞാൻ ചോദിക്കുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രിയോട് ഞാൻ ചോദിക്കുന്നു. അഴിമതിയുടെ കാര്യത്തിൽ മുൻപ് എപ്പോഴെങ്കിലും ഇത്രയും കൂടുതൽ പരാമർശങ്ങൾ ഹൈക്കോടതിയിൽ നിന്നും ഉണ്ടായിട്ടുണ്ടോ ? ഈ ഗവൺമെന്റിന്റെ ചെയ്തികളെ സംബന്ധിച്ച് ഇതിനുമുൻപ് ഒരിക്കലെങ്കിലും ഇത്രയും കൂടുതൽ പരാമർശങ്ങൾ ഉണ്ടായിട്ടുണ്ടോ ? എനിക്ക് ഈ കാര്യത്തിൽ ശ്രീ. വേലായുധനോട് സഹതാപമുണ്ട്. പക്ഷേ ഒരു ഉദ്യോഗസ്ഥൻ കോടതിയിൽ പരാതി കൊടുത്തിരിക്കുന്നു. അയാൾ കൈക്കൂലി കൊടുക്കാത്തതുകൊണ്ട് അയാളെ സസ്പെൻഡ് ചെയ്തിരിക്കുന്നു, സ്ഥലം മാറ്റിയിരിക്കുന്നു എന്നൊക്കെ. ആ പരാതി സ്വീകരിച്ചുകൊണ്ട് സസ്പെൻഷൻ പിൻവലിച്ച് ആ ഉദ്യോഗസ്ഥനെ ജോലിക്ക് പ്രവേശിപ്പിച്ചു. അതിന്റെ അർത്ഥമെന്താണ് ?

പ്രഥമദൃഷ്ട്യാ അതിൽ കേസുണ്ട് എന്നുള്ളതിന്റെ തെളിവല്ലേ ? ഒരു ഉദ്യോഗസ്ഥൻ കോടതിയിൽ പോയി പരാതിപ്പെട്ടു. അങ്ങനെ അയാളെ ഉടനെ തന്നെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നു. അതല്ലേ നമ്മുടെ നാട്ടിൽ ഇന്ന് നടക്കുന്നത് ? ഇങ്ങനെ എത്രയെത്ര പരാമർശങ്ങൾ കോടതിയിൽ വന്നിട്ടുണ്ട് ? അപ്പോൾ വളരെ മോശപ്പെട്ട രീതിയിലാണ് കാര്യങ്ങൾ മുൻപോട്ട് പോകുന്നത്. സകലമൂല്യങ്ങളെയും തകർത്ത ഒരു മന്ത്രിസഭയാണിത്. ഈ നാടിനെ കൂട്ടിച്ചോറാക്കാൻ വേണ്ടിയുള്ള ഷർപ്പാടുകളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഞാൻ ചോദിക്കട്ടെ, അഴിമതിക്കാരായ ഉദ്യോഗസ്ഥൻമാരെ നിങ്ങൾ ഇങ്ങനെയാണോ കൈകാര്യം ചെയ്യുന്നത് ? ഞാൻ മുഖ്യമന്ത്രിയോട് ചോദിക്കുന്നു. നിങ്ങളുടെ വകുപ്പിൽ 'ഔഷധി'യിൽ ഉണ്ടായിരുന്ന ഒരു മാനേജിംഗ് ഡയറക്ടറുടെ മേൽ വിജിലൻസ് ഡിപ്പാർട്ടുമെന്റ് കേസ് ചാർജ് ചെയ്യണമെന്ന് ശുപാർശ ചെയ്തിരുന്നതല്ലേ ? ആ ഫയൽ മാസങ്ങൾ നിങ്ങൾ പൂഴ്ത്തി വച്ചിരുന്നു ? ഒടുവിൽ അദ്ദേഹത്തെ പിരിഞ്ഞുപോകാൻ അനുവദിച്ചു. അഴിമതിക്കാരായ ഉദ്യോഗസ്ഥൻമാരെ വിജിലൻസ് ഡിപ്പാർട്ടുമെന്റ് കേസ് എടുക്കണമെന്ന് പറഞ്ഞിട്ടുപോലും അതിൽ നടപടി സ്വീകരിക്കാതെ അഴിമതിക്ക് കൂട്ടുനിൽക്കുന്ന ഒരു മുഖ്യമന്ത്രിയും ഒരു മന്ത്രിസഭയുമാണ് ഇവിടെയുള്ളത് എന്ന് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കുന്നു. പൈപ്പ്, വാൽവ്, കേസ്—കുറെയേറെ എൻജിനീയർമാരുടെ പേര് വിജിലൻസ് റിപ്പോർട്ടിൽ ഉണ്ടായിരുന്നു 'കേസ്' എടുക്കാൻ. അതിൽ എന്തു നടപടിയുണ്ടായി? ആ ഫയൽ എവിടെ ഇരിക്കുന്നു? അത് നിങ്ങളുടെ കയ്യിൽ ഇരിക്കുകയല്ലേ? വിജിലൻസ് ഡിപ്പാർട്ടുമെൻറ് കേസ് ചാർജ് ചെയ്യണമെന്ന് പറഞ്ഞുകൊണ്ടുള്ള ഫയൽ. അഴിമതി നടത്തുന്നവർക്കൊക്കെ നിങ്ങൾ പിൻതുണ നൽക്കുകയല്ലേ? ഇന്നലെയും മിനഞ്ഞാന്നും പത്രത്തിൽ ഞാൻ വായിച്ചു ഇൻസ്പെക്ഷൻ വിംഗിലെ ഉദ്യോഗസ്ഥൻമാർ മാറിപ്പോകുന്നുവെന്നും മാറുന്നുവെന്നും. അതു 'മാറും. ശ്രീ. തച്ചടി പ്രഭാകരൻ മുഖ്യമന്ത്രിക്കയച്ചുകൊടുത്തു ആ ഫയൽ. എന്നിട്ട് ഇതുവരെയായതൊരു നടപടിയും സ്വീകരിച്ചില്ല. ഗൗരവപൂർവ്വമായ ആരോപണങ്ങളാണ് ഇൻസ്പെക്ഷൻ വിംഗ് പരിശോധനയിൽ കണ്ടുപിടിച്ചിരിക്കുന്നത് എന്നു പറഞ്ഞ് ഗൗരവപൂർവ്വം അത് കൈകാര്യം ചെയ്യണമെന്ന് പറഞ്ഞുകൊണ്ട് ഫൈനാൻസ് വകുപ്പ് അയച്ചു കൊടുത്തുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നിട്ട് അതിൻമേൽ എന്തു നടപടിയാണ് ഇതുവരെ സ്വീകരിച്ചത്? പക്ഷേ ഇത് പൂർണ്ണമായിട്ട് അയച്ചുകൊടുത്തിട്ടില്ലെന്ന്, എങ്കിൽ നല്ലത്. അയയ്ക്കുകയില്ല. അങ്ങനെ അഴിമതിക്ക് കൂട്ടുനിൽക്കുന്ന ഒരു ഏർപ്പാട് ഉദ്യോഗസ്ഥൻമാരുടെ അഴിമതി. മന്ത്രിമാരുടെ അഴിമതിയെക്കുറിച്ച് ഞാൻ പറയുന്നില്ല. ഇവിടെ മുഖ്യമന്ത്രിക്ക് വല്ല സംശയവുമുണ്ടെങ്കിൽ ഏകാല്പ ഡി. സി. സി. യിൽ ചോദിച്ചാൽ മതി. ചില മന്ത്രിയെപ്പറ്റി അവർ പ്രമേയം പാസ്സാക്കി നിങ്ങൾക്ക് അയച്ചുതന്നിട്ടുണ്ട് അതുകൊണ്ട് ഞാൻ അവരാരുടെയും പേരിൽ പറയുന്നതല്ല. അതാണ് ഇന്നംപ്പുൻ നയം. വർഗ്ഗീയത ഇന്നും നിലനിൽക്കുന്നു. എത്രയോ വിലപ്പെട്ട ജീവനുകളാണ് നമുക്ക് വർഗ്ഗീയതയുടെ പേരിൽ നഷ്ടപ്പെട്ടത്. വർഗ്ഗീയ രാഷ്ട്രീയം കൊണ്ട് ജാതി രാഷ്ട്രീയംകൊണ്ട് ഈ നാട് എത്രമാത്രം പിന്നോക്കം പോയിരിക്കുന്നു. ഇനിയും നിങ്ങൾക്ക് മുഖ്യമന്ത്രി പദത്തിനുവേണ്ടി, അധികാരത്തിനുവേണ്ടി വർഗ്ഗീയതയെ നിങ്ങൾ പ്രോത്സാഹിപ്പിക്കുകയല്ലേ? വർഗ്ഗീയസമ്മർദ്ദങ്ങൾക്ക് നിങ്ങൾ താഴ്ന്നുകൊടുക്കുകയല്ലേ ചെയ്യുന്നത്? വേറെ പറയാനുള്ളതുകൊണ്ട് ഞാൻ അക്കാര്യത്തിലേക്ക് കൂടുതലായി ഒന്നും പറയുന്നില്ല. ഇപ്പോൾ നിങ്ങൾ പുതിയ രീതിയിൽ അമ്പലങ്ങൾക്കും വക്കഫ് ബോർഡിനും സാമ്പത്തിക സഹായം കൊടുക്കുന്നു. ഒരു ഗവൺമെൻറിൻറെ പ്രയോറിറ്റി എന്താണ്? ക്ഷയരോഗികൾക്ക്, ചുമച്ചു തുപ്പുന്ന ആളുകൾക്ക് മരുന്നു വാങ്ങാൻ സാമ്പത്തിക സഹായം നല്കാൻ ഇല്ലാതിരിക്കുമ്പോൾ നിങ്ങൾ സാമ്പത്തിക സഹായം മറ്റുള്ളവയ്ക്ക് നല്കി വരുന്നു. വീടില്ലാത്ത എം. എൽ. എ. മാരുടെ കണക്ക് അങ്ങേയ്ക്കറിയാമല്ലോ? ഇത്രയേറെ അഴിമതികൾ ഇതിനുമുൻപ് നടന്നിട്ടുണ്ടോ? എൻറെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. തച്ചടി പ്രഭാകരൻ വീടില്ലെന്ന് പറയുന്നു. എം. എൽ. എ. മാരുടെ വേണ നിർമ്മാണ പദ്ധതിയിൽ ശ്രീ. തച്ചടി പ്രഭാകരന് വീടില്ലെന്ന് പറഞ്ഞിരിക്കുന്നു. കെ. എം. മാണിക്കും വീടില്ലെന്ന് പറഞ്ഞിട്ടുണ്ട്. ഞാൻ ബാക്കിയുള്ളവരുടെ കാര്യം പറയുന്നില്ല. എന്നിട്ടും ഗവൺമെൻറിൻറെ ഭാഗത്തുനിന്നും സംവിധാനം വന്നു, ഇവർ അപേക്ഷിച്ച സ്ഥലത്ത് അവർക്ക് വീടില്ല. വേന നിർമ്മാണ പദ്ധതിയിൽ ഇവർ അപേക്ഷിച്ച സ്ഥലത്ത് ഇവർക്ക് വീടില്ലെന്ന്. ഇത്രയേറെ മോശപ്പെട്ട ഒരു ഏർപ്പാട്..... (തടസ്സം).

ശ്രീ തച്ചടി പ്രഭാകരൻ: ശ്രീ. ബേബി ജോണിന് ഉള്ളതിനേക്കാൾ വളരെ കുറച്ചു മാത്രമേ ഞങ്ങൾക്കുള്ളൂ. ബേബി ജോണിന് തിരുവനന്തപുരത്തുള്ള വീടിൻറെ അത്രയുമുള്ള വീട് മറ്റൊരു എം. എൽ. എ. യ്ക്കും ഇല്ല. അതുകൊണ്ട് കുഴപ്പമൊന്നുമില്ല.....(ബഹളം).

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ : ഞാൻ അപേക്ഷിച്ചിട്ടില്ല. അപേക്ഷിക്കുകയുമില്ല. അങ്ങനെ അഥവാ എനിക്ക് വീട് വയ്ക്കണമെങ്കിൽ ഹൗസിംഗ് ബോർഡിന്റെ ഭവന നിർമ്മാണ പദ്ധതിപോലുള്ള പദ്ധതിയിൽ ചേർന്നു കൊണ്ട് ആ നിലയിൽ വായ്പ വാങ്ങിക്കും. എം. എൽ. എ. എന്നുള്ള നിലയിൽ ദുരുപയോഗപ്പെടുത്തിക്കൊണ്ട് വീട് വയ്ക്കാൻ വായ്പ വാങ്ങുകയില്ല. ക്ഷയരോഗികൾക്ക് മരുന്ന് വാങ്ങാൻ പൈസ കൊടുക്കാൻ ഇല്ലാതിരിക്കുമ്പോൾ എം. എൽ. എ. മാർക്ക് വീട് വയ്ക്കാൻ മൂന്നു ലക്ഷം രൂപ പലിശയില്ലാതെ കൊടുക്കാനുണ്ട്. എന്നിട്ട് പരിഷ്കാരമെന്നും പറഞ്ഞു കൊണ്ട് നടക്കുകയാണ്. എം. എൽ. എ. മാരെ മുഴുവൻ അഴിമതിക്കാരാക്കാൻ, അവഹേളിക്കാൻ വേണ്ടി നിങ്ങൾ സ്വീകരിച്ച ഒരു നടപടിയല്ലേ ഇത് ? ഒരു ഗവൺമെന്റ് മുൻഗണനാക്രമത്തിൽ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ എം. എൽ. എ. മാർക്ക് വീട് വയ്ക്കുന്നതിനാണോ മുൻതൂക്കം കൊടുക്കേണ്ടത് ?

ശ്രീ. തച്ചടി പ്രഭാകരൻ : മുൻപ് എ. എൽ. എ. മാരുടെ ടി. എ. വർദ്ധിപ്പിച്ചപ്പോൾ എന്താണ് പറഞ്ഞത്. എന്നിട്ട് പ്രതിപക്ഷം ഇപ്പോൾ മുഴുവൻ ആനുകൂല്യങ്ങളും ഗവൺമെന്റിൽ നിന്നും വാങ്ങുന്നുണ്ട്. അക്കാര്യം ഓർക്കണം. ഇതിപ്പോൾ വേണ്ടെന്ന് പറയുകയും പിന്നീട് വാങ്ങുകയും ചെയ്യും. വാങ്ങുകയില്ലെന്ന് ദൃഢമായി തീരുമാനമെടുക്കാൻ സാധിക്കുമോ പ്രതിപക്ഷത്തിന് ?

ശ്രീ. ബേബി ജോൺ : വേണ്ടെന്ന് പറഞ്ഞത് വേണ്ടെന്ന് തന്നെ പറയും. ഞങ്ങൾ എല്ലാവരും വേണ്ടെന്ന് പറഞ്ഞതാണ്. ഇതിനെ നീതീകരിക്കാൻ ശ്രമിക്കേണ്ട... ..(ബഹളം).....വേണ്ടെന്ന് പറഞ്ഞത് വേണ്ടെന്നു തന്നെയാണ്. ഇവിടെ ഒരൊറ്റ പ്രതിപക്ഷ എം. എൽ. എ. മാരും ഭവന നിർമ്മാണ പദ്ധതിയിൽ വീട് വയ്ക്കുന്നതിന് തുക ആവശ്യപ്പെട്ടിട്ടില്ല.....(ബഹളം).....

ഈ സമരങ്ങളെ ഈ ഗവൺമെന്റ് എങ്ങനെ കാണുന്നു. ഇപ്പോൾ പരാക്രമം പെൺകുട്ടികളോടാണ്. നേഴ്സിംഗ് സ്റ്റുഡൻസിന്റെ ഒരു സമരമുണ്ടായപ്പോൾ പന്തൽ കെട്ടാൻ അവർക്ക് അവസരം കൊടുക്കുകയില്ല എന്നു പറയുന്ന മുഖ്യമന്ത്രി. നിങ്ങൾ എത്രയോ സമരം നടത്തിയിട്ടുണ്ട്. ഈ സെക്രട്ടറിയറ്റ് നടയിൽ എത്രയോ സമരങ്ങൾക്ക് നിങ്ങളുടെ കക്ഷികൾ പന്തൽ കെട്ടിയിട്ടുണ്ട്. ഈ പെൺകുട്ടികൾ പന്തൽ കെട്ടുന്നതുകൊണ്ട് നിങ്ങൾക്ക് എന്താണ് ഇത്ര മോശം. ഇത്രയേറെ തരം താണുപോയല്ലോ? എന്ത് അപകടമുണ്ടാകാൻ പോകുന്നു നിങ്ങൾക്ക്? അപ്പോൾ നിങ്ങളുടെ സമീപനം അതാണ്. ഈ പെൺകുട്ടികൾ മഴ നനയുകയാണ്. നിങ്ങളുടെ ഈ നയം മാറണം, ഈ നയം മാറണം. ഈ നയം മാറിയേ മതിയാകൂ, ഇവിടെ ക്രമസമാധാനപാലനമാണല്ലോ പ്രധാന വിഷയം. ഇത് ഞാൻ പറയണോ സർ. "വീട്ടിൽ കിടന്നുറങ്ങാൻ ഐക്യജനാധിപത്യമുന്നണിക്ക് വോട്ടു നൽകണമെന്ന്" പറഞ്ഞ് വോട്ടാവശ്യപ്പെട്ടവരാണ് നിങ്ങൾ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, ഈ മുഖ്യമന്ത്രി ആഭ്യന്തര വകുപ്പുമന്ത്രി സ്ഥാനം ഏറ്റെടുത്തശേഷം ഈ സംസ്ഥാനത്ത് നടന്നിട്ടുള്ളതെന്താണ്? ഒരു കാട്ടു രാജാവിന്റെ ഭരണത്തിന്റെ പ്രതീതിയല്ലേ ഇവിടെ? ചമ്പൽ താഴ്വരകളിലെ കൊള്ളക്കാരെ പോലും ലജ്ജിപ്പിക്കുന്ന രീതിയിലല്ലേ നിങ്ങളുടെ ഇവിടത്തെ ഭരണം. ഒന്ന് ആലോചിച്ചു നോക്കൂ. കഴിഞ്ഞ ദിവസം പ്രതിപക്ഷനേതാവ് ഒരു സബ്മിഷനിലൂടെ മുഖ്യമന്ത്രിയുടെ കാറ് ഒരു സംഘം ആളുകളുമായി തടഞ്ഞതിനെക്കുറിച്ച് പറഞ്ഞപ്പോൾ അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

വ്യാഖ്യാനിച്ചതു എങ്ങനെയാണെന്നു് അറിയാമോ? ആദ്യഭാര്യയുടെ ഭാര്യ ആരോടും പരാതിപ്പെട്ടിട്ടില്ല എന്നാണു്. അതല്ല ഇവിടെ പ്രശ്നം. അങ്ങയുടെ ഭാര്യ പോയോ മകനെ പോയോ എന്നുള്ളതു് ഒരു പ്രശ്നമേ അല്ല. പ്രശ്നമായിരുന്നതു് നിങ്ങളുടെ കാറു് ഒരു സ്കൂട്ടറുമായി തട്ടി മുട്ടി എന്നുള്ളതാണു്. ആ സ്കൂട്ടറുകാരനുമായി കേസ് സുണ്ടാകാം. അങ്ങനെ തട്ടിയതുകൊണ്ടു് ആ സ്കൂട്ടറിൽ വന്ന ചെറുപ്പക്കാരൻ പ്രതിയായിരിക്കാം. ആ പ്രതിക്കു പക അച്ഛനെ നാലു ദിവസം പോലീസ് സ്റ്റേഷനിൽ വച്ചിരുന്നു. അതാണു് പ്രശ്നം. അല്ലാതെ ഭാര്യ പരാതിപ്പെട്ടോ ഇല്ലയോ എന്നുള്ളതല്ല. നിങ്ങളുടെ ഭരണകാലത്തു് അതാണു് നടക്കുന്നതു്. മകൻ പ്രതി. പ്രതിയെ കിട്ടിയില്ലെങ്കിൽ അച്ഛനെ പോലീസ് സ്റ്റേഷനിൽ വയ്ക്കുക. ഭരണഘടനാ വിരുദ്ധമല്ലേ ഇതു്. ഹൈക്കോടതി നിർദ്ദേശങ്ങൾക്കു വിരുദ്ധമല്ലേ ഇതു് എന്നു ഞാൻ ചോദിക്കുകയാണു്. എന്തൊരു പ്രാകൃതമാണു് സർ. പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കുമ്പോൾ പരാതിക്കാരനെക്കൊണ്ടു് പ്രതിയുടെ മീശ പിഴുവിക്കുക. എന്താണു ചെയ്യുന്നതു്? എന്നിട്ടു് അതിനെ നീതീകരിക്കാൻ ശ്രമിക്കുകയാണു്. വാദിയെക്കൊണ്ടു് പ്രതിയുടെ മീശ പിഴുവിക്കുക, പ്രതിയെ കൊണ്ടുതന്നെ മീശ പിഴുവിക്കുക, ഒടുവിൽ പോലീസുകാരുടെ പകുതി ഷേവു ചെയ്യുക. ഇതു് പ്രാകൃതമാണു്. ഇതു് ഈ ഗവൺമെന്റിനു് ഭൂഷണമല്ല. ഒരു ജനാധിപത്യ സംവിധാനത്തിനു് ഭൂഷണമല്ല. അതാണു് ഞാൻ പറഞ്ഞതു്. പണ്ടു് ചമ്പൽ താഴ്വരയിലെ കൊള്ളക്കാർ ചിലപ്പോഴൊക്കെ കൊള്ള നടത്തുമ്പോൾ ഇങ്ങനെ ചില ശിക്ഷകൾ ചെയ്യും. അതായതു് കൂട്ടപ്പിഴകൾ. എന്താണു് സർ ഇവിടെ നടക്കുന്നതു്? അങ്ങു് പത്രത്തിൽ വായിച്ചില്ലേ? അച്ഛനെയും മകനെയും പിടിച്ചു കൊണ്ടു് പോയതു്. കേസ്സിൽ പ്രതിയാണെങ്കിൽ പിടിച്ചു കൊണ്ടു പോകട്ടെ. ഒരു കുട്ടിയെ കാണാതെ വന്നപ്പോൾ അച്ഛനെയും മകനെയും പിടിച്ചു കൊണ്ടു പോയി. അങ്ങയുടെ ഗവൺമെന്റിന്റെ സംസ്കാരം. അച്ഛനെയും മകനെയും നഗ്നരാക്കി നിറുത്തുക. എന്തൊരു പുതിയ വാസനയാണു് സർ ഇതു്. പോലീസ് എങ്ങോട്ടു് പോകുന്നുയെന്നു് നിങ്ങൾ ആലോചിക്കൂ. അച്ഛനെയും മകനെയും നഗ്നരാക്കി നിറുത്തി കൊണ്ടു് തല്ലുക, മർദ്ദിക്കുക ഇതല്ലേ നിങ്ങളുടെ പോലീസ് നയം. ഇതിനു് എന്തു നടപടികൾ നിങ്ങൾ സ്വീകരിച്ചു? വെടി വയ്പു് എത്രയാണു് സർ? സ്വയരക്ഷയ്ക്കു വേണ്ടി പോലീസിനു വെടിവയ്ക്കാമെന്ന തത്വശാസ്ത്രവുമായി ഇറങ്ങിയിരിക്കുന്നു വെടി വയ്പിനെ നീതീകരിക്കാൻ. പൊൻകുന്നത്തെ തൊഴിലാളികളുടെ നേരെ വെടിവച്ചപ്പോൾ, യാതൊരു പ്രകോപനവുമില്ലാതെ വെടി വച്ചപ്പോൾ പോലീസിനു് സ്വയരക്ഷക്കു് വെടിവയ്ക്കാമെന്നു്. ആകാശത്തേക്കു് വെടി വയ്ക്കുമ്പോൾ പുഷ്പം കൊള്ളുകയാണു് ഇപ്പോൾ ചെയ്യുന്നതു്. എന്തു നടപടികൾ നിങ്ങൾ സ്വീകരിച്ചു? നിങ്ങൾ നീതീകരിക്കാൻ ശ്രമിച്ചു. നീതീകരിക്കാൻ ശ്രമിച്ചതിന്റെ ഫലമെന്തു്? രാഷ്ട്രീയമല്ല ഇതിലുള്ളതു്. നാം ലജ്ജിക്കണം, ലജ്ജിച്ചു തല താഴ്ത്തണം. കേരളത്തിലെ സംസ്കാരത്തിനു് യോജിക്കാൻ കഴിയാത്ത രീതിയിൽ, നമ്മുടെ അന്തസ്സിനു യോജിക്കാത്ത രീതിയിൽ തങ്കമണിയിൽ നടന്ന സംഭവമെന്താണു്? അവിടത്തെ വെടിവയ്പിനെ സംബന്ധിച്ചു് ഇവിടെ അടിയന്തര പ്രമേയം ചർച്ച വന്നു. അന്നു് അദ്ദേഹം അതിനു മറുപടി നൽകി, പിന്നീടു് ഒരു ശുദ്ധ ക്ഷണിക്കൽ വന്നു. ശുദ്ധ ക്ഷണിക്കൽ വന്നപ്പോൾ ബഹുമാന്യനായ മന്ത്രി എന്തു പറഞ്ഞുവെന്നറിയാമോ? അതു് അതിശയോക്തിപരമാണു്. "സ്വൽപം എക്സസ്" വന്നു എന്നു് പറഞ്ഞു സർ, അങ്ങേക്കു് സഹോദരിയില്ലേ? അങ്ങേക്കു് മക്കളില്ലേ എനിക്കുണ്ടു് മക്കൾ, എനിക്കുണ്ടു് ഭാര്യ. എന്റെയോ അങ്ങയുടെയോ ഭാര്യയെയോ സഹോദരിയെയോ പോലീസുകാർ ബലാൽസംഗം ചെയ്താൽ

LIBRARY ARCHIVES Kerala Legislative Assembly

"സ്വൽപ്പം എക്സസ് ആണ്" എന്നാണോ നിങ്ങൾ പറയുന്നത് എന്നു ഞാൻ ചോദിക്കുന്നു. ഈ നിലപാടല്ലേ ഗവൺമെൻറ് സ്വീകരിച്ചത്. ഇന്ന് നിങ്ങൾ പറഞ്ഞില്ലേ ബലാൽസംഗം നടന്നില്ലായെന്ന്. ശ്രീ. ഉമ്മൻചാണ്ടിയോട് ചോദിക്കൂ. ശ്രീ. ഉമ്മൻ ചാണ്ടിയെ കാണിച്ചു കൊടുത്തു പാടുകൾ. ശ്രീ. ജോസ് കുറ്റിയാനിയോട് ചോദിക്കൂ നമ്മുടെ സഹോദരിമാരുടെ ശരീരത്തുണ്ടായിരുന്ന പാടുകൾ എവിടെയൊക്കെ ആയിരുന്നു എന്ന്. അവരുടെ ബ്ലൗസുകൾ കീറിയത്, അവരുടെ സാരി കീറിയത്, അവരെ ബലാൽസംഗം ചെയ്തത് ശ്രീ. മാണിയോട് ചോദിക്കൂ. നിങ്ങൾ നിങ്ങളുടെ ക്യാബിനറിൽ ശ്രീ. ജോസഫിനോട് ചോദിക്കൂ. എന്നിട്ട് ഇവിടെ ഇന്നും പറയുന്നു ബലാൽസംഗമുണ്ടായില്ലായെന്ന്. ആരാണ് ബലാൽസംഗത്തെക്കുറിച്ച് അന്വേഷിക്കുന്നത്. കുറ്റം ചെയ്ത ആളുകൾ തന്നെ അന്വേഷിക്കണം. കുറ്റക്കാരെ കൊണ്ട്, പ്രതിയെകൊണ്ട് അന്വേഷിപ്പിക്കുന്ന സംവിധാനമല്ലേ നിങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. ഇങ്ങനെയല്ലേ നമ്മുടെ നാട് പോകുന്നത്. രാജ്യങ്ങൾ തമ്മിൽ യുദ്ധമുണ്ടാകുമ്പോൾ, ചിലപ്പോൾ ഒരു പ്രദേശം കൈയടക്കിയാൽ ഇതുപോലെ ചില അതിക്രമങ്ങൾ സൈന്യങ്ങൾ കാണിക്കുമെന്ന് പണ്ടൊക്കെ ഞാൻ വായിച്ചിട്ടുണ്ട്, ഞാൻ കേട്ടിട്ടുണ്ട്. പക്ഷെ ഇതുവരെ ഞാൻ കേട്ടിട്ടില്ല പോലീസ് ഇങ്ങനെ വെടിവയ്പ് നടത്തിയിട്ട് ഒരു പ്രദേശം മുഴുവൻ വളയുക എന്നുള്ളത്. രാത്രി ഇലക്ട്രിസിറ്റിയില്ലാത്ത സ്ഥലത്ത്, മണ്ണെണ്ണ വിളക്കുമായി ഇരിക്കുന്നിടത്ത് ആ വിളക്കുകൾ ഊതിക്കെടുത്തിക്കൊണ്ട് പോലീസുകാർ ടാർച്ചടിച്ചു കൊണ്ട് കാണിച്ച കൊള്ളരുതായ്മകൾ, പട്ടാളക്കാരുപോലും ശത്രു രാജ്യങ്ങളോടുപ്പോലും ചെയ്യാത്ത കാര്യങ്ങൾ ഈ സംസ്ഥാനത്തെ പോലീസ് ഈ സംസ്ഥാനത്തെ നമ്മുടെ സഹോദരിമാരോട് കാണിച്ചിട്ട് പറയുന്നത് ബലാൽസംഗം നടന്നില്ലായെന്നാണ്. നിങ്ങൾക്ക് എവിടെ നിന്നുകിട്ടി ഈ റിപ്പോർട്ട്. അതാണ് ഞാൻ പറഞ്ഞത് നിങ്ങൾ ശ്രീ. ഉമ്മൻ ചാണ്ടിയോട് ചോദിക്കൂ, ശ്രീ. ജോസഫിനോട് ചോദിക്കൂ, ശ്രീ. മാണിയോട് ചോദിക്കൂ എന്നൊക്കെ. അങ്ങനെ നോക്കുമ്പോൾ ക്രമസമാധാനത്തിന്റെ സ്ഥിതി ഇപ്പോൾ എന്താണെന്നറിയാമോ ? നമ്മുടെ സഹോദരിമാർക്ക് പുറത്തിറങ്ങാൻ ഒക്കുന്നില്ല. പകൽ പുറത്തിറങ്ങാൻ ഒക്കുന്നില്ല. പകൽ ഒറ്റയ്ക്ക് ജീവിക്കാൻ, താമസിക്കാൻ ഒക്കുന്നില്ല. അതിക്രമങ്ങൾ, കൊലപാതകങ്ങൾ പിടിച്ചുപറി ഇതല്ലേ ഇവിടെ നടക്കുന്നത്. അതുകൊണ്ട് നിങ്ങളുടെ ക്രമസമാധാനം നന്നായിരിക്കുന്നു. വീട്ടിൽ കിടന്ന് സഹോദരിമാർക്ക് ഉറങ്ങാൻ പറ്റാതെ പോലീസുകാരുടെ കൂട്ടബലാൽസംഗം കൊണ്ട് ഈ നാടിനെ അപമാനിച്ചിരിക്കുകയാണ്. എന്ന വസ്തുത നമുക്കറിയാം. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇവിടെ ആരോ പറഞ്ഞു കുരുക്ഷേത്രത്തിൽവച്ച് കാണാമെന്ന്. കാണാം സർ. നിങ്ങൾ ഭിന്നിപ്പുണ്ടാക്കാൻ ശ്രമിച്ചാലും നടക്കുകയില്ല. നിങ്ങൾക്ക് അങ്ങനെ ഭിന്നിപ്പുണ്ടാക്കിക്കൊണ്ട് ജയിക്കാമെന്ന് ചില ധാരണകളുണ്ട്. ആളുകൾ മനപായസം കുടിക്കുകയാണ്. കുരുക്ഷേത്രത്തിൽ വച്ച് നമുക്ക് കാണാം. ഇതുപക്ഷ ജനാധിപത്യമുന്നണി ജയിക്കും. യാതൊരു സംശയവുമില്ല. വീണ്ടും അധികാരത്തിൽ വരും. കാരണം നിങ്ങളുടെ ഭരണം കൊണ്ട് ജനവിരോധം പൊറുതി മുട്ടിയിരിക്കുന്നു. നിങ്ങളുടെ അനുയായികൾ, നിങ്ങളുടെ അനുഭാവികൾ പോലും നിങ്ങളുടെ ഈ ദുർഭരണത്തിൽ പൊറുതി മുട്ടിയിരിക്കുന്നു. കേരളത്തിലെ ജനങ്ങൾക്ക് മനസാക്ഷിയുണ്ട്. രാഷ്ട്രീയ പ്രബുദ്ധതയുണ്ട്. ആ മനസാക്ഷിയിലും രാഷ്ട്രീയ പ്രബുദ്ധതയിലും വിശ്വസിച്ചുകൊണ്ട്, ആശ്രയിച്ചു കൊണ്ട് നമുക്ക് കാണാം കുരുക്ഷേത്രത്തിൽ വച്ച്. നിങ്ങളെ തോൽപ്പിച്ച് തറപറ്റിക്കും എന്നു മാത്രമേ എനിക്ക് പറയാനുള്ളു.

2/1924/S.

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ കെ. സി. ജോസഫ് : സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഏതാണ്ട് 33 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് ഇന്നിവിടെ കൊണ്ടുവന്നിട്ടുള്ളത്. ശ്രീ. ബേബിജോൺ സംസാരിച്ചപ്പോൾ അതിനെ എതിർത്തുകൊണ്ട് പറഞ്ഞു വക്കഫെ ബോർഡിനു 15 ലക്ഷം രൂപ കൊടുത്തിരിക്കുന്നു, ദേവസ്വത്തിനും അമ്പലങ്ങൾക്കും കൊടുത്തിരിക്കുന്നു. ഇതിനൊക്കെ എന്താണ് പ്രയോറിറ്റി എന്നു ചോദിക്കുകയുണ്ടായി. 33 കോടി രൂപ ഇവിടെ ഉപധനാഭ്യർത്ഥനയിൽ കൊണ്ടുവന്നതിനുശേഷം അതിൽ നിന്നും 15 ലക്ഷം രൂപയുടെ ഒരു ഐറ്റം എടുത്തിട്ടാണ് ഈ ഉപധനാഭ്യർത്ഥനകളുടെ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അദ്ദേഹം പറഞ്ഞത്. 33 കോടി രൂപകൊണ്ടുവന്നിരിക്കുന്നതിൽ 23 കോടി രൂപയും ഇവിടത്തെ വെള്ളപ്പൊക്കക്കെടുതികൾക്കായുള്ള ആശ്വാസപ്രവർത്തനങ്ങൾ നടത്താൻ വേണ്ടിയാണ്. 4 കോടി രൂപ ഇവിടത്തെ ട്രാൻസ്പോർട്ടിനു കൊടുക്കുന്ന ലോണാണ്. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഇവിടെ ടെക്സ്റ്റ് ബുക്കുകളുടെ ദൗർലഭ്യത്തെക്കുറിച്ച് സൂചിപ്പിച്ചു. അതു ഒഴിവാക്കാൻ ടെക്സ്റ്റ് ബുക്കുകൾ അച്ചടിപ്പിക്കാൻവേണ്ടിയാണ് 2 കോടി രൂപ കൊണ്ടുവന്നിട്ടുള്ളത്. ആ നിലയിൽ പ്രതിപക്ഷം തന്നെ സൂചിപ്പിച്ച പ്രയോറിറ്റികൾക്കുവേണ്ടിയാണ് ഈ സപ്ലിമെന്ററി ഡിമാൻറുകൾ മുഴുവൻ കൊണ്ടുവന്നിട്ടുള്ളത്. സർ, ഈ ഉപധനാഭ്യർത്ഥനകൾ കൊണ്ടുവരുമ്പോൾ കഴിഞ്ഞ നാലര വർഷത്തെ ഭരണത്തെ സംബന്ധിച്ചിടത്തോളവും, ഈ ഗവൺമെൻറ് കൈക്കൊണ്ട പ്രയോറിറ്റികളെ സംബന്ധിച്ചിടത്തോളവും പ്രതിപക്ഷത്തിനും ഭരണപക്ഷത്തിനും ഒരേ ധാരണയാണുള്ളത് എന്നു ഞാൻ വിശ്വസിക്കുകയാണ്. ഇവിടത്തെ ദുർബലജന വിഭാഗങ്ങൾക്കുള്ള പദ്ധതികൾക്കു മുൻതൂക്കം കൊടുക്കാനാണ് ഈ ഗവൺമെൻറ്, ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ്, കഴിഞ്ഞ കാലഘട്ടമൊക്കെയും ശ്രമിച്ചിട്ടുള്ളതെന്ന് ഓരോ പദ്ധതിയും വിശകലനം ചെയ്തു നോക്കിയാൽ നമുക്ക് കാണാൻകഴിയും. ഓരോ പദ്ധതിയുടെയും വിശദാംശങ്ങളിലേക്കു ഞാൻ കടക്കുന്നില്ല. ഹരിജന മേഖലയിലാകട്ടെ, ഗ്രാമവികസന മേഖലയിലാകട്ടെ, ഭവന നിർമ്മാണ പദ്ധതിയിലാകട്ടെ, ഇവിടെയെല്ലാംതന്നെ ദുർബലവിഭാഗങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ വേണ്ടിയാണ് ഈ ഗവൺമെൻറ് ശ്രമിച്ചിട്ടുള്ളത്. സർ, ഈ ഗവൺമെൻറ്, ശ്രീ. കെ. കരുണാകരൻ നേതൃത്വം കൊടുക്കുന്ന ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം, കേരളപ്പിറവി മുതൽ 1982 വരെ കേരളത്തിലൊട്ടാകെ ആകെ നിർമ്മിച്ചുകൊടുത്ത ഹരിജനങ്ങളുടെ ഭവനങ്ങളുടെ എണ്ണത്തെക്കാൾ അധികം ഭവനങ്ങൾ ഈ നാലര വർഷം കൊണ്ട് ഹരിജനങ്ങൾക്ക് നിർമ്മിച്ചുകൊടുക്കാൻ ഈ ഗവൺമെൻറിനു കഴിഞ്ഞു എന്നുവച്ചാൽ ഹരിജന മേഖലയോട് ഈ ഗവൺമെൻറിനുള്ള സമീപനമെന്താണെന്ന് നമുക്ക് കാണാൻ കഴിയും. പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ശ്രീ. ബേബിജോൺ പറഞ്ഞു. പ്രകടനപത്രികയിൽ പറഞ്ഞതിൽ 85 ശതമാനത്തോളം ഈ നാലര വർഷംകൊണ്ട് നടപ്പിലാക്കിക്കൊണ്ടാണ് ഈ ഗവൺമെൻറ് മുന്നോട്ടു പോകുന്നത്. പ്രകടനപത്രികയിലെ ഓരോ ഐറ്റം എടുത്തു പരിശോധിച്ചാലും ഈ നാലര വർഷത്തിനിടയിൽ ആ കാര്യങ്ങൾ മുഴുവനായി നടപ്പിലാക്കാൻ കഴിഞ്ഞുവെന്നു കാണാൻ കഴിയും. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നപ്പോൾ പ്രകടന പത്രികയിൽ ഓരോ കുടുംബത്തിനും സ്വന്തമായി വീട് എന്നുള്ള മുദ്രാവാക്യം ഈ മുന്നണി സ്വീകരിച്ചിരിക്കുന്നുവെന്ന്. ഈ ഗവൺമെൻറ് 1982-ൽ അധികാരത്തിൽ വന്നപ്പോൾ 32,000 വീടുകളാണ് ദുർബലജനവിഭാഗങ്ങൾക്കായി കേരളത്തിലൊട്ടാകെ എല്ലാ പദ്ധതികളിലുമായി നിർമ്മിച്ചു കൊണ്ടിരുന്നത്. ആ 32000 വീടുകൾ 1982-ൽ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മിച്ചുകൊണ്ടിരുന്ന ആ കാലഘട്ടത്തിൽ നിന്നും, ഒരു വർഷം ഇവിടെ ശ്രീ. സി. എഫ്. തോമസ് ചൂണ്ടിക്കാണിച്ചതുപോലെ ഒരൊറ്റ പദ്ധതി കൊണ്ടുമാത്രം ഒരുലക്ഷത്തിമുപ്പത്തിരണ്ടായിരം വീടുകൾ 8 മാസം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ ഈ ഗവൺമെൻറിനു കഴിഞ്ഞിരിക്കുന്നു. സർ, ദുർബലജനവിഭാഗങ്ങൾക്ക് ആ പദ്ധതിയുംപ്പെടെ ഒരു ലക്ഷത്തിമുപ്പത്തിരണ്ടായിരം വീടുകൾ ഒരു വർഷം നിർമ്മിക്കുന്ന രീതിയിലേക്ക് ഈ സംസ്ഥാനത്തെ എത്തിക്കാൻ കഴിഞ്ഞിരിക്കുന്നു. 32000-ൽ നിന്നും ഒരു ലക്ഷത്തിമുപ്പത്തിരണ്ടായിരത്തിലേക്കുള്ള വളർച്ചയുടെ ശതമാനം നമുക്ക് ഊഹിക്കാൻ കഴിയും. അതുപോലെ ശുദ്ധജലവിതരണകാര്യത്തിൽ ഇവിടത്തെ ഗ്രാമവികസന ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം വലിയ നേട്ടങ്ങൾ നേടിയിട്ടുണ്ട്. ഹരിജനങ്ങളുടെ ഭവന നിർമ്മാണത്തെ സംബന്ധിച്ചു പറഞ്ഞു. ഐ. ആർ. ഡി. പി. പദ്ധതി ഇവിടത്തെ ദരിദ്ര വിഭാഗങ്ങൾക്കുവേണ്ടി, ദാരിദ്ര മേഖലക്കു താഴെ സ്ഥിതി ചെയ്യുന്ന ദുർബല ജനവിഭാഗങ്ങളുടെ ജീവിതഭദ്രത ഉറപ്പു വരുത്താൻ വേണ്ടി നടപ്പിലാക്കി. കഴിഞ്ഞ കാലഘട്ടത്തിലുണ്ടായിരുന്ന ബാക്ലോഗ് മുഴുവൻ ഇക്കഴിഞ്ഞ കുറെ വർഷം കൊണ്ട് നികത്തി അതിൻറെ ലക്ഷ്യ പൂർത്തീകരണത്തിലേക്ക് എത്തുവാനും ഇവിടത്തെ ഗ്രാമവികസന ഡിപ്പാർട്ടുമെൻറിനു കഴിഞ്ഞു.

സർ, ഇവിടെ ശ്രീ. ബേബിജോൺ വ്യവസായ സമാധാനത്തെക്കുറിച്ചു പറയുകയുണ്ടായി. ഇവിടെ പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങളെക്കുറിച്ച് പല മെമ്പറൻമാരും പറയുകയുണ്ടായി. ചില സ്ഥാപനങ്ങൾ ഇനിയും തുറന്നു പ്രവർത്തിക്കാനുണ്ടെന്നുള്ള വസ്തുത ഈ ഗവൺമെൻറ് വിസ്മരിക്കുന്നില്ല. അവതസമയം ഈ കാലഘട്ടത്തിലാകെയുള്ളതും ഇതിനു മുമ്പുള്ള കാലഘട്ടവുമായി തട്ടിച്ചുനോക്കിയാൽ തൊഴിൽ സമരങ്ങൾ ഏറെവും കുറവുള്ളത് ഈ കാലഘട്ടത്തിലാണെന്നു കാണാൻ കഴിയും. പൂട്ടിക്കിടന്ന വ്യവസായസ്ഥാപനങ്ങൾ ഇത്ര അധികമായി തുറന്നു പ്രവർത്തിപ്പിക്കാൻ മറെറാരു കാലഘട്ടത്തിലും കഴിഞ്ഞിരുന്നില്ല. എന്ന വസ്തുതയും വിസ്മരിക്കുന്നില്ല. അങ്ങനെ ഓരോ ഡിപ്പാർട്ടുമെൻറിൻെറയും പ്രവർത്തനങ്ങൾ എടുത്തു പരിശോധിച്ചാൽ ഈ പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങൾ പൂർണ്ണമായി നടപ്പിലാക്കിക്കൊണ്ടാണ് ഈ ഗവൺമെൻറ് മുൻപോട്ടു പോകുന്നതെന്ന് മനസ്സിലാക്കാൻ കഴിയും. ഇവിടത്തെ നിയമസമാധാനത്തെക്കുറിച്ചാണ് ശ്രീ. ബേബിജോൺ അവസാനമായി പറഞ്ഞു നിറുത്തിയത്. സർ, തങ്കമണിയിൽ നടന്ന സംഭവങ്ങളെ സംബന്ധിച്ചിടത്തോളം .....

ശ്രീ. എ. സി. ഷൺമുഖദാസ് : കേരളാ കോൺഗ്രസ്സിൻെറ ജില്ലാ സെക്രട്ടറിയുടെ പ്രസ്താവനയിൽ തങ്കമണിയിൽ 40 സ്ത്രീകളെ ബലാൽസംഗം ചെയ്തുവെന്നാണ് പറഞ്ഞിരിക്കുന്നത്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമെന്താണ്.

ഡോ. കെ. സി. ജോസഫ് : സർ, തങ്കമണിയിൽ നടന്ന സംഭവങ്ങളെ സംബന്ധിച്ച് ഇവിടത്തെ എല്ലാ രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട ആളുകൾക്കും പൊതു അഭിപ്രായമാണുള്ളത്. അതിൽനിന്നും വ്യത്യസ്തമായ അഭിപ്രായം ഇവിടത്തെ ജനാധിപത്യമുന്നണിക്കോ, മുന്നണി ഗവൺമെൻറിനോ ഇല്ല. അതിലെ ഘടക കക്ഷികൾക്കുമില്ല. അവിടെ ചില തെറ്റായ പ്രവർത്തനങ്ങളുണ്ടായിയെന്ന് അഡ്മിറ്റു ചെയ്തുകൊണ്ടാണ് ഏതാനും ദിവസങ്ങൾക്കുമുമ്പ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

അതിനു നേതൃത്വം കൊടുത്ത സർക്കിൾ ഇൻസ്പെക്ടർ മുതലുള്ള ഉദ്യോഗസ്ഥൻമാരെ സസ്പെൻഡ് ചെയ്തത്. അവരുടെ പേരിൽ ക്രിമിനൽ നടപടി സ്വീകരിച്ചു.

ശ്രീ. ബേബിജോൺ : സർ, നമ്മുടെ മുഖ്യമന്ത്രി ഇന്നു കാലത്തു പറഞ്ഞു തങ്കമണിയിൽ ബലാൽസംഗം നടന്നിട്ടില്ലെന്ന്. നിങ്ങളുടെ പാർട്ടിയിലെ സെക്രട്ടറിതന്നെ 40 സഹോദരിമാരെ ബലാൽസംഗം ചെയ്തുവെന്ന് പറഞ്ഞിരിക്കുന്ന വിവരം മെമ്പർക്കറിയാമോ ?

ഡോക്ടർ കെ. സി. ജോസഫ് : സർ, അതിനെ സംബന്ധിച്ചിടത്തോളം അന്വേഷണം നടക്കുന്നു. തങ്കമണിയിൽ നടന്ന സംഭവങ്ങളെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു. ഓരോ വിഷയവും മുണ്ടാകുമ്പോഴും ആ വിഷയത്തോടുള്ള സമീപനമാണ് പ്രശ്നം. സർ, മലപ്പുറം ജില്ലയിലെ വെടിവയ്പുണ്ടായപ്പോഴും അവിടെ വെടി വച്ച പോലീസ് ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്തു സമീപനമായിരുന്നു ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ചിരുന്നത് ? ഇപ്പോഴും തങ്കമണിയിൽ നടന്ന സംഭവങ്ങളുടെ മേൽ ഈ ഗവൺമെന്റ് സ്വീകരിച്ച സമീപനമെന്തായിരുന്നു?

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ഡോക്ടർ സംഭവങ്ങളെക്കുറിച്ചു പറഞ്ഞു. മലപ്പുറത്തുണ്ടായ വെടിവയ്പിൽ ആട് മേയ്ച്ചു നടന്ന ഒരു 6 വയസ്സായ പിഞ്ചു കുട്ടിയുടെ നെഞ്ചത്തു വെടിയേറ്റു. ശ്രീ. മാണിയും ജോസഫുമൊക്കെ അവിടെ പോയ കാര്യം പറഞ്ഞു. ഏതെങ്കിലുമൊരു ഇടതുപക്ഷമുന്നണിയുടെ ഒരു മന്ത്രി ആ സ്ഥലം സന്ദർശിച്ചോ? ആ പരിക്കേറ്റ ആളുകളുടെയോ അല്ലെങ്കിൽ വെടിവയ്പിൽ മരിച്ച ആളുകളുടെയോ വീട്ടിൽ ആഭ്യന്തരവകുപ്പുമന്ത്രി പോയില്ല. ആശുപത്രിയിലും പോയില്ല. ആ പിഞ്ചു കുട്ടിയുടെ വീടുപോലും സന്ദർശിച്ചില്ല. അതുകൊണ്ട് സമീപനത്തെക്കുറിച്ചു പറയുമ്പോൾ അക്കാര്യം കൂടി ഒന്ന് വ്യക്തമാക്കിയാൽ കൊള്ളാം.

ഡോക്ടർ കെ. സി. ജോസഫ് : സർ, അതിക്രമങ്ങൾ ഏതു രേണകാല ഘട്ടത്തിലും ഉണ്ടാകും. ചില ഉദ്യോഗസ്ഥൻമാർ അതിക്രമങ്ങൾ കാണിച്ചിട്ടുണ്ട്. ഏതു ഗവൺമെൻറിന്റെ കാലത്തും ഉദ്യോഗസ്ഥൻമാർ വഴിവിട്ട് പ്രവർത്തിച്ചിട്ടുണ്ട്. അങ്ങനെ വഴിവിട്ടു പ്രവർത്തിക്കുമ്പോൾ ഓരോ ഗവൺമെൻറും അതിനു നേരെ സ്വീകരിക്കുന്ന സമീപനമാണ് മുഖ്യമായിട്ടുള്ളത്. ഇവിടെ വഴിവിട്ട ചില നടപടികൾ ഉണ്ടായി എന്ന് പ്രാഥമിക റിപ്പോർട്ടു കിട്ടിയ ദിവസം തന്നെ അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ സസ്പെൻഡ് ചെയ്തു. ക്രിമിനൽ നിയമപ്രകാരം അതിന്റെ കേസു ചാർജു ചെയ്തിട്ടുണ്ട്. അവരെ കുറ്റവാളികളായി മാറ്റാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറായി. ഫർതർ എൻക്വയറി നടന്നു കൊണ്ടിരിക്കുകയാണ്. റേപ്പ് നടന്നതായി ബോദ്ധ്യപ്പെട്ടാൽ റേപ്പിന്റെ പേരിലും കേസ് ചാർജു ചെയ്യുന്നതായിരിക്കും. പ്രാഥമിക റിപ്പോർട്ടു വച്ചു കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ക്രിമിനൽ കുറ്റവാളികളായി അവരെ ചാർജു ചെയ്തിരിക്കുകയാണ്. മലപ്പുറത്തു വെടിവയ്പുണ്ടായപ്പോഴും എന്തു കേസ് ചാർജു ചെയ്തു ? ആ ഉദ്യോഗസ്ഥൻമാരുടെ മേൽ എന്തു നടപടി സ്വീകരിച്ചു ? അതാണ് ഇടതുപക്ഷമുന്നണിയും മുന്നണി ഗവൺമെൻറുമായിട്ടുള്ള വ്യത്യാസം. പ്രവർത്തനങ്ങളിൽ തെറ്റുണ്ടെന്നു കണ്ടാൽ ഉടനെ നടപടി സ്വീകരിക്കണം,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. താമരാക്ഷൻ : സർ, തങ്കമണിയിൽ ബലാൽസംഗത്തിനു വിധേയരായ നമ്മുടെ സഹോദരിമാർ, അവരുടെ ഭാവിയെ കരുതി അവർ പരസ്യമായി ബലാൽസംഗം ചെയ്യപ്പെട്ടു എന്നു പുറത്തു പറയുകയില്ലായെന്ന് മെമ്പർക്കറിയാമോ ?

ഡോക്ടർ കെ. സി. ജോസഫ് : സർ, ഞാൻ അത്ര വിശദമായ ചർച്ചയിലേക്ക് കടക്കുന്നില്ല. ഞാൻ പറഞ്ഞത് ഇവിടെ നടന്ന നടപടിക്രമങ്ങളെ സംബന്ധിച്ചിടത്തോളം വിശദമായ അന്വേഷണം നടത്താൻ ഗവൺമെൻറ് ഉത്തരവിട്ടിരിക്കുന്നുവെന്നാണ്. ഗവൺമെൻറ് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. പോലീസ് ഐ. ജി. അല്ല അന്വേഷണം നടത്തുന്നത്. അദ്ദേഹം പ്രാഥമിക അന്വേഷണം നടത്താൻ പോയതാണ്. അദ്ദേഹം പ്രാഥമിക റിപ്പോർട്ടാണ് കൊടുത്തത്. ഐ. ജി. ആണോ അന്വേഷണം നടത്തുന്നത് ? അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമ്പോൾ പറയുമല്ലോ ? ഏതായാലും അന്വേഷണം നടത്തുന്നത് പോലീസ് ഐ. ജി. അല്ലെന്ന് നമുക്കറിയാം. അദ്ദേഹം പ്രാഥമിക റിപ്പോർട്ടുകൂടി ശേഖരിക്കാൻ വേണ്ടി പോയതാണ്. ജുഡീഷ്യൽ എൻക്വയറി നടത്തിയാൽ റേപ് പ്രൂവ് ചെയ്യാൻ സാധിക്കുമോ ? അത് മെഡിക്കൽ എക്സാമിനേഷൻ നടത്തിയാൽ മാത്രമേ സാധിക്കുകയുള്ളൂ. റേപ് നടന്നോ, നടന്നില്ലയോ എന്നുള്ള വിഷയത്തിലേക്കല്ല ഞാൻ കടക്കുന്നത്. റേപിനെ സംബന്ധിച്ചിടത്തോളം പല ഡെഫനിഷൻസ് ഉണ്ട്. ഞാൻ അതിലേക്ക് കടക്കുന്നില്ല. റേപ് അറൗപ്റ്റ് ആണോ, അതോ, അതിൽ കവിഞ്ഞതാണോ എന്നുള്ളതിനെ സംബന്ധിച്ചിടത്തോളമുള്ള ഡെഫനിഷൻസ് ഒക്കെ ഉണ്ടായി. അതിപ്പോൾ ഇവിടെ വച്ച് ഡിസ്കസ് ചെയ്യേണ്ടതല്ല. അതൊരു ഗഹനമായ വിഷയമായതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ഞാൻ അതിനെക്കുറിച്ചുള്ള വിശദമായ അന്വേഷണത്തിന്റെ പ്രാഥമിക റിപ്പോർട്ട് ലഭിച്ചാൽ അതനുസരിച്ചുള്ള നടപടി സ്വീകരിക്കും. ഈ ഗവൺമെൻറിന്റെ സമീപനമെന്താണെന്നുവച്ചാൽ നിയമസമാധാന വാഴ്ച ഉറപ്പു വരുത്തുകയെന്നുള്ള ഒരു അടിസ്ഥാനത്തിൽ, പ്രമാണത്തിൽനിന്നുകൊണ്ടു തന്നെയാണ് ഈ മുന്നണി ഗവൺമെൻറ് നീങ്ങുന്നത്. അതിൽനിന്ന് യാതൊരു വിട്ടുവീഴ്ചയും ഈ മുന്നണിക്കുണ്ടാകുകയില്ല. അതിൽ നിന്നുകൊണ്ടു മാത്രമേ ഈ മുന്നണി മുന്നോട്ടു പോകുകയുള്ളൂ എന്ന് ഉറപ്പായി പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കൂടാതെ ദുരിതാശ്വാസ പ്രവർത്തനത്തിനുവേണ്ടി 21 കോടി രൂപ നീക്കിവച്ചുവെന്ന് പറഞ്ഞപ്പോൾ ശ്രീ. എ. സി. ഷൺമുഖദാസ് ചോദിക്കുകയുണ്ടായി വഴി വിട്ട് ചെലവാക്കാനാണോയെന്ന്. സർ, കഴിഞ്ഞ പ്രാവശ്യം ഇവിടെ കിട്ടിയ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളവും, ആർക്കും ആക്ഷേപം ഉന്നയിക്കാൻ കഴിയുകയില്ലെന്ന് അദ്ദേഹത്തിനു തന്നെ അറിയാവുന്നതാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പു മന്ത്രി ചോദ്യോത്തരവേളയിൽ അതിന് വളരെ വ്യക്തമായി മറുപടി പറഞ്ഞതാണ്. ഓരോ വകുപ്പുകളിലും ഇനം തിരിച്ചുള്ള തുക അതാത് ഇനങ്ങളിൽ തന്നെയാണ് ചെലവാക്കിയത്. അതാത് ഇനങ്ങളിൽ ചെലവാക്കിയെന്ന് മാത്രമല്ല, ഫലപ്രദമായി വിനിയോഗിക്കുവാനും നടപടികളും സ്വീകരിച്ചു. ഉദാഹരണമായി വെള്ളപ്പൊക്കദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി 15 കോടി രൂപ സ്റ്റാന്റഡ് ടീം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെൻറ് തന്നപ്പോൾ ആ 15 കോടി രൂപ വെറുതെ ജനങ്ങൾക്ക് നൽകിക്കൊണ്ട് അത് ഫലപ്രദമല്ലാതെ പോകുവാൻ വേണ്ടിയല്ല ഈ ഗവൺമെൻറ് നടപടികളും സ്വീകരിച്ചത്. ആ 15 കോടി രൂപ 1,500 രൂപവീതം ഒരു ലക്ഷം കുടുംബങ്ങൾക്ക് സൗജന്യമായി നൽകിയതിനു പുറമേ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നു 45 കോടി രൂപയുടെ കടമെടുത്തുകൊണ്ട് അത്

LIBRARY ARCHIVES Kerala Legislative Assembly

4,500 രൂപ വീതം സൗജന്യ പലിശ നിരക്കിൽ ലോണായി ആശംക്കാർക്ക് കൊടുത്തു. ആ നിലയിൽ അവരെ ശാശ്വതമായി പുനരുദ്ധരിക്കാൻ, അവരെ റിഹാബിലിറ്റേറ്റ് ചെയ്യുവാനാവശ്യമായ അടിസ്ഥാനപരമായ സമീപന മാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് വേണ്ടി മൊത്തമായി കൈക്കൊണ്ട സമീപനം അതാണ്. വെള്ളപ്പൊക്കത്തെ കുറിച്ച് പഠിക്കുവാനായി വന്ന സ്റ്റഡി ടീം അംഗങ്ങൾ ഇത്തവണ വെള്ള പ്പൊക്ക ദുരിതാശ്വാസം ഉണ്ടായ സ്ഥലങ്ങൾ സന്ദർശിച്ചപ്പോൾ കഴിഞ്ഞ വർഷം നടന്ന പ്രവർത്തനങ്ങൾ ഇവർ നേരിട്ട് കണ്ടതാണ്. അവർ ഇവിടെ വന്നതിനു ശേഷം അവരോടൊപ്പം എല്ലാ സ്ഥലങ്ങളും ഞാൻ നേരിട്ടു കണ്ടു. എന്റെ സ്ഥലത്തിൽ പോയപ്പോൾ ഞാൻ കൂടെ പോയതാണ്. അതിനുശേഷം അവർ എന്നോടു തന്നെ വ്യക്തമായി പറഞ്ഞു ഇത്ര മനോഹരമായി, ഇത്ര നന്നായി പ്രവർത്തനങ്ങൾ മറ്റൊരു സംസ്ഥാനത്തും നടത്തിയിട്ടില്ലായെന്ന്. ഈ സംസ്ഥാനത്തിന്റെ മൊത്തമായ താൽപ്പര്യത്തിന് വിരുദ്ധമായി പ്രചരണ ങ്ങൾ നടത്തി, കിട്ടുന്ന തുക ദുർവിനിയോഗം ചെയ്യുന്നുവെന്ന പ്രചരണം രാഷ്ട്രീയമായ കാരണങ്ങളാൽ നടത്തിക്കൊണ്ട്, ഈ സംസ്ഥാനത്തെ സഹായി ക്കുവാൻ എന്തെങ്കിലും താൽപര്യം കേന്ദ്ര ഗവൺമെന്റിന്, ഉണ്ടെങ്കിൽ അത് ഇല്ലാതാക്കുന്ന പ്രവണത ഇനിയെങ്കിലും അവസാനിപ്പിക്കണമെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. നമ്മൾ തന്നെ നമ്മുടെ കുളം തോണ്ടുന്ന ഈ പ്രചരണം നിർത്തി ഈ സംസ്ഥാനത്തിന് ദോഷകരമായ പ്രസ്താവനകളിൽ നിന്നും പ്രചരണങ്ങളിൽ നിന്നും മാറി നിന്നുകൊണ്ട്, ഈ സംസ്ഥാനത്തിന്റെ മൊത്തമായ വികാസത്തിനുവേണ്ടി രാഷ്ട്രീയ പരി ഗണന മാറ്റി വച്ചുകൊണ്ട് ഒന്നിച്ചു പോകുവാനായി കഴിഞ്ഞില്ലെങ്കിൽ ഇവിടെ കൂടുതൽ സാമ്പത്തിക സഹായത്തെക്കുറിച്ച് പറയുന്നതിൽ കാര്യ മില്ല എന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. സർ, നേരത്തെ ഇവിടെ വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ചിടത്തോളം ചില കാര്യങ്ങൾ പറയുകയുണ്ടായി. ശ്രീ. ടി. എം. ജേക്കബ് അദ്ദേഹത്തിന്റെ സ്വാർത്ഥമായ ലക്ഷ്യത്തിന് വേണ്ടിയാണ് ചില പരിഷ്ക്കാരങ്ങൾ കൊണ്ടു വരുന്നതെന്നുള്ള സൂചനയോടുകൂടിയ ചില പരാമർശങ്ങൾ ഉണ്ടായി. ഇത് ശ്രീ. ടി. എം. ജേക്കബിന്റെ മാത്രം പരിഷ്കാരമായിരുന്നില്ല. ഒരു കാര്യ ത്തിൽ ആത്മാർത്ഥമായി ജേക്കബിനും ഈ ഗവൺമെന്റിനും അഭിമാനി ക്കാൻ കഴിയും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇവി ടത്തെ വിദ്യാർത്ഥികൾക്ക്, സ്കൂൾ അദ്ധ്യാപകർക്ക്, കോളേജ് അദ്ധ്യാ പകർക്ക് അങ്ങനെ വിദ്യാഭ്യാസമേഖലയിൽ ഉള്ള എല്ലാവർക്കും പ്രയോജനക രമായ നിരവധി നേട്ടങ്ങൾ ഈ ഡിപ്പാർട്ടുമെന്റിന് ഉണ്ടാക്കുവാനായി കഴിഞ്ഞി ട്ടുണ്ട്. സ്കൂൾ അദ്ധ്യാപകർക്കാകട്ടെ, കോളേജ് അദ്ധ്യാപകർക്കാകട്ടെ, ഇത്രമാത്രം ആനുകൂല്യം മറ്റ് ഏതെങ്കിലും കാലഘട്ടത്തിൽ കേരളം ഉണ്ടായതി നുശേഷം നൽകിയ ഒരു ഗവൺമെന്റുണ്ടോ ? ആ നിലയിൽ അവരുടെയെല്ലാം ആവശ്യങ്ങൾ നടപ്പിലാക്കിക്കൊടുത്ത ഒരു ഗവൺമെന്റാണ് ഇത്. നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായ ശ്രീ. ടി. എം. ജേക്കബാണ് ഇത്തരത്തിലുള്ള ആനുകൂല്യങ്ങൾ കൊടുത്തത്. ഇവിടെ ഈ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി നിന്നുകൊണ്ട്, ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ്, ഈ ഐക്യജനാധിപത്യമുന്നണി ഒറ്റക്കെട്ടായി എടുക്കുന്ന തീരുമാനങ്ങൾ മാത്രമേ ഇവിടെ നടപ്പാക്കുകയുള്ളൂ. അല്ലാതെ ജേക്കബിന്റെ സ്വാർത്ഥപരമായ ഒരു നടപടിയും ഇവിടെ ഉണ്ടാകുകയില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ഒറ്റക്കെട്ടാണോ ? അതോ കേരളാ കോൺ ഗ്രസ്, കോൺഗ്രസ് ഐ-യിൽ ലയിക്കാൻവേണ്ടി തീരുമാനിച്ചോ ?

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ കെ. സി. ജോസഫ് : ഞങ്ങൾ ലയിക്കുകയില്ല. മുന്നണിയിലെ ഘടകകക്ഷികൾ ലയിച്ചു എന്ന തോന്നത്തക്കരീതിയിലുള്ള ഒരു മുന്നണിയാണിത്. അത്രമാത്രം ഐക്യത്തോടുകൂടിയാണ് ഈ മുന്നണി പോകുന്നത്. പലർക്കും തോന്നിയേക്കാം ലയനമാണോയെന്ന്. അത്രമാത്രം ആശയ ഐക്യത്തോടുകൂടി ഞങ്ങൾ മുന്നോട്ടു പോകും. കേരളാ കോൺഗ്രസ് പാർട്ടിയുടെ ചെയർമാൻ ശ്രീ. പി. ജെ. ജോസഫും പാർലമെന്ററി പാർട്ടി ലീഡർ ശ്രീ. കെ. എം. മാണിയും വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്, കേരളാ കോൺഗ്രസ് അതിന്റെ വ്യക്തിത്വം നിലനിർത്തിക്കൊണ്ടു സംസ്ഥാനത്തിന്റെ മൊത്തമായ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി നിൽക്കുമെന്ന്. ഐക്യജനാധിപത്യ മുന്നണിയെ ശക്തിപ്പെടുത്തി, ഐക്യ ജനാധിപത്യ മുന്നണിയെ വീണ്ടും അധികാരത്തിലേറ്റുവാനുള്ള യജ്ഞത്തിൽ മുന്നണിയിലെ പങ്കാളികളായി, അതോടൊപ്പം സ്വന്തം വ്യക്തിത്വം നിലനിർത്തികൊണ്ട് ഈ പാർട്ടി മുന്നോട്ടു പോകുകയും ചെയ്യുമെന്ന് പറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ഈ സപ്ളിമെന്ററി ഡിമാൻഡിനെ ഞാൻ എതിർക്കുന്നു. 33 കോടി രൂപ ആവശ്യപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ഇത് ഈ സഭയോട് ചോദിക്കാൻ അവകാശമില്ല. കാരണം, 168 കോടി രൂപ മിച്ചമുണ്ടെന്നേ അദ്ദേഹം തന്നെ ഇവിടെ പറയുകയുണ്ടായി. സർ, സാധാരണ 1-ാം തീയതി ലീവാണെങ്കിൽ 31-ാം തീയതി ശമ്പളം വിട്രാ ചെയ്യാം. എന്നാൽ ഇക്കുറി ദീപാവലി 1-ാം തീയതിയായിരുന്നു. 2-ാം തീയതി ഞായറാഴ്ച. അതുകൊണ്ട് 3, 4, 5, തീയതികളിലാണ് ഈ ശമ്പളം വിട്രാ ചെയ്യാൻ സാധിച്ചത്. പല ഡിപ്പാർട്ടുമെന്റുകളോടും ബില്ലുകൾ മാറരുതെന്ന് ഗവൺമെന്റ് നിർദ്ദേശം കൊടുക്കുകയും ചെയ്തു. മുഖ്യമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, മുൻ ധനകാര്യ വകുപ്പുമന്ത്രി, ഈ മൂന്നു പേരും ഇപ്പോഴത്തെ പൊസിഷനെക്കുറിച്ച് ഇവിടെ വ്യക്തമാക്കണം. 100 കോടി രൂപ ലോങ്ങ് ടേമിൽ ഡെപ്പോസിറ്റ് വാങ്ങിയിട്ടുള്ള നാഷണലൈസ്ഡ് സ്കീമിൽ 50 കോടി രൂപ നിങ്ങളുടെ കൈവശം കിട്ടിയെന്നാണ് പറയുന്നത്. അത് ദീർഘകാലമെന്നാണ് പറയുന്നത്. കൂടാതെ പഞ്ചായത്തുകളൊന്നും പ്രവർത്തിക്കണ്ടെന്നുള്ള നിർദ്ദേശം കൊടുത്തിരിക്കുകയാണ്. ആ പണം ട്രഷറിയിൽ വച്ച് വേസ് ആൻഡ് മീൻസ് പൊസിഷൻ മെച്ചപ്പെടുത്താൻ ഉപയോഗിക്കുകയാണ് ചെയ്യുന്നത്. അത്തരത്തിൽ പാപ്പരായ ഒരു ഗവൺമെന്റ്; സപ്ളിമെന്ററി ഡിമാൻഡിൽ കൊണ്ടുവന്നത് എന്താണ്? ശ്രീ. ജോസഫ് ഇവിടെ പറയുകയുണ്ടായി 21 കോടി രൂപ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനത്തിനുവേണ്ടി ചെലവഴിച്ചെന്ന്. ഞാൻ പറയുന്നു, ഈ ഗവൺമെന്റ് വഴിവിട്ട് ചെലവാക്കിയതിന്റെ ഫലമായി, മേലിൽ ഈ സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തോട് ഈ കാര്യങ്ങൾ ചോദിച്ചാൽ അതിന്റെ നിജസ്ഥിതിയെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവൺമെന്റ് തീർച്ചയായും ഈ ഗവൺമെന്റിനു അനുകൂലമായ നിലപാടെടുക്കുകയില്ലെന്ന് ഖേദപ്പെടണമെന്ന്. വില്ലേജാഫീസ് പുതുതായി പണിതാൽ അത് എങ്ങനെയാണ് വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയാകുന്നത്? കേന്ദ്രത്തിൽ നിന്നു വന്ന പാനസംഘം വരേണ്ടതില്ലായിരുന്നുവെന്ന് ഈ സംസ്ഥാനത്തെ മുഖ്യമന്ത്രി തന്നെ ഒരു ആത്മഗതം നടത്തിയതായി പത്രവാർത്തകൾ വന്നതിനെ സംബന്ധിച്ച് അറിയാമോ? സർ, ഒലിച്ചുപോയ വില്ലേജാഫീസ് പുതുക്കിപണിയാനും തകർന്നുപോയ വില്ലേജാഫീസ് മെയിൻറനൻസ് ചെയ്യാനും ദുരിതാശ്വാസ പ്രവർത്തന നിധിയിൽ നിന്ന് കിട്ടിയ പണമാണ് ഉപയോഗിക്കുന്നത്. അതിപ്പോൾ എടുത്ത് ചെലവഴിച്ചിരിക്കുകയാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ ശ്രീ. തോപ്പിൽ രവി)

ഉരുംപൊട്ടിയാൽ മലയോരത്തു വീടുണ്ടാക്കുക, കടലോരത്തു വീടുണ്ടാക്കുക, പുതിയ കെട്ടിടങ്ങളുണ്ടാക്കുക, തുടങ്ങിയ ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ട പണം ഗവൺമെൻറ് എടുത്ത് മറ്റു വിധത്തിൽ ഉപയോഗിച്ചിരിക്കുകയാണ്. ഇത്തരത്തിൽ ഈ ഗവൺമെൻറ് ദുരുപയോഗം നടത്തിയാൽ അക്കൗണ്ടൻറ് ജനറലിൻെറ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കിട്ടുകയില്ല. അതുകൊണ്ടു കക്ഷിരാഷ്ട്രീയമൊന്നുമല്ല, ശ്രീ. ജോസഫ്. നമ്മുടെ രാഷ്ട്രീയ വാഗ്വാദം കൊണ്ടു കേന്ദ്ര ഗവൺമെൻറ് ബോദ്ധ്യപ്പെടുകയും ചെയ്യുമെന്നതു തന്നെയാണ് പ്രശ്നം. കേന്ദ്ര ഗവൺമെൻറിൽ ഉദ്യോഗസ്ഥനുണ്ട്. അദ്ദേഹം ഇതിനെക്കുറിച്ച് പരിശോധിക്കും. ഞാൻ ഇതിൽ കുറ്റം ആരോപിക്കുകയാണ്. കേരളാ എ. ജി. മനസ്സാക്ഷിയോടുകൂടി ഇത് പരിശോധിച്ചാൽ സംസ്ഥാന ഗവൺമെൻറ് ദുരുപയോഗപ്പെടുത്തിയെന്ന് റിപ്പോർട്ട് ചെയ്യും. നിങ്ങൾക്കാവശ്യമായ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് അദ്ദേഹത്തിൽനിന്ന് കിട്ടുകയുമില്ല. നിങ്ങൾക്ക് കിട്ടിയെന്ന് പറയാൻ സാധിക്കുമോ ? സർ, ഞാൻ അത് വിശദീകരിക്കുന്നില്ല. ഇവിടെ പ്രധാനപ്പെട്ട മൂന്നു കാര്യങ്ങൾക്കു കൂടി തുക മോടിച്ചിട്ടുണ്ട്. ഒന്നാമത് പോലീസിന്, രണ്ടാമത് ദേവസ്വം ബോർഡിന് വേണ്ടി, മൂന്നാമതായി മലബാറിലെ ഹിന്ദു ദേവാലയങ്ങളെ പുതുക്കി പണിയാൻ വേണ്ടി. പക്ഷേ മുഖ്യമന്ത്രി ഈ അമ്പലങ്ങളിൽ പോയി അയ്യായിരവും, ആയിരം രൂപയുമൊക്കെ അമ്പലങ്ങൾക്കുവേണ്ടി സംഭാവന ചെയ്യണമോ ? അലഹബാദിലെ ശ്രീശങ്കര വിമാന നിർമ്മാണ സമിതിക്കു വേണ്ടി ഈ ഗവൺമെൻറ് സപ്പെഷ്യൽ കേസായി ഒരു ലക്ഷം രൂപ ഡൊണേഷൻ കൊടുത്തിരിക്കുകയാണ്.

ഡോക്ടർ കെ. സി. ജോസഫ് : ബഹുമാനപ്പെട്ട ഷൺമുഖദാസ് ഉത്തരവാദപ്പെട്ട ഒരു പാർട്ടി നേതാവാണല്ലോ. സമയം കിട്ടുമെങ്കിൽ മറ്റ് പ്രളയബാധിത പ്രദേശങ്ങളിൽ കൊടുത്തിരിക്കുന്ന പണം എങ്ങനെയാണ് ചെലവാക്കിയത് എന്നൊന്ന് നോക്കിയതിനുശേഷം അതുമായി ഒന്ന് താരതമ്യം ചെയ്താൽ എത്ര ഫലപ്രദമായിട്ടാണ്. ഇവിടെ ചെലവാക്കിയതെന്ന് കാണാൻ കഴിയും.

ശ്രീ. എ. സി. ഷൺമുഖദാസ് : ഞാൻ എൻെറ നിയോജകമണ്ഡലത്തിൽ കൂട്ടിക്കൊണ്ടു പോയി തെളിയിക്കാം. അന്വേഷണം നടത്തുമോ ? വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിപ്പിക്കാൻ ഒരു അന്വേഷണ കമ്മീഷനെ വയ്ക്കുമോ ? ഞാൻ അത് തെളിയിച്ചു തരാം. ഈ ഗവൺമെൻറ് ഇവിടെ പണം ദുരുപയോഗപ്പെടുത്തിയിരിക്കുകയാണ് ചെയ്യുന്നത്. കുടാതെ നടപടിക്രമങ്ങളെ ലംഘിച്ചിരിക്കുന്നു, ചൂഷണം ചെയ്തിരിക്കുന്നു വേണമെങ്കിൽ ഞാൻ തെളിയിച്ചു തരാം.

ശ്രീമതി കെ. ആർ. ഗൗരി : ഡോക്ടർ ജോസഫിൻെറ കോൺസ്റ്റിറ്റ്യുവൻസിയിൽ പുതിയ റോഡുണ്ടാക്കിയപ്പോൾ ഞങ്ങളുടെയെല്ലാം നിയോജകമണ്ഡലങ്ങളിലെ ഒലിച്ചുപോയ റോഡുപോലും നന്നാക്കിയിട്ടില്ല എന്നുള്ള വസ്തുതയറിയാമോ ?

ശ്രീ എ. സി. ഷൺമുഖദാസ് : ഡോക്ടർ ജോസഫ് പല്ലുകുത്തി മണപ്പിക്കേണ്ട. പല്ല് കുത്തി മണപ്പിച്ചാൽ അപകടമാണ്. അത് ഈ സംസ്ഥാനത്തെ താല്പര്യത്തിനപകടമാണ്. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം അതിൻെറ രാഷ്ട്രീയമായ നിലനിൽപ്പിനെ പ്രതികരിക്കുന്ന ഒരു സപ്ളിമെൻററി ഡിമാൻറാണ് ഇത്. ഈ സംസ്ഥാനത്ത് എന്തെല്ലാം പ്രശ്നങ്ങളുണ്ട് ? വ്യവസായവകുപ്പുമന്ത്രി ശ്രീ. ഇ. അഹമ്മദ് കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ദിവസം മറുപടിയിൽ പറഞ്ഞു. ഈ ഗവൺമെൻറ് വന്നതിനുശേഷം 2,800 പേർക്കേ ജോലി കൊടുത്തിട്ടുള്ളൂ എന്ന് (ഈ ഗവൺമെൻറ് വന്നതിനു ശേഷം തുടങ്ങിയ വ്യവസായങ്ങളിൽ). എന്നാൽ മുഖ്യമന്ത്രി ഇവിടെ ഒരു ലക്ഷം, രണ്ടു ലക്ഷമെന്നൊക്കെ പറഞ്ഞു എന്തായാലും ശരി ആർ. എൽ. ഇ. ജി. പി. എൻ. ആർ. ഇ. പി. ഇതൊക്കെ കേന്ദ്രഗവൺമെൻറിൻെറ സ്കീമുകളാണ്. ഈ രാജ്യത്തെ കർഷകത്തൊഴിലാളികൾക്കും ഭാഗികമായിട്ടുള്ള കർഷകത്തൊഴിലാളികൾക്കും ജോലി കൊടുക്കാനുള്ള സ്കീമാണ് വേണ്ടത്. ഇവിടത്തെ പ്രശ്നം എന്താണ് ? അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവർക്ക്. 2,800 പേർക്ക് ജോലി കൊടുത്തു എന്നാണ് വ്യവസായ വകുപ്പുമന്ത്രി പറഞ്ഞത്. കഴിഞ്ഞ 30 കലണ്ടറുകളിൽ കേരളത്തെ സംബന്ധിച്ചിടത്തോളം 29,594 പേർക്ക് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലൂടെ അഡൈസ് കൊടുത്തതാണ്. എന്നാൽ ഈ ഗവൺമെൻറ് വന്നതിനുശേഷം 1984-ൽ അത്, 18,361 ആയി ചുരുങ്ങിയിരിക്കുന്നു. ഇവിടെ മുഖ്യമന്ത്രി ആർ. എൽ. ഇ. ജി. പി. യിലൂടേയും, ഐ. ആർ. ഡി. പി. യിലൂടെയും കർഷകത്തൊഴിലാളികൾക്ക് ജോലി കൊടുത്തു എന്ന കണക്ക് പറഞ്ഞു. തൊഴിലാളികളുടെ കണക്ക് പറയുമ്പോൾ, കേരളത്തിലെ ഏറ്റവും വലിയ പ്രശ്നം അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയാണെങ്കിൽ, അത് 31-12-1980-ൽ (പതിനഞ്ച് ലക്ഷത്തി എഴുപത്തിയൊൻപതിനായിരമായിരുന്നത് 1984-ൽ എത്തിയപ്പോൾ ഇരുപത്തിനാല് ലക്ഷമായി കൂടിയിരിക്കുകയാണ്. 10 ലക്ഷം കൂടിയിരിക്കുന്നു ; ഏകദേശം മുക്കാൽഭാഗം കൂടിയിരിക്കുകയാണ്. എന്നിട്ടും തൊഴിലില്ലായ്മക്കുവേണ്ടി പണമില്ല. ഇവിടെ ആകെ ചോദിച്ചിരിക്കുന്നത് എയർപോർട്ടിലെ സെക്യൂരിറ്റി ഡിജിലൻസ് ഏർപ്പാട് ഭംഗിയാക്കാൻ പോലീസ് കോൺസ്റ്റബിൾമാരെ നിശ്ചയിക്കാനാണ്. എന്തായാലും എയർപോർട്ടിലെ സെക്യൂരിറ്റി വിജിലൻസ് വിഭാഗം ഭംഗിയാക്കണം അത് നമ്മുടെ രാജ്യത്തേക്കാവശ്യമായ ഒരു കാര്യമാണ്. ഈ സഭയിൽ മുഖ്യമന്ത്രി മറുപടി പറഞ്ഞിരുന്നു, ഇവിടെ ഇത് സംബന്ധിച്ച ലംഘനമുണ്ടായപ്പോൾ അഡീഷണൽ ചീഫ് സെക്രട്ടറിയെക്കൊണ്ട് അന്വേഷിപ്പിക്കുമെന്ന് ഇപ്പോൾ അഡീഷണൽ ചീഫ് സെക്രട്ടറിയുമില്ല, അദ്ദേഹം കേരളാഹൗസിൽ റിപ്രസൻേറഷനോ എന്തോ ആയി പോയി. റിപ്പോർട്ട് കൊടുത്തോ ? അന്വേഷണം നടത്തിയോ ? റിപ്പോർട്ട്. കേന്ദ്രത്തിന് കൊടുത്തു എന്ന് അൺസ്റ്റാർഡ് ചോദ്യത്തിന് മറുപടിയായി പറഞ്ഞിരിക്കുന്നു. അന്വേഷണം നടത്തുമെന്ന് ഈ സഭയിൽ പറഞ്ഞതാണ്. എന്നിട്ട് മുഖ്യമന്ത്രി എന്തുകൊണ്ട് അത് മറച്ചുവയ്ക്കുന്നു ? ആരുടെ ഭാഗത്താണ് കേസ് സുഖമായത് ? ആരാണ് കുറ്റക്കാർ ? ആരാണ് അതിനുത്തരവാദികൾ ? ഇതൊക്കെ ഈ സഭയെ ധരിപ്പിക്കാതെ ഇപ്പോഴും ഒളിച്ചുകളി നടക്കുകയാണ്.

മറെറാരു കാര്യം ഇവിടെ പറഞ്ഞത് അലഹബാദിൻെറ സംഭാവനയാണ്. അതേക്കുറിച്ച് എനിക്കറിഞ്ഞുകൂടാ. നിങ്ങൾ സാമുദായികരാഷ്ട്രീയവും, വർഗ്ഗീയരാഷ്ട്രീയവും ഉപയോഗിച്ചുകൊണ്ട് രാഷ്ട്രീയമായ ലക്ഷ്യത്തിനു വേണ്ടി ഇതൊക്കെ ചെലവഴിക്കുന്നുവെങ്കിൽ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ് തൊഴിലില്ലായ്മ എന്ന കാര്യം വിസ്മരിക്കരുത്. നെൽക്കൃഷിക്കാരുടെ പ്രശ്നം എടുത്തുനോക്കിയാൽ ഇപ്പോൾ സമരം നടക്കുകയാണ്. കുറെ ദിവസമായി ഈ സഭയിലെ ഒരു എം. എൽ. എ. ഉപ്പെടെ സമരം നടത്തുന്നുണ്ട്. അവരെ വിളിച്ച് സംസാരിക്കാനോ, പരിഹാരം കാണാനോ കഴിയുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പ്രഖ്യാപിച്ചതാണ് ഈ സഭ പിരിയുന്നതിനുമുമ്പ് പ്രഖ്യാപനം ഉണ്ടാകുമെന്ന്. അത് വിശ്വസിക്കണോ ? ഒന്നുകിൽ ശ്രീ. തച്ചടി പ്രഖ്യാപിക്കണം, അല്ലെങ്കിൽ ഉള്ള കാര്യം ഞാൻ ഇപ്പോഴും പറയുന്നില്ല. എന്തായാലും ഈ സമ്മേളനം

LIBRARY ARCHIVES Kerala Legislative Assembly

അവസാനിക്കുന്നതിനു മുമ്പ് പ്രഖ്യാപിക്കുമെന്ന് ഞാൻ കരുതുന്നു. ഇതിൽ അവസാനം ഒരു വാചകം പറഞ്ഞിട്ടുണ്ട്. തകർന്നടിഞ്ഞ നിയമസമാധാനനില വരുത്തിവച്ചുകെടുതികളിൽ നിന്ന് കേരളത്തെ രക്ഷിക്കാൻ ജനാധിപത്യമുന്നണി പ്രതിജ്ഞയെടുത്തുവെന്ന്. ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെൻറിനെ നിരായി ഈ ഗവൺമെൻറ് അധികാരത്തിൽ വാൻ ഇവരെടുത്തുപയോഗിച്ച ഏറ്റവും പ്രധാനപ്പെട്ട തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിൻറെ ഒരു ഭാഗമാണിത്. ഈ ദിവസങ്ങളിൽ ഇവിടെ കേട്ടത് എന്താണ്? പ്രതിപക്ഷം പോകട്ടെ, ഭരണകക്ഷികളിൽ നിന്നുതന്നെ സബ്മിഷൻ; റൂൾ 304 അനുസരിച്ച്, എത്ര കൊലപാതകങ്ങളുടെ കണക്ക് ഇവിടെ പറഞ്ഞു. ഈ നിയമസഭയിൽ 1970-ന് ശേഷം ഇത്രയേറെ കൊലപാതകങ്ങളുടെ, പിടിച്ചുപറിയുടെ, ബലാല്ക്കാരത്തിൻറെ കഥ ഭരണകക്ഷി, പ്രതിപക്ഷവ്യത്യാസമില്ലാതെ, ഏകകണ്ഠമായി അതി പ്രഥയം പറയുന്നത് എന്നെങ്കിലും കേട്ടിട്ടുണ്ടോ? ഡോക്ടർ ജോസഫ് ഇവിടെ സംസാരിച്ചപ്പോഴംപോലും തങ്കമണിയിലെ ബലാൽസംഗം അടക്കം സമ്മതിക്കേണ്ടി വന്നു. ജുഡീഷ്യൽ എൻക്വയറി നടത്തുമെന്നു പറഞ്ഞു. എന്തിനെക്കുറിച്ചാണ് ജുഡീഷ്യൽ എൻക്വയറി? വെടിവയ്പിനെക്കുറിച്ചാണ് അതിനപ്പുറം ടേംസ് ഓഫ് റഫറൻസിൽ എന്താണ്? പിറേറദിവസം നടന്ന ബലാൽസംഗത്തെക്കുറിച്ച്, ഭേനഭേദനത്തെക്കുറിച്ച്. പിടിച്ചുപറിയെക്കുറിച്ച് അന്വേഷണമുണ്ടോ? ഇപ്പോഴും പരേഡ് നടത്തുന്നു, പരേഡ് എങ്ങനെയാണ് നടത്തുക? വെളിച്ചമില്ലാത്ത രാത്രിയുടെ അന്ത്യയാമത്തിൽ നടത്തുന്ന പരേഡ്! ഇത് ആളുകളെ രക്ഷിക്കാനാണ്. നിങ്ങൾക്ക് ഇക്കാര്യത്തിൽ മനഃസാക്ഷിയുണ്ടെങ്കിൽ കൂട്ടുശിക്ഷ പ്രഖ്യാപിക്കുമോ? അന്ന് ആ പ്രദേശത്തുണ്ടായിരുന്ന മുഴുവൻ പോലീസുകാരെയും ഇതിൽ പങ്കാളികളായി കണ്ടുകൊണ്ട് കൂട്ടുശിക്ഷ പ്രഖ്യാപിക്കാനുള്ള തീരുമാനം നിങ്ങൾ എടുക്കുമോ? അത് എടുക്കുന്നില്ലെങ്കിൽ നിങ്ങൾ പൊൻകുന്നത്ത് വെടിവയ്പ് നടന്നപ്പോൾ പ്രതിപക്ഷകക്ഷിയും തൊഴിലാളികളുമായതുകൊണ്ട് അന്ന് എടുത്ത ന്യായമൊന്നുവേറെ, തങ്കമണിയിൽ വെടിവയ്പ് നടന്നപ്പോൾ അന്നെടുത്ത ന്യായം വെറെ. നിയമസമാധാനത്തെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥൻമാർ തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അത് മന്ത്രിമാരുടെ തലയിൽ കെട്ടിവയ്ക്കാൻ ഞങ്ങൾ തയ്യാറല്ല. ഈ ജനാധിപത്യഭരണത്തിൽ ഉദ്യോഗസ്ഥർ തെറ്റ് ചെയ്യുമ്പോൾ അത് തെറ്റാണെന്ന് പറയാനുള്ള ധാർമ്മികബാദ്ധ്യത മന്ത്രിമാർ കാണിക്കണം. ആ ബാദ്ധ്യത കാണിക്കുമെങ്കിൽ ഞാൻ ഇപ്പോഴും വിശ്വസിക്കുന്നു; ഈ സംസ്ഥാനത്ത് രാഷ്ട്രീയസംഘട്ടനമല്ല, മതസംഘട്ടനമല്ല, വർഗ്ഗീസംഘട്ടനമല്ല ഇപ്പോൾ നടക്കുന്നത്. പോലീസുകാരും ജനങ്ങളും തമ്മിലുള്ള സംഘട്ടനമാണ്. എന്ന് കക്ഷിരാഷ്ട്രീയമല്ല–പോലീസുകാരും തൊഴിലാളികളും–കക്ഷിരാഷ്ട്രീയമല്ല–പോലീസുകാരും യുവജനങ്ങളും കക്ഷിരാഷ്ട്രീയമല്ല–ഈ രാജ്യത്തെ പോലീസും ജനങ്ങളും തമ്മിലുള്ള സംഘട്ടനമല്ലേ ഈ ഗവൺമെൻറ് വന്നതിനുശേഷം നടക്കുന്നത്? എന്താണിതിന് കാരണം? പോലീസുദ്യോഗസ്ഥൻമാരെ വഴിവിട്ട് ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന നിങ്ങൾക്ക് അവരെ നിയന്ത്രിക്കാനുള്ള ധാർമ്മികമായ കഴിവു നഷ്ടപ്പെട്ടിരിക്കുന്നു.

നാല് ഡി.ജി.പി; പത്തോ, പതിമൂന്നോ ഐ.ജി. മാർ ഒക്കെയുണ്ട്. ഇപ്പോൾ സുരക്ഷിതമായാണ് ഇവിടത്തെ പോലീസിൻറെ പ്രവർത്തനങ്ങൾ നടക്കുന്നത്. അതിൽ ഒരു ഡി.ജി.പി.ക്ക് സപ്പോർട്ട്സിൻറെ ചുമതലയാണ്. ഞങ്ങളുടെ എം. എൽ. എ. ക്വാർട്ടേഴ്സിൻറെ മുന്നിൽ നല്ല കോൺക്രീറ്റ് സ്ട്രക്ചറുണ്ട്. അതിന് എന്തൊരു പ്രൊട്ടക്ഷനാണെന്നറിയാമോ? ആ കോൺക്രീറ്റ് തൂണുകൾക്ക് ഒരു പോറൽപോലും

LIBRARY ARCHIVES Kerala Legislative Assembly

ഏല്പ്പിക്കുകയില്ല; സുരക്ഷിതമായി അവിടെ പോലീസ് പ്രൊട്ടക്ഷനുണ്ട്. അങ്ങനെ പ്രൊട്ടക്ഷൻ വേണ്ട. മറെറാരു സ്ഥലത്തും പോലീസ് പ്രൊട്ടക്ഷനില്ല.

ശ്രീ. ബേബിജോൺ മുഖ്യമന്ത്രിയെ സംബന്ധിക്കുന്ന ഒരു കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചു. അങ്ങയുമായി ബന്ധപ്പെട്ട ഒരാൾ കാറിൽ യാത്ര ചെയ്തപ്പോൾ സ്കൂട്ടർ തട്ടിയതിനെക്കുറിച്ച് ആണ് പറഞ്ഞത്. അതു പോലെ എറണാകുളത്ത് പ്രമാദമായ ഒരു സംഭവം ഈ കഴിഞ്ഞ 20-ാം തീയതി പത്മാ ജംഗ്ഷനിൽവച്ച് നടന്നില്ലേ? ആഗസ്റ്റ് 20-ാ തീയതി അങ്ങയുടെ മകൻ കാറിൽ യാത്ര ചെയ്യുന്നു, മുമ്പിലൊരു ആട്ടോറിക്ഷാക്കാരനുണ്ടായിരുന്നു. കാർ ഹോണടിച്ചു. അത് കേൾക്കാഞ്ഞതുകൊണ്ടോണോയെന്നറിയില്ല, അതോ അയാളുടെ അശ്രദ്ധ കൊണ്ടാണോയെന്നറിയില്ല. സൈഡ് കൊടുത്തില്ല. ആ ആട്ടോറിക്ഷാക്കാരനെ എറണാകുളം സർക്കിൾ ഇൻസ്പെക്ടർമാരായ മുഹമ്മദ്കുഞ്ഞും തോമസ് ഫിലിപ്പുംകൂടി പിടിച്ചുകൊണ്ടുപോയി. കോതമംഗലത്തുകാരൻ പിണ്ഡിമനയിൽനെടുമ്പുറത്ത് മനയിൽ രാമചന്ദ്രൻ എന്നു പറയുന്ന ആട്ടോറിക്ഷാ ഡ്രൈവറെ മൃഗീയമായി മർദ്ദിച്ചു. രാവിലെയാണ് പിടിച്ചത്. വൈകുന്നേരം അഞ്ചുമണിക്ക് എറണാകുളം ജുഡീഷ്യൽ സെക്കൻഡ്ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കി. മജിസ്ട്രേട്ട് ഇയാളെ ഹോസ്പിറലിൽ കൊണ്ടുപോകാൻ പറഞ്ഞു, എന്നാൽ പിറേറ ദിവസം കാലത്ത് പതിനൊന്നുമുക്കാൽമണിവരെ അയാളെ ആശുപത്രിയിൽ കൊണ്ടുപോയില്ല. അങ്ങയുടെ മകൻ സഞ്ചരിച്ച കാറിന് സൈഡ് കൊടുത്തില്ലായെന്നുള്ളതിന്റെ പേരിൽ ഒരു ആട്ടോറിക്ഷ ഡ്രൈവറെ മൃഗീയമായി മർദ്ദിക്കുക! മജിസ്ട്രേട്ട് കോടതിയിൽ അയാളെ ഹാജരാക്കിയപ്പോൾ അദ്ദേഹത്തിന്റെ കല്പനയനുസരിച്ച് അയാളെ ഹോസ്പിറലിൽ കൊണ്ടുപോകേണ്ടതായിരുന്നു. ആശുപത്രിയിൽ കൊണ്ടുപോകാതെ വീണ്ടും പത്തുപതിനെട്ടു മണിക്കൂർ നേരം പോലീസ് കസ്റ്റഡിയിൽ വയ്ക്കുക! നിങ്ങളം വഴിവിട്ട് ആവശ്യങ്ങൾക്കുവേണ്ടി പോലീസിനെ ഉപയോഗിക്കുന്നു. തങ്കമണിയിലെ സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ ആളെ അയച്ചു. ഐ. ജി. അന്വേഷിക്കുന്നു എന്നാണ് പറഞ്ഞത്. എന്താ ശ്രീ. മധുസൂദനൻതന്നെ അന്വേഷിക്കണമെന്ന് ഇത്ര നിർബന്ധം? അദ്ദേഹത്തിന്റെ സീനിയോറിട്ടിയൊന്നും ഞാൻ ഇവിടെ പറയുന്നില്ല. നാലഞ്ച് ഡി. ജി. പി. മാരുണ്ട്, മോന്തായം അവിടെ നില്ക്കുന്നു, ഇപ്പോൾ വാലിനെക്കൊണ്ടോണ് രാജ്യം ഭരിപ്പിക്കുന്നത്. ഭൂതത്തെ തുറന്നുവിട്ടതുപോലെയാണ് കേരളത്തിലെ പോലീസ്. ഇനി അവരെ തടഞ്ഞുവയ്ക്കാൻ നിങ്ങൾക്കുപോലും സാദ്ധ്യമല്ല. നിങ്ങളുടെ വ്യക്തിപരമായ രാഷ്ട്രീയാവശ്യത്തിനുവേണ്ടി പോലീസിനെ തെറാറായി ഉപയോഗിക്കുന്നതിന്റെ ഫലമായി ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഒരു പോലീസ് രാജാവായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ഈ സംസ്ഥാനത്തിലെ ജനങ്ങൾ ഇന്ന് ഭീതിജനകമായ രീതിയിലാണ്.

കൊലക്കേസുകളുടെ കഥ എത്ര വേണം? എന്റെ ജില്ലയായ പെരുമ്പാവൂരിൽ 36 കുത്തോടുകൂടി ഒരു ഉമ്മർ മരിച്ചു. നെരുപ്പുച്ചയിൽ ഒരു ഹമീദ് മരിച്ചു. ഇടപ്പള്ളിൽ ഒരു സുജാതയെ ബലാൽസംഗം ചെയ്തുകൊന്നു. പ്രതികളെ അറിയാത്തതുകൊണ്ടാണോ ആ പ്രതികളെ പിടിക്കാത്തത്? ഞാൻ കുറെറം ആരോപിക്കുന്നു. ഭരണകക്ഷിയുമായി ബന്ധപ്പെട്ടവർ, ഭരണകക്ഷിയുമായി താല്പര്യപ്പെട്ടവർ ഈ പ്രതികളെ രക്ഷിക്കാൻ ശ്രമിക്കുന്നത് കൊണ്ടല്ലേ ഇത്രാത്തിലുള്ള ഭീകരമായ കൊലപാതകങ്ങളം തെളിയിക്കാൻ കഴിയാത്തത്? ശിക്ഷിക്കാൻ കഴിയാത്തത്? പ്രതികളെ പിടിക്കാൻ കഴിയാത്തത്? മുഖ്യമന്ത്രി ഇപ്പോൾ ജനാധിപത്യമുന്നണി പ്രകടിപ്പിച്ച നിയമസമാധാനവും അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭദ്രതയ്ക്കും വേണ്ടി ശ്രമിക്കുന്നു. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഇവിടെ കുരുക്ഷേത്രത്തിൽ കാണാമെന്നു പറഞ്ഞു. അതുപോലെ കുരുക്ഷേത്രത്തിൽ നിന്നാണ് നിങ്ങളും ഞങ്ങളുടെ കൂടെ വന്നത്. ആ കുരുക്ഷേത്രയുദ്ധത്തിൽ കരുണാകരന്റെ മനസ്സ് ചെന്നടിച്ചു, പക്ഷേ എന്തായി? നിങ്ങളായിരുന്നു അതിന്റെ ശിശുവായി ഉണ്ടായത്. അതിനുശേഷം മറ്റൊരു കുരുക്ഷേത്രമുണ്ടായിട്ടുണ്ട്. റാന്നി ശ്രീമതി റേയ്ച്ചൽ സണ്ണിപനവേലി ഇവിടെയുണ്ട്. മറ്റൊരു കുരുക്ഷേത്രം ആറന്മുളയിൽ നടന്നിട്ടുണ്ട്. നടന്ന കുരുക്ഷേത്രയുദ്ധങ്ങളിലെല്ലാം ജനാധിപത്യമുന്നണിയെ അടിയറപറയിപ്പിച്ചതുകൊണ്ട് നിങ്ങളെ ഇന്ന് തെരഞ്ഞെടുപ്പിനെ നേരിടുന്നു.

സർ, പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്താത്തത് എന്തുകൊണ്ടാണ്? തെരഞ്ഞെടുപ്പ് നടത്തിയാൽ പരാജയപ്പെടും. ഈ മുന്നണിയെന്നു പറയുന്നത് നമ്മുടെ സംസ്ഥാനത്തെ ക്രമസമാധാനം തകർത്ത മുന്നണിയാണ്. കേന്ദ്രത്തിൽ നിന്ന് ന്യായമായ കാര്യങ്ങളെ ചോദിച്ചു വാങ്ങാൻ കഴിയാത്ത ഒരു മുന്നണിയാണ്. ആകെയുള്ളത് ജാതി-മത കുശുമ്പുകളെ കലക്കിവിട്ടുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ പിൻതുണ ആർജ്ജിച്ചെടുക്കുകയാണ്. എന്നിട്ട് പറയുന്നു ഞങ്ങളെ ഈ തെരഞ്ഞെടുപ്പിൽ ജയിക്കും എന്ന്. രാമചന്ദ്രൻ മാസ്റ്റർ സംസാരിച്ചപ്പോൾ പറഞ്ഞു കോൺഗ്രസ് (എസ്) അടക്കമുള്ള ആളുകളെ അപ്പുറത്തേക്ക് വാരാൻ പോകുന്നു എന്ന്. വിവിധ കക്ഷി രാഷ്ട്രീയപാർട്ടികളെ രൂപീകരിക്കുന്ന രാജ്യത്തെ സംബന്ധിച്ചിടത്തോളം, ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള രാഷ്ട്രീയ പാർട്ടികളെ സംബന്ധിച്ചിടത്തോളം ആ രാജ്യത്തിലെ ഭരണരീതി സംപുഷ്ടമാക്കുക ഉപപാർട്ടി ചർച്ചകളിലൂടെയാണ്, ഭരണകക്ഷിക്ക് പലപ്പോഴും ഗവൺമെന്റിനെ ഇവിടെ പാർലമെന്റിൽ വിമർശിക്കാൻ കഴിയുകയില്ല, അവർക്ക് പ്രതിപക്ഷത്തോട് മറുപടി പറയേണ്ടി വരും. പക്ഷേ മന്ത്രിമാരുടെ തെറ്റുകളും ഗവൺമെന്റിന്റെ തെറ്റുകളും അക്കമിട്ട് പറയുന്നത് ഭരണകക്ഷിയുടെ പാർലമെന്ററി പാർട്ടിയിലാണ്, മറ്റൊരു പാർട്ടി സിസ്റ്റം ഉള്ളപ്പോൾ സ്വാഭാവികമായും ഭരണത്തിന്റെ കുറ്റങ്ങളും തിരുത്തപ്പെടുന്നത് ഉപപാർട്ടി ചർച്ചയിലൂടെയാണ്. ഇന്ദിരാ കോൺഗ്രസ് ദേശീയ തലത്തിലായാലും കേരളത്തിലായാലും ആ സമ്പ്രദായത്തെ തകർത്തതുകൊണ്ടാണ് ഇന്ന് ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഇങ്ങനെ വന്നത്. എല്ലാവർക്കും ഒരു ലക്ഷ്യമേ ഉള്ളൂ. നാരദൻ കുടുംബകലഹം ഉണ്ടാക്കാൻവേണ്ടി ശിവന്റെ മുൻപിൽ ഒരു പഴം കൊണ്ടുവച്ച് സുബ്രഹ്മണ്യനും ഗണപതിയും തമ്മിൽ തർക്കമായി. ശിവൻ പറഞ്ഞു, ലോകം ചുറ്റി, ലോകത്തിലെ കാര്യങ്ങൾ പഠിച്ചുവരുന്നയാളിന് ഇത് കൊടുക്കാമെന്ന്. സുബ്രഹ്മണ്യൻ മയിൽവാഹനത്തിൽ കയറി ലോകം ചുറ്റി ജനത്തെ സംഘടിപ്പിക്കാനും പോയി. പക്ഷേ ഗണപതി ക്ഷണപ്രിയനായതുകൊണ്ട് അപ്പനേയും അമ്മയേയും ചുറ്റിക്കൊണ്ടു. പറഞ്ഞു, ഞാൻ ലോകം ചുറ്റിയിരിക്കുന്നു, എനിക്ക് പഴം തരണം എന്ന്. രാജീവ് ഗാന്ധിയേയോ ശ്രീ. കരുണാകരനേയോ ചുറ്റിയാൽ ലോകം ചുറ്റലായി എന്ന് ധരിക്കുന്ന ഇന്ദിരാ കോൺഗ്രസ്സാണ് ഈ രാജ്യത്തെ അപകടത്തിലാക്കിയത്.

ബെന്നി അടക്കം ഞങ്ങളോടൊപ്പമുണ്ടായിരുന്നു. ബെന്നി പുറത്ത് പോയതാണ്. ഇനിയും ചിലർ പുറത്ത് പോകുകയില്ല എന്ന് ഞാൻ പറയുന്നില്ല. ഒരുകാര്യം ബോദ്ധ്യപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ രാഷ്ട്രീയ പൈതൃകമെന്ന് പറയുന്നത് ഉപപാർട്ടി ജനാധിപത്യത്തിന്റെ, സംഘടിത ജനാധിപത്യത്തിന്റെ, തെരഞ്ഞെടുക്കപ്പെട്ട നേതൃത്വത്തെ ചോദ്യം ചെയ്യാനും തെറ്റുകൾ തിരുത്താനുമുള്ള ജനാധിപത്യ മുന്നണിയാണ്. ഒരു കാരണവശാലും അങ്ങനെയാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ രാഷ്ട്രീയ പൈതൃകം ഉൾക്കൊള്ളുന്നില്ല. ആ കാരണങ്ങൾ കൊണ്ടുതന്നെ ആരെങ്കിലും ഇൻഡ്യൻ നാഷണൽ കോൺഗ്രസിൽ എത്തിയാൽ അവർ കോൺഗ്രസുകാരല്ല. ഈ രാജ്യം അത് അനുവദിക്കാൻ പോകുന്നില്ല.

ശരദ് പവാറും സുരേഷ് കൽമാഡിയും അടുത്തകാലത്ത് ഇറക്കിയിട്ടുള്ള ചില പ്രസ്താവനകളുടെ വെളിച്ചത്തിൽ ഇവർ ധരിക്കുന്നു, അപ്പുറത്തെ മുന്നണി ഒരുമിച്ചിരുന്നാലും ജയിക്കുകയില്ല എന്ന്. ഇപ്പുറത്തെ ആരെയെങ്കിലും കിട്ടിയാലെ ജയിക്കുകയുള്ളു എന്ന്. ഓപ്പറേഷൻ നടത്തിയാൽ എന്തായിരുന്നു. മഹാരാഷ്ട്രയിൽ മൂന്നുകൊല്ലം കഴിഞ്ഞാണ് തെരഞ്ഞെടുപ്പ്. ശ്രീ. കരുണാകരനും രാജീവ് ഗാന്ധിയും ശ്രമിക്കുന്നത് മഹാരാഷ്ട്ര ഉദ്ദേശിച്ചുകൊണ്ടല്ല ; കേരളം വച്ചുകൊണ്ടാണ്. ശ്രീ. കരുണാകരൻ ആ വെള്ളം മാറിവച്ചേക്കു, ആ പരിപ്പ് ഈ കേരളത്തിൽ വേവുകയില്ല. ശ്രീ. ശരദ് പവറിന് നിങ്ങൾ സ്ഥാനം കൊടുക്കുന്നുവെങ്കിൽ നിങ്ങളുടെ കൂടെ നിൽക്കുന്ന ആളുകളെ വെറുപ്പിക്കാം എന്നല്ലാതെ, ഈ തെരഞ്ഞെടുപ്പിൽ ജയിക്കാമെന്നുള്ള വ്യാമോഹം കൊണ്ടാണെങ്കിൽ അത് നടക്കുകയില്ല. അത്, ജാതിമത രാഷ്ട്രീയത്തെ പ്രോത്സാഹിപ്പിക്കുന്ന ഒന്നാണ്. ഗവൺമെൻറിന് ലഭിച്ചിട്ടുള്ള കേന്ദ്ര വിഹിതം, കേന്ദ്രത്തിൽ നിന്ന് കിട്ടിയിട്ടുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള തുക, വഴിവിട്ട് ചെലവാക്കുന്നു. പോലീസിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുക യഥാർത്ഥത്തിൽ ഉപയോഗിക്കാതെ, ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം യഥാർത്ഥമായ കണക്കുകൾ ഈ സഭയോട് സാമാന്യ മര്യാദയോടുകൂടി ബോദ്ധ്യപ്പെടുത്തുന്നില്ല. ഒരു കാരണവശാലും ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കാൻ സാധിക്കുകയില്ല, അതുകൊണ്ട് ഞാൻ എതിർക്കുന്നു.

ശ്രീ. പി. സീതിഹാജി : സർ, ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനയെ ഞാൻ സന്തോഷത്തോടുകൂടി പിന്താങ്ങുകയാണ്. ഐക്യജനാധിപത്യ മുന്നണി അധികാരത്തിൽ വന്ന് നാലര വർഷം കഴിഞ്ഞ് ഒരു തെരഞ്ഞെടുപ്പിലേക്ക് പോകുന്ന സന്ദർഭത്തിലാണ് ഈ ഉപധനാഭ്യർത്ഥന അവതരിപ്പിച്ചത്. ഈ ചർച്ച ഉദ്ഘാടനം ചെയ്തുകൊണ്ട് എന്റെ സുഹൃത്ത് കോടിയേരി ബാലകൃഷ്ണൻ പ്രസംഗിച്ചു, ക്രമസമാധാനം തകർത്തിരിക്കുന്നു. ആളുകൾക്ക് വഴി നടക്കാൻ നിർവ്വാഹമില്ല, കൊല, ബലാൽസംഗം, ലോക്കപ്പ് മർദ്ദനം, മീശപറി എല്ലാം നടക്കുന്നു എന്ന്. മറവി ദൈവം കൊടുത്ത വലിയ ഒരനുഗ്രഹമാണ്. ബഹുമാനപ്പെട്ട ബേബിജോൺ വളരെ വികാരപരവശനായി സംസാരിച്ചു. ഈ രാജ്യത്ത് ബലാൽസംഗം ഇല്ലാതെ, വെടിവയ്ക്കാതെ, മീശപറിക്കാതെ, ലോക്കപ്പ് മർദ്ദനമില്ലാതെ മൂന്ന് ആളുകൾ ഭരിച്ചിട്ടുണ്ട്. അശോകൻ, ബുദ്ധൻ, പിന്നെ നായനാർ. ശ്രീ. നായനാർ; നിങ്ങൾ പറയുന്നത് കേട്ടാൽ തോന്നും കരുണാകരൻ പോലീസുകാരോട് നിങ്ങൾ പോയി ബലാൽസംഗം ചെയ്തോ എന്ന് പറഞ്ഞതുപോലെ. ബലാൽസംഗം ഉണ്ട് ; എന്ന് പറഞ്ഞപ്പോൾ യാതൊരു മടിയും കൂടാതെ ഉയർന്ന ഉദ്യോഗസ്ഥൻമാരെയടക്കം സസ്പെൻറ് ചെയ്യുകയും അവരുടെ പേരിൽ ക്രിമിനൽ നടപടി കുറ്റം ചുമത്തി കേസ് എടുക്കുകയും ചെയ്ത ഗവൺമെൻറാണ് ഇത്.

തിരുവനന്തപുരം കോട്ടയ്ക്കകത്ത് കച്ചവടം നടത്തിയിരുന്ന 21 വയസായ യുവാവിനെ പോലീസ് ഇടിച്ചുദ്രോഹിച്ചു. വെള്ളം ചോദിച്ചപ്പോൾ മൂത്രം ഒഴിച്ചുകൊടുത്ത പോലീസുകാരാണ് നിങ്ങളുടേത്. അങ്ങനെ മരിച്ച മണിയന്റെ ശവം കടലിൽ ഒഴുക്കാൻ പോയപ്പോൾ എന്റെ ബഹുമാനപ്പെട്ട സഹപ്രവർത്തകൻ പി. എ. മുഹമ്മദ്കുണ്ണ് അടക്കമുള്ള എം. എൽ. എ.

LIBRARY ARCHIVES Kerala Legislative Assembly

മാർ ഇവിടെ വന്ന് നായനാരോട് ചോദിച്ചപ്പോൾ അങ്ങനെയൊന്നും ഉണ്ടായിട്ടില്ല എന്നു പറഞ്ഞു. ജനങ്ങളുടെ സമ്മർദ്ദം കൊണ്ട് കുത്തിയിരുപ്പ് സത്യാഗ്രഹം നടത്തിയതിന്റെ പേരിൽ രണ്ടുമൂന്ന് പോലീസുകാരെ സസ്പെൻഡ് ചെയ്യുകയും നിയമസഭ പിരിഞ്ഞശേഷം അവരെ റീ-ഇൻസ്റ്റേറ്റ് ചെയ്യുകയും ചെയ്തു. ശ്രീ. നായനാർ, നിങ്ങൾക്ക് ഇതൊക്കെ പറയാൻ ലജ്ജയില്ലേ. ശ്രീ. കെ. പി. പ്രഭാകരനും ഷൺമുഖദാസും ബേബിജോണും ഇവിടെയുണ്ട്. ബഹുമാനപ്പെട്ട കരുണാകരനും പരേതനായ സി. എച്ച്. സാഹിബും കേരളത്തിലെ ജനങ്ങളോട് പറഞ്ഞതു ശരിയാണ്. ഞങ്ങൾക്ക് അധികമൊന്നും ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും മനുഷ്യന്റെ തലയ്ക്കും തെങ്ങിന്റെ കുലയ്ക്കും ഞങ്ങൾ സംരക്ഷണം കൊടുക്കും.

വിലങ്ങാട്, നാദാപുരം പ്രദേശങ്ങളിൽ നിന്ന് ലക്ഷക്കണക്കിന് നാളികേരം കൊണ്ടുവന്നു കൊപ്രയാക്കി വിറ്റു. ഇന്നാരു മെച്ചിങ്ങാ പെറുക്കാൻ മാർക്സിസ്റ്റുകാരനു കഴിയുന്നുണ്ടോ ? കഴിയുകയില്ല.

ഇവിടെ കൊലപാതകങ്ങളുടെ കണക്ക് പറഞ്ഞു. രാഷ്ട്രീയ കൊലപാതകങ്ങൾ എത്രയുണ്ടെന്ന് ചോദിച്ചു. മുമ്പ് എന്തായിരുന്നു സ്ഥിതി ? കോടിയേരി ബാലകൃഷ്ണന്റെ സ്വന്തം ഭാര്യയുടെ പിതാവിന് മുൻ എം. എൽ. എ. ആത്മരക്ഷക്ക് കൈബോംബുമായി നടക്കേണ്ട ഗതികേടായിരുന്നു ആ കാലഘട്ടത്തിൽ ഉണ്ടായിരുന്നത്. ഇപ്പോൾ എന്താണ് സ്ഥിതി ? തലശ്ശേരി പ്രദേശത്ത് ബോംബ് പൊട്ടിയത് എങ്ങനെയാണ് ? നിങ്ങൾ ഈ രാജ്യത്ത് എന്തൊക്കെ ചെയ്തു ? ഈ ഗവൺമെന്റിന് ജാതി-മത രാഷ്ട്രീയ പിൻതിരിപ്പൻ കൂട്ടുകെട്ട് ഉണ്ടെന്ന് പറഞ്ഞു. നിങ്ങൾക്ക് 6 മാസം ഭരിക്കാൻ കഴിയുമോ എന്ന് ശ്രീ. നായനാർ ചോദിച്ചു. ഞങ്ങൾ നാലരക്കൊല്ലമായി ഇവിടെ ഭരിക്കുന്നു. നിങ്ങൾ ജനങ്ങളുടെ പ്രശ്നം പരിഹരിക്കാമെന്ന് പറഞ്ഞിട്ട് എന്താണ് ചെയ്തത് ? നിങ്ങൾ ഞങ്ങളുടെ മന്ത്രിമാരെ വഴിതടയാൻ പോയില്ലേ ? ജനങ്ങൾ തെരഞ്ഞെടുത്ത ആളുകളെ ജനാധിപത്യ മര്യാദപ്രകാരം ഇറക്കാൻ കഴിയുകയില്ല. ഞാൻ ലജ്ജിക്കുന്നു. ഈ സംസ്ഥാനത്ത് ജീവിക്കുന്നതിൽ ഞാൻ ലജ്ജിക്കുന്നു. കേരളത്തിലെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. നായനാർ പറയുകയാണ് രണ്ട് മന്ത്രിമാരെ ഞങ്ങൾക്ക് കൊല്ലാൻ കഴിഞ്ഞില്ല എന്ന്. നായനാർ ഓർക്കണം കൊല വൺവേ ട്രാഫിക്കല്ല. ഞങ്ങളുടെ നേതാക്കൻമാരെ കൊന്ന് നിങ്ങൾ ഈ രാജ്യം ഭരിക്കാമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആ ആഗ്രഹം പൂവണിയാൻ പോകുന്നില്ല എന്ന് മാത്രമേ എനിക്ക് പറയാനുള്ളു. ഈ രാജ്യത്ത് കലാപങ്ങൾക്ക് ആരാണ് നേതൃത്വം കൊടുത്തത് ? ആയിരക്കണക്കിന് യുവാക്കളെ അറസ്റ്റ് ചെയ്തു. ഞാൻ പട്ടാള പള്ളിയിൽ നിസ്ക്കരിച്ചുകൊണ്ട് നിൽക്കുമ്പോൾ പത്തുമുപ്പത് യുവാക്കൾ വന്നു മന്ത്രി കമലത്തെ വളഞ്ഞു. അവിടെ പോലീസ് നോക്കി നിൽക്കണോ ? പോലീസ് അവരെ ഓടിച്ചു. അവരുടെ ആ പോക്ക് കാണേണ്ടതായിരുന്നു. കുറ്റപ്പുറത്തെ ആലിക്കുട്ടി കുരിക്കളുടെ അടുത്ത് കയ്യും കാലും ഒടിഞ്ഞ് മരുന്ന് വെച്ചുകെട്ടാൻ പോയതാണ്. ഇപ്പോൾ ആ കേസ് നടക്കുകയാണ്. ''തൊഴിൽ അല്ലെങ്കിൽ ജയിൽ അല്ലെങ്കിൽ റെയിൽ'' ഇതാണ് മുദ്രാവാക്യം. മുഖ്യമന്ത്രി വാക്ക് പാലിക്കണമെന്ന് പറഞ്ഞു. എന്ത് വാക്കാണ് നിങ്ങൾക്ക് അദ്ദേഹം തന്നത്. കെ. പി. പ്രഭാകരന്റെ പാർട്ടി വന്ന് പരാജയപ്പെട്ടു. ബേബിജോൺ തന്നെ പറഞ്ഞു, ഒരു സമരമായിരുന്നു എന്ന്. അതിനെപ്പറ്റി ജനയുഗം പത്രത്തിൽ ഞാൻ വായിച്ചതാണ്.

സർ, അവരുടെ യുവജനവിഭാഗം പറഞ്ഞു അതൊരു പരാജയപ്പെട്ട സമരമായിരുന്നു എന്ന്. ആർ. എസ്. പി. യും പറഞ്ഞു. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഷൺമുഖദാസിന് പറയാൻ ധൈര്യമില്ല. ഷൺമുഖദാസിന് പറയാൻ പറ്റുകയില്ല. അദ്ദേഹം കുരുക്ഷേത്രത്തിലേക്ക് ബഷീറിനെ വെല്ലു വിളിച്ചല്ലോ. എന്നാൽ ഞാൻ ബാലുശ്ശേരിക്ക് വിളിക്കുന്നു. അഖിലേന്ത്യാമുസ്ലീംലീഗിന്റെ വോട്ടുകൊണ്ടുമാത്രം നിയമസഭകണ്ട മി. ഷൺമുഖദാസിന് ധൈര്യമുണ്ടെങ്കിൽ ബാലുശ്ശേരിയിൽ വരിക. ഞങ്ങളുടെ ശക്തി കാണിച്ചു തരാം. ഞങ്ങൾക്ക് പേടിയൊന്നുമില്ല. ഞങ്ങളെ എതിർക്കാനുള്ള ശക്തി നിങ്ങളുടെ മുന്നണിക്ക് ഉണ്ടെന്നാണല്ലോ പറയുന്നത്. ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ നേതാവ് ആരാണ്? ഞാൻ മനസിലാക്കിയിടത്തോളം ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടാണ്. അദ്ദേഹം പറഞ്ഞത് കരുണാകരന്റെ നേതൃത്വത്തിലുള്ള മുന്നണിയെ തകർക്കാൻ ഞാൻ സ്വതന്ത്രൻമാരെ തേടും എന്നാണ്. മാർക്സിസ്റ്റുകാർക്ക്, ഇടതുപക്ഷത്തിന് ഞങ്ങളെ എതിർക്കാൻ ശക്തിയില്ലാത്തതുകൊണ്ട് സർവ്വതന്ത്രസ്വതന്ത്രകുതന്ത്രൻമാരെ തെരഞ്ഞെടുപ്പിൽ കൊണ്ടുവരും എന്നാണ് പറഞ്ഞത്. ഹംസയെപ്പോലുള്ള സ്വതന്ത്രൻമാരെ തെരഞ്ഞു നടക്കുകയാണ്. ഞങ്ങളുടെ ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ചൊന്നും പറയുന്നില്ല.

സർ, ഇവിടെ പറഞ്ഞ മറെറാരു ആരോപണം ഓണത്തിന് അരി കൊടുത്തതിനെപ്പറ്റിയാണ്. അന്ന് നായനാർ പറഞ്ഞു "അത് കൊടുക്കാൻ പോകുന്നില്ല" ബഡായി പറയുകയാണ് എന്ന്. ഗൗരിയമ്മ പറഞ്ഞു ചീത്ത അരിയാണെന്ന്. ശ്രീ. കെ. പി. പ്രഭാകരൻ പറഞ്ഞു വിലകുറഞ്ഞ അരിയാണെന്ന്. അരി ഞങ്ങൾ കൊടുത്തു കഴിഞ്ഞപ്പോൾ, നന്നായിട്ട് വച്ച് കഴിച്ച്, ഓണം ഉഷാറാക്കിയതിനുശേഷം ചോദിക്കുകയാണ് അതിന്റെ പൈസ കൊടുത്തോ എന്ന്. നിങ്ങൾക്ക് അപ്പം തിന്നാൽപോരെ കുഴിയെണ്ണണോ? പൈസ കൊടുക്കുന്ന കാര്യം ഗവൺമെൻറല്ലേ തീരുമാനിക്കുന്നത്? കേരളത്തിലെ ദേശീയോത്സവമായ ഓണാഘോഷത്തിന് കേരളത്തിലെ ഒരു മനുഷ്യനും പട്ടിണി കിടക്കരുത് എന്ന് ഈ സർക്കാരിന് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ട് കൊടുത്തതാണ്. അതിന് ഏഴ് കോടി രൂപ കൊടുത്തപ്പോൾ നിങ്ങൾ വഖഫ് ബോർഡിന് കൊടുത്തില്ലേ, മറെറതിനു കൊടുത്തില്ലേ മറിച്ചതിനു കൊടുത്തില്ലേ എന്നൊക്കെയാണ് പറയുന്നത്. വഖഫ് ബോർഡിലെ ജീവനക്കാരെ ഞങ്ങൾ സഹായിച്ചിട്ടുണ്ട്. ദേവസ്വം ബോർഡിലെ ജീവനക്കാരെ ഞങ്ങൾ സഹായിക്കും. അവർ കേരളത്തിലെ ജനങ്ങളാണ്. അതിൽ വല്ല പുതുമയുമുണ്ടോ? അതിനല്ലേ ഗവൺമെൻറ്? രാജ്യത്ത് ക്ഷേമ പ്രവർത്തനങ്ങൾ നടത്താൻവേണ്ടിയാണ് ഈ ഗവൺമെൻറ് നിലകൊള്ളുന്നത്.

സർ, ഇടുക്കിയിലെ തങ്കമണി പ്രദേശത്തുണ്ടായ കാര്യങ്ങൾ ഇവിടെ പറഞ്ഞു. എനിക്ക് ഓർമ്മക്കുറവൊന്നും ഇല്ലാത്തതുകൊണ്ട് ഒന്നുരണ്ട് കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട നായനാർ ഇവിടെ ഭരിക്കുമ്പോൾ ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നു ഭരിക്കുമ്പോഴാണ് ഇടുക്കിയിലെ തങ്കമണി, കാമാക്ഷി, രാജപുരി തുടങ്ങിയ പേരുകളൊക്കെ കേട്ടത്. അവിടെ മുഖംമൂടികൾ പോയി, പോലീസുകാരല്ല, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഗുണ്ടകൾ പോയി പാവപ്പെട്ട പെൺകുട്ടികളെ ബലാൽസംഗത്തിന് മുതിർന്നു. അന്ന് ഉളുപ്പില്ലാതെ ഇവിടെയിരുന്നു പറഞ്ഞത് എന്തൊക്കെയാണ്. അന്ന് കേസെടുത്തോ നിങ്ങൾ?

ശ്രീ. പി. പി തങ്കച്ചൻ: സർ, ശ്രീ. നായനാർ ഭരിച്ചിരുന്ന കാലഘട്ടത്തിൽ പള്ളിത്തുറയിലെ പോലീസ് സ്റ്റേഷനിൽ പെൺകുട്ടികളെകൊണ്ടുപോയി ബലാൽസംഗം ചെയ്തതിനെക്കുറിച്ച് 'അത്' വളരെ മൃദുവായ

LIBRARY ARCHIVES Kerala Legislative Assembly

ബലാൽസംഗമായിരുന്നു പോലീസുകാർ ചെയ്തത്', എന്ന് ബഹുമാനപ്പെട്ട നായനാർ തന്നെ പറഞ്ഞത് ഓർക്കുന്നുണ്ടോ ?

ശ്രീ. പി. സി. സീതിഹാജി : സർ, അങ്ങനെ പല വാക്കുകളും ഉപയോഗിക്കും. ലാത്തിച്ചാർജ് ജാണെങ്കിൽ പോലീസിന്റെ കൈ നീക്കാണെന്ന് പറയും. ബലാൽസംഗം ചെയ്തതാണെങ്കിൽ അത് തൊഴിൽ പ്രശ്നമാണെന്ന് പറയും. അതിലൊന്നും ഞാൻ ഇടപെടുന്നില്ല.

സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ ഗവൺമെന്റിനെ താഴെയിറക്കാൻവേണ്ടി എന്തെല്ലാം സമരങ്ങളാ അവർ ചെയ്തു. ഞങ്ങളെ ഐക്യമില്ലാത്തവരാണെന്ന് ഇവർ പറയുന്നു. അവിടെയെന്താണ് ഐക്യമെന്ന് അറിയാമോ ? ഉരുക്ക് ഉരുക്കിയമാതിരിയാണ്. മാർക്സിസ്റ്റ് പാർട്ടിയിലെ ഐക്യം മാത്രം നോക്കിയാൽ മതി. ഇവിടെ പ്രീഡിഗ്രി ബോർഡ് സമരം വന്നു. ഗൗരിയമ്മ ഇവിടെ ഉപവാസം കിടന്നു. അവസാനം നാരങ്ങനീര് കുടിച്ചുതന്നെ പ്രതിഫലമായി കിട്ടിയത്. അതൊഴിച്ചാൽ വേറെയെന്ത് നേട്ടമാണുണ്ടായത്. വല്ലതും കിട്ടിയോ ? ഈ സമരംകൊണ്ട് എന്ത് നേട്ടമാണ് ഉണ്ടായത്. ഗവൺമെന്റിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഞങ്ങൾ ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ട്രൈബൽ ജനവിഭാഗങ്ങൾക്ക് എന്തെല്ലാം സഹായം കൊടുത്തു. ഹരിജനങ്ങളെ ഞങ്ങൾ സഹായിച്ചു. ഇതെല്ലാം കണക്ക് കൂട്ടിയിട്ട് ആണ് ബുദ്ധിയുണ്ട് എന്ന് പറയുന്ന ഇ. എം. എസ്. 'ഈ സർക്കാരിനെ എതിർക്കാൻ ഞങ്ങൾ സ്വതന്ത്രന്മാരെ തേടുമെന്ന്' പറയുന്നത്. ഇപ്പോൾ കുരുക്ഷേത്രത്തിൽ വച്ച് കാണാ എന്ന വെല്ലുവിളി നടത്തുകയാണ്. ക്ഷയരോഗി ഫയൽമാനെ വെല്ലുവിളിക്കുന്നതുപോലെയല്ലേ അവർ ഞങ്ങളെ വെല്ലുവിളിക്കുന്നത് ? നമ്പൂതിരിപ്പാട് പറയുന്നു ഇപ്പോൾ എന്തിനാണ് തെരഞ്ഞെടുപ്പെന്ന്. പിന്നെ എപ്പോഴാണ് തെരഞ്ഞെടുപ്പ് നടത്തേണ്ടത് മി. നായനാർ ? അഞ്ചാമത്തെ കൊല്ലമാണ് തെരഞ്ഞെടുപ്പ് വേണ്ടേ, ധൈര്യമില്ലേ ?

സർ, ഞാൻ ഈ സഭയിലിരുന്നു എം. വി. രാഘവന്റെ പ്രസംഗമൊക്കെ കേട്ടു. ഈ ഗവൺമെന്റിനേയും മുന്നണിയേയും കോൺഗ്രസിന്റെ നയത്തെയും അതിനിശിതമായി വിമർശിക്കുന്ന ഒരു പാർട്ടിയാണ് സി. എം. പി. അദ്ദേഹം ഇടതുപക്ഷത്തിലേക്ക് പെല്ലാമെന്ന് പറയുമ്പോൾ അത് വേണ്ട. എന്താണ് കാരണം ? അച്യുതാനന്ദന്റെ ഇടത്തേ കക്ഷത്തിൽ കുറെ മരപ്പാവകൾ വേണം. ശ്രീ. ഭരതനപ്പോലത്തെ കുട്ടികളെ. അതാണ് ആവശ്യം. തൊണ്ടതുറന്നു പറയുന്നവനൊന്നും പറ്റുകയില്ല. ഞങ്ങളും രാഘവനുമായി അഭിപ്രായവ്യത്യാസമുണ്ട്. നായനാരും രാഘവനും ഈ മുന്നണിക്ക് ഒരുപോലെയാണ്. അവർ രണ്ടു കൂട്ടരും മുന്നണിക്കെതിരാണ്. ഞങ്ങൾ രാഘവനെ സപ്പോർട്ട് ചെയ്യുന്നുമില്ല. പക്ഷേ ഈ രാജ്യത്ത് എല്ലാവർക്കും പ്രസംഗിക്കാനും പ്രകടനം നടത്താനും അഭിപ്രായം പറയാനും സ്വാതന്ത്ര്യമുണ്ട്. എന്താണ് മാർക്സിസ്റ്റുകൾ ചെയ്യുന്നത്. ഞാൻ ശ്രീ. ഇ. കെ. നായനാരോട് ചോദിക്കട്ടെ അക്രമംകൊണ്ടും അടിച്ചമർത്തൽകൊണ്ടും നശിക്കുമെങ്കിൽ മാർക്സിസ്റ്റ് പാർട്ടി നശിക്കേണ്ടതായിരുന്നില്ലേ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, ശ്രീ. ഭരതൻ ഇപ്പോഴും രാഘവന്റെ പാർട്ടിയോട് ആഭിമുഖ്യം പുലർത്തുകയാണെന്നും ശ്രീ. എം. വി. രാഘവൻ ഊതിക്കാച്ചിയ പൊന്നുപോലെ തിരിച്ചുവരും എന്ന് പ്രസംഗിച്ചതും ബഹുമാനപ്പെട്ട മെമ്പർക്കറിയില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സീതിഹാജി : സർ, അതിന്റെ രഹസ്യം എം. വി. രാഘവൻ പറഞ്ഞു. അദ്ദേഹത്തിന്റെ കൂട്ടത്തിൽ ചെല്ലാമെന്ന് ശ്രീ. ഭരതൻ പറഞ്ഞിട്ടുണ്ട്. അതാണ് ഊതിക്കാച്ചിയപൊന്നുപോലെ തിരിച്ചുവരുമെന്നൊക്കെ പറയുന്നത്.

സർ, ഞാൻ പറഞ്ഞുവരുന്നത് ഇവിടെ എല്ലാ പാർട്ടിക്കും പ്രസംഗിക്കാൻ സ്വാതന്ത്ര്യമുണ്ട് എന്നാണ്. ആ സ്വാതന്ത്ര്യത്തിനുവേണ്ടി ബഹളം കൂട്ടുന്നതും മാർക്സിസ്റ്റുകാരാണ്. ഞങ്ങടെ പത്രത്തിലൊക്കെ വായിക്കുന്നത് ശരിയാണോ ? ശ്രീ. രാഘവന്റെ പാർട്ടിയുടെ ജാഥ പോയാൽ വെടിവയ്ക്കുന്നു. സി. എം. പി. യുടെ ഓഫീസിൽ കയ്യേറുന്നു. ആളെ വളയുന്നു. ഇതൊക്കെ ഈ രാജ്യത്തെ സ്വാതന്ത്ര്യം തകർക്കുകയല്ലേ മി. നായനാർ. അങ്ങനെയാണെങ്കിൽ നിങ്ങടെ വളരുമോ ? നിങ്ങടെ വളർന്നാലും വളർന്നില്ലെങ്കിലും ഞങ്ങടെക്കൊന്നുമില്ല. നിങ്ങടെ നശിച്ചു കാണണമെന്ന് വളരെയേറെ ആഗ്രഹിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. എന്നാൽ നിങ്ങടെ ഇൻകമിലാബ് വിളിച്ച് ചോരതുപ്പി ക്ഷയരോഗം പിടിച്ച് കെട്ടിപ്പടുത്ത ഒരു പാർട്ടിയെ നശിപ്പിക്കല്ലേ നായനാരെ, വയസ്സുകാലത്ത്. വേഗം റിട്ടയർ ചെയ്തു കല്ല്യാശ്ശേരിയിൽ പോയി പാർക്കുക. എത്രയോ ആയിരക്കണക്കിന് യുവാക്കടെ ഈ പാർട്ടി കെട്ടിപ്പടുക്കാൻ തയ്യാറാണ് ? എന്താണ് ഇന്നത്തെ നിങ്ങളുടെ പാർട്ടിയുടെ സ്ഥിതി ? എത്ര കമ്മ്യൂണിസ്റ്റുകടെ ഉണ്ട് അതിൽ ? നിങ്ങടെ എല്ലാവരും കൂടിയിരുന്നു കരയുക. എന്തുതന്നെയായാലും ശ്രീ. രാഘവന്റെ പാച്ചിനിശ്ശേരി വിഷ്ചികിൽസാകേന്ദ്രത്തിൽ ഇ. എം. എസും നായനാരും അച്യുതാനന്ദനുമെല്ലാം ഒന്നിച്ചു വരും. കാരണം, എനിക്കറിയാം. ഞാൻ ചോദിക്കുന്നു ഒറക്ക് നിൽക്കാൻ മാർക്സിസ്റ്റുകളെ നിങ്ങടെക്ക് ധൈര്യമുണ്ടോ ? സ്വതന്ത്രരെ കൊണ്ടുവരുമെന്ന് പറഞ്ഞല്ലോ ?, വി. ആർ. കൃഷ്ണയ്യരും, സുബ്രഹ്മണ്യപോറ്റിയുമൊക്കെയാണ് നിങ്ങളുടെ ലിസ്റ്റിൽ ഉള്ളത്. കൃഷ്ണയ്യർ എന്തായാലും നിൽക്കുകയില്ല. നിന്നാൽത്തന്നെ ഞങ്ങടെക്ക് പേടിയാണെന്നാണോ കരുതുന്നത്. അടുത്ത ഇലക്ഷനു പന്തിരായിരത്തിൽപ്പരം വോട്ടിനായിരിക്കും നിങ്ങടെ തോൽക്കുക. കണക്കൊക്കെ ഞാൻ പറഞ്ഞു തരാം. ഞങ്ങടെ തെരഞ്ഞെടുപ്പിനെ നേരിടാൻ തയ്യാറാണ്. നിങ്ങടെ തെരഞ്ഞെടുപ്പിനെ നേരിടാൻ തയ്യാറാണോ ?

ഞങ്ങളുടെ മുന്നണിയിൽ അനൈക്യം ഉണ്ട് എന്ന് നിങ്ങടെ പറഞ്ഞു. നിങ്ങളുടെ മുന്നണിയിൽ എന്ത് ഐക്യമാണ്. ഞാൻ ചോദിക്കട്ടെ നിങ്ങളുടെ സമരത്തിൽ ബേബിജോൺ അനുവദിച്ചോ ? ചന്ദ്രശേഖരൻ അനുകൂലിച്ചിരുന്നോ ? ശ്രീ. കെ. പി. പ്രഭാകരൻ അനുകൂലിച്ചിരുന്നോ ? ആ നിങ്ങടെ എന്തു ഐക്യമാണ് പറയുന്നത് ? ഞങ്ങടെക്ക് അറിയാൻ പാടില്ലാത്തതുകൊണ്ട് ചോദിക്കുകയാണ്. ഞങ്ങളുടെത് വ്യത്യസ്ത പാർട്ടികളാണ്; ഞങ്ങടെ ഒരു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ കാര്യങ്ങടെ നടത്തുന്നുണ്ട്. ഈ നാലരക്കൊല്ലം 24 മണിക്കൂറും നോക്കിയിട്ട് പൊളിക്കാൻ കഴിഞ്ഞോ ? അഞ്ചു കൊല്ലം കഴിഞ്ഞാൽ വീണ്ടും ഞങ്ങടെ അധികാരത്തിൽ വരും. കാരണം കേരളത്തിലെ ജനങ്ങടെ ഞങ്ങളുടെ പിന്നിലുണ്ട്. നിങ്ങളുടെ സമരത്തിന് ജനങ്ങടെ അംഗീകാരം കൊടുത്തില്ല. ജനങ്ങടെ ഞങ്ങടെക്കെതിരാണെങ്കിൽ ഗവൺമെന്റിനു തുടരാൻ കഴിയുമോ ? 1957-ൽ അവിടെക്ത കമ്മ്യൂണിസ്റ്റ് പാർട്ടി ഈ രാജ്യം ഭരിച്ചപ്പോടെ കേരള ജനത ഇളകി. നിങ്ങടെക്ക് ഇറങ്ങിപ്പോകേണ്ടി വന്നു. നിങ്ങടെ എന്തെല്ലാം സമരങ്ങടെ ഉണ്ടാക്കി. ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങടെക്ക് പരിഹാരം കണ്ട ഗവൺമെന്റാണിത്. എന്നിട്ട് പറയുകയാണ് അരിക്ക് വിലകൂടിയെന്ന്. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ബുദ്ധിയും വിവേകവും ജഡ്ജിവരെയാകാൻ യോഗ്യതയുമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആളാണ്. കഴിഞ്ഞയാഴ്ച ബഹുമാനപ്പെട്ട നായനാർ അടിയന്തിരപ്രമേയം കൊണ്ടു വന്നു. അതിനു മറുപടിയായി ബഹുമാനപ്പെട്ട ഭക്ഷ്യകാര്യമന്ത്രി പറഞ്ഞു അരിക്ക് വില കുറഞ്ഞിട്ടുണ്ടെന്ന്. അരിയുടെ വില പിടിച്ചു നിർത്തുന്നതിന് വില കുറച്ചു വിറ്റു. അല്ലാതെ സിവിൽസപ്ലൈസ് കോർപ്പറേഷൻ കച്ചവടം ചെയ്തു ലാഭമുണ്ടാക്കുകയല്ല ചെയ്തത്. അങ്ങനെ ജനങ്ങളുടെ താൽപ്പര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തത്.

കോൺഗ്രസ് (എസ്) എന്നു പറയുന്നത്, മാർക്സിസ്റ്റു പാർട്ടിയുടെ ഓഫീസ് പടിക്കലെ അലങ്കാരപ്പണിയെന്നു ഞാൻ പറയുന്നില്ല, അതിന്റെ കാവൽക്കാരാണ്. അവരെ അവിടെ കയറ്റുമോ എന്ന് എനിക്ക് അഭിപ്രായമില്ല. ശ്രീ. ശരത്പവാർ അതിൽനിന്നു പോയാൽ പിന്നെ അവിടെ ആരാണുള്ളത്? ശ്രീ. ഉണ്ണികൃഷ്ണനെ മന്ത്രിയാക്കാൻ പോകുന്നുവെന്നു കേൾക്കുന്നു. അത് മാറ്റി പറയേണ്ടിവരും ഷൺമുഖദാസേ. അവർക്ക് ഒക്കെ നല്ല സീറ്റ് കൊടുക്കും. നിങ്ങളൊക്കെ പഴത്തൊലിയും പെറുക്കി നടക്കേണ്ടിവരും. നിങ്ങളെ വിശ്വസിക്കുമോ? ശ്രീ. നായനാരെ പോലും വിശ്വസിക്കാത്ത മാർക്സിസ്റ്റ് പാർട്ടി നിങ്ങളെ എങ്ങനെ വിശ്വസിക്കും? എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്, അങ്ങ് ഈ മുന്നണിയെ മുന്നോട്ടുകൊണ്ടുപോകണം എന്നാണ്. ഈ രാജ്യത്തെ ദുർബ്ബല വിഭാഗങ്ങളെ, മത സാംസ്കാരിക രംഗങ്ങളെ, ഒക്കെ ഈ മുന്നണി സഹായിച്ചിട്ടുണ്ട്. വഖഫ് ബോർഡ് ന് പതിനഞ്ചു ലക്ഷം രൂപ കൊടുത്തിട്ടുണ്ടെന്നാണ് പറയുന്നത്. അത് തെറ്റാണോ? വഖഫ്ബോർഡിൽ ആയിരക്കണക്കിന് ജീവനക്കാരുണ്ട്. അവർക്ക് പെൻഷൻ വ്യവസ്ഥകളില്ല. അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് സർക്കാരിത് കൊടുത്തിട്ടുള്ളത്. ദേവസ്വം ബോർഡിനും കൊടുത്തിട്ടുണ്ട്. ഇതൊക്കെ വലിയ കാര്യങ്ങളാണോ? കേരളത്തിലെ മുസ്ലീം മതസ്ഥാപനങ്ങളിൽ നിന്നും ശ്രീ. ബേബിജോൺ റവന്യൂമന്ത്രിയായിരുന്നപ്പോഴും എത്ര ലക്ഷം രൂപയുടെ റവന്യൂ വരുമാനം സർക്കാരിന് കിട്ടിയിട്ടുണ്ട്? അതിലൊരംശം കൊടുത്തത് തെറ്റായിപ്പോയോ? അതിനെ ചൊല്ലി ഈ രാജ്യത്ത് വർഗ്ഗീയ സംഘട്ടനങ്ങളും വർഗ്ഗീയ വിചാരങ്ങളുമൊക്കെ ഉണ്ടാക്കി അതിൽനിന്ന് മുതലെടുക്കാമെന്ന് മാർക്സിസ്റ്റുകാർ വിചാരിക്കുന്നെങ്കിൽ നടക്കില്ലെന്ന് ഞാൻ ശ്രീ. നായനാരെ ഓർമ്മപ്പെടുത്തുകയാണ്. ഹിന്ദുസമുദായം നിങ്ങളുടെ കുത്തകയൊന്നുമല്ല. അവർ ഈ രാജ്യത്തെ ബുദ്ധിയും വിവരവുമുള്ള ആളുകളാണ്. അവരുടെ അനുകൂലം കൊണ്ടാണ് ഇവിടെ സമുദായങ്ങൾ നിൽക്കുന്നത്. ശ്രീ. കരുണാകരൻ ഒന്നാം തീയതി ഗുരുവായൂർക്കുപോയാൽ, നഹസാഹിബ് അഞ്ചുനേരവും പള്ളിയിൽ പോയാൽ, ശ്രീ. മാണി കുർബാനയ്ക്ക് പോയാൽ ഒക്കെ ആക്ഷേപമാണ്. എന്നാൽ കാട്ടായിക്കോണം നാളികേരമുടയ്ക്കാൻ പോയതിൽ ആക്ഷേപമില്ല. ദൈവമില്ല, മതമില്ല, ജാതിയില്ല. എന്നൊക്കെ പറഞ്ഞ ആളുകളാണ്. വനിതാസമ്മേളനത്തിൽ പോയി ഗൗരിയമ്മ പറഞ്ഞു, മഴ പെയ്യില്ല, ഞാൻ ഗണപതി ക്ഷേത്രത്തിൽ നൂറിരിയൊന്നു നാളികേരം ഉടച്ചുകൊള്ളാമെന്ന്. അങ്ങനെ പറഞ്ഞ് ഗൗരിയമ്മ നൂറു രൂപയെടുത്തു കൊടുത്തുവെന്നാണ് പറയുന്നത്. അത് നിഷേധിക്കാമെങ്കിൽ നിഷേധിച്ചുകൊള്ളണം. അവിടെ പോയി ഒന്നുരണ്ടുമൊന്നുമുല്ല, നൂറിരിയൊന്നു നാളികേരമാണ് ഉടച്ചത്. അത് വളരെ ഗൗരവപ്പെട്ട ചർച്ചയൊന്നുമല്ല. അതുകൊണ്ടാണ് പറഞ്ഞത്.

ഇപ്പോൾ എം. വി. രാഘവന്റെ പേരിൽ എങ്ങനെയാണ്? തെരഞ്ഞെടുപ്പു വരാൻ പോകുന്നു. അപ്പോഴല്ലേ 'വീണതല്ലോ കിടക്കുന്നു ധരണിയിൽ ശോണിതവുമണിഞ്ഞയ്യോ ശിവ, ശിവ' എന്നപോലെ ബേബിജോണും ചന്ദ്രശേഖരനും ഒക്കെ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോട്ടക്കുഴി സുകുമാരൻ: കോൺഗ്രസ് (എസ്) ന്റെ അഖിലേൻഡ്യാ തലത്തിലുള്ള കഴുത്ത് അറുപോയിരിക്കുന്നുവെന്നുള്ള പത്രവാർത്ത ശരിയാണോ ?

ശ്രീ. പി. സീതിഹാജി: കോൺഗ്രസ് (എസ്)- ന്റെ നിർവ്വചനം 'സ്റ്റേറ്റോപ്പ് കോൺഗ്രസ്' എന്ന് ഞാൻ തന്നെ മുമ്പ് ഇവിടെ പറഞ്ഞിട്ടുണ്ട്. അതിന്റെ അവസ്ഥാനമായി, അവസാനിച്ചുകഴിഞ്ഞു. അതിനെ സിക്ക് യൂണിറ്റായി നമ്മൾ പ്രഖ്യാപിച്ചു കഴിഞ്ഞു.

ഐക്യ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രീക ഞാൻ പാലിക്കുകയുണ്ടായി. ആ പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങളെല്ലാം നടപ്പിലാക്കിയ ഒരു മുന്നണിയാണിത്. ജനങ്ങളെ നേരിടുന്നതിന് ഞങ്ങൾക്ക് യാതൊരു ഭയവുമില്ല. ഞങ്ങൾ ഓരോ പാർട്ടികളും വ്യക്തിത്വം നിലനിർത്തിക്കൊണ്ട് ഐക്യ ജനാധിപത്യ മുന്നണിയിൽ ഒന്നിച്ച് കേരളത്തിലെ ജനങ്ങളെ സമീപിക്കുകയും ബഹുഭൂരിപക്ഷത്തോടുകൂടി, പ്രതിപക്ഷത്ത് പത്തെണ്ണമില്ലാതെ, ഒൻപതെണ്ണത്തിൽ നിറുത്തി, ജനങ്ങളുടെ അംഗീകാരത്തോടുകൂടി വീണ്ടുംവന്ന് ഭരിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നിങ്ങളുടെ ഇത്തരത്തിലുള്ള വെല്ലുവിളിയൊക്കെ അസ്ഥാനത്താണ്. ഞങ്ങളെ ശ്രീ. നായനാരോ ശ്രീ. ബേബിജോണോ വെല്ലുവിളിച്ചില്ല. ആകെ വെല്ലുവിളിച്ചത്, ശ്രീ. എ. സി. ഷൺമുഖദാസാണ്. ബാലുശ്ശേരിയിലെ അത്തോളി പഞ്ചായത്തിലെ ഒരൊറ്റ അഖിലേൻഡ്യ ലീഗിന്റെ വോട്ടുകൊണ്ട് അദ്ദേഹം ഇനി അസംബ്ലി കാണുകയില്ല. അതിന്റെ കണക്കുകൾ എന്റെ കയ്യിലുണ്ട്. അതുകൊണ്ട് നിങ്ങൾ തുള്ളേണ്ട. നിങ്ങളെ ഏത് രീതിയിൽ നേരിടുവാനും ഞങ്ങൾ തയ്യാറാണ്. ശ്രീ. നായനാരോട് എനിക്ക് ഒന്നേ പറയാനുള്ളു, അങ്ങ് സംസാരിക്കുമ്പോൾ സൂക്ഷിക്കണം, കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന ആളാണ് അങ്ങ്. ഇനി മുഖ്യമന്ത്രിയാകുമോയെന്ന് എനിക്കറിയില്ല. അതിൽ എനിക്ക് സന്തോഷക്കേടൊന്നുമില്ല. നിങ്ങൾ മന്ത്രിമാരെ കൊല്ലുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ, അതിന് ഈ സഭയിൽവെച്ച് പരസ്യമായി മാപ്പുപറയേണ്ട ധാർമ്മികമായ ഉത്തരവാദിത്വം അങ്ങിലുണ്ടെന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിറുത്തുന്നു.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. വിവിധ ഡിപ്പാർട്ടുമെന്റുകളിലെ മന്ത്രിമാരുടെ നിയന്ത്രണത്തിൽ പെലവാക്കിയ സംഖ്യയ്ക്ക് ഭരണഘടനാപരമായ ഒരു അംഗീകാരം വേണം. അതിനുവേണ്ടിയാണ് ഒരു ഉപധനാഭ്യർത്ഥനയായിട്ട് ഇവിടെ കൊണ്ടുവന്നതെന്നുള്ളതിൽക്കവിഞ്ഞ് മറ്റൊന്നുമില്ല. ഇവിടെ അവതരിപ്പിച്ച മുപ്പത്തിമൂന്നു കോടി മുപ്പത്തിയൊൻപതു ലക്ഷത്തി പതിനയ്യായിരത്തി മുന്നൂറു രൂപയുടെ ഉപധനാർഭ്യർത്ഥനയിൽ 21 കോടി 67 ലക്ഷത്തി 43,000 രൂപയും റിലീഫ് അക്കൗണ്ടിലാണ്. എന്നാൽ ഇതിൽ 11 കോടി 48 ലക്ഷത്തി 52,000 രൂപ ഇതിനകംതന്നെ കണ്ടിജൻസി ഫണ്ടിൽനിന്നും ചെലവാക്കിക്കഴിഞ്ഞു. എന്നിട്ടാണ് ഇപ്പോൾ ഉപധനാഭ്യർത്ഥനയുമായിട്ട് വന്നിരിക്കുന്നത്. എന്നാൽ ഇതു മുഴുവൻ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനു വേണ്ടി ചെലവാക്കിയതാണോ ? ആ സ്റ്റേറ്റ്മെന്റ് വിശദമായി പരിശോധിച്ചതിൽ ആദ്യം ചെലവാക്കിയ രണ്ടുകോടി രൂപ മാത്രമാണ് വീടുകൾ മാറി താമസിപ്പിക്കാനും, സൗജന്യ ഭക്ഷണം കൊടുക്കുന്നതിനുമായി ചെലവാക്കിയത്. ബാക്കിയുള്ളതിനെക്കുറിച്ച് ഇതിൽ പറയുന്നത്, 6-9-1986-ലു 4-10-1986-ലും 16-10-1986-ലും 24-10-1986-ലും ഉള്ള ജി. ഒ. പ്രകാരം ചെലവഴിച്ച സംഖ്യകളാണ്. ഇതൊന്നും ദുരിതാശ്വാസത്തിനായിരുന്നില്ല ചെലവാക്കി

LIBRARY ARCHIVES Kerala Legislative Assembly

യിരുന്നത്. 6-9-1986-ലെ ജി. ഒ. പ്രകാരം എട്ടുകോടി രൂപ ഓണസമ്മാനമായിട്ടാണ് ചെലവാക്കിയത്. അങ്ങനെ റേഷൻഷോപ്പുകൾക്ക് കൊടുത്തുതീർക്കുവാൻ ഉണ്ടായിരുന്ന ബാക്കി കൊടുത്തു തീർക്കുവാനാണ് 4-10-1986-ലും 16-10-1986-ലും 24-10-1986-ലുമുള്ള ജി. ഒ. പ്രകാരം പിന്നീട് ഒരു കോടി പത്തു ലക്ഷംരൂപ ക്ഷേമവകുപ്പിൽനിന്നും ഒരു കോടി നാൽപ്പത്തിയെട്ടുലക്ഷത്തി അൻപത്തി രണ്ടായിരം രൂപ റവന്യൂവകുപ്പിൽനിന്നും ചെലവാക്കിയത്. അവസാനം 267 കോടി രൂപ ആവശ്യപ്പെട്ടപ്പോൾ കേന്ദ്രം 26 കോടി രൂപയായിട്ട് ക്ലിപ്തപ്പെടുത്തിയിരിക്കുന്നുവെന്നാണ് പുറയുന്നത് സ്റ്റേറ്റ് ബഡ്ജറ്റിലുണ്ടായിരുന്ന അഞ്ചുകോടി രൂപ ചെലവാക്കിക്കഴിഞ്ഞു. ബാക്കി 21 കോടി രൂപയാണ് ഇപ്പോൾ ഉപധനാഭ്യർത്ഥനയായിട്ട് കൊണ്ടുവന്നത്. ആ 21 കോടി രൂപയിൽത്തന്നെ ഇപ്പോൾ പതിനൊന്നു കോടി രൂപയും ചെലവാക്കിക്കഴിഞ്ഞു. ആദ്യത്തെ അഞ്ചുകോടി രൂപ ചെലവാക്കിക്കഴിഞ്ഞു. ഇനി പത്തുകോടി രൂപ മാത്രമാണ് ബാക്കിയുള്ളത്. പറഞ്ഞ കണക്കനുസരിച്ച് ഇവിടെ എന്തു ദുരിതാശ്വാസമാണ് നടത്താൻ പോകുന്നതെന്നറിയില്ല. വെള്ളപ്പൊക്കത്തിന്റെ ഫലമായി ഏറ്റവും കൂടുതൽ കെടുതി അനുഭവിച്ചത് കൃഷിക്കാരായിരുന്നു. കാർഷിക നഷ്ടങ്ങളെക്കുറിച്ചുള്ള കണക്കുകൾ ഇവിടെ പറഞ്ഞു. ആ കർഷകർക്ക് നാല്പത്തിരണ്ടു കിലോഗ്രാം വീതാണ് കൊടുത്തത്. ഓണത്തിന് ഒരുത്തരും പട്ടിണി കിടക്കരുത്, സൗജന്യ റേഷൻ കൊടുക്കുന്നതാണെന്നൊക്കെ പറഞ്ഞ് ഇവിടെ ഊറ്റംകൊള്ളുന്നതുകണ്ടു. എല്ലാവർക്കും സൗജന്യ റേഷൻ കൊടുക്കുന്നതും ഓണ സമ്മാനം കൊടുക്കുന്നതുമൊക്കെ സന്തോഷമുള്ള കാര്യമാണ്. പക്ഷേ ഇതൊക്കെ ആരുടെ ചെലവിലാണ് കൊടുക്കുന്നത്? കോടിക്കണക്കിന് രൂപയുടെ നഷ്ടം സഹിച്ച കൃഷിക്കാരുടെ ചെലവിലാണ് ഇതൊക്കെ നടത്തുന്നത്? 'എമ്പ്രാന്റെ വിളക്കത്ത് വാര്യരുടെ അത്താഴം' എന്നു പറഞ്ഞപോലുള്ള ഏർപ്പാടാണ്. കേരളത്തിലെ കൃഷിക്കാർക്കും മറ്റു വിഭാഗങ്ങൾക്കും നേരിടുന്ന നഷ്ടം നികത്തുന്നതിനു വേണ്ടി ചെറിയ സംഖ്യയെങ്കിലും കേന്ദ്ര ഗവൺമെന്റ് അനുവദിച്ച തുക ഇവിടെ ഓണസമ്മാനമെന്ന പേരിൽ ധൂർത്തടിക്കുകയായിരുന്നു. ഇനി വെള്ളപ്പൊക്കക്കെടുതികൾക്കുവേണ്ടി ഉപയോഗിക്കാൻ ഇതിൽ വേറൊന്നുമില്ലെന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥ. അറുന്നൂറു കോടി രൂപ ചോദിച്ചുചെന്നപ്പോൾ വെറും ഇരുപത്തിയേഴു കോടി രൂപയാണ് കിട്ടിയത്. അതുതന്നെ ഓണസമ്മാനമെന്നു പറഞ്ഞു ധൂർത്തടിച്ചു കഴിഞ്ഞു.

മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത്, ന്യൂ സർവ്വീസ് പ്രൊസീഡ്യുവറനുസരിച്ചുള്ള ചെലവ് ഏറ്റവും കൂടുതലായി കാണുന്നുവെന്നാണ്. അത്യാവശ്യ കാര്യങ്ങൾക്കുവേണ്ടി ബഡ്ജറ്റ് അവതരിപ്പിക്കുന്ന അവസരത്തിൽ, പ്രതീക്ഷിക്കാൻ കഴിയാത്ത പ്രത്യേക ചെലവുകൾ നിർവ്വഹിക്കുന്നതിനുള്ള ഒരു പ്രൊവിഷനുണ്ട്. ആ പ്രൊവിഷനുപയോഗിച്ചുകൊണ്ട് ഏതു ചെലവും ചെയ്യാമെന്നുള്ള അവസ്ഥയാണിപ്പോൾ. ഇതേതാണ്ട് ഓർഡിനൻസ് രേണത്തിന്റെ അതേരീതിയിലാണ്, ന്യൂസർവ്വീസ് പ്രൊസീഡുവറനുസരിച്ച് ഈ ഗവൺമെന്റ് അനുവർത്തിച്ചുവരുന്നത്. ഈ ഗവൺമെന്റ് പ്രതിഛായ മെച്ചപ്പെടുത്താൻവേണ്ടി ഒരു വർഷക്കാലം ചർച്ച നടത്തി, അവസാനം ഏറ്റവും വലിയൊരു കാര്യം ചെയ്തത്, ശ്രീ. മാണിയിൽ നിന്ന് ധനകാര്യവകുപ്പ് പിടിച്ചുപറിച്ച് ശ്രീ. തച്ചടി പ്രഭാകരനെ ഏൽപ്പിച്ചതാണ്. അദ്ദേഹം മൂന്നുനാലു മാസക്കാലമായി നടത്തിക്കൊണ്ടിരുന്ന പ്രഖ്യാപനങ്ങളിൽ ഒരു കാര്യം തീർച്ചയാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മാണിയെ ശ്രീ. തച്ചടി പ്രഭാകരൻ കവച്ചുവച്ചിരിക്കുകയാണ്. കൃഷിവകുപ്പിലും പൊതുമരാമത്തു വകുപ്പിലും ഇറിഗേഷൻ വകുപ്പിലും എന്നുവേണ്ട സകലമാന വകുപ്പുകളിലും നടന്നു നിത്യേന അദ്ദേഹം പ്രഖ്യാപനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്തുകയാണ്. പക്ഷേ ഈ പ്രഖ്യാപനങ്ങൾക്കെല്ലാം കൊടുത്തുതീർക്കുവാൻ കുറെയെങ്കിലും തുക കയ്യിലുണ്ടോയെന്നു ചോദിച്ചാൽ ഇല്ലെന്നുള്ളതാണ് ഇവിടെ ഓരോ മന്ത്രിമാരും ആവർത്തിച്ചാവർത്തിച്ച് പറയുന്നത്.

കഴിഞ്ഞ സമ്മേളനം പിരിയുന്ന അവസരത്തിൽ, കേരളത്തിലെ കൃഷിക്കാർക്ക് മുഴുവൻ വളം സബ്സിഡിയും പമ്പിംഗ് സബ്സിഡിയും കൊടുക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ അതിനുള്ള പണമൊക്കെ ഈ സപ്ലിമെൻററി ഡിമാൻറിൽ കാണുമെന്നാണ് ന്യായമായി പ്രതീക്ഷിച്ചത്. ഇതുമുഴുവനും പരിശോധിച്ചിട്ടും കൃഷിക്കാർക്ക് കൊടുത്തുതീർക്കേണ്ട പമ്പിംഗ് സബ്സിഡിയുടെ കുടിശ്ശിക രണ്ടു കോടി രൂപ കൊടുത്തുതീർക്കുന്നതിനോ വളം സബ്സിഡിക്ക് കഴിഞ്ഞവർഷം കൊണ്ടുവന്ന 35 ലക്ഷം കൂടുതലായി ആവശ്യപ്പെട്ടിരുന്ന മുപ്പത്തിയേഴുലക്ഷം രൂപ കൊടുക്കുന്നതിനോ ഉള്ള തുകയൊന്നും ഈ ഡിമാൻറിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതൊക്കെ എങ്ങനെയാണ് കൊടുക്കാൻ പോകുന്നതെന്ന് ഈ സഭ അറിയേണ്ടേ? ഇനി നാളെ കണ്ടിജൻസി ഫണ്ടിൽനിന്നും എടുത്തുകൊടുക്കുമോ എന്നൊന്നും പറഞ്ഞിട്ടില്ല. എന്താണതിൻെറ കാര്യമെന്നുള്ളത് വ്യക്തമാക്കണമെന്നാണ് എനിക്ക് ഉപധനാഭ്യർത്ഥനയെക്കുറിച്ച് പ്രത്യേകമായി പറയാനുള്ളത്.

സർ, ഇവിടെ പോലീസ് വകുപ്പിനെക്കുറിച്ച് പറയുമ്പോൾ ആഭ്യന്തര വകുപ്പ് മുഖ്യമന്ത്രി ഏറെറടുത്തത് പ്രതിഛായ നന്നാക്കുന്നതിൻെറ മറെറാരു പ്രധാന നടപടിയായിട്ടായിരുന്നു. എന്നാൽ അതിനുശേഷമാണ് നമ്മുടെ സംസ്ഥാനത്ത് ഏറെറവും ഭീകരമായി പോലീസിൻെറ താണ്ഡവം നടക്കുന്നത്. ഇത് പ്രതിപക്ഷം ഗവൺമെൻറിനെ ആക്ഷേപിക്കുവാൻ പറയുന്നതല്ല. ഗവൺമെൻറിനെ പിൻതുണയ്ക്കുന്ന 'മലയാള മനോരമ', 'മാതൃഭൂമി', 'കേരള കൗമുദി' തുടങ്ങിയ എല്ലാ പത്രങ്ങളും ഒരുപോലെ സമ്മതിക്കുന്ന കാര്യമാണ് അത്. തങ്കമണിയിലെ സംഭവം, കാഞ്ഞിരപ്പള്ളിയിലെ വെടിവയ്പ്, ഇവയെല്ലാം ഈ സഭയുടെ ഈ സമ്മേളനത്തിൽത്തന്നെ ചർച്ച ചെയ്യപ്പെട്ട സംഗതികളാണ്. ഞാൻ അതിൻെറ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. അതിൽ ഈ മുഖ്യമന്ത്രി സ്വീകരിക്കുന്ന നിലപാട് വളരെ പ്രധാനമാണ്. കാഞ്ഞിരപ്പള്ളിയിൽ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി സമരം ചെയ്യുന്ന തൊഴിലാളികളെ പോലീസ് വെടിവച്ചപ്പോൾ അദ്ദേഹം പറഞ്ഞു, പോലീസുകാരനായാലും ആത്മരക്ഷയ്ക്കായി വെടിവയ്ക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടെന്ന്. അങ്ങനെ സ്വാതന്ത്ര്യമുള്ളതായി നമുക്ക് ആർക്കുമറിയില്ല. വെടിവച്ചത് ആത്മരക്ഷയ്ക്കാണോ അല്ലയോയെന്ന് തീരുമാനിക്കേണ്ടത് മുഖ്യമന്ത്രിയല്ല പോലീസ് ആഫീസറുമാരുമല്ല. അതു കോടതിയാണ്. വെടിവയ്ക്കാൻ അധികാരമില്ലാതെ വെടിവച്ചാൽ അതിന് കേസ് ചാർജ് ചെയ്യണം. പക്ഷെ അതിനെ ഇവിടെ ന്യായീകരിച്ചു. അതിൻെറ രണ്ടാം ദിവസമാണ് തങ്കമണിയിലെ സംഭവം നടന്നത്. അവിടെ വെടിവച്ചതുകൊണ്ട് അവസാനിച്ചില്ല. അവിടെ നടന്ന സംഭവങ്ങളെ സംബന്ധിച്ച് ഇവിടെ പ്രതിപക്ഷത്തുനിന്ന് ശ്രീ. ജിനദേവൻ ഒരു സബ്മിഷൻ ഉന്നയിച്ചപ്പോൾ വളരെ ഹൃദയദ്രവീകരമായ ആ കഥകളെക്കുറിച്ച് വിവരിച്ചു. പക്ഷെ അതിനുശേഷം 'മലയാള മനോരമ'യുടെയും 'മാതൃഭൂമി'യുടെയും 'കേരള കൗമുദി'യുടെയും റിപ്പോർട്ടർമാർ അവിടെ പോയി ശേഖരിച്ച വിവരങ്ങൾ പിന്നീട് പത്രങ്ങളിൽ വന്നപ്പോൾ ശ്രീ. ജിനദേവൻ പറഞ്ഞത് അതിൻെറ എത്രയോ ചെറിയഭാഗം മാത്രമായിരുന്നുവെന്ന് മനസ്സിലായി. അന്ന് ജിനദേവനൊക്കെ അവിടെ പോകുന്ന സമയത്ത് പലരും നടന്ന സംഭവങ്ങൾ തുറന്നുപറയാൻ ധൈര്യപ്പെട്ടില്ല. പിന്നീടാണ് ഏറവും കൂടുതൽ വിവരങ്ങൾ പുറത്തുവന്നത്. ഞാൻ അതിൻെറ വിശദാംശങ്ങളിലേക്ക് കടക്കുകയല്ല. മലയാള മനോരമ അത് പ്രസിദ്ധീകരിക്കുക മാത്രമല്ല

LIBRARY ARCHIVES Kerala Legislative Assembly

അതിനെക്കുറിച്ച് ഒരു മുഖപ്രസംഗം തന്നെ എഴുതി. ആ മുഖപ്രസംഗത്തിലെ പ്രസക്തമായ രണ്ടു വാചകം ഞാൻ പറയാം. "കുറ്റം ചെയ്തതായി കരുതപ്പെടുന്ന ആരെയൊക്കെയോ പിടികൂടാൻ എന്ന പേരിൽ നൂറുകണക്കിന് വാഹനങ്ങളിൽ ചെറിയ അങ്ങാടിയിൽ പെന്ന് വീടുകളിൽ ഇരച്ചുകയറി നാശനഷ്ടങ്ങളും വരുത്തുകയും കൊള്ള നടത്തുകയും ചെയ്ത പോലീസ് നടപടിക്ക് എന്തു ന്യായീകരണങ്ങളാണ് ഉള്ളത്. പോലീസുകാർ സ്ത്രീകളെ അപമാനിക്കുകയും മാനഭംഗപ്പെടുത്തുകയും ചെയ്തത് എങ്ങനെ ക്രമസമാധാന പാലനമാകും? പറഞ്ഞുകേട്ടതിന്റെ പത്തിലൊന്ന് നേരാണെങ്കിൽ കേരളത്തിലെ പോലീസ് സംവിധാനത്തിന്റെ തലപ്പത്തിരിക്കുന്ന എല്ലാവരും ലജ്ജിച്ചു തലതാഴ്ത്തുകതന്നെ വേണം." അതാണ് മലയാള മനോരമ പറഞ്ഞത്. എന്നിട്ട് അതിന്റെ അന്വേഷണത്തെ സംബന്ധിച്ച് ഇവിടെ പല മെമ്പർമാരും സംസാരിച്ചപ്പോഴും ഗവൺമെന്റ് ന്യായമായി അന്വേഷിക്കുന്നു, നടപടിയെടുക്കുന്നു എന്ന് ആവർത്തിച്ച് പറയുന്നുണ്ട്. പക്ഷെ ആ കാര്യത്തെപ്പറ്റി അന്ന് ശ്രീ. ജിനദേവൻ ഇവിടെ സബ്മിഷൻ ഉന്നയിച്ചപ്പോഴും ഇവിടെ വെടിവയ്പിനെ സംബന്ധിച്ച് അടിയന്തിരപ്രമേയം അവതരിപ്പിച്ചപ്പോഴും ഒക്കെ മുഖ്യമന്ത്രി ആദ്യമേ പ്രഖ്യാപിച്ചത് ഇതൊക്കെ അതിശയോക്തിപരമാണെന്നാണ്. അന്നും പറഞ്ഞു, വെള്ളിയാഴ്ച ആവർത്തിച്ചും പറഞ്ഞു; ബലാൽസംഗം നടന്നിട്ടില്ലെന്ന്. അതുകഴിഞ്ഞാണ് അന്വേഷണം. വിധി ആദ്യം പ്രഖ്യാപിച്ചു കഴിഞ്ഞു. അതുകഴിഞ്ഞ് കുറ്റവിചാരണ. ഇതല്ലേ ഇപ്പോൾ നടക്കുന്നത്. അവിടെ ബലാൽസംഗം നടന്നിട്ടില്ലെന്ന് മുഖ്യമന്ത്രി പ്രഖ്യാപിക്കുക എന്നിട്ട് ഐ. ജി. പോയി അവിടെ അന്വേഷണം നടത്തുക. ഐ. ജി. ക്ക് എത്ര സ്ത്രീകളെ തുറന്നുപറഞ്ഞാൽപ്പോലും അത് ഉണ്ടായിയെന്നു പറയുവാൻ—മുഖ്യമന്ത്രി നിയമസഭയിൽ നിഷേധിച്ച കാര്യം അവിടെ ഉണ്ടായിയെന്നു പറയുവാൻ—ധൈര്യമുണ്ടാകുമോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അവിടെ അങ്ങനെ ക്രൂരകൃത്യം നടന്നിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കാമെന്നല്ല പറഞ്ഞത്. അന്വേഷണത്തിനുമുമ്പുതന്നെ അത് നിഷേധിച്ചു. ആ സമീപനം കൊണ്ടാണ് ഈ രാജ്യത്ത് ഇത്രയേറെ ക്രൂരതകളും ഈ സഭ തുടങ്ങിയശേഷം ഉണ്ടായത്. ഇപ്പോൾ വെടിവയ്പ്, ലാത്തിചാർജ്, മീശപറിക്കൽ, ഉടുതുണിയുരിയൽ ഇവ ഏതെങ്കിലും ഇല്ലാത്ത ഏതെങ്കിലും ദിവസം കടന്നുപോയിട്ടുണ്ടോ? ഈ സംസ്ഥാനത്ത് മുഖ്യമന്ത്രി ആഭ്യന്തര വകുപ്പിന്റെ ചുമതല ഏറ്റെടുത്തശേഷം പോലീസുകാരുടെയിടയിൽ തങ്ങൾക്ക് ഒരു രക്ഷകൻ വന്നിരിക്കുന്നു എന്ന ബോധമാണ് രൂഢമൂലമായിരിക്കുന്നത്. ആ ബോധം മാറാനുള്ള ഇടത്തോളം കാലം ഇതിനെ തിരുത്താനൊക്കുകയില്ല. അവിടെനിന്നാണ് തിരുത്തൽ ആരംഭിക്കേണ്ടത്.

ഇന്ന് നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി എന്താണ്? ഇവിടെ വലിയ ഒരു ബാങ്ക് ബാലൻസോടുകൂടിയാണ് ശ്രീ. തച്ചടി പ്രഭാകരൻ ധനകാര്യവകുപ്പ് ഏറ്റെടുത്തത്. അദ്ദേഹം കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഒരു ധനകാര്യ പ്രസ്താവന നടത്തി. റിസർവ് ബാങ്കിൽ നിന്നും 1985-86-ൽ ഫൈനൽ അക്കൗണ്ട്സ് കിട്ടിയപ്പോൾ ക്ലോസിംഗ് ബാലൻസ് 168.14 കോടി രൂപയാണെന്ന് അദ്ദേഹം പറഞ്ഞു. കൊടുത്തു തീർക്കാനുള്ള പണമൊന്നും കൊടുക്കാതെ ബില്ലുകൾ അന്ന് ധനകാര്യ മന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണി തടഞ്ഞു വച്ചതുകൊണ്ടാണ് റിസർവ് ബാങ്കിൽ ഇത്രയും ബാലൻസ് വന്നതെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ ആദ്യം അത് നിഷേധിച്ചു. പക്ഷെ ഇപ്പോഴെങ്കിലും ശ്രീമാൻ തച്ചടി പ്രഭാകരന് അത് ബോദ്ധ്യമായിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. ആഭ്യന്തരത്തിന്റെ പ്രഖ്യാപനങ്ങളുടെ കനം കുറഞ്ഞുകുറഞ്ഞു വരാൻ തുടങ്ങിയിട്ടുണ്ട്. ഇവിടെ കഴിഞ്ഞ വർഷത്തെ വെള്ളപ്പൊക്കത്തിന് കേന്ദ്ര ഗവൺമെന്റിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയ 132 കോടി രൂപ ഉണ്ടായിരുന്നില്ലെങ്കിൽ എന്താകുമായിരുന്നു നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി? പൊതുമരാമത്തു റോഡുകളിലൊക്കെ ഇറങ്ങി നടക്കാറായതും അത്യാവശ്യം വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനം നടന്നതും ആ പണം കൊണ്ടാണ്. ഇത്തവണ 27 കോടി രൂപ കിട്ടിയത് പകുതി ഓണ സമ്മാനം കൊടുത്തു കഴിഞ്ഞു. ഇനി ആ ചെലവുചെയ്യാൻ ഇല്ലെന്നതാണ് നമ്മുടെ സ്ഥിതി. ആളുകളുടെ കൂടിവെള്ള പ്രശ്നത്തിന് പ്രാഥമിക പരിഗണന കൊടുക്കേണ്ട കാര്യമാണ്. ആളുകൾക്ക് ശുദ്ധജലം കൊടുക്കുകയെന്നത് വളരെ പ്രധാനപ്പെട്ട സംഗതിയാണ്. ഇപ്പോൾ ഇറിഗേഷൻ വകുപ്പിന്റെ ചുമതല വഹിക്കുന്ന ശ്രീ. കെ. എം. മാണി പറഞ്ഞത്, 62 കോടി രൂപയുടെ ബാധ്യതയാണ് ഈ വകുപ്പിനുള്ളത്. 41 കോടി രൂപയാണ് എനിക്ക് ബഡ്ജറ്റിൽ ചെലവു ചെയ്യാൻ കിട്ടിയിട്ടുള്ളത്. ഇതുതന്നെ വർഷം ധനകാര്യ മന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണി വിലപിക്കുകയാണ്. ഇനി അവിടെ എങ്ങനെ കൊടുക്കും? ഇതിനു മുമ്പ് ഉണ്ടായിരുന്ന പണം മുഴുവൻ ഉപയോഗിച്ച് പൈപ്പ് വാങ്ങി. മുൻമന്ത്രി വാങ്ങിക്കൂട്ടിയ പൈപ്പുകൾ കുഴിച്ചിടാനല്ലാതെ അതിലേക്ക് വെള്ളം സപ്ലൈ ചെയ്യാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. വെള്ളം സപ്ലൈ ചെയ്യണമെങ്കിൽ ടാങ്ക് കെട്ടണം, മോട്ടോറുകൾ ഫിറ്റ് ചെയ്യണം—ഈ വക പണിക്ക് ഒന്നും ഇന്ന് പി. എച്ച്. ഇ. ഡി. ക്ക് വാട്ടർബോഡിൽ പണമില്ല. അതിന്റെ പരിവേദനമാണ് ബഹുമാനപ്പെട്ട കെ. എം. മാണി പറഞ്ഞത്.

അതുപോലെതന്നെ ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ള തന്നെ പറഞ്ഞു, പുതിയ കണക്ഷനുകൾ കൊടുക്കണമെങ്കിൽ, ഗവൺമെന്റ് ഡിപ്പാർട്ടുമെന്റായാലും ശരി, നാട്ടുകാരായാലും ശരി ആരായാലും അതിനുവരുന്ന ചെലവുകൾ ഒക്കെ അവർ തന്നെ വഹിക്കണം എന്ന്. ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ് വഹിക്കണം; നാട്ടുകാരുടെ മേൽ ഇപ്പോൾ നിർത്തിവച്ചിരുന്ന സംഭാവന വീണ്ടും അടിച്ചേൽപിക്കുകയാണ്. പൊതുമരാമത്തു വകുപ്പിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ മൂന്നു വർഷമായി പ്രധാനമായിട്ട് ഏറ്റെടുത്തത് രണ്ട് എം. എൽ. എ. റോഡുകളാണ്. മൂന്നു വർഷമായിട്ട് അതിന്റെ പണിയിൽ പത്തു ശതമാനംപോലും നടന്നിട്ടില്ല. ഈ വർഷത്തെ ബഡ്ജറ്റ് നോക്കിയാൽ ഓരോ ജില്ലകളിലും പത്തു ലക്ഷം രൂപയാണ് എം. എൽ. എ. റോഡുകൾക്കായി മാറിവച്ചത്. ചില ജില്ലകളിൽ ഒരു നയാപൈസപോലും ഇല്ല. ഇരുപതു ലക്ഷം രൂപ വരെയുള്ള റോഡുകൾക്കാണ് അനുമതി കൊടുത്തത്. അതിന്റെ അര റോഡുപോലും നിർമ്മിക്കാനുള്ള പണം ഈ വർഷത്തെ ബഡ്ജറ്റിലില്ല. അതാണ് പ്രധാനമായിട്ടും പൊതുമരാമത്തു വകുപ്പ് നടത്തുന്ന എം. എൽ. എ. റോഡുകളുടെ സ്ഥിതി.

നമ്മുടെ വരുമാനത്തിന്റെ സിംഹഭാഗവും ഇന്ന് വിദ്യാഭ്യാസ വകുപ്പിനുവേണ്ടിയാണ് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. 423 കോടി രൂപ വിദ്യാഭ്യാസ വകുപ്പിനുവേണ്ടിയാണ്. ആ വകുപ്പിന്റെ പ്രവർത്തനം ഇന്ന് അങ്ങേയറ്റം നിരുത്തരവാദപരമായ രീതിയിൽ സംസ്ഥാനത്തിന് വലിയ ഭാരമാക്കി തീർത്തിരിക്കയാണ് നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി. പ്ലാനിംഗ് ബോർഡിന്റെ മുൻഗണനാ നിർദ്ദേശങ്ങളൊക്കെ കാറിൽ പറത്തിക്കൊണ്ടാണ് ഇവിടെ ഒരു ഓർഡിനൻസ് വഴി മൂന്നാമത് ഒരു യൂണിവേഴ്സിറ്റി സ്ഥാപിച്ചത്. ഇന്ന് ഇപ്പോൾ പ്രീഡിഗ്രി ബോർഡ് എന്നപേരിൽ സംസ്ഥാന വ്യാപകമായി അധികാരപരിധിയോടുകൂടി മറ്റൊരു യൂണിവേഴ്സിറ്റി സ്ഥാപിക്കുവാനുള്ള വ്യഗ്രതയിലാണ് മന്ത്രി. പ്ലാനിംഗ് ബോർഡിന്റെ തന്നെ സ്റ്റഡി ഗ്രൂപ്പ് നിർദ്ദേശിച്ച മുൻഗണനാ നിർദ്ദേശങ്ങളെ കാറിൽപ്പറത്തിക്കൊണ്ടാണ് ഇപ്പോൾ പ്രീഡിഗ്രി

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിനുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി രംഗത്ത് വന്നിരിക്കുന്നത്. പ്രീഡിഗ്രി ബോർഡ് രൂപീകരണം കൊണ്ട് ഉണ്ടാകാവുന്ന സാമ്പത്തിക ബാദ്ധ്യത എത്രയാണെന്ന് കൃത്യമായിട്ട് കണക്കാക്കിയിട്ടില്ല എന്നാണ് ഈ സഭയിൽ കഴിഞ്ഞ ദിവസം വിദ്യാഭ്യാസ മന്ത്രി പറഞ്ഞത്. വൈസ് ചാൻസിലർമാരുടെ കമ്മിറ്റിയും അത് പരിശോധിച്ചില്ല. പ്രീഡിഗ്രി ക്ലാസുകൾ ഡീലിങ്ക് ചെയ്യുന്നതോടുകൂടി, യൂണിവേഴ്സിറ്റിയിൽ നിന്ന് നീക്കം ചെയ്യുന്നതോടുകൂടി, തൊഴിലില്ലാതാകുന്ന കോളേജ് അദ്ധ്യാപകരുടെയും യൂണിവേഴ്സിറ്റി ജീവനക്കാരുടെയും എല്ലാം ജോലി സംരക്ഷിക്കുമെന്ന് പറയുന്നതിന്റെ അർത്ഥം അവരെ പ്രൊട്ടക്ടഡ് ആയിട്ട് അവർക്ക് ശമ്പളം കൊടുക്കണമെന്നാണ്. ഇപ്പോൾത്തന്നെ ഒൻപതു കോടി രൂപ സ്കൂളുകളുടെ പ്രൊട്ടക്ടഡ് അദ്ധ്യാപകർക്കുവേണ്ടി നമ്മുടെ ബജറ്റിൽ നിന്നും ചെലവാക്കുന്നുണ്ട്. ഇനി വലിയൊരു ബാദ്ധ്യത കോളേജിലെ അദ്ധ്യാപകരെയും സ്റ്റാഫിനെയും പ്രൊട്ടക്ടഡായി നിലനിർത്തിക്കൊണ്ട് ശമ്പളം കൊടുക്കാനായി ചെലവാക്കണം. അതുപോലെ കോടിക്കണക്കിന് രൂപയുടെ ബാദ്ധ്യത എന്താണെന്നുപോലും തിട്ടപ്പെടുത്താതെ, പ്രീഡിഗ്രി ബോർഡ് രൂപീകരിക്കുമെന്ന നിർബന്ധമാണ് ഇവിടെ വിദ്യാഭ്യാസവകുപ്പുമന്ത്രി പ്രകടിപ്പിച്ചിട്ടുള്ളത്. അദ്ദേഹംതന്നെ പറഞ്ഞു, 510 ഗവൺമെന്റ് സ്കൂളുകൾ വാടക കെട്ടിടത്തിലാണെന്ന്. നിരവധി ഗവൺമെന്റ് സ്കൂൾ കെട്ടിടങ്ങൾ ജീർണ്ണിച്ച അവസ്ഥയിലാണ്. അതൊന്ന് പുതുക്കി പണിയാനായി ഒരു നയാപൈസപോലും ഇല്ലാത്ത ഈ ഗവൺമെന്റാണ് ഇപ്പോൾ പ്രീഡിഗ്രി ബോർഡ് രൂപീകരിച്ചുകൊണ്ട് കോടിക്കണക്കിന് രൂപയുടെ ബാദ്ധ്യത ഏല്പിക്കാൻ പോകുന്നത്. ഇവിടെ ഏറ്റവും പ്രധാനപ്പെട്ട, നമ്മുടെ രാജ്യത്തെ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു വലിയ പ്രശ്നം തൊഴിലില്ലായ്മയാണെന്ന് ഞാൻ പറയാതെതന്നെ എല്ലാവർക്കും അറിയാവുന്നതാണ്. ഇവിടെ തൊഴിലില്ലായ്മയെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താണ് പറഞ്ഞത്? കഴിഞ്ഞ നാലര വർഷമായി പതിനാൻപതു ലക്ഷത്തിൽ നിന്നും ഇരുപത്തിയാറു ലക്ഷമായി തൊഴിലില്ലാത്തവരുടെ സംഖ്യ വർദ്ധിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണവും വർദ്ധിച്ചു. അതിനെ സംബന്ധിച്ച് മുഖ്യമന്ത്രി പറഞ്ഞത്, ഒരു ആഗോള പ്രതിഭാസമാണ്, ഒരു ദേശീയ പ്രതിഭാസമാണ് എന്നാണ്. അതിൽ അദ്ദേഹം ആശ്വാസം കൊള്ളുന്നത് ഇൻഡ്യയിൽ 65 ശതമാനം വർദ്ധിച്ചപ്പോൾ കേരളത്തിൽ 35 ശതമാനമേ വർദ്ധിച്ചുള്ളു എന്നാണ്. പക്ഷെ അദ്ദേഹം മറച്ചുവയ്ക്കുന്ന ഒരു കാര്യം ഇൻഡ്യയിൽ രണ്ടു കോടി അറുപത്തിയഞ്ചു ലക്ഷമായി തൊഴിലില്ലാത്തവരുടെ എണ്ണം വർദ്ധിച്ചപ്പോൾ കേരളത്തിൽ പത്തു ശതമാനമാണ് തൊഴിലില്ലാത്തവർ. കേവലം 3.3 ശതമാനം മാത്രം ജനസംഖ്യയുള്ള കേരളത്തിൽ ഇൻഡ്യയിലെ തൊഴിലില്ലാത്തവരുടെ പത്തു ശതമാനം കേരളത്തിലാണ്. അത് എന്തുകൊണ്ട് സംഭവിച്ചു എന്ന് പരിശോധിക്കുവാൻ അദ്ദേഹം തയ്യാറല്ല. നേരെമറിച്ച് അതിന് ന്യായം പറയാനാണ് അദ്ദേഹം തയ്യാറാകുന്നത്. ഇതുപോലെ വിവരംകെട്ട ഇത്രയും നിരുത്തരവാദപരമായ പ്രസ്താവന ചെയ്യുന്ന ഏതെങ്കിലും മുഖ്യമന്ത്രിമാർ ഏതെങ്കിലും സംസ്ഥാനത്ത് കാണുമോ?

ഈ സംസ്ഥാനത്തെ ഏറ്റവും വലിയപൊതുമേഖലാ സ്ഥാപനമായ ഇലക്ട്രിസിറ്റി ബോർഡിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 8938 തസ്തികകൾ നിർത്തലാക്കിയെന്നാണ് മന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ള പറഞ്ഞത്. യഥാർത്ഥ കണക്കുകളനുസരിച്ച് അതിനെക്കാൾ എത്രയോ കൂടുതലാണ്. ഏപ്രിൽ ഒന്നിന് ഇലക്ട്രിസിറ്റി ബോർഡ്

LIBRARY ARCHIVES Kerala Legislative Assembly

പ്രസിദ്ധീകരിച്ച ബഡ്ജറ്റ് പ്രകാരം മൊത്തം തസ്തിക 35192 ആയിരുന്നു. എങ്കിൽ ബോർഡിന്റെ തന്നെ 1985 ജൂലൈ ഒന്നിന് പ്രസിസ്ദീകരിച്ച ബഡ്ജറ്റ് പ്രകാരം മൊത്തം 21410 തസ്തികകളാണ്. അതിന്റെയർത്ഥം ഈ കാലയാളവിൽ മാത്രം 13752 തസ്തികകളും വെട്ടിക്കുറച്ചു എന്നാണ്.

സർ, ഇപ്പോഴും തസ്തികകളും വെട്ടിക്കുറയ്ക്കുന്ന നടപടികളും തുടരുകയാണ്. ഇതിനൊക്കെ അദ്ദേഹം പറഞ്ഞ ന്യായം ഈ സമയെ തെറ്റിദ്ധരിപ്പിക്കുന്നതിനുവേണ്ടി കുറേ കണക്കുകളാണ്. ഒരു മെഗാവാട്ട് വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാനാവശ്യമായ സ്റ്റാഫിന്റെ എണ്ണം ഇൻഡ്യയിൽ ശരാശരി ഏഴാണെന്നും, കേരളത്തിൽ അത് 35 ആണെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. എന്നാൽ വസ്തുത എന്താണ്? ഇൻഡ്യയിൽ ശരാശരി 30 വരുമെന്നാണ് രാജാദ്ധ്യക്ഷ കമ്മിറ്റിയുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ബോർഡിന്റെ കണക്ക് പ്രകാരം തന്നെ കേരളത്തിൽ 18.3 ആണ്. കണക്ഷൻ 10 ലക്ഷമായിരുന്നപ്പോഴും ഇവിടെ 24000 സ്റ്റാഫ് ഉണ്ടായിരുന്നുവെങ്കിൽ കണക്ഷൻ 20 ലക്ഷമായിട്ടും സ്റ്റാഫിന്റെ എണ്ണം 24000-ത്തിലേക്ക് എത്തിയിരിക്കുകയാണ്. തസ്തിക വെട്ടിക്കുറയ്ക്കുന്ന നടപടി ഇപ്പോഴും തുടരുന്നു.

സർ, മറ്റൊരു കാര്യം, പൊതുമേഖലാ സ്ഥാപനമായ ട്രാൻസ്പോർട്ടിലും സ്ഥിതിയുമിതാണ്. അവിടെ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുമ്പോഴും ഇനിയുള്ള റിട്ടയർമെന്റ് ഒഴിവുകളിലേക്കും പുതിയ ഷെഡ്യൂളുകളും ആരംഭിക്കുന്നതിലേക്കും നിയമനം നടത്തുമോ എന്ന് ആവർത്തിച്ച് ചോദിച്ചപ്പോഴും അതിന് ഉറപ്പുതരാൻ കഴിയുകയില്ലെന്നാണ് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി മറുപടി പറഞ്ഞത്. ഗവൺമെന്റ് പൊതുമേഖലാസ്ഥാപനങ്ങളിൽ വലിയ വലിയ തസ്തികകളും, വലിയ ശമ്പളം കൊടുക്കേണ്ട തസ്തികകളും സൃഷ്ടിച്ച് അതിൽ മന്ത്രിമാരുടെ താൽപ്പര്യക്കാരായ ചില ആളുകളെ കുടിയിരുത്തുന്നതിലുള്ള വ്യഗ്രതയിലാണ്. ഇന്ന് താഴെയുള്ള ആയിരക്കണക്കിന് തസ്തികകളും നികത്താതെ കിടക്കുകയാണ്. ഇന്ന് കമ്പ്യൂട്ടറൈസേഷന്റെ പേരിൽ ഗവൺമെന്റ് ഓഫീസുകളിലും, പൊതുമേഖലാസ്ഥാപനങ്ങളിലുമൊക്കെ തന്നെ ഈ രാജ്യത്തെ തൊഴിലില്ലാത്ത, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിലിനുവേണ്ടി കാത്തിരിക്കുന്ന ചെറുപ്പക്കാർക്ക് തൊഴിൽ കിട്ടുന്നതിനുള്ള എല്ലാ സാദ്ധ്യതകളും കെട്ടിയടയ്ക്കപ്പെടുകയാണ്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ന്യായം പറഞ്ഞു. കമ്പ്യൂട്ടർ വരുമ്പോൾ ആ കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കാൻ ആളുകളെ അയയ്ക്കണമെന്ന്. അതുകൊണ്ട് ജോലി ഉണ്ടാകുമെന്ന്. ആയിരക്കണക്കിനാളുകളുടെ ജോലി കുറച്ച് ചില ആളുകളെക്കൊണ്ടു ചെയ്യിക്കുന്ന സംവിധാനമാണ് കമ്പ്യൂട്ടർ. എന്നിട്ട് അതിനും കൂടുതൽ തൊഴിൽ ഉണ്ടാകുമെന്ന് പറഞ്ഞ് ന്യായീകരിക്കാനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിച്ചത്. അതുകൊണ്ടാണ് ഈ ഗവൺമെന്റിന്റെ ഇത്രയും നിരുത്തരവാദപരമായ നിലപാടിൽ ജീവിതനൈരാശ്യം മൂത്ത് തങ്ങളുടെ ഭാവിയെക്കുറിച്ച് ആശങ്കാകുലരായ ഈ രാജ്യത്തെ ആയിരക്കണക്കിന് യുവജനങ്ങൾ "തൊഴിൽ അല്ലെങ്കിൽ ജയിൽ" എന്ന മുദ്രാവാക്യവും ഉയർത്തിക്കൊണ്ട് പ്രക്ഷോഭണരംഗത്തേക്ക് വന്നിട്ടുള്ളത്. അതിനെ പരിഹസിച്ചതുകൊണ്ട് കാര്യമില്ല.

സർ, കാർഷിക മേഖല ആകെ തകർന്നിരിക്കുകയാണ്. കാർഷിക മേഖലയിൽ ഇക്കഴിഞ്ഞ കാലങ്ങളിൽ ഈ ഗവൺമെന്റ് നടത്തിയിട്ടുള്ള വാഗ്ദത്തലംഘനങ്ങളുടെ ഫലമായി നെൽക്കൃഷിക്കാരും നാളികേര കൃഷിക്കാരും

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ തന്നെ റബ്ബർ കൃഷിക്കാരുമെല്ലാം തന്നെ വൻപിച്ച ഒരു തകർച്ചയുടെ നടുവിൽ കഴിയുകയാണ്. മൂന്ന് വർഷം, 1983, 1984, 1985 കാലഘട്ടങ്ങളിലുണ്ടായ വരൾച്ചയുടെയും ആവർത്തിച്ച വെള്ളപ്പൊക്കത്തിന്റെയും എല്ലാം ഫലമായി നഷ്ടം സഹിച്ച് ഇന്ന് കടംകൊണ്ട് കാടുകയറിയിട്ടുള്ള കൃഷിക്കാർ അവരുടെ അയ്യായിരം ഉറുപ്പികയുള്ള കാർഷിക കടങ്ങളും എങ്കിലും റദ്ദ് ചെയ്യണമെന്ന് പറയുമ്പോഴും അതിനുപോലും ഗവൺമെന്റിന് പണമില്ല. കൃഷിക്കാരുടെ അവകാശങ്ങളും പരിഗണിക്കുന്നതിനു വേണ്ടി ഇതിന് മുൻപ് ഗവൺമെന്റിന് ഒരു മെമ്മോറാണ്ടം കൊടുത്തിരുന്നു. അവരെ ചർച്ചയ്ക്ക് വിളിക്കാമെന്ന് പറഞ്ഞു. അതിൽ യാതൊരു നടപടിയും സ്വീകരിക്കാത്തതിന്റെ ഫലമായി നമ്മുടെ 14 ജില്ലാകേന്ദ്രങ്ങളിലും ഈ സെക്രട്ടേറിയറ്റിന്റെ നടയിലും ഈ സംസ്ഥാനത്തെ ഏറ്റവും ഉത്തരവാദപ്പെട്ട കർഷകസംഘടനയുടെ നേതാക്കൾ നിരാഹാരമനുഷ്ഠിക്കുകയാണ്. ആ നിരാഹാരത്തിൽ തൃശ്ശൂർ നിന്നുള്ള നാല് കർഷക നേതാക്കളിൽ ഈ സഭയിലെ ഒരു ബഹുമാന്യനായ നേതാവായിട്ടുള്ള സഖാവ് കെ. പി. അരവിന്ദാക്ഷനുമുണ്ട്. അദ്ദേഹം നിരാഹാരം തുടങ്ങിയിട്ട് നാലഞ്ചു ദിവസമായി. അദ്ദേഹത്തിന്റെ ആരോഗ്യനില അങ്ങേയറ്റം വഷളായിരിക്കുകയാണ്. മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടർമാർ വന്ന് പരിശോധിച്ചപ്പോഴും വളരെ ആശങ്കാകുലമായിട്ടുള്ള ആരോഗ്യസ്ഥിതിയാണെന്നാണ് എന്നോട് പറഞ്ഞത്. ഗവൺമെന്റ് ഇവരെ തിരിഞ്ഞുനോക്കാത്തതിന്റെ ഫലമായി, പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാത്തതിന്റെ ഫലമായി ഇന്ന് എല്ലാ താലൂക്കാഫീസുകളുടെ മുന്നിലും നൂറ് കണക്കിന് കർഷകർ പിക്കറ്റിംഗ് സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ഇങ്ങനെ ഈ കർഷകരുടെ ആവശ്യങ്ങളുടെമേൽ പുറം തിരിഞ്ഞുനിൽക്കാതെ അവരുടെ സംഘടനകളെ വിളിച്ച് ചർച്ച ചെയ്ത് ഗവൺമെന്റിന്റെ സാമ്പത്തിക പരിധിയിൽ നിന്നുകൊണ്ട് വേണ്ടത് ചെയ്യണം. ഇവിടെ പല പ്രഖ്യാപനങ്ങളും ധനകാര്യമന്ത്രി നടത്തി. അവർക്ക് ചെയ്യാവുന്ന ആനുകൂല്യങ്ങൾക്ക് അടിയന്തിരമായി ആശ്വാസ നടപടികളും സ്വീകരിച്ചുകൊണ്ട്, ഈ കർഷക സമരത്തെ ഒരു ഒത്തുതീർപ്പിലെത്തിക്കുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് അതിനെപ്പറ്റി പറയാനുള്ളത്. വളരെ ആപൽക്കരമായിട്ടുള്ള ഒരു സ്ഥിതിയാണ് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് നമ്മുടെ സംസ്ഥാനത്ത് സ്വീകരിച്ചിട്ടുള്ളത് എന്നുള്ള കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ വളരെ പ്രബലമായ ഒരു മതവിഭാഗത്തെയൊട്ടാകെ തന്നെ ഇന്ന് മതവികാരം ആളിക്കത്തിച്ച് പരസ്യമായി നിയമം കയ്യിലെടുത്തുകൊണ്ട് തെരുവിലിറങ്ങുന്ന ഒരു സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിരിക്കുകയാണ്. കേവലം ഒരു നാടകത്തിന്റെ അവതരണാനുമതിയുടെ പ്രശ്നത്തെച്ചൊല്ലിയാണ് പ്രശ്നം. ആ നാടകത്തിന്റെ ഉള്ളടക്കത്തിലേക്കൊന്നും ഞാൻ കടക്കുന്നില്ല. അത് ഇഷ്ടമുള്ളവർ കാണുകയോ കാണാതിരിക്കുകയോ ചെയ്യട്ടെ. അതിനെ സംബന്ധിച്ച് അല്ല, അതിന്റെ നിയമ സാധുതയെ സംബന്ധിച്ച്, തന്നെ ഇപ്പോൾ ഹൈക്കോടതി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ "ക്രിസ്തുവിന്റെ ആദ്യ തിരുമുറിവ്" എന്ന നാടകത്തെ സംബന്ധിച്ച് അത് നിയമപരമായി അനുവദനീയമാണോ അല്ലയോ എന്നുള്ളതാണ് ഹൈക്കോടതി പരിശോധിച്ചുകൊണ്ടിരിക്കുന്നത്. അവസരത്തിൽ ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പാരസ്യമായി പ്രസ്താവന ചെയ്തു. ഈ കഴിഞ്ഞ 3-ാം തീയതി തൃശ്ശൂർ രൂപതയിലേയും ഇരിഞ്ഞാലക്കുട രൂപതയിലേയും മുഴുവൻ കത്തോലിക്കാ പള്ളിയിലെ ആളുകളേയും അണിനിരത്തി മതവികാരമിളക്കിവിട്ടുകൊണ്ട് കളക്ടറേറ്റിൽ ഒരു ധർണ നടത്തിയ അവസരത്തിൽ അതിനോടൊത്ത

LIBRARY ARCHIVES Kerala Legislative Assembly

സമീപനത്തെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്. ആ ധർണ നടത്തുന്നതിന് എല്ലാ വിധത്തിലുമുള്ള പരിരക്ഷയും ചെയ്തുകൊടുത്തത് അവിടത്തെ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ജില്ലാ കളക്ടർ ഉൾപ്പെടെ പോലീസും ജില്ലാ അധികാരികളുമാണ്.

സർ, ഇവിടെ നഴ്സിംഗ് വിദ്യാർത്ഥികൾ ഒരു നിരാഹാര സമരം നടത്തിയപ്പോൾ അവർക്ക് മഴകൊള്ളാതിരിക്കുന്നതിന് ഒരു തുണി കെട്ടുന്നതിനുപോലും അനുവദിക്കാത്ത ഗവൺമെന്റ്.....

ശ്രീ. ടി. എസ്. ജോൺ : സർ "ക്രിസ്തുവിന്റെ ആറാം തിരുമുറിവ്" എന്നു പറയുന്ന നാടകം നടത്തണമെന്നുള്ളതാണോ, ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായവും മെമ്പറുടെ പാർട്ടിയുടെ അഭിപ്രായവും.

ശ്രീ. കെ. പി. പ്രഭാകരൻ : സർ, വളരെ വ്യക്തമായിട്ടു പറഞ്ഞുകഴിഞ്ഞല്ലോ അതിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച്. അത് നടത്തുന്നതിലും നടത്താതിരിക്കുന്നതിലും എനിക്ക് വിരോധമില്ല. ഹൈക്കോടതി പരിശോധിച്ചുകൊണ്ടിരിക്കുകയാണ് നിയമവിധേയമാണോ അല്ലയോ എന്ന ഉള്ളത്. അതല്ല പ്രശ്നം. അതിനുവേണ്ടി സാമുദായിക വികാരം ഇളക്കിവിട്ടുകൊണ്ട്.. വെറുതേ തോക്കിന്റെയുള്ളിൽ കടന്നുവെടിവെയ്ക്കണ്ട. അതിനുമുൻപ് എറണാകുളത്തും, ആലപ്പുഴയും തൃശ്ശൂർ ജില്ലയിൽ വലപ്പാടും, കൊടുങ്ങല്ലൂരുമൊക്കെ ആ നാടകം കളിച്ചിട്ട് ഒരു സാധാനലംഘനവുമുണ്ടായിട്ടില്ല. പക്ഷെ 3-ാം തീയതി ബിഷപ്പിന്റെ ആഹ്വാനമനുസരിച്ച് കത്തോലിക്കരെ മുഴുവൻ കളക്ടറേറ്റിന്റെ പടിയിൽ അണിനിരത്തിക്കൊണ്ട് ഉപവാസം നടത്തിയതിൽ ആർക്കും ആക്ഷേപമില്ല. പക്ഷേ 4-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിൽ നിന്ന് തിരുവനന്തപുരത്ത് വിമാനമിറങ്ങിയപ്പോൾ പത്രക്കാർ വിവരം പറഞ്ഞു. "നാടകം കോടതിയുടെ പരിശോധനയിൽ ഇരിക്കുകയാണ്, അതിന്റെ കാര്യം ഞാൻ പറയുന്നില്ല, പക്ഷേ ക്രമ സമാധാന പ്രശ്നം ഉൽഭവിക്കുകയാണെങ്കിൽ ഗവൺമെന്റ് നടപടി സ്വീകരിക്കും." എന്നാണ് മുഖ്യമന്ത്രി പ്രസ്താവിച്ചത്. അത് അവർക്ക് കൊടുത്ത പച്ചക്കൊടിയായിരുന്നു. 7-ാം തീയതിയാണ് നാടകം നടത്താനിരുന്നത്. 6-ാം തീയതി അവരുടെ ആക്ഷൻ കൗൺസിൽ കൂടി. എല്ലാ കത്തോലിക്കാ വീടുകളിൽനിന്നും ഓരോ യുവാവിനെ തെരുവിലിറക്കിക്കൊണ്ട് ഈ നാടകത്തെ തടയുവാൻ ആഹ്വാനം ചെയ്തു. ആ ആഹ്വാനം കേട്ട് തെരുവിലിറങ്ങിയ ക്രൈസ്തവൻ യുവാക്കൾ തലേ ദിവസം രാത്രി തൃശ്ശൂർ പട്ടണത്തിലും ആ ജില്ലയിലുമാകെത്തന്നെ പന്തങ്ങളുമായി കണ്ട ബസ്സുകൾ മുഴുവൻ തല്ലിപ്പൊട്ടിക്കുവാനും, കല്ലെറിയുവാനും കയ്യേറ്റം നടത്തുവാനും ശ്രമിച്ച അനവധി സംഭവങ്ങളുണ്ടായി. അതിന് എതിരായി ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. വാസ്തവത്തിൽ ഇങ്ങനെ മുഖ്യമന്ത്രിയുടെ പച്ചക്കൊടി കണ്ടുകൊണ്ട് ഇത്തരത്തിലുള്ള നിയമം കയ്യിലെടുക്കാൻ, എത്ര പ്രബലമായ മതവിഭാഗമായാലും ന്യൂനപക്ഷമായാലും ഭൂരിപക്ഷമായാലും ആരേയും അനുവദിക്കാൻ പാടില്ലാത്തതാണ്. പക്ഷേ, അവർ തന്നെ നിയമം കയ്യിലെടുത്തുകൊണ്ട് നാടകം തടയുമെന്ന് പറഞ്ഞു ആയുധമെടുത്ത് തെരുവിലിറങ്ങിയപ്പോഴാണ് അത് പറഞ്ഞുകൊണ്ട് ഇപ്പോൾ നാടകം നിരോധിച്ചത്. നേരത്തെതന്നെ നാടകം അനുവദനീയമാണോ അല്ലയോ എന്നു പറയണം. നേരത്തെതന്നെ വളഞ്ഞവഴിയിൽക്കൂടി സമാധാന ലംഘനത്തിന് വേദിയൊരുക്കിക്കൊണ്ട് നിരോധിക്കാൻ എടുത്ത നടപടി തെറ്റാണ്. ഇതിനു വേണ്ടി ഇത്രയധികം മുൻകൈ എടുത്ത തൃശ്ശൂർ രൂപതയെ സംബന്ധിച്ചിടത്തോളം ഞാൻ പറയുന്നത് പാർലമെന്റിൽ അവതരിപ്പിച്ച ചില കണക്കുകളിൽ നമ്മുടെ രാജ്യ വിദ്രോഹ പ്രവർത്തനങ്ങൾ നടത്തുന്ന ചില വിദേശ

LIBRARY ARCHIVES Kerala Legislative Assembly

ശക്തികളിൽ നിന്ന് പണം സ്വീകരിക്കുന്നുണ്ട് എന്ന് പാർലമെന്ററിൽ സമർപ്പിച്ച ലിസ്റ്റിൽ പറഞ്ഞിരുന്നു. ആ പണം ചിലവഴിക്കുന്നതിന്റെ കണക്കുകൾ കൊടുക്കാത്തതിന്റെ പേരിൽ സി. ബി. ഐ. ആ രൂപതയുടെ ബിഷപ്പിന്റെ അരമനയിൽ പരിശോധന നടത്തിയെന്നാണ്.

ഡോക്ടർ കെ. സി. ജോസഫ് : സർ, ബഹുമാനപ്പെട്ട അംഗം നടത്തിയ പ്രസംഗത്തിൽ ഈ രാജ്യത്തെ ദരിദ്ര ശക്തികളെ വളർത്തുന്ന വിദേശശക്തികളിൽനിന്ന് പണം പറ്റുന്ന ഏറ്റവും വലിയ എജൻസിയാണ്. തൃശ്ശൂർ രൂപത എന്ന് പറഞ്ഞു. തൃശ്ശൂർ രൂപതയെ അവഹേളിക്കുന്ന ആ പരാമർശം രേഖയിൽ ഉണ്ടാകാൻ പാടില്ല. തൃശ്ശൂർ രൂപതയെന്നല്ല ഒരു രൂപതയും ഇവിടത്തെ ദരിദ്ര വാസന വളർത്തുന്നതിനുവേണ്ടി (കത്തോലിക്കാ സുഖായം) ഒരിക്കലും കൂട്ടുനിന്നിട്ടില്ല. ആ നിലയ്ക്ക് ബഹുമാനപ്പെട്ട കെ. പി. പ്രഭാകരൻ പറഞ്ഞ തൃശ്ശൂർ രൂപത ദരിദ്രവാസന വളർത്തുന്ന വിദേശ ശക്തികളിൽ നിന്ന് പണം വാങ്ങുന്നുണ്ട് എന്ന് പറയുന്നത് വളരെ നിർഭാഗ്യകരമാണ്, അത് രേഖയിൽ ഉണ്ടാകാൻ പാടില്ല.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, സാധാരണ ഒരു സപ്ലിമെന്ററി ഡിമാൻറിന് ചർച്ചചെയ്യാൻ പാടില്ലാത്ത കാര്യമാണെങ്കിൽപോലും ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച, പാർലമെൻറിൽ അവതരിപ്പിച്ചു. എന്ന് പറഞ്ഞത് തെറ്റാണ്. ഈ രാജ്യത്തിനെ ഒറ്റുകൊടുക്കുന്ന ഒരു പ്രവർത്തിയും ചെയ്തതായി ഈ രൂപതയെ ഉൾപ്പെടുത്തിയിട്ടില്ല എന്നുള്ള കാര്യം വളരെ വ്യക്തമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്ന് അത് മറുവശത്ത് ഇങ്ങനെയുള്ള ആരോപണങ്ങൾ ഉന്നയിക്കുന്നത് മറുപടി പറയാൻ അവകാശമില്ലാത്ത, അല്ലെങ്കിൽ അവസരം ഇല്ലാത്ത ആളുകളെക്കുറിച്ച് ഈ സഭയിൽ ഇങ്ങനെ ആരോപണങ്ങൾ ഉന്നയിക്കുന്നതും ശരിയായ നടപടിയല്ല.

സർ, മുഖ്യമന്ത്രി ഇപ്പോൾ പറഞ്ഞതും ഡോക്ടർ കെ. സി. ജോസഫ് ഇപ്പോൾ പറഞ്ഞതുമൊക്കെ ഞാൻ പറഞ്ഞ കാര്യങ്ങളല്ല. ഞാൻ പറഞ്ഞത് ഇവിടെയിരിക്കുന്ന ആളുകളൊക്കെ കേട്ടു. ഞാൻ പറഞ്ഞത് അല്ല എന്ന് പറഞ്ഞിട്ട് രേഖയിൽ കാണുകയില്ലെന്നു പറയുന്നതിൽ കാര്യമുണ്ടോ? ഞാൻ പറഞ്ഞത്, ഇൻഡ്യയിലെ ദരിദ്രശക്തികളെ സഹായിക്കുന്ന ചില വിദേശ സംഘടനകളിൽനിന്നും തൃശ്ശൂർ രൂപതയ്ക്ക് ലഭിച്ചുവരുന്ന ധനസഹായം കേന്ദ്രസർക്കാർ തടഞ്ഞിരുന്നു എന്നാണ്. കേന്ദ്രസർക്കാർ അങ്ങനെ ധനസഹായം സ്വീകരിക്കുന്ന ഒട്ടേറെ സംഘടനകളുടെ ലിസ്റ്റ് പാർലമെൻറിൽ പറഞ്ഞു. അത് ഈ രാജ്യത്തെ പത്രങ്ങളിലൊക്കെ വന്നു. ആ പട്ടികയിൽ തൃശ്ശൂർ രൂപതയുമുണ്ടായിരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പറുടെ പ്രസംഗത്തിൽ രേഖയിലുണ്ടാകാൻ പാടില്ലാത്തതു വല്ലതുമുണ്ടെങ്കിൽ അത് പരിശോധിച്ചിട്ട് നീക്കം ചെയ്യുന്നതാണ്.

ശ്രീ. കെ. പി. പ്രഭാകരൻ : സർ, ഞാൻ പറഞ്ഞത് ആവർത്തിച്ചു പറയുന്നു. പാർലമെൻറിൽ ഇങ്ങനെ അനധികൃതമായി വിദേശത്തുനിന്ന് പണം വാങ്ങുന്നതിന്റെ പട്ടിക അവതരിപ്പിച്ചതിൽ തൃശ്ശൂർ രൂപതയുമുണ്ടായിരുന്നത് പത്രങ്ങളിൽ വന്നതുമാണ്; പാർലമെൻറിന്റെ രേഖയിലുമുള്ളതാണു സർ. അങ്ങനെ കിട്ടുന്ന വിദേശ സഹായം എങ്ങനെ വിനിയോഗിച്ചു, എന്നുള്ളതിന്റെ കണക്ക് സമർപ്പിക്കാത്തതിന്റെ പേരിൽ സി. ബി. ഐ. ആ രൂപതക്കെതിരായി [illegible] കയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പല രേഖകളും പിടിച്ചെടുത്തു.... ..(ബഹളം).... .. സി. ബി. ഐ. യുടെ നടപടിയിൽനിന്നു രക്ഷനേടുന്നതിന് ഇന്ന് മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ ജനങ്ങളുടെ മതവികാരത്തെ ഇളക്കിവിട്ടുകൊണ്ട് സമ്മർദ്ദം ചെലുത്തിക്കാൻവേണ്ടി നടത്തുന്ന ഒരു തന്ത്രമാണു് സർ ഇത്. അല്ലാതെ ഈ നാടകം അവതരിപ്പിച്ചതുകൊണ്ട് ഒരു സംഭവും ഈ രാജ്യത്ത് ഉണ്ടാകുകയില്ല. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത് തീ കൊണ്ട് തലചൊറിയരുതെന്നാണ്. ഇതുപോലുള്ള വിദ്രോഹശക്തികൾക്ക് വിദേശ സഹായം ലഭിച്ചതിന്റെ തിക്ത ഫലമാണ് ഇന്നു പഞ്ചാബിലും അതിന്റെ ഫലമായി ഇൻഡ്യാ രാജ്യത്ത് ഒട്ടാകെയും അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇനിയെങ്കിലും ഇവിടെ തീ കൊണ്ടു തലചൊറിയുന്ന ഒരു ഏർപ്പാട് നിർത്തണം, ഈ രാജ്യത്തെ ഒറ്റികൊടുക്കുന്നതും ഐക്യത്തെ തകർക്കുന്ന മതവിദ്വേഷങ്ങളും വളർത്തിയെടുക്കുന്നതും നമ്മുടെ രാജ്യത്തിന്റെ ഏറ്റവും വലിയ വിപത്താണെന്ന് പ്രധാനമന്ത്രി തന്നെ പറയുന്നു. ഇനിയെങ്കിലും മതമൗലികവാദികളേയും വിഘടനശക്തികളേയും വളർത്താൻ സഹായമായിട്ടുള്ള ഒരു നിലപാട് മുഖ്യമന്ത്രി ഉപേക്ഷിക്കണം; തന്റെ മുഖ്യമന്ത്രി സ്ഥാനത്തേക്കാളും വലുത് ഈ രാജ്യത്തിന്റെ രക്ഷയാണെന്ന് അംഗീകരിക്കാൻ അദ്ദേഹം തയ്യാറാകണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. തോപ്പിൽ രവി : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഈ സമ്മേളനം ഒരു പക്ഷെ ഏഴാം കേരള നിയമസഭയുടെ അവസാനത്തെ സമ്മേളനമായിക്കൂടെന്നില്ല. നമ്മളൊക്കെ തെരഞ്ഞെടുപ്പിന്റെ പടയൊരുക്കത്തിലാണ്. രാഷ്ട്രീയ പാർട്ടികളുടെ ആയുധപ്പുരകളൊക്കെയും. ഇനി ഉറങ്ങാത്ത രാത്രികളെ നേരിടാൻ പോകുകയാണ്. സർ, ഇവിടെ ബഹുമാന്യനായ സഖാവ് ബേബിജോൺ അദ്ദേഹത്തിനുമാത്രം സ്വായത്തമായ നയതന്ത്ര പാടവത്തോടുകൂടി തങ്കമണിയിലെ സംഭവങ്ങളെപ്പറ്റി വളരെ വികാരരഹിതനായി പറയുകയുണ്ടായി. ഈ സംഭവത്തെപ്പറ്റി വികാരങ്ങളുടെ ഒരു വലിയ സാഗരം തന്നെ കേരളത്തിൽ സൃഷ്ടിക്കാൻ സ്വാഭാവികമായും പ്രതിപക്ഷങ്ങളും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സർ, ഞങ്ങൾക്ക് അതിൽ പരിഭവമില്ല. ഇക്കാര്യത്തിൽ അവർ പ്രകടിപ്പിക്കുന്ന വികാരങ്ങൾ മനസിലാക്കിക്കൊണ്ടുതന്നെ തങ്കമണിയിൽ ഉണ്ടായിട്ടുള്ളത് ദുഃഖകരമായ സംഭവമാണെന്ന കാര്യത്തെപ്പറ്റി നിങ്ങളും നമ്മളും തമ്മിൽ അഭിപ്രായ വ്യത്യാസമില്ലെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.അവിടെ ദുഃഖകരങ്ങളായ സംഭവങ്ങൾ ഉണ്ടായതുകൊണ്ടാണു സർ, അവിടെയുള്ള ജനങ്ങളുടെ വികാരങ്ങൾ കണക്കിലെടുത്തുകൊണ്ട് പ്രാഥമിക അന്വേഷണത്തിൽ കുറ്റക്കാരെന്നു കണ്ട ഒരു സർക്കിൾ ഇൻസ്പെക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥൻമാരുടെ പേരിൽ സസ്പെൻഷൻ നടപടികളും സ്വീകരിക്കുകയും അതുപോലെതന്നെ മറ്റുകാര്യങ്ങളിൽ വേണ്ടപോലെ ഗവൺമെന്റ് പരിശോധിച്ചതിനുശേഷം തീരുമാനമെടുക്കുമെന്നു പ്രഖ്യാപിക്കുകയും ചെയ്തുകൊണ്ട് അവരുടെ പേരിൽ ക്രിമിനൽ കുറ്റത്തിന് കേസ് എടുത്തുകൊണ്ട് ഒരു ഗവൺമെന്റും മുൻപ് സ്വീകരിക്കാത്തതുപോലുള്ള ധീരമായ നടപടികളുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുന്നോട്ടു പോകുന്നത്. സർ, ഒരു തരി കയ്യിൽ കിട്ടിയാൽ ആ തരി ഊതിപ്പെരുക്കി അതിൽനിന്ന് ഒരു കാട്ടുതീ ഉണ്ടാക്കാൻ പ്രതിപക്ഷം ശ്രമിക്കുന്നതിനെ കുറ്റം പറയാൻ ഞങ്ങൾക്ക് അവകാശമില്ലെന്ന് ഞാൻ സമ്മതിക്കുന്നു. പക്ഷേ ഇതുപോലുള്ള സംഭവങ്ങൾ നമ്മുടെ പ്രതിപക്ഷം പൊക്കിക്കൊണ്ടു വരുമ്പോൾ കേരളത്തെ സംബന്ധിച്ചിടത്തോളം ലോക്കപ്പ് മർദ്ദനവും ബലാൽസംഗവും അതുപോലുള്ള നിർഭാഗ്യകരങ്ങളായ സംഭവങ്ങളും കേരളത്തിലാദ്യമായി ഉണ്ടാക്കുകയാണെന്ന വിചാരത്തോടുകൂടിയാണ് ഈ പ്രശ്നങ്ങളിൽ സമീപിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

കാഴ്ചപ്പാട്. പ്രതിപക്ഷം ഏതു കാര്യം കയ്യിൽ കിട്ടിയാലും അതിൽനിന്ന് മുതലെടുക്കാൻ ശ്രമിക്കുമെന്ന കാര്യം അംഗീകരിച്ചുകൊണ്ടുതന്നെ ഈ വക കാര്യങ്ങളിൽ ഗവൺമെന്റിന്റെ ആത്മാർത്ഥതയെ അംഗീകരിക്കുന്നതിന് പകരം ഞങ്ങളുടെ ഹൃദയം പറിച്ചു കാണിച്ചാൽ ഇതാ പൊന്തത്തിപ്പൂവ് ഇരിക്കുന്നുവെന്നു പറയുന്നതും ഞങ്ങൾ ഞങ്ങളുടെ കുടൽമാല പറിച്ചുകാണിച്ചാൽ ഇതാ വഴനാര് ഇരിക്കുന്നുവെന്നു പറയുന്നതും അന്തസ്സുള്ള ഒരു പ്രതിപക്ഷത്തിനു ചേർന്നതല്ലെന്നു മാത്രമേ അത് സംബന്ധിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നുള്ളു. സർ, ഇവിടെ പ്രതിപക്ഷം യുക്തിസഹങ്ങളായ കാര്യങ്ങൾ പറയുന്നതിനുപകരം രാഷ്ട്രീയപ്രേരിതമായ കാര്യങ്ങളല്ലാതെ എന്തെങ്കിലും ഇവിടെ പറഞ്ഞോ ? അതുകൊണ്ടുതന്നെ അവർ ഉന്നയിച്ച വാദമുഖങ്ങളൊക്കെ ആത്മാർത്ഥതയുടെ പിൻബലമില്ലാത്തതാണെന്നുള്ളതുകൊണ്ടും സത്യസന്ധതയുടെ പിൻബലമില്ലാത്തതാണെന്നുള്ളതുകൊണ്ടും ഞങ്ങൾ അതൊക്കെ നിരാകരിക്കും. സർ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ശ്രീ. എം. വി. രാഘവൻ പോയശേഷം കീറിയൊഴിഞ്ഞ ഒരു കൂടുപോലെയാണ്. ചത്ത വീടുപോലെ അവിടെ നിശബ്ദമായി തീർന്നിരിക്കുകയാണ്. സർക്കസ് കൂടാരത്തിലെ ട്രാപ്പീസ് കളിക്കാരൻ തന്റെ നെഞ്ചത്തുകൂടി കൊമ്പനാനയെ കയറ്റുന്നതു കണ്ടപ്പോൾ അസൂയമൂത്ത് സർക്കസ് കൂടാരത്തിലെ ഒരു വിദൂഷകൻ തന്റെ നെഞ്ചത്തുകൂടി ആടിനെ കയറ്റി ചാരിതാർത്ഥ്യമടഞ്ഞതുപോലെ എം. വി. രാഘവനെ അനുകരിക്കാൻ പരിമിത വിവേകമായ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ചില സ്നേഹിതൻമാർ ശ്രമിച്ച് പരിഹാസ്യരായി തീരുകയാണു സർ, ഇവിടെ കുറെ സമരങ്ങളും നടത്തുന്നുണ്ട്. എന്താണു സർ, സമരം? ഏറ്റവും ഒടുവിൽ കിട്ടിയ വാർത്തയനുസരിച്ച് കർഷക സമരമാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് ശ്രീ. കെ. പി. പ്രഭാകരൻ പറയുകയുണ്ടായി.

കഴിഞ്ഞ നിയമസഭാ സമ്മേളനം കഴിഞ്ഞപ്പോഴും ഇവിടെ ഡി. വൈ. എഫ്. ഐ. ക്കാർ ഒരു സമരം നടത്തി. സർ, ചരിത്ര പ്രസിദ്ധമായ ഒരു സമരമായിരുന്നു അത്. മന്ത്രിമാരെ വഴിയിൽ തടയുന്ന സമരം. കന്നുകാലികൾക്കുപോലും സഞ്ചരിക്കാൻ സ്വാതന്ത്ര്യമുള്ള തെരുവീഥിയിലൂടെ ജനങ്ങൾ തെരഞ്ഞെടുക്കപ്പെടുന്ന മന്ത്രിമാർക്ക് സഞ്ചരിക്കാൻ അവകാശമില്ലെന്നു പറയുന്നത് ധിക്കാരവും ദാർഷ്ട്യവുമല്ലെങ്കിൽ മറ്റെന്താണ് സർ ? മന്ത്രിമാരെ വഴിയിൽ തടയുന്ന സമരം അടിപാഴ്സലായി വരുത്തുന്ന ഒരു സമരമാണെന്നകാര്യം ആർക്കാണ് അറിഞ്ഞുകൂടാത്തത്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഇവിടെ ഇപ്പോൾ വേണ്ടത് തെരഞ്ഞെടുപ്പിനു മുൻപായി കുറെ മൃതശരീരങ്ങളാണെന്ന കാര്യം ഞങ്ങൾക്ക്, അറിയാം. കാസർഗോഡ് ശ്രീ. കെ. പി. നൂറുദ്ദീനെ തടഞ്ഞ ഡി. വൈ. എഫ്. ഐ. ക്കാർക്കു നേരെ പോലീസ് വെടിവച്ചതിന്റെ ഫലമായി ബാലകൃഷ്ണൻ എന്ന് പറയുന്ന പാവപ്പെട്ട ഒരു ചെറുപ്പക്കാരൻ കൊല്ലപ്പെട്ടു. അന്ന് ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് തിരുനക്കര മൈതാനത്ത് പ്രസംഗിക്കുന്നുണ്ടായിരുന്നു. ശ്രീ. കെ. പി. നൂറുദ്ദീനെ തടഞ്ഞ ഡി. വൈ. എഫ്. ഐ. ക്കാരുടെ നേരെ പോലീസ് വെടിവച്ചതിന്റെ ഫലമായി ബാലകൃഷ്ണൻ എന്നുപറയുന്ന മരുയുവാവ് കാസർഗോഡ് കൊല്ലപ്പെട്ടിരിക്കുന്നുവെന്ന് ഒരു വാർത്ത ഡി. വൈ. എഫ്. ഐ. ക്കാരൻ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് പ്രസംഗിക്കുന്നതിന് മുൻപായി ഉച്ചഭാഷണിയിലൂടെ വിളിച്ചുപറഞ്ഞപ്പോൾ ആ സമ്മേളനത്തിൽ പങ്കെടുത്തവർ ആ വാർത്ത കയ്യടിച്ചു സ്വീകരിച്ച് ഒരു ചെറുപ്പക്കാരന്റെ ജീവിതവസന്തം ഹോമിച്ചുകളഞ്ഞു എന്ന വാർത്ത കിട്ടിയപ്പോൾ കയ്യടിച്ച് അതിനെ സ്വീകരിക്കാൻ മാർക്സിസ്റ്റ് കാർക്കല്ലാതെ മറ്റാർക്കെങ്കിലും സാധിക്കുമോ സർ ? അതിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ പ്രസ്താവനയിറക്കി, ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് പ്രസ്താവനയിറക്കി, കാളമൂത്രംപോലെ ശ്രീ. സി. അച്യുതാനന്ദനും പ്രസ്താവനയിറക്കി. ഈ പ്രസ്താവനകൾ എഴുതുന്ന കടലാസുകൊണ്ട് ബാലകൃഷ്ണൻ എന്നു പറയുന്ന ചെറുപ്പക്കാരനെ അവർക്ക് ഉണ്ടാക്കി വീട്ടുകാർക്ക് കൊടുക്കാൻ സാധിക്കുമായിരുന്നെങ്കിൽ എനിക്ക് ദുഃഖമില്ലായിരുന്നു സർ, ഒരു കുടുംബത്തിന്റെ പ്രതീക്ഷകളുടേയും സ്വപ്നത്തിന്റേയും പ്രതിബിംബമായിരുന്ന ഒരു കൊച്ചുവീടിന്റെ ആണും തൂണുമായിരുന്ന ബാലകൃഷ്ണൻ എന്നു പറയുന്ന ചെറുപ്പക്കാരന്റെ ജീവിതം നഷ്ടമായതിന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഏതു കോടതിയിലാണു ജാമ്യാപേക്ഷ സമർപ്പിക്കാൻ പോകുന്നതെന്നു ചോദിക്കാൻ ഞാൻ ഈ അവസരത്തിൽ ആഗ്രഹിക്കുകയാണ്. സർ, ഇൻഷ്വറൻസ് കമ്പനിയെ വെട്ടിച്ച് കാശുണ്ടാക്കാൻവേണ്ടി ഒരു ശവശരീരത്തിനുവേണ്ടി ചാക്കോ എന്നുപറയുന്ന ഒരു ചെറുപ്പക്കാരന്റെ കഴുത്തിൽ തുണിയിട്ടുകൊന്ന സുകുമാരക്കുറുപ്പിനെ നമ്മൾ ഇവിടെ അന്വേഷിച്ചുകൊണ്ടുനടക്കുകയാണ്. പക്ഷെ ബാലകൃഷ്ണൻ എന്നുപറയുന്ന ചെറുപ്പക്കാരനെ മരണവക്ത്രത്തിലേക്ക് വലിച്ചെറിഞ്ഞ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കൻമാർ വിലങ്ങണിയിക്കപ്പെടാതെ ഇപ്പോഴും കേരളത്തിൽ സ്വതന്ത്രമായി നടക്കുകയാണ് സർ. ഞാൻ സഖാവ് നായനാരോട് ചോദിക്കുന്നു, പത്ത് വോട്ടിനുവേണ്ടി ഈ രാജ്യത്തെ ചെറുപ്പക്കാരുടെ ജീവിതം വിറകുകൊള്ളികൊണ്ടുപോലെ കരിയിച്ച് കളയുന്ന നിങ്ങളുടെ കഴുകൻമാരുടെ രാഷ്ട്രീയം കശാപ്പുകാരുടെ രാഷ്ട്രീയം കാപാലികൻമാരുടെ രാഷ്ട്രീയം എത്രകാലം ഈ രാജ്യത്തു വച്ചുകൊണ്ട് നടത്താനാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെന്ന് ചോദിക്കാൻ ഞാൻ ഈ അവസരത്തിൽ ആഗ്രഹിക്കുകയാണ്. നിങ്ങൾ പലരുടേയും ജീവിതം നഷ്ടപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ പലരുടേയും ജീവിതം നഷ്ടപ്പെടുത്തി വോട്ടു പിടിക്കുന്ന രാഷ്ട്രീയത്തിൽ ഞങ്ങൾക്ക് താല്പര്യമില്ല. ഞങ്ങൾ അതിൽ വിശ്വസിക്കുന്നില്ല. ആർ.എസ്. എസ്. കാരൻ മരിച്ചാലും മാർക്സിസ്റ്റ്കാരൻ മരിച്ചാലും കോൺഗ്രസുകാരൻ മരിച്ചാലും സി. പി. ഐ.ക്കാരൻ മരിച്ചാലും ഒരു കുടുംബത്തിനെ കണ്ണീരിലാഴ്ത്തുന്നു എന്നുള്ളതുകൊണ്ട് കൊലപാതകങ്ങൾ ഈ രാജ്യത്തു നടന്നുകൂടെന്ന രാഷ്ട്രീയമാണ് ഞങ്ങളുടെ രാഷ്ട്രീയം.

സർ, മാർക്സിസ്റ്റ് , കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതാവ് ശ്രീ. കാട്ടായിക്കോണം ശ്രീധർ ഗണപതി കോവിലിൽ തേങ്ങായുടച്ചതിനെത്തുടർന്ന് ദേശീയ മഹിളാസമാജത്തിന്റെ മറയിൽ നിന്ന് രക്ഷപ്പെടാൻ സാധിച്ചുവെങ്കിലും ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് കേരളത്തിലെ എല്ലാ സർവ്വേ കല്ലുകളിലും ഉദ്ബോധനങ്ങളുടെ തേങ്ങായുടച്ചിട്ടും രാഘവന്റെ പാർട്ടിയിലേക്കുള്ള ഒഴുക്കിനെ തടഞ്ഞുനിർത്താൻ സാധിക്കുന്നില്ല. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി പരാജയങ്ങളിൽ പുളഞ്ഞും പരീക്ഷണങ്ങളിൽ പരിക്ഷീണിച്ചും ഇന്ന് അങ്ങനെ നിൽക്കുകയാണ്. ആരുടെയെങ്കിലും വീട് കത്തുമ്പോൾ കഴുക്കോൽ ഊരാൻവല്ല മാർഗ്ഗവും ഉണ്ടോയെന്ന് ചിലർനോക്കി നിൽക്കുന്നതുപോലെ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ വീട് കത്തുമ്പോൾ അതിൽ നിന്ന് ഒരു കഴുക്കോൽ ഊരിയെടുക്കാൻ വല്ല മാർഗ്ഗവുമുണ്ടോയെന്ന് അന്വേഷിച്ചുകൊണ്ട് ഇടതുപക്ഷ മുന്നണിയിലെ ഘടകകക്ഷികൾ അവിടെ തക്കം നോക്കി കൊണ്ട് നിൽക്കുകയാണ്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടി ക്ഷീണിച്ചുപോയിരിക്കുന്നതുകൊണ്ട് ഞങ്ങൾക്ക് കൂടുതൽ സീറ്റുകൾ വേണമെന്ന് സി. പി. ഐ. ക്കാരും ആർ. എസ്. പി. ക്കാരും കോൺഗ്രസ് (എസ്) ക്കാരും ചോദിക്കാൻ തുടങ്ങിയിരിക്കുന്നു. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ

LIBRARY ARCHIVES Kerala Legislative Assembly

മുൻപിൽ മുട്ടുമടക്കി ഒന്ന് ഇരിക്കാൻ പോലും തന്റേടമില്ലാതിരുന്ന സി. പി. ഐ. ക്കാരും കോൺഗ്രസ് (എസ്) ക്കാരും ആർ. എസ്. പി. ക്കാരും ഇപ്പോൾ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിയെ വിളിക്കുന്നത് പണ്ട് മേജർ ഉദ്യോഗസ്ഥനും ശിപായിയും കൂടി കളളുകുടി കഴിഞ്ഞപ്പോൾ 'അളിയാ' എന്ന് അന്യോന്യം വിളിച്ചതുപോലെ ഇപ്പോൾ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയെ സി. പി. ഐ. ക്കാരും ആർ. എസ്. പി. ക്കാരും 'അളിയാ' എന്ന് വിളിക്കാൻ തുടങ്ങിയിരിക്കുന്നു. മടിയിൽ കയറിയിരുന്ന് കൊച്ചു-വർത്തമാനം പറയാൻ തുടങ്ങിയിരിക്കുന്നു. ശ്രീ. ഷൺമുഖദാസ് ഇവിടെ പറഞ്ഞു. ഷൺമുഖദാസും പാർട്ടിയും പാറ പോലെ ഉറച്ചുനിൽക്കുകയാണ് വരുകയില്ലാ എന്ന്. ഷൺമുഖദാസേ, നിങ്ങൾ അബദ്ധം കാണിക്കരുത്. ഷൺമുഖദാസ് വരാതിരുന്നാലും ഷൺമുഖദാസിന്റെ കൂടെയുള്ളവർ ഞങ്ങളുടെ കൂടെ വരും. അക്കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. ഷൺമുഖദാസ് വരുന്നില്ലെങ്കിലും വരാനുള്ള ആളുകളും കൊള്ളാവുന്ന ആളുകളും വരും. അവരെ പാർട്ടിയിൽ സ്വീകരിക്കും. നിങ്ങൾ അതിനെക്കുറിച്ചൊന്നും ഉൽക്കണ്ഠപ്പെടേണ്ടതില്ല. ശ്രീ. ശരത് പവാറിനെപ്പോലെ ഉന്നതനായ ഒരു നേതാവല്ലല്ലോ ഏതായാലും, ഷൺമുഖദാസ് 'കന്ന്' ചെന്നാൽ കന്നിൻ കൂട്ടത്തിൽ' എന്നുപറയുംപോലെ, ചക്കിക്ക് ഒത്തൊരു ചങ്കരൻ എന്നു പറയുന്നതുപോലെ മാർക്സിസ്റ്റുകാർക്ക് ഒത്ത് കുറെ ചങ്കരൻമാർ കോൺഗ്രസ് (എസ്)-ൽ ഉണ്ടെങ്കിൽ അവർ അവിടെ തന്നെ ഇരുന്നുകൊള്ളട്ടെ. ഞങ്ങൾക്ക, അതിൽ പരാതിയൊന്നുമില്ല. ഐക്യജനാധിപത്യമുന്നണിയെ സംബന്ധിച്ചിടത്തോളം ശ്രീ. ബേബി ജോൺ ഇവിടെ ഞങ്ങളെ വെല്ലുവിളിക്കുകയുണ്ടായി. കുരുക്ഷേത്രത്തിലേക്ക് അദ്ദേഹം ഞങ്ങളെ വെല്ലുവിളിച്ചു. ഞങ്ങൾ എന്നേ പറഞ്ഞതാണ് കുരുക്ഷേത്രത്തിൽ വച്ച് കാണാമെന്നു. കുരുക്ഷേത്രമൊന്നും ഞങ്ങൾക്ക് ഭയമില്ല. ഇവിടെ ശ്രീ. ഷൺമുഖദാസ് പറഞ്ഞു..... .....(തുടരും).

ശ്രീമതി. കെ. ആർ. ഗൗരി : ശ്രീ. ശരത് പവാറിനെ കോൺഗ്രസ്സിലേക്ക് തിരിച്ചെടുത്താൽ ബോംബേയിലെ പി. സി സി. രാജി വയ്ക്കുമെന്ന് പറഞ്ഞത് പ്രമേയം പാസാക്കിയിട്ടുള്ള കാര്യം അറിയാമോ ?

ശ്രീ. തോപ്പിൽ രവി : ഗൗരിയമ്മേ അത് ഞങ്ങൾ നോക്കിക്കൊള്ളാം. അതൊക്കെ ഞങ്ങൾ എടുത്തുകൊള്ളാം. അതിനൊന്നും ഗൗരിയമ്മ വിഷമിക്കേണ്ടതില്ല. പവാറിനെ ഞങ്ങൾ എടുത്തുകൊള്ളാം. പി. സി. സി. രാജി വയ്ക്കാതെ ഞങ്ങൾ നോക്കിക്കൊള്ളാം. ഇവിടെ ഐക്യജനാധിപത്യമുന്നണിയെ കുരുക്ഷേത്രത്തിലേക്ക് വിളിച്ചിട്ടുണ്ട്. അത് ഞങ്ങൾ നേരത്തെ പറഞ്ഞിട്ടുള്ളതാണ്, തെരഞ്ഞെടുപ്പിനെപ്പറ്റി ഞങ്ങൾക്ക് യാതൊരു ഭയവുമില്ല. ഷൺമുഖദാസ് ഇവിടെ നേരത്തെ ഒരു ദിവസം പറയുകയുണ്ടായി, ശ്രീ. യു. എ. ബീരാനെ വെല്ലുവിളിച്ചുകൊണ്ട്, പാഞ്ഞു നിങ്ങൾ അധികാരത്തിൽ വന്നതിനുശേഷം അരിയുടെ വില കൂടി. അതുകൊണ്ട് നിങ്ങളെ ജനങ്ങൾ ആട്ടിഓടിക്കുമെന്ന്. എന്നാൽ ഞാൻ ഷൺമുഖദാസിനോട് പറയുന്നു 21 മാസം ഇടതുപക്ഷ ജനാധിപത്യമുന്നണി ഇവിടെ ഭരിച്ചപ്പോൾ.....

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ സഭയിൽ ആവർത്തനം പാടില്ലെന്ന് ആണ് റൂൾ. കഴിഞ്ഞ സമ്മേളനത്തിൽ പ്രസംഗിച്ച അതേ കാര്യങ്ങൾ ഇപ്പോഴത്തെ പ്രസംഗത്തിലുണ്ടെങ്കിൽ അക്കാര്യങ്ങൾ രേഖയിൽ നിന്ന് നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ ?

ഡെപ്യൂട്ടി സ്പീക്കർ : അങ്ങയുടെ പോയിന്റിൽ ഒരു പോയിന്റും ഇല്ല, ഓർഡറുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോപ്പിൽ രവി : സർ, ശ്രീ. ചന്ദ്രമോഹനൻ നിയമസഭയിൽ പ്രസംഗിച്ചിട്ടുള്ളതിൽ ആവർത്തനമുള്ളത് എല്ലാം നീക്കാമെങ്കിൽ എന്റെയും പ്രസംഗത്തിൽ നിന്ന് അക്കാര്യങ്ങളും നീക്കാവുന്നതാണ് അതിനെ സംബന്ധിച്ച് കുഴപ്പമൊന്നുമില്ല. ശ്രീ. ഷൺമുഖദാസ് പറഞ്ഞു അരിയുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടെന്ന്. ഞങ്ങൾ ജനങ്ങളുടെ അടുക്കിലേക്ക് പോയാൽ അവർ ഞങ്ങളെ ആട്ടിയോടിക്കുമെന്നു പറഞ്ഞു. ശ്രീ. ഷൺമുഖദാസ് മന്ത്രിയായിരുന്ന കാലത്ത് 21 മാസം ഭരിച്ചപ്പോൾ ആ മൂന്നു മാസമായി 42 പൈസ ഇവിടെ അരിക്ക് വില കൂട്ടി. അപ്പോൾ 3 പ്രാവശ്യം ഇനി നടക്കാൻ പോകുന്ന തെരഞ്ഞെടുപ്പിൽ നിങ്ങളെ ജനങ്ങൾ അടിച്ചതിനുശേഷമേ ഞങ്ങളുടെ ഊഴം വരികയുള്ളൂ. അതുകൊണ്ട് ആ 3 പ്രാവശ്യവും നിങ്ങൾ കേരളത്തിൽ അധികാരത്തിൽ വരികയില്ല എന്ന കാര്യത്തെപ്പറ്റി സംശയമില്ല. സി. പി. ഐ. ക്കാർ ഇങ്ങനെയൊക്കെ സംസാരിക്കുന്നുണ്ടെങ്കിലും മനസിന്റെ മനസിൽ എന്താണിരിക്കുന്നത് ? അത് ഞങ്ങൾക്കറിയാം. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടി ഓരോ ദിവസവും ശോഷിക്കുന്നതുകണ്ട് അകം നിറഞ്ഞ സന്തോഷത്തോടുകൂടി ഈ കാണുന്ന കല്ലിന്റെ മുൻപിലെല്ലാം കൈകൂപ്പി നിന്ന് ഇവനെ ഒന്ന് അവസാനിപ്പിച്ചുതരണേ, ഇവന്റെ മുൻപിൽ ഇടിത്തീ വീഴണേ എന്ന് പ്രാർത്ഥിക്കുന്നവരാണ് സി. പി. ഐ. ക്കാർ എന്ന കാര്യം ഞങ്ങൾക്കറിയാം. അന്നന്നത്തെ അത്താഴത്തിനുവേണ്ടി ഇന്ന് മാർക്സിസ്റ്റു പാർട്ടിയ്ക്കുവേണ്ടി സംസാരിച്ചു കൊണ്ടിരിക്കുന്ന സി. പി. ഐ. യിലുള്ള ആളുകൾ ഓരോരുത്തരും എന്തെല്ലാമാണ് ഞങ്ങളോട് പറയുന്നത് എന്നകാര്യവും അറിയാം. പക്ഷേ കോൺഗ്രസുകാർ ഞങ്ങളെ വിളിക്കുന്നുണ്ട്. അതുകൊണ്ട് ഞങ്ങൾ പിടിച്ചോ, പിടിച്ചില്ലെങ്കിൽ ഞങ്ങൾ കോൺഗ്രസിലേക്ക് പോകുമെന്ന് പറഞ്ഞുംകൊണ്ട് മാർക്സിസ്റ്റു കാരുടെ കൈയ്യിൽ തൂങ്ങിക്കിടന്നു കൊണ്ട് അന്നന്നത്തെ കാര്യങ്ങൾ നോക്കി കൊണ്ടുപോകാമെങ്കിൽ നടത്തികൊണ്ടു പോകൂ. എന്തിനാണ് മറ്റുള്ളവരുടെ നേരെ ചന്ദ്രഹാസമിളക്കുന്നത് ? നിങ്ങളില്ലെങ്കിലും ഐക്യജനാധിപത്യ മുന്നണിക്ക് യാതൊരു ഉലച്ചിലും ഉണ്ടാകാൻ പോകുന്നില്ല. ഐക്യ ജനാധിപത്യ മുന്നണി ജനങ്ങളിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ജനക്ഷേമകരമായ പരിപാടികൾ നടപ്പിലാക്കി വികസന പ്രവർത്തനങ്ങൾ നിർവിഘ്നം നടത്തി കൊണ്ട് മുന്നോട്ടുപോകും. 1982-ലെ തെരഞ്ഞെടുപ്പിൽ ഞങ്ങൾ ജനങ്ങളോട് പറഞ്ഞു. പ്രിയപ്പെട്ട ജനങ്ങളെ നിങ്ങൾ ഞങ്ങൾക്ക് വോട്ടു തരൂ ഞങ്ങൾ നിങ്ങൾക്ക് പുതിയൊരു ജീവിതം തരാമെന്ന്. ഞങ്ങൾ ആ വാക്കു പാലിച്ചുകൊണ്ട് ജനങ്ങളെ യജമാനൻമാരായി സ്വീകരിച്ചുകൊണ്ട് ജനങ്ങളിൽ വിശ്വാസമർപ്പിച്ചുകൊണ്ട് അവരുടെ താല്പര്യങ്ങളുടെ കൊടി ഉയർത്തി പിടിച്ചു കൊണ്ട് 1987-ൽ കേരളത്തിൽ തെരഞ്ഞെടുപ്പ് ഉണ്ടാകുമ്പോൾ ആ തെരഞ്ഞെടുപ്പിൽ വൻഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽ വരും. ഈ ഇടതു പക്ഷജനാധിപത്യ മുന്നണിയുടെ വാരിയെല്ലുകൾ കേരളത്തിലെ ജനങ്ങൾ ചവുട്ടി മെതിയ്ക്കും എന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ വീണ്ടും ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ : സ്പീക്കർ സർ, ഇവിടെ നമ്മുടെ ബഹുമാനപ്പെട്ട തോപ്പിൽ രവി പ്രസംഗം അവസാനിപ്പിച്ചു തുടങ്ങിയതിൽ കൊലയാളിക്ക് വേണ്ടി കഥാകാലക്ഷേപം നടത്തുകയാണ് ഇവിടെ ചെയ്തത് കാസർകോട് ബാലകൃഷ്ണനെ വെടിവച്ചു കൊന്ന കേസിലെ കൊലയാളിക്ക് കഥാപ്രസംഗം നടത്തുകയാണ് തോപ്പിൽ രവി ഇവിടെ ചെയ്തത്. ഇത്ര അധഃപതിച്ചുപോകും ഭരണകക്ഷി എന്ന് ഞാൻ മനസിലാക്കിയില്ല. ഞാൻ അതിൽ ഖേദിക്കുകയാണ്. ഇത്ര അധഃപതിച്ച കൊലയാളിക്ക് സ്തുതി ഗീതം പാടാൻ ഭരണമുന്നണി ഇത്ര അധഃപതിച്ചുപോകു

LIBRARY ARCHIVES Kerala Legislative Assembly

മെന്ന് കരുതിയില്ല. ഇപ്പോഴെങ്കിലും എനിക്ക് മനസിലായി എവിടെയാണ് നിങ്ങൾ നില്ക്കുന്നതെന്ന് ? ബാലകൃഷ്ണനെ വെടിവച്ചു കൊന്നതിൽ ഒരക്ഷരം പോലും പ്രതിക്ഷേധിക്കാതെ അതിനെ ന്യായീകരിക്കാനുള്ള പർവ്വതപ്രസംഗമാണ് ഇവിടെ നടത്തിക്കൊണ്ട് തോപ്പിൽ രവി കോൺഗ്രസിനുവേണ്ടി ചെയ്തത്. ഭരണത്തിന്റെ എല്ലാ രംഗങ്ങളിലും പരാജയപ്പെട്ട ഒരു ഗവൺമെന്റിന്റെ സപ്ളിമെന്ററി ഗ്രാന്റിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്. വികസന പ്രവർത്തന രംഗത്ത്, സാമ്പത്തിക രംഗത്ത്, വിദ്യാഭ്യാസ രംഗത്ത്, വ്യാവസായിക രംഗത്ത്, കാർഷിക രംഗത്ത്, ക്രമസമാധാന രംഗത്ത് ഇങ്ങനെ എല്ലാരംഗത്തും കഴിഞ്ഞ നാലര വർഷത്തെ ഭരണം അങ്ങേയറ്റം പരാജയമാണ്. അത് മുഴുവൻ വിശദീകരിക്കാനുള്ള സമയമില്ലാത്തതുകൊണ്ട് ചില രോഗങ്ങളെ കുറിച്ചു മാത്രം പരാമർശിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. സമുദായ സൗഹാർദ്ദം തകർക്കുകയും ജനാധിപത്യമൂല്യങ്ങളെ കശാപ്പുചെയ്യുകയും ചെയ്ത ഒരു സർക്കാരിന്റെ തകർച്ചയുടെ ചിത്രം 33 കോടി രൂപയുടെ ഈ സപ്ളിമെന്ററി ഡിമാന്റിൽ പ്രതിഫലിക്കുന്നുണ്ട്. രണ്ടുവർഷം മുൻപ് ഈ സഭയിൽ തന്നെ ഞാൻ പറഞ്ഞു. 7-ാം പഞ്ചവൽസര പദ്ധതി ഒരു കടലാസ് പദ്ധതി ആയിരിക്കുമെന്ന്. ഇതേ നിയമസഭയിൽ രണ്ടുവർഷം മുൻപ് ഞാൻ പ്രസംഗിച്ചതാണ്. ഇന്നിപ്പോൾ അത് കടലാസ് പദ്ധതിയായി, ഇന്ന് സ്പിൽ ഓവർ പദ്ധതിയായി അതുമാറി. ആറാം പഞ്ചവത്സര പദ്ധതി സ്പിൽ ഓവർ പദ്ധതിയായി. അതിപ്പോൾ അക്ഷരാർത്ഥത്തിൽ സത്യമാണെന്ന് തെളിഞ്ഞിരിക്കുകയാണ്. 7-ാം പദ്ധതിയുടെ 1-ാം വർഷത്തെ അടങ്കൽ തുക 355 കോടി രൂപ, ചെലവാക്കിയത് 169 കോടി രൂപ, ഇക്കഴിഞ്ഞ 20-ാം തീയതി ഗവൺമെന്റ് ഈ സഭയിൽ തന്ന കണക്കനുസരിച്ചാണിത്. ഈ 169 കോടി രൂപ തന്നെ 7-ാം പദ്ധതിയുടെ 1-ാം വർഷത്തിലേക്ക് ഉദ്ദേശിക്കപ്പെട്ട പരിപാടികൾക്കുവേണ്ടി ചെലവാക്കിയതാണോ ? അല്ല. ഗവർണ്ണറുടെ കഴിഞ്ഞ മാർച്ചിലെ പ്രസംഗത്തിൽ പറഞ്ഞതുപോലെ 6-ാം പദ്ധതിയുടെ സ്പിൽ ഓവർ പദ്ധതിയാണിത് തന്നെ. 1985-86-ൽ കേന്ദ്രത്തിൽ നിന്ന് ലഭിച്ച 274.41 കോടി രൂപയിൽ നിന്ന് ചെലവഴിച്ചിട്ടുള്ളതാണ്. അതായത് 7-ാം പദ്ധതിയുടെ 1-ാം വർഷം പുതുതായി ഒരൊറ്റ പദ്ധതി പോലും കേരളത്തിൽ നടപ്പിലാക്കിയിട്ടില്ല. അതായിരുന്നു വാസ്തവം. സ്പിൽ ഓവർ പ്ളാൻ തന്നെ കേന്ദ്രവിഹിതം കൊണ്ട് നടപ്പാക്കിയതാണ്. രണ്ടാം വർഷം ഇനി എന്ത് ചെലവാക്കി ? 1-ാം വർഷം ഒന്നും ചെലവാക്കിയില്ല. രണ്ടാം വർഷം എന്ത് ചെലവാക്കിയെന്നുള്ള കണക്ക് ഗവൺമെന്റ് ഇനിയും വ്യക്തമാക്കിയിട്ടില്ല. ഇങ്ങനെ 7-ാം പദ്ധതിയുടെ ഒന്നും രണ്ടും വർഷങ്ങളിൽ ഒരൊറ്റ പൈസപോലും സംസ്ഥാന ബജറ്റിൽ നിന്ന് കേരളത്തിന്റെ വികസനത്തിനുവേണ്ടി ചെലവാക്കിയിട്ടില്ല. ഇനി വികസന പരിപാടികൾ സ്തംഭിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ അത് സംസ്ഥാനത്തിന്റെ സാമ്പത്തിക തകർച്ചയെ ആണ് കാണിക്കുന്നത്. കേന്ദ്ര വിഹിതം തീരുമ്പോൾ 6-ാം പദ്ധതിയുടെ സ്പിൽ ഓവർ പദ്ധതിയുടെ നടത്തിപ്പും നിലയ്ക്കും. 7-ാം പദ്ധതിയെന്ന് ഒന്ന് ഈ സംസ്ഥാനത്ത് ഉണ്ടാവുകയില്ല. കാരണം അച്ചടി ആണല്ലോ ഇപ്പോൾ ധനകാര്യം ചെയ്യുന്നത്. സംസ്ഥാനത്തിന്റെ പുരോഗതി പൂർണ്ണമായും സ്തംഭിക്കും.

ഈ ഗവൺമെന്റിന്റെ നാലര വർഷത്തെ ഭരണത്തിന്റെ ബാലൻസ് ഷീറ്റാണ് ഈ സ്ഥിതി വിശേഷം. നാലര വർഷത്തെ ഗവൺമെന്റിന്റെ സാമ്പത്തിക സംഗതിയുടെ ബാലൻസ് ഷീറ്റാണ് ഇത്. പൂർണ്ണമായി സ്തംഭിക്കാൻ പോകുന്ന ഒരു സ്ഥിതി. ഈ വർഷത്തെ ബഡ്ജറ്റ് നോക്കൂ. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. മാണി പറഞ്ഞു 15.63 കോടി രൂപയുടെ മിച്ചമുണ്ടാകുമെന്ന്. രണ്ടാഴ്ച കഴിഞ്ഞപ്പോൾ ശ്രീ. മാണി പറഞ്ഞു 168 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപ മിച്ചമുണ്ടെന്ന്. ബഹുമാനപ്പെട്ട ശ്രീ. തച്ചടി പ്രഭാകരൻ ധനകാര്യമന്ത്രി സ്ഥാനം ഏറെറടുത്തപ്പോൾ പറഞ്ഞു കമ്മിയുണ്ടാകാതെ ഞാൻ നോക്കിക്കൊള്ളാമെന്ന്. ഇതായിരുന്നു അന്നത്തെ പ്രസംഗം. ദീപാവലിക്ക് പതിവുപോലെ മുൻകൂട്ടി ശമ്പളം കൊടുത്തോ ? സാമ്പത്തികമായി നിങ്ങൾ ഇപ്പോൾ ഏത് കുളത്തിലാണ് കിടക്കുന്നത് എന്ന് നമുക്ക് മനസിലായി. ഞാൻ നോക്കിക്കൊള്ളാമെന്ന് പറഞ്ഞതിന്റെ ഇന്നത്തെ സ്ഥിതി എന്താണ് ? ദീപാവലിക്ക് പതിവുപോലെ മുൻകൂട്ടി ശമ്പളം കൊടുക്കാൻ പൈസയില്ല. സാമ്പത്തിക സ്ഥിതി തകർന്നു. ഇന്ന് സംസ്ഥാന ബജനാവ് ഒരു വലിയ വട്ടപൂജ്യമാണ്. അതാണ് ഈ സർക്കാരിന്റെ നേട്ടം. വിദ്യാഭ്യാസ രംഗത്തിന്റെ കഥ ഇന്നു രാവിലെ നമ്മൾ ചർച്ച ചെയ്തു: അത് ആകെ കുളം തോണ്ടിയിരിക്കുകയാണ് എന്നു പറഞ്ഞുകൊണ്ട്. പ്രതിപക്ഷം മന്ത്രി രാജി വയ്ക്കാൻ ആവശ്യപ്പെട്ടു. ഈ മേഖല സ്വകാര്യ വ്യക്തികൾക്ക് തീറെഴുതി കൊടുത്തു. സ്വകാര്യ വ്യക്തികൾക്ക് കൊള്ളയടിക്കാൻ തീറെഴുതി കൊടുത്തു. കാർഷിക രംഗത്തിലെ തകർച്ചയോ ? തൊഴിലില്ലാത്തവരുടെ എണ്ണത്തെക്കുറിച്ച് ഇവിടെ സംസാരിച്ചു. 1982-ൽ അധികാരത്തിൽ വരുമ്പോൾ 19 ലക്ഷം. ഇന്നാണെങ്കിൽ 26 ലക്ഷം. തൊഴിലില്ലായ്മ വർദ്ധിച്ചു. ഈ വർദ്ധിച്ചത് നികത്തണമെങ്കിൽ വ്യവസായ വികസനം വേണം. ശ്രീ. അഹമ്മദിന്റെ 56 കോടി 56 താലൂക്കുകളിൽ വ്യവസായത്തിനുവേണ്ടി ചെലവഴിച്ചില്ല. അത് പൂജ്യമാണെന്ന് അദ്ദേഹം സമ്മതിച്ചു. വ്യവസായ വികസനമില്ല. ഉള്ള വ്യവസായം തന്നെ പൂട്ടി. മാവൂർ കമ്പനിപൂട്ടി, കുന്നത്തറ ഫാക്ടറി പൂട്ടി, പെരുംപാവൂർ ഫാക്ടറി വർക്ക് ചെയ്യുന്നില്ല. അതുപോലെതന്നെ നമ്മുടെ പുനലൂർ പേപ്പർ മില്ലും പൂട്ടി. അപ്പോൾ പരമ്പരാഗത വ്യവസായം തകർത്തു. ഇപ്പോൾ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് യാതൊരു സ്കീമുമില്ല. ഉള്ള വ്യവസായം പൂട്ടുകയും ചെയ്തു. പ്രധാനപ്പെട്ട മാവൂർ ഫാക്ടറിയിലെ പ്രശ്നം തീരാൻ പോകുന്നില്ല. അവിടത്തെ മാനേജരെ വണ്ടിയിൽവച്ച് കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു ഇപ്പോൾ തീരാൻ പോകുന്നില്ലെന്ന്. മുഖ്യൻ ഇക്കാര്യം. ബഷീറിനെ ഏൽപ്പിച്ചിരിക്കുകയല്ലേ ? അതു തീരുകയില്ല. അതാണ് അതിന്റെ സ്ഥിതി. ഞാൻ ഇന്നലെ മാനേജരെ കണ്ടു സംസാരിച്ചു. ശ്രീ. കെ. കരുണാകരൻ ഒരു ഇൻഷ്യേറ്റീവും എടുക്കുന്നില്ല. ഒരു കൂടിയാലോചനയും കാര്യമായി നടത്തുന്നില്ല. അവർക്ക് സമയമില്ല. എന്നാൽ അവിടെ കിടക്കട്ടേയെന്നാണ്. അതാണ് സ്ഥിതി. ഓരോ താലൂക്കിലും ഓരോ വ്യവസായം എന്ന വാഗ്ദാനത്തിൽ ഒന്നെങ്കിലും നടപ്പാക്കിയോ ? ഇല്ല. കേരളത്തിലെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് നാലു വർഷത്തെ സ്ഥിതിയെ സംബന്ധിച്ചിടത്തോളം 1985-ലെ ഇക്കണോമിക്ക് റവ്യൂവിൽ പറയുന്നുണ്ട്. കേരളത്തിൽ കേന്ദ്രത്തിന്റെ നിക്ഷേപം കുറഞ്ഞു. കേന്ദ്രം കേരളത്തിന്റെ നിക്ഷേപം വർദ്ധിപ്പിച്ചിട്ടില്ല. ഇതിനെ സംബന്ധിച്ച് ഇക്കണോമിക്ക് റവ്യൂ പറയുന്നത്:

The share of the state in the total central sector investment in the country came down 1.84% as on 31st March 1984 from 1.93%. 1.93 ശതമാനത്തിൽ നിന്ന് 1.84 ശതമാനമായി കുറഞ്ഞു. ഇങ്ങനെയാണ് ഇക്കണോമിക്ക് ടൈംസ് ഇതിനെപ്പറ്റി വിലയിരുത്തിയിട്ടുള്ളത്. 1983-ൽ 1.93 ശതമാനത്തിൽ നിന്ന് കേന്ദ്ര നിക്ഷേപം.....കാരണം ബഹുമാനപ്പെട്ട ഭരണകക്ഷി നേതാക്കന്മാർ, കോൺഗ്രസുകാർ അധികാരത്തിൽ വന്നാൽ, കേന്ദ്രം ഇഷ്ടംപോലെ പണം തരുമെന്നാണ് പറഞ്ഞത്. പ്രതിപക്ഷത്തെ ആക്ഷേപിച്ചത് അങ്ങനെയാണ്. ഈ രാജ്യത്ത് സാമ്പത്തികമായ വളർച്ചക്ക് സഹായിക്കാത്തത് തൊഴിലാളി സമരങ്ങളാണ്. കേന്ദ്രം പണം തരാത്തതാണ്. കാരണം കോൺഗ്രസുകാർ അധികാരത്തിൽ വന്നാൽ ഈ രാജ്യത്ത് പണം

LIBRARY ARCHIVES Kerala Legislative Assembly

കിട്ടുമെന്നാണ് പറഞ്ഞത്. ഇപ്പോൾ കിട്ടിയ പണത്തിന്റെ കണക്കാണ് ഇവിടെ പറഞ്ഞത്. കിട്ടിയ പണത്തിന്റെ കണക്കെത്രയാണ് ? 1983-ൽ 1.93 ശതമാനത്തിൽ നിന്ന് കേന്ദ്ര നിക്ഷേപം 1984-ൽ 1.84 ശതമാനമായി കുറഞ്ഞു. കുറയുകയാണ് ചെയ്തിട്ടുള്ളത്. ഈ കക്ഷി അധികാരത്തിൽ ഇരിക്കുന്നിടത്തോളം കാലം കേന്ദ്ര പണം കൊടുക്കുകയില്ല. കാരണം മുഴുവൻ കട്ടുമുടിക്കുമെന്ന് അറിയാം. വ്യവസായ മേഖലയിലെ തകർച്ചയുടെ സ്ഥിതിയും തൊഴിലില്ലായ്മയുടെ എണ്ണവും ഞാൻ പറഞ്ഞു. 1985-ലെ ഇക്കണോമിക്ക് റവ്യൂ ഇതിനെ സംബന്ധിച്ച് പറയുന്നു.

It is seen that the number of placings is decreasing in recent years. It has decreased to 11361 in 1984 from 14545 in 1983.

തൊഴിലില്ലാത്തവർക്ക് വേതനമുണ്ടോ ? അതുപോലെ കർഷകത്തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനം കൊടുക്കുന്നുണ്ടോ ? നിങ്ങൾ എന്തു പറഞ്ഞാണ് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ പോകുന്നത്. കള്ളം പറഞ്ഞിട്ടോ ? സത്യവിരുദ്ധമായി പ്രസംഗിച്ചിട്ടോ ? കാർഷിക രംഗത്ത് വെള്ളപ്പൊക്കവും വരൾച്ചയുമാണ്. വെള്ളപ്പൊക്കത്തിന് സഹായിക്കാൻ കിട്ടിയ പണം മാറി ചെലവ് ചെയ്തു. വരുമ്പോൾ മാറി ചെലവു ചെയ്തു. ഇവിടെ കാർഷിക രംഗത്ത് ആശ്വാസം നല്കാൻ കഴിഞ്ഞില്ല. ജനാർദ്ദനൻ നായർ കമ്മിഷനെപ്പറ്റി ഇവിടെ ചർച്ച ചെയ്തു. അതുപോലെ കൃഷിക്കാരുടെ കടങ്ങൾ പരിഹരിക്കാൻ ആവശ്യപ്പെട്ടപ്പോൾ പണമില്ല എന്ന് റവന്യു വകുപ്പുമന്ത്രി പറഞ്ഞു. 5,000 രൂപവരെയുള്ള കടം റദ്ദു ചെയ്യാൻ ഞാൻ അന്നു ആവശ്യപ്പെട്ടു. ഇപ്പോൾ കൃഷിക്കാർക്ക് കൊടുക്കാൻ പണമില്ല. വെള്ളപ്പൊക്കത്തിനു വേണ്ടി കേന്ദ്രത്തിൽ നിന്ന് കിട്ടിയ പണം മാറു വഴിക്ക് ചെലവഴിച്ചു. ഇവിടെ പട്ടയം കിട്ടേണ്ടവർക്ക് പട്ടയം കൊടുത്തോ ? 1977-നുമുൻപുള്ളവർക്ക് പട്ടയം കൊടുത്തില്ല. കൊടുക്കും കൊടുക്കുമെന്ന് പറഞ്ഞ് കുതിരയുടെ മുൻപിൽ പുല്ലുതട്ടിയതുപോലെയാണ് അത്. കുതിരക്ക് മരണം വരെ ഓടിയാലും പുല്ലുകിട്ടുകയില്ല. ഓട്ടാശരിക്ക് നടക്കുകയും ചെയ്യും. അതുപോലെ പട്ടയം കൊടുക്കാം പട്ടയം കൊടുക്കാം കൃഷിക്കാരൊക്കെ വോട്ടുചെയ്യണം എന്ന് നമ്മുടെ ശ്രീ. ടി. എസ്. ജോണൊക്കെ പറഞ്ഞതു കൊണ്ടാണ് പട്ടയത്തിന്റെ പിന്നാലെ കൃഷിക്കാരെ ആടുമാടുകളെപ്പോലെ അണിനിരത്തിയത്. പാവപ്പെട്ടവരെ വഞ്ചിക്കുകയാണ് ചെയ്തത്. പട്ടയം കൊടുത്തോ? പട്ടയം കൊടുത്തില്ല. എത്രയെണ്ണം കൊടുത്തുവെന്ന് പറയാമോ ? കൃഷി ചെലവിന്റെ 50% സബ്സിഡി കൊടുക്കണമെന്ന് ജനാർദ്ദനൻ നായർ കമ്മിഷൻ പറഞ്ഞില്ലേ ? കൊടുത്തോ ? കുട്ടനാട്ടിലും അതുപോലെ തൃശ്ശൂരിലും 25% വളത്തിന് സബ്സിഡി കൊടുക്കാമെന്ന് ശ്രീ. മാണി പറഞ്ഞു. ആ കൊല്ലം കൊടുക്കാൻ വിട്ടുപോയി. ശ്രീ. മാണിയോട് ചോദിച്ചപ്പോൾ ഈ അസംബ്ലിയിൽ പറഞ്ഞത് എന്താണ് ? ഞാൻ ഓർഡർ ഇഷ്യു ചെയ്തു പക്ഷെ സബ്സിഡിയായി കൊടുക്കാനുള്ള പണം കിട്ടിയില്ല എന്ന്. 3 കൊല്ലം കൊടുത്തില്ല. വഞ്ചനയാണ്. ഇവിടെ നടക്കുന്നു. കൃഷിക്കാർക്ക് കൊടുക്കാമെന്ന് ഇവിടെ പ്രസംഗിച്ചു പക്ഷെ കൊടുത്തില്ല. അതേസമയത്ത് അതിന്റെ പേരിൽ കൃഷിക്കാരെ വഞ്ചിക്കാൻ ശ്രമിക്കുകയാണ്. റബ്ബറിന്റെ ഇറക്കുമതിയെക്കുറിച്ച ശ്രീ കരുണാകരൻ ന്യായീകരിച്ചു. ശ്രീ. ജോർജ്ജിനു ന്യായീകരിക്കാൻ കഴിയുമോ ? അതിനെ ന്യായീകരിച്ചുകൊണ്ട് പൂഞ്ഞാറിൽ പോയി പ്രസംഗിക്കാൻ കഴിയുമോ ? ഇവിടെ റബ്ബർ അധികമാണ്. നിങ്ങൾ അതിന്റെ പിന്നാലെ സപ്പോർട്ട് ചെയ്താൽ എങ്ങനെയാണു നിങ്ങൾ ജയിച്ചുവരിക. കേരള കോൺഗ്രസ്സും കോൺഗ്രസ്സും കൂടി ലയിക്കുക. റബ്ബർ ഇറക്കുക. ലയിച്ചുകൊണ്ടു രണ്ടു പാർട്ടിയും നടക്കുകയാണ്. നിങ്ങൾ ഇവിടെ നേരത്തെ പറഞ്ഞല്ലോ.....

LIBRARY ARCHIVES Kerala Legislative Assembly

ഡോ. കെ. സി. ജോസഫ് : കേരളാ കോൺഗ്രസ് പാർട്ടി യാതൊരു കാരണവശാലും കോൺഗ്രസിൽ ലയിക്കുകയില്ല.

ശ്രീ. ഇ. കെ. നായനാർ : ലയിക്കണ്ട. നിങ്ങളും കൂടുതൽക്കൂടുതൽ അടുക്കുകയാണ്. അല്ലെങ്കിൽ ശ്രീ. ജോസഫിനോട് ചോദിക്കു എന്താണ് പ്രസംഗിച്ചത് എന്ന്. നിങ്ങളും അടുത്തോ ? റബ്ബർ ഇറക്കുമതിയെ ശ്രീ. കരുണാകരൻ ന്യായീകരിച്ചു. അതിനോട് നിങ്ങളും യോജിക്കുന്നുണ്ടോ? ഈ രാജ്യത്ത് വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നു. അതിനോട് യോജിക്കുന്നുണ്ടോ ? ഈ രാജ്യത്തിലെ കൃഷിക്കാർ ഇപ്പോൾ സമരം നടത്തുന്നുണ്ട്. കാർഷിക മേഖലയിലെ കൃഷിക്കാരുടെ പ്രശ്നമുന്നയിച്ച് കേരളത്തിൽ ഇപ്പോൾ നിരാഹാര സമരം നടക്കുകയാണ്. അത് എന്തുകൊണ്ടാണ്. ശ്രീ. കരുണാകരന്റെ വാഗ്ദാന ലംഘനമാണ് അതിന് കാരണം. കഴിഞ്ഞ സെപ്റ്റംബർ 5-ാം തീയതി പറഞ്ഞു നിങ്ങളുമായി കൂടിയാലോചിക്കുമെന്ന്. ഇതുവരെ കൂടിയാലോചിച്ചില്ല. കൂടിയാലോചിച്ചാൽ ഈ പ്രശ്നം എത്രയ്ക്കൈകാര്യം ചെയ്യാൻ കഴിയും എത്ര കൈകാര്യം ചെയ്യാൻ കഴിയുകയില്ല. എന്നറിയാം. അവരുമായി സംസാരിച്ച് ഒരു ധാരണയിലെത്താൻ ശ്രമിക്കാതെ അന്ന് കൂടിയാലോചിക്കാമെന്ന് പറഞ്ഞു. വഞ്ചിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് നിരാഹാര സമരം. മുഖ്യമന്ത്രി ഇവിടത്തെ പ്രതിപക്ഷ കർഷക നേതാക്കൻമാരുമായിട്ട് കൂടിയാലോചിക്കാൻ തയ്യാറാകണം. അന്ന് വാഗ്ദാനം കൊടുത്തത് പാലിക്കണ്ടേ. വാഗ്ദാനം പാലിക്കുന്നില്ല. പല രംഗങ്ങളിലും സർക്കാർ പരാജയപ്പെട്ടു. ചില മേഖലകളിൽ ജയിച്ചിട്ടുണ്ട്. ആർക്ക് ? വിദേശചാരൻമാർക്ക് സഹായം ചെയ്യുന്നതിൽ. വിദേശചാരൻമാർക്ക് സൗകര്യം ചെയ്തു കൊടുക്കുന്നതിൽ സഹായിച്ചിട്ടുണ്ട്. അതായത് എയർപോർട്ടിൽ ഇൻറലിജൻസ് ഡ്യൂട്ടിക്ക് തസ്തികകൾ അധികമായി സൃഷ്ടിക്കുന്നതിന് ചെലവ് കാണിച്ചിട്ടുണ്ട് ഗവൺമെൻറിന്റെ ഈ റിപ്പോർട്ടിൽ അത് ഞാൻ എടുക്കുന്നില്ല. കാരണം വിദേശ സി. ഐ. എ. യുമായി ബന്ധപ്പെട്ട് ലണ്ടനിലും സൗത്താഫ്രിക്കയിലും പ്രവർത്തിയെടുക്കുന്ന രണ്ട് കുവൈറ്റികളായ വിദേശ പൗരൻമാർ വന്നപ്പോൾ, പൗരൻമാർ മാത്രമല്ല, സി. ഐ. എ. യുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ വന്നപ്പോൾ അവർക്ക് കേരളത്തിൽ ഇഷ്ടം പോലെ ദേശീയ പതാക വച്ച് പാപ്പിച്ചു കൊണ്ട് യാത്ര ചെയ്യാനും ഇവിടത്തുകാർക്ക് പണം കൊടുക്കാനുമുള്ള എല്ലാ സൗകര്യവും ഈ മുഖ്യമന്ത്രി ചെയ്തു കൊടുത്തു. കുവൈറ്റിലെ രണ്ടു പൗരൻമാർ.....നിങ്ങൾക്ക് ഇഷ്ടപ്പെട്ടിട്ടുണ്ടാവുകയില്ല. പണം കിട്ടിയിട്ടുണ്ടാകും അതാണ് കുരിക്കൾക്ക് ബേജാർ. അല്ലെങ്കിൽ എന്തിനാണ് ബേജാറാകുന്നത്. കുരിക്കൾക്ക് പണം കിട്ടിയില്ലെങ്കിൽ ബേജാറാകേണ്ട ആവശ്യമില്ല. മിണ്ടാതിരിക്കു അവിടെ. പണം കിട്ടിയാൽ ബേജാറുണ്ടാകും. അതാണ് സ്ഥിതി. ശ്രീ. അബുബേക്കറിന് ബേജാറില്ലല്ലോ ? പണം കിട്ടിയില്ല. അതുകൊണ്ടുതന്നെ. ഇപ്പോൾ അതിന് ബലിയാടുകളായത് അവിടെ ഉള്ള ചില ഉദ്യോഗസ്ഥൻമാരാണ്. നമ്മുടെ ശ്രീ. പത്മരാജൻ എന്തിനാണ് ചിരിക്കുന്നത്. പാസ്പോർട്ടില്ലാതെ രണ്ടു കുവൈറ്റികൾ ഇവിടെ വന്നു. പ്രധാനമന്ത്രിക്ക് ഞങ്ങൾ ഹർജി കൊടുത്തപ്പോൾ പരിശോധിക്കാമെന്ന് എന്നോട് പറഞ്ഞു. എന്തിനാണ് ശ്രീ. പത്മരാജൻ ചിരിക്കുന്നത് ? നിങ്ങൾ ഇതുവരെ ആ ചാരൻമാരെപ്പറ്റി അന്വേഷിച്ചോ ; വിസയില്ലാതെ വന്നപ്പോൾ എത്ര സൗകര്യമാണ് ചെയ്തു കൊടുത്തത്. നിങ്ങളെ ഭരിച്ചാൽ, രാജ്യത്തെ മുഴുവൻ കട്ടുമുടിച്ചാൽ നിങ്ങൾ അറിയുമോ ? കഴിഞ്ഞ ഒക്ടോബർ 2-ാം തീയതി ഇൻഡ്യൻ പ്രസിഡൻറിനെയും പ്രധാനമന്ത്രിയെയുമല്ലേ വെടി വച്ചത്. ആരാണെന്നു ? നിങ്ങളുടെ ഇടയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

പോലീസിന് പിടിക്കാൻ കഴിഞ്ഞോ ? എന്നിട്ടാണ് രക്ഷയെപ്പറ്റി പ്രസംഗിക്കുന്നത്. ആനമുട്ടയിലാണ് രക്ഷ എന്നാണ് ഇവിടെ പ്രസംഗിക്കുന്നത് പഴയ പ്രധാനമന്ത്രിയെ വെടിവച്ചുകൊന്നു. കേന്ദ്രത്തിൽ റിപ്പോർട്ട് സമർപ്പിച്ച മുഖ്യമന്ത്രി തന്നെ കഴിഞ്ഞ കാലത്ത്, ജൂൺ 31-ാം തീയതി ഈ സഭയിൽ അതിനെപ്പറ്റി പറഞ്ഞു. ഞാൻ പറയുന്നത് ചില തസ്തികകൾ പോലീസ് വകുപ്പിൽ സൃഷ്ടിച്ചു എന്നാണ്.

സർ, അതുപോലെ തന്നെ 20-10-1986-ന് ഇവിടെ ഒരു അൺസ്റ്റാർഡ് ചോദ്യമുണ്ടായി. ചോദ്യം നമ്പർ 45 ഈ കേരളത്തിൽ നാല്പവർഷത്തിനകം 366 വർഗ്ഗീയ ലഹളകൾ നടന്നു എന്നു മറുപടി കിട്ടി. അൺസ്റ്റാർഡ് ക്വസ്റ്റ്യൻ 45 അതിൽ 366 വർഗ്ഗീയ ലഹളകൾ നടന്നു എന്നു നമ്മുടെ മുഖ്യമന്ത്രി സമ്മതിച്ചിരിക്കുകയാണ്. ഞാൻ ചോദിക്കട്ടെ, ഇത്തരം വർഗ്ഗീയ ലഹളകൾ നടന്നാൽ, ഈ സാഹചര്യം നമ്മൾ വളർത്തി എടുത്താൽ, ഇത് ആയിരക്കണക്കിന് ലഹളകളായി വർദ്ധിക്കാൻ പോകുന്നു. അത്തരം ആപൽക്കരമായ ഒരു സാഹചര്യത്തിലേക്കാണ് നിങ്ങൾ രാജ്യത്തെ എത്തിച്ചത്. അതു മാത്രമാണോ, മലബാറിലെ അമ്പലങ്ങൾക്കു 10 ലക്ഷം രൂപ കൊടുത്തു. ഞാൻ ചോദിക്കട്ടെ ന്യായമായൊരു ചോദ്യമാണ്. ഒരു ജനാധിപത്യഭരണത്തിൻ കീഴിൽ അമ്പലത്തിനും പള്ളിക്കും വഖഫിനും പൈസ കൊടുക്കാമോ? ഒരു സെക്കുലർ സ്റ്റേറ്റിൽ മതനിരപേക്ഷിതയോടുകൂടിയുള്ള ഭരണമെന്നു പറഞ്ഞാൽ അതിൽ, മതത്തിൽ വിശ്വസിക്കുന്നവരുണ്ട്. മതത്തിൽ വിശ്വസിക്കാത്തവരുണ്ട്. ഹിന്ദുമതത്തിൽ വിശ്വസിക്കുന്നവരുണ്ടാകും, മുസ്ലീം മതത്തിൽ വിശ്വസിക്കുന്നവരുണ്ടാകും, ഇസ്ലാമതത്തിൽ വിശ്വസിക്കുന്നവർ ഹിന്ദുമതത്തിൽ വിശ്വസിക്കുകയില്ല. ഹിന്ദു മതത്തിൽ വിശ്വസിക്കുന്നവർ മുസ്ലിംമതത്തിൽ വിശ്വസിക്കുകയില്ല. ഹിന്ദുമതത്തിൽ 16,000 ദൈവങ്ങൾ ഉള്ളതാണ്. ഇസ്ലാമിനു ഒരു ദൈവമേയുള്ളു. ഇവരുടെ പണമെല്ലാം എടുത്തിട്ട്, ഇസ്ലാമിനു കുറച്ച്, ഹിന്ദുവിനു കുറച്ച്, ക്രിസ്ത്യാനിക്ക് കുറച്ച്, ഇങ്ങനെ കൊടുക്കും.? ഒരു ഡെമോക്രാറ്റിക് ഗവൺമെന്റിൽ, ഒരു സെക്കുലാർ സ്റ്റേറ്റിൽ ഞാൻ മതത്തിൽ വിശ്വസിക്കുന്നില്ല. ഞാൻ പടച്ചോനിലും വിശ്വസിക്കുന്നില്ല,. എന്റെ ടാക്സ് ഇതിലുണ്ട്. ഈ ടാക്സ് എടുത്തു നിങ്ങൾ എങ്ങനെയാണ് അമ്പലങ്ങൾക്കു കൊടുക്കുന്നത്. നിങ്ങളുടെ സ്വന്തം തറവാട്ടിൽ നിന്നും എടുത്തു കൊടുത്തുകൊള്ളണം.

ശ്രീ. പി. എം. അബൂബക്കർ : ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ ദേവസ്വം ബോർഡിനും, വഖഫ് ബോർഡിനും പണം കൊടുത്തുകൂടെ എന്നാണല്ലോ പ്രതിപക്ഷ നേതാവ് പറയുന്നത്. ത്രിപുരയിൽ നൃപൻ ചക്രവർത്തിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് വഖഫ് ബോർഡിന് 15 ലക്ഷം രൂപ ഗ്രാന്റു കൊടുക്കുന്ന കാര്യം നിഷേധിക്കാൻ സാധിക്കുമോ ?

ശ്രീ. ഇ. കെ. നയനാർ : അവിടെ കൊടുക്കുന്നെങ്കിൽ നിങ്ങൾ അതു വാങ്ങിക്കൊള്ളണം. ഇവിടെ കൊടുക്കരുതെന്നാണ് ഞാൻ പറയുന്നത്. ത്രിപുരയിൽ കൊടുത്തിട്ടുണ്ടോയെന്ന് ഞാൻ ചക്രവർത്തിയോട് ചോദിക്കാം. നിങ്ങൾ പറയുന്നത് എല്ലാം എനിക്ക് വിശ്വസിക്കാൻ സാധിക്കുകയില്ല.

ശ്രീ. പി. എം. അബൂബക്കർ : ഞാൻ പറയുന്നതു വിശ്വാസിക്കണ്ട ശ്രീ. കോടിയേരി ബാലകൃഷ്ണനോടും, ശ്രീ. പത്മനാഭൻ മാസ്റ്ററോടു എല്ലാം അന്വേഷിച്ചാൽ മതി.

ശ്രീ. ഇ. കെ. നായനാർ : നിങ്ങൾ പ്രസംഗിച്ചുകൊള്ളൂ. ഞാൻ എന്റെ അഭിപ്രായമാണ് പറയുന്നത്. മത നിരപേക്ഷത പള്ളിക്കാർക്കും, വഖഫിനും

LIBRARY ARCHIVES Kerala Legislative Assembly

അമ്പലത്തിനും പൈസ കൊടുത്തിട്ടല്ല പാലിക്കുന്നത്. അതു വിശ്വസിക്കണം. ശ്രീ. കാട്ടായിക്കോണം അമ്പലത്തിൽ പോയിയെന്ന് നിങ്ങൾ പറയുന്നത് സത്യവിരുദ്ധമാണ്. അയാൾ മതത്തിലും ഈശ്വരനിലും വിശ്വസിക്കുന്നില്ല. അതാണ് കാട്ടായിക്കോണത്തിന്റെ സ്ഥിതി. അതു എനിക്കറിയാം. പത്തൻ പതു കൊല്ലത്തെ പരിചയമുണ്ട്. ശ്രീ. ഹസ്സനു ഇപ്പോഴാണ് പരിചയമുള്ളത്. ശ്രീ. ഹസ്സൻ ഇപ്പോൾ കോൺഗ്രസ്സിലായി. മുൻപ് ഞങ്ങളുടെ കൂടെയായിരുന്നു. ശ്രീ. തോപ്പിൽരവിയും ഞങ്ങളുടെ കൂടെയായിരുന്നു. കാലു മാറി അപ്പുറത്തു പോയതാണ്. ഇനി നിങ്ങളുടെ കാലു വാരിയിട്ട് ഇപ്പുറത്തു വരും. ഇപ്പുറത്തു വരികില്ലയെന്നു വിശ്വസിക്കാൻ പറ്റുമോ? പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ലൈഫ്ഹിസ്റ്ററി നിങ്ങൾ നോക്കിയിട്ടുണ്ടോ? പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അമ്പലത്തിൽ വിളക്കും കൊളുത്തിട്ടുണ്ടോ? തേങ്ങ ഉടച്ചിട്ടുണ്ടോ? എന്നാൽ ശ്രീ. രാജീവ് ഗാന്ധി ഉടച്ചിട്ടുണ്ട്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു വിളക്കുംകൊളുത്തിയിട്ടില്ല. തേങ്ങയും ഉടച്ചിട്ടില്ല.

ശ്രീ. പി. സീതിഹാജി : സർ പോയിന്റ് ഓഫ് ഓർഡർ. സർ, പ്രതിപക്ഷനേതാവിനു എന്തു തോന്നിയവാസവും പറയാമോ ഈ സഭയിലുള്ള ബഹുമാനപ്പെട്ട മെംബർമാരെ എടോ എന്നു വിളിക്കുന്നതു ഓർഡറിലാണോ ?

ശ്രീ. ഇ. കെ. നായനാർ : സർ, ഞാൻ പറയുന്നത് ഈ രാജ്യത്ത് ശ്രീമതി ഇന്ദിരാഗാന്ധിയുടെ ചരമ ദിനത്തിൽ നിങ്ങൾ ഒരു പ്രതിജ്ഞയെടുത്തു. എന്തായിരുന്നു. ആ പ്രതിജ്ഞ. ഇന്ത്യയുടെ ദേശീയ ഐക്യം. ഇൻഡ്യയുടെ ദേശീയ ഉദ്ഗ്രഥനം ഇൻഡ്യയുടെ അഖണ്ഡത ഇവ പാലിക്കുമെന്ന് പ്രതിജ്ഞയെടുത്തു. എന്നിട്ട് നിങ്ങൾ കൂട്ടു നിൽക്കുന്നത് ആസ്സാമിൽ വിഘടനവാദികളുടെ കൂടെ, പഞ്ചാബിൽ ഭിന്ദ്രൻവാലയെ പ്രോൽസാഹിപ്പിക്കുന്നത് ആരാണ് ? ശ്രീമാൻ രാജീവ് ഗാന്ധിയാണ്, ത്രിപുരയിൽ ഉപജാതി ഉപപരിഷത്ത് ഐക്യമുന്നണി ഉണ്ടാക്കിയതാരാണ്, ഡാക്കയിൽ ഹെഡ്കപ്പാർട്ടേഴ്സായിട്ടുള്ള ഉപജാതി ഉപപരിഷത്തുമായിട്ടു കൂട്ടുകെട്ടുന്ന കോൺഗ്രസ്സിനെ. അതുപോലെ പശ്ചിമബംഗാളിൽ ദേശീയ വിരുദ്ധരാണെന്ന് അവിടത്തെ കോൺഗ്രസ്സുകാർ ഗൂർക്കാലാൻറ്വാദക്കാരെ അംഗീകരിക്കുന്നു, എന്നിട്ട് നിങ്ങൾ അഖിലേന്ത്യാ കോൺഗ്രസ്സുകാർ അംഗീകരിക്കുന്നില്ല. അവിടെ ഗോസ് മുൻഷിയടക്കമുള്ള കോൺഗ്രസ്സുകാർ ദേശീയവിരുദ്ധരാണെന്ന് അംഗീകരിക്കുകയാണ്. നിങ്ങൾ അംഗീകരിക്കുന്നില്ല. അപ്പോൾ നിങ്ങൾ ആരുടെ കൂടെയാണ്. നിങ്ങൾ വർഗ്ഗീയ ശക്തികളുടെ കൂടെയാണ്. 366 വർഗ്ഗീയ ലഹളകൾ നാലര കൊല്ലത്തിനകം നടന്നുവെന്ന് ചോദ്യത്തിനു ഉത്തരമായി ശ്രീ. കരുണാകരൻ പറഞ്ഞു. നിലയ്ക്കൽ ലഹള നിങ്ങളുണ്ടാക്കിയതല്ലെ? 1982 ഡിസംബറിൽ ഇവിടെ 7 കോടി രൂപയുടെ സ്വത്തു മുഴുവൻ കൊള്ളയടിച്ചതു നിങ്ങളുണ്ടാക്കിയ ലഹള മൂലമല്ലെ. എന്നിട്ടു പറയുകയാണ് ഐക്യം, ദൃഢമായ ഐക്യം ദേശീയ ഉദ്ഗ്രഥനം. എന്നിട്ടു ഇതിൽ എല്ലാ ജാതി മത വർഗ്ഗീയ വാദികളുടെയും കൂട്ടുകെട്ടുണ്ടാക്കുകയാണ്. അവരുടെകൂടെ ചേർന്നു കൊണ്ടു നെയ്ചോറും ബിരിയാണിയും കഴിക്കുക എന്നിട്ട് ഉദ്ഗ്രഥനം പറയുക ഇതല്ലേ നടക്കുന്നത്.

സർ, ഈ സർക്കാരിന്റെ നാലര വർഷത്തെ ഭരണം പോലീസിന്റെ ഭീകര മുഖം കാഴ്ചവച്ചിരിക്കുകയാണ്. ഈ ഭരണത്തിൽ നടന്നതുപോലെ മുൻപു ഒരിക്കലും ഇത്രയേറെ വെടിവെയ്പുകളും, ലാത്തിച്ചാർജുകളും, ലോക്കപ് മർദ്ദനങ്ങളും, ലോക്കപ് കൊലപാതകങ്ങളും സ്ത്രീ പീഡനങ്ങളും ഈ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തു നടന്നിട്ടില്ല. അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്യുന്ന തൊഴിലാളികൾക്കു എതിരെ, പൊൻകുന്നത്തും കൊല്ലത്തും വെടിവെയ്പും ലാത്തിച്ചാർജും. ലോക്കപ് മർദ്ദനവും, എൻ. ജി. ഓ. മാർക്കും, അദ്ധ്യാപകർക്കുമെതിരെ, തൊഴിൽ നൽകണമെന്നാവശ്യപ്പെടുന്ന യുവജനങ്ങൾക്കെതിരെ, വിദ്യാഭ്യാസ, സ്വകാര്യ മേഖലയ്ക്ക് വില പനനടത്തുന്നതിനെ തടയുന്ന വിദ്യാർത്ഥികൾക്കു എതിരെ, എങ്ങനെ ജനകീയ സമരങ്ങൾക്കെല്ലാമെതിരെ പോലീസിനെ കയറൂരി വിടുകയാണ് ചെയ്യുന്നത്. ഈ സർക്കാർ മർദ്ദനമുറകളെ കെട്ടഴിച്ചുവിടുകയാണ് ചെയ്യുന്നത്. ഈ സർക്കാരിന്റെ ഭരണത്തിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളുടെയും ലോക്കപ് മർദ്ദനങ്ങളുടെയും ദേവാലയമോഷണങ്ങളുടെയും ബലാൽസംഗങ്ങളുടെയും പോലീസ് മർദ്ദനങ്ങളുടേയും വെടിവയ്പുകളുടേയും കണക്കുകൾ മുഴുവൻ എന്റെ കൈവശമുണ്ട്. ഞാൻ അതു ഇവിടെ വിസ്തരിക്കുന്നില്ല. ഈ ഭരണത്തിലെ പോലീസിന്റെ ചിത്രമെന്തെന്നു മാത്രം ഞാനിവിടെ സൂചിപ്പിക്കുകയാണ്. 1982 സെപ്റ്റംബറിൽ വിഴിഞ്ഞത്തു വെടിവയ്പു നടത്തിയ പോലീസ്, നവംബറിൽ തെൻമലയിൽ കുടിയിറക്കപ്പെട്ടവർക്കെതിരെ തേർവാഴ്ച നടത്തിയ പോലീസ്, അതേ മാസം വിതുരയിൽ പഞ്ചായത്തു വനിതാ മെമ്പറെ അപമാനിച്ച പോലീസ്, വിതുരയിലും ഇടുക്കിയിലെ ശാന്തൻപാറയിലെ തൊഴിലാളികൾക്കെതിരെ സാമൂഹ്യവിരുദ്ധരോടൊപ്പം ചേർന്ന് മർദ്ദനമുറകൾ കെട്ടഴിച്ചുവിട്ട പോലീസ്, ഉടുമ്പൻചോലയിൽ രംഗസ്വാമിനാടാർ എന്നുപറയുന്ന ഒരു വൃദ്ധനെ മർദ്ദിച്ച പോലീസ്, ഡിസംബറിൽ തിരുവനന്തപുരത്തു കൊള്ളയും കൊള്ളിവയ്പും നടന്നപ്പോൾ നിഷ്ക്രിയത്വം പാലിച്ച് സാമൂഹ്യവിരുദ്ധർക്കു കൂട്ടുനിന്ന പോലീസ്, 1983 മേയിൽ തമിഴ്നാട്ടിലെ പന്തളൂരിലെ തുണിക്കാരൻ ജയരാജനെയും, ടെയിലർ പെരുമാളിനെയും മർദ്ദിച്ച പോലീസ്, ചാത്തന്നൂരിൽ വിജയനെയും, പുനലൂരിലെ കറുപ്പയ്യനെയും, ചേവായൂരിൽ മുസ്തഫയെയും, വെള്ളറടയിൽ തങ്കയ്യനെയും, പേരൂർക്കടയിൽ സുതനെയും, റാന്നിയിൽ ജോസിനെയും, മർദ്ദിച്ച പോലീസ്, വഞ്ചിയൂരിൽ ശശിധരൻനായരുൾപ്പടെ 15 പേരെ ലോക്കപ്പിലിട്ട് തല്ലിക്കൊന്ന പോലീസ്, തങ്ങളുടെ കൊള്ളരുതായ്മകളെക്കുറിച്ച് സത്യസന്ധമായ റിപ്പോർട്ട് എഴുതുന്ന പത്രലേഖകൻമാരെ (മാതൃഭൂമി, മനോരമ) മർദ്ദിച്ച പോലീസ്, നിഷ്കളങ്കരായ ആദിവാസി പെൺകുട്ടികളെ മദ്യം കൊടുത്ത് നഗ്നനൃത്തം ചെയ്യിച്ച പോലീസ്, മുഖ്യമന്ത്രിയുടെ ബന്ധുക്കൾ സഞ്ചരിച്ച കാറിൽ മകന്റെ സ്കൂട്ടർ തട്ടിയതിനു അച്ഛൻ മുരുകൻ ആശാരിയെ ലോക്കപ്പിലിട്ട പോലീസ്, നേമത്തെ മണിയന്റെ മീശ പിഴുതെടുത്ത പോലീസ്, മന്ത്രിയുടെ കാറിനു സൈഡ് കൊടുക്കാത്തതിന്റെ പേരിൽ വാഹനങ്ങളുടെ ഡ്രൈവർമാരെ തല്ലുന്ന പോലീസ്, കാട്ടിലെ തടി കള്ളക്കടത്തു നടത്തുന്ന പോലീസ്, നിലയ്ക്കലും മറ്റു ഇടങ്ങളിലും വർഗ്ഗീയ ലഹളകൾക്കു വളം വയ്ക്കുന്ന പോലീസ്, തങ്കമണിയിൽ നിരപരാധികളായ സ്ത്രീജനങ്ങളെ കൂട്ടബലാൽസംഗം ചെയ്ത പോലീസ്, കന്യാസ്ത്രീകളെ കയ്യേറ്റം ചെയ്ത പോലീസ് യുവജനങ്ങളെ വെടിവെച്ചു കൊന്ന പോലീസ്, ഇത്തരം പോലീസാണ് തീർച്ചയായും ഇവിടെയുള്ളത്.

1982-ൽ നിങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിൽ പറഞ്ഞതെന്താണ്? തെരഞ്ഞെടുപ്പ് വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന ജനങ്ങൾക്ക് സ്വൈര ജീവിതം ഉറപ്പുവരുത്തുമെന്ന് നിയമവാഴ്ച പുനഃസ്ഥാപിക്കുമെന്നും. ഓരോ പൗരനും ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള പ്രാഥമിക ചുമതല നിറവേറ്റുമെന്നും, ജനങ്ങൾക്ക് സമാധാന ജീവിതം നൽകുമെന്നും ഒക്കെയാണ്. എന്നാൽ തങ്കമണിയിൽ കണ്ടത് അതാണോ?

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരു സമാധാന ജീവിതം, നൽകിയില്ല; ബലാൽസംഗം നടന്നു് അതിനെ ന്യായീകരിക്കുന്ന ഒരു തോമസുണ്ടു് അവിടെ ബലാൽസംഗമില്ല ഉടുമ്പൻചോലയിൽ എന്നൊക്കെ പ്രസംഗിച്ചില്ലെ? അതിൽ ഒരു ന്യായീകരണവുമില്ല. അടുത്തതായി മുഖ്യമന്ത്രി പറയുകയാണു് ബലാൽസംഗമില്ലെന്നു്. ഞാൻ ചോദിക്കട്ടെ നിങ്ങളുടെ പത്രമല്ലേ "മലയാള മനോരമ" അതിൽ പറയുന്നതു് ഇപ്രകാരമാണു്. 45 വാഹനങ്ങളിൽ ചെന്നു് ബലാൽസംഗത്തിന്റെയും അതിക്രമത്തിന്റെയും പേപിടിച്ച നൃത്തം നടത്തിയ പോലീസുകാർക്കിടയിൽ നിന്നു് ശിക്ഷക്കായി തെരഞ്ഞെടുത്ത ആ പോലീസുകാരെ തങ്ങളുടെ നീതിനിഷ്ഠയുടെ പ്രതീകമായി അധികൃതർ ഉയർത്തിക്കാട്ടുമോ എന്നു് അറിഞ്ഞുകൂടാ. അക്രമങ്ങളെ പരസ്യമായി ശരിവയ്ക്കുന്നതു പോലെ ഈ അച്ചടക്ക നടപടി വില കുറഞ്ഞതായി പോയി. മനസ്സിലായോ? "മലയാള മനോരമയിലെ" മുഖപ്രസംഗം അതാണു്. ഇത്രയും ശക്തമായിട്ടു് പത്രക്കാർപോലും പറഞ്ഞപ്പോഴും നമ്മുടെ മുഖ്യമന്ത്രി പറയുന്നു ബലാൽസംഗം നടന്നിട്ടില്ലെന്നു്. കൂടാതെ ബലാൽസംഗത്തിന്റെ വ്യാഖ്യാനമെന്തൊക്കെയാണെന്നു് ചോദിക്കുകയാണു്. അതു് നേരിട്ടു് കണ്ടാലേ സമ്മതിക്കുകയുള്ളൂ. ഇത്രയും ഭരണകക്ഷിക്കു് പിന്തുണ നൽകുന്ന പത്രമടക്കം രണ്ടു മുഖപ്രസംഗമെഴുതി. ഞാൻ ചോദിക്കുന്നു ശ്രീ. പി. ജെ. ജോസഫു് അവിടെ പോയതാണോ, ശ്രീ. കെ. എം. മാണി അവിടെ പോയിരുന്നുവോ? ശ്രീ. ഉമ്മൻചാണ്ടി അവിടെ പോയിരുന്നുവോ? നിങ്ങളം അതൊക്കെ കണ്ടിട്ടില്ല അല്ലെ? ഞങ്ങളം കാണാൻ പോകുന്നുണ്ടു്. ഞങ്ങളം ഒന്നു് കാണുമോയെന്നു് നോക്കാം. ശ്രീ. ഉമ്മൻചാണ്ടി എന്താണു് പറഞ്ഞതെന്നു് നമുക്കു് അവിടെ തന്നെ പറഞ്ഞുകളയാം. ഈ രാജ്യത്തു് കൂട്ടബലാൽസംഗം നടത്തിയെന്നു് പറഞ്ഞതു ഞങ്ങളുടെ പത്രമായ "ദേശാഭിമാനി"യാണെങ്കിൽ പറയാം അതു് ഞങ്ങളുടെ പത്രമാണെന്നു്. ഇതു് "മനോരമ" പത്രമാണു് ഇത്രയും നഗ്നമായി എഴുതിയതു്. എന്നിട്ടു് അതു് ശരിയാണെന്നു് ന്യായീകരിക്കുകയാണു് ചെയ്യുന്നതു്. ഇതു് സ്ത്രീലോകത്തിനു്, മഹിളാമാർക്കാകമനം അപമാനമാണു്. നമ്മുടെ നാട്ടിൽ, കേരളത്തിൽ കാണാൻ കഴിയുന്നതു് അതാണു്. ജനസേവനത്തിനു പകരം ജനപീഡനം പ്രതിഷ്ഠിച്ചിട്ടുള്ള ഒരു പോലീസ്ആഭ്യന്തര ഭരണമാണു് ഇവിടെ നടക്കുന്നതു്. നാട്ടിലെമ്പാടും ജനങ്ങളുടെ സ്വത്തിനും ജീവനും അപകടം സൃഷ്ടിക്കാനുള്ള സാഹചര്യമുണ്ടായിയെന്നതാണു് ഈ ഗവൺമെന്റിന്റെ നാലര വർഷക്കാലത്തെ നേട്ടം. നിങ്ങളം കേരളത്തെ കുളം തോണ്ടി, കരിമ്പിൻ തോട്ടത്തിൽ കാട്ടാന കയറിയതുപോലെ കേരളത്തിലെ പാവപ്പെട്ടവരുടെ നെഞ്ചിൽ പാഞ്ഞുകയറി. നിങ്ങളം പോലീസിനെ അഴിച്ചു വിടുകയാണു് ചെയ്തതു്. ഇന്നു് മന്ത്രിസഭയുടെ പ്രതിച്ഛായ പോയി. ഇന്നു് പോലീസിന്റെ ഭീകരതയാണു് ഇവിടെ നടമാടുന്നതു് അഴിമതിയുടെതാണു്. കറുപ്പിന്റെതാണു്, പിടിപ്പുകേടിന്റെതാണു്. നാണക്കേടിന്റെ താണു്. അടുത്തതായി അരക്കില്ലം ഉണ്ടാക്കിയ ഒരു പുരോചനന്റെ കഥ കൂടി പറഞ്ഞുകൊണ്ടു് ഞാൻ എന്റെ വാക്കുകളം അവസാനിപ്പിക്കാം. അരക്കില്ലം ഉണ്ടാക്കിയ ഒരു പുരോചനന്റെ കഥയാണു് ഈ മന്ത്രിമാരെ അനുസ്മരിപ്പിക്കുന്നതു്. കഥ ഇപ്രകാരമാണു്. പാണ്ഡവരെ തീയിട്ടു കൊല്ലാൻ ദുര്യോധനന്റെ മന്ത്രിയായ പുരോചനൻ അരക്കു് കൊണ്ടു ഒരു കൊട്ടാരം തീർത്തു. ആ കൊട്ടാരത്തിന്റെ പണി തീർന്നപ്പോഴം മിച്ചമുണ്ടായിരുന്ന അരക്കു് ദുര്യോധനൻ പോലുമറിയാതെ അയാളം വിറ്റു് കാശാക്കി. കൊട്ടാരത്തോടൊപ്പം താനും വെന്തുപോകുമെന്നു്, അറിയാതെ ദുര്യോധനനെപ്പോലും അറയാതെ വെട്ടിച്ചു് എടുത്ത കാശു് കീശയിലാക്കി. എന്നിട്ടു് അദ്ദേഹം കിടന്നു് മയങ്ങി. ഇവിടെ കുറെ നാളുകളം മാത്രമേയുള്ളൂ. ഈ മന്ത്രിസഭ തകരും. ഈ മന്ത്രിമാർക്കു് അതിനിടയിലും ഡൽഹിയിൽ ഇന്ദ്രപ്രസ്ഥത്തിലെ ദുര്യോധനനെയും കബളിപ്പിച്ചു്, ഈ മന്ത്രിമാർക്കു് ലക്ഷനാവിൽ മിച്ചമുള്ളതു് മുഴുവൻ കൊള്ള ചെയ്തു് പുരോചനനെപ്പോലെ കാശ്മീരിയിലാക്കുകയാണു് ചെയ്യുന്നതു്. ജനങ്ങളുടെ രോഷാഗ്നിയിൽ നാളെ

LIBRARY ARCHIVES Kerala Legislative Assembly

വെന്തുപോകുമെന്നുള്ള വസ്തുത ഓർക്കാതെയാണ് ഈ രാജ്യത്തെ ഭരണകക്ഷി നേതാക്കൻമാർ പ്രസംഗിക്കുന്നത്. പാണ്ഡവർ രക്ഷപ്പെടും, പുരോഹനൻമാർ വെന്തു മരിക്കും. അതുകൂടി ഓർമ്മിച്ചു വേണം നിങ്ങൾ ഈ ഭരണം തുടരാൻ. ഈ കോൺഗ്രസ്സിന്റെ അകത്ത് പ്രണാബ് മുക്കർജിമാർ ഉയർന്നു വരുന്നതെങ്ങനെ ? നമ്മുടേതല്ല, നിങ്ങളുടെ പ്രണാബ്മുക്കർജിമാർ തന്നെയാണ്. ഈ കോൺഗ്രസ്സിനകത്ത് സീസർബോസ് ഉയർന്നുവരുന്നതെങ്ങനെ? ജഗന്നാഥ് മിശ്ര ഉയർന്നുവരുന്നതെങ്ങനെ ? ഗുണ്ടറാവു ഉയർന്നുവരുന്നതെങ്ങനെ ? ഇനി എം. വി. രാഘവനെ ഉപയോഗിച്ച് നിങ്ങൾ കൈകൊട്ടിക്കളിക്കണ്ട. കാരണം നിങ്ങൾ രാഘവനെ പ്രോൽസാഹിപ്പിക്കുന്നതിന്റെ അർത്ഥം ഞങ്ങൾക്കറിയാം. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഭിന്നിപ്പിച്ച്, കോടാലിക്കൈയെ ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രവർത്തിക്കാമെന്ന് ധരിച്ചാണെങ്കിൽ, ആ വെള്ളം അങ്ങു മാറ്റി വച്ചേക്കണം. ഈ കോടാലി കൈയെ ഉപയോഗിച്ച് ഭിന്നിപ്പിക്കാൻ നിങ്ങൾ ആർത്തു വിളിച്ചുകൊണ്ടൊന്നും നടക്കണ്ട. നിങ്ങളെ തറപറ്റിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ വരുന്ന തെരഞ്ഞെടുപ്പിൽ കുരുക്ഷേത്രയുദ്ധത്തിൽ ഈ അവസരവാദികളും വർഗ്ഗീയശക്തികളുമായി കൂട്ടുപിടിച്ചു ഭരിക്കുന്ന ഈ രാജ്യത്തിലെ പുരോഹനൻമാരെപ്പോലെ നിങ്ങൾ പരാജയപ്പെടും. ഇടതുപക്ഷ ജനാധിപത്യമുന്നണി കൂടുതൽ കരുത്തോടെ മുന്നോട്ട് ആഞ്ഞ് വരുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, നമ്മൾ ഇവിടെ സഭ ഒരുമാസക്കാലത്തോളം സമ്മേളിക്കുന്നത് പ്രത്യേകമായ ചില സാഹചര്യങ്ങളിൽ ഓർഡിനൻസുകൾ ഇറക്കേണ്ടി വന്നതുകൊണ്ടാണ്. ജനാധിപത്യ മര്യാദ അനുസരിച്ച് ഓർഡിനൻസുകൾ എല്ലാം ബില്ലാക്കിയെടുക്കാൻ വേണ്ടിയുള്ള ഗവൺമെന്റിന്റെ ഉറച്ച തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ സഭ ഒരുമാസക്കാലം കൂടണമെന്ന് വച്ചത്. ഇതുകൊണ്ട് നിയമനിർമ്മാണ കാര്യങ്ങളിൽ എല്ലാ ഓർഡിനൻസുകളും നിയമമാക്കി മാറ്റാൻ വേണ്ടിയുള്ള ശ്രമത്തിലാണ് നാം ഇവിടെ സമ്മേളിച്ചിരിക്കുന്നത്. അതിനിടയിൽ സഭ സമ്മേളിച്ചതുകൊണ്ട് അടിയന്തിരമായുണ്ടായ ചില സാമ്പത്തിക ആവശ്യങ്ങൾക്ക് വേണ്ടിയാണ് ഈ സപ്ലിമെന്ററി ഡിമാൻഡ് സഭയുടെ മുൻപാൽ വച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കൻമാർ അടക്കമുള്ള ആളുകൾക്ക് സപ്ലിമെന്ററി ഡിമാൻഡിലെ കാര്യങ്ങളിൽനിന്ന് വ്യത്യസ്തമായി, ഈ ഗവൺമെന്റ് ഒരു സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുമെന്നാണ് ബഹുമാന്യനായ നായനാരും, ശ്രീ. കെ. പി. പ്രഭാകരനും, ശ്രീ. എ. സി. ഷൺമുഖദാസും, ശ്രീ. ബേബിജോണും, ശ്രീ. കെ. ചന്ദ്രശേഖരനും ഇവിടെ പ്രകടമാക്കിയത്. അങ്ങനെ ഒരു പ്രതിസന്ധി ഇല്ല. 7.66 കോടി രൂപ പ്ലാൻ സ്കീമിലും, 25.73 കോടി രൂപ നോൺ പ്ലാനിലും, അങ്ങനെ 33.31 കോടി രൂപയുടെ സപ്ലിമെന്ററി ഡിമാൻഡാണ് ഈ സഭയുടെ പരിഗണനയ്ക്ക് വേണ്ടി ഞങ്ങൾ സമർപ്പിച്ചിട്ടുള്ളത്. അതിലെ പ്രധാനമായ ഐറ്റം വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ നേരിടാനുള്ള ആശ്വാസ നടപടികൾക്കായിട്ടാണ്. അതിലേക്കായി 21.67 കോടി രൂപയും, വെള്ളപ്പൊക്കം ബാധിക്കാത്ത സ്ഥലങ്ങളിലെ ആളുകൾക്ക് ബഡ്ജറ്റിൽ ഈ സഭ പാസ്സാക്കി തന്നതിൽനിന്ന് അഡീഷണൽ എക്സ്പെൻഡിച്ചറിൽ വന്ന ഒരു കോടി 10 ലക്ഷം രൂപയും നീക്കിവച്ചു. അതുപോലെ തന്നെ കെ. എസ്. ആർ. ടി. സി. ക്ക് സാമ്പത്തിക പ്രതിസന്ധിയാണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ഗവൺമെന്റ് ഓരോ വർഷവും കെ. എസ്. ആർ. ടി. സി. യിലെ തൊഴിലാളികൾക്ക്, ബോണസ് കൊടുക്കാൻ കാശ് കൊടുത്തില്ലെങ്കിൽ കെ. എസ്. ആർ. ടി. സി. തൊഴിലാളികൾക്ക് ബോണസ് കിട്ടാൻ മാർഗ്ഗമില്ല. അതിനുവേണ്ടി 4 കോടി രൂപയും അതുപോലെ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ പല വികസന പ്രവർത്തനങ്ങൾക്കും ഗവൺമെന്റിന് അകൗണ്ടിംഗ് നടത്താൻവേണ്ടി പുതിയ നിയമമനുസരിച്ച് രണ്ടു വർഷം കഴിഞ്ഞാൽ അകൗണ്ടിംഗ് ഗവൺമെന്റ് പണം കൊടുത്തില്ലെങ്കിൽ അകൗണ്ടിംഗ് നടപടി കൂടുതൽ ലാപ്സാകുമെന്നുള്ളതുകൊണ്ട് ആ കാര്യത്തിനുവേണ്ടി ഒരു കോടി രൂപയും, അതുപോലെ തന്നെ ഈ സഭയിൽ പലപ്പോഴും വിമർശനങ്ങൾ ഉണ്ടായിട്ടുള്ളതനുസരിച്ച് ടെക്സ്റ്റ് ബുക്കുകൾക്ക് അഡ്വാൻസായി കടലാസ് വാങ്ങിച്ച് ഗവൺമെന്റ് പ്രസിൽ കൊടുത്തില്ലെങ്കിൽ പ്രിന്റിംഗ് യഥാവസരം നടക്കുകയില്ല എന്നുള്ളതുകൊണ്ട് രണ്ടു കോടി രൂപയും ഇതുപോലുള്ള ചില ആവശ്യങ്ങൾക്കാണ് കൊടുത്തിട്ടുള്ളത്. പിന്നെ പ്രധാനമായും മലബാർ പ്രദേശത്തെ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി വളരെ സാമ്പത്തിക ഞെരുക്കമുള്ളതുകൊണ്ട് 10 ലക്ഷം രൂപ മലബാർ പ്രദേശത്തെ ക്ഷേത്രങ്ങൾക്കും വക്ഫ് ബോർഡിനു 15 ലക്ഷം രൂപയും കൊടുത്തു. ഇതു രണ്ടും സാമ്പത്തിക പ്രതിസന്ധികൊണ്ട് ഞെരുങ്ങുന്നുവെന്നുള്ളതുകൊണ്ടാണ്, കൊടുത്തത്. ആ ക്ഷേത്രങ്ങളുടെ ജീവനക്കാർക്ക് പോലും ശമ്പളം കൊടുക്കാൻ നിർവ്വാഹമില്ല എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഈ രണ്ടു സഹായങ്ങളും ചെയ്തിട്ടുള്ളത്. സർ, ഇവിടെ ബഹുമാന്യനായ ബേബിജോൺ ചില കാര്യങ്ങൾ പറഞ്ഞു. പദ്ധതി വിഹിതം മുഴുവൻ ഈ ഗവൺമെന്റിനു കുറയുകയാണെന്നാണ് പറഞ്ഞത്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ശ്രീ. ഇ. കെ. നായനാരും പറഞ്ഞു. അതിനു മറുപടി മുഖ്യമന്ത്രി ഇന്നലെ ഈ സഭയിൽ പറഞ്ഞതാണ്. പിന്നെയും അത് ആവർത്തിച്ചിട്ട് കാര്യമില്ല. ബഹുമാന്യനായ ബേബിജോൺ പറയുന്നതെല്ലാം ആവർത്തിച്ചാവർത്തിച്ചാണ് ഈ സഭയിൽ പറയുന്നത്.

ഒരു കാര്യം അഭിമാനബോധത്തോടുകൂടി ഈ ഗവൺമെന്റിനു പറയാൻ കഴിയും, 6-ാം പഞ്ചവൽസര പദ്ധതിയിൽ 1550 കോടി രൂപയായിരുന്നു ഈ സംസ്ഥാനത്തിന്റെ വിഹിതം. 7-ാം പദ്ധതിയിൽ അതിന്റെ വിഹിതം 2100 കോടി രൂപയായി വർദ്ധിപ്പിച്ചെടുക്കാൻ കഴിഞ്ഞു. 6-ാം പദ്ധതിക്ക് കേന്ദ്രവിഹിതം തന്നെ 528 കോടി രൂപയുണ്ടായിരുന്നതല്ലാതെ കേന്ദ്രവിഹിതമായി 1140 കോടി രൂപ ഈ ഗവൺമെന്റിനു നേടാൻ കഴിഞ്ഞു. 35 ശതമാനം കേന്ദ്ര വിഹിതം.

ശ്രീ. ഇ കെ. നായനാർ : ഈ കാലത്ത് രൂപയുടെ മൂല്യം എത്ര ശതമാനം കൂടി ?

ശ്രീ. തച്ചടി പ്രഭാകരൻ : 7.8 എന്നാണ് തോന്നുന്നത്, അത് ശരിയായിരിക്കണമെന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു സാമ്പത്തിക വിദഗ്ദ്ധനാണോ അല്ലയോ എന്നെനിക്കറിയില്ല. എങ്കിലും ലോകത്തെ ഇൻഫ്ളേഷൻ കുറച്ചുകൊണ്ടുവന്ന് ശാസ്ത്രീയമായി ഇൻഡ്യ മാറിക്കൊണ്ടിരിക്കുകയാണ്. എനിക്ക് ബാങ്കുമായി ചെറിയ ബന്ധം ഉള്ളതുകൊണ്ട് പറയുകയാണ്. വെസ്റ്റ് യൂറോപ്യൻ രാജ്യങ്ങളിലും ഈസ്റ്റ് യൂറോപ്യൻ രാജ്യങ്ങളിലും 27 ശതമാനം ഇൻഫ്ളേഷൻ വർദ്ധിച്ചപ്പോൾ 7.83 ശതമാനമായി കുറച്ചുകൊണ്ടുവരാൻ ഇന്ത്യയ്ക്ക് കഴിഞ്ഞു. ആ വസ്തുത ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കാണാതെ പോകുന്നതെന്താണ് ? ഈസ്റ്റ് യൂറോപ്യൻ രാജ്യങ്ങളിലും വെസ്റ്റ് യൂറോപ്യൻ രാജ്യങ്ങളിലും ഇൻഫ്ളേഷൻ വർദ്ധിച്ചപ്പോൾ ഇന്ത്യാ രാജ്യമാണ് ഇൻഫ്ളേഷൻ പിടിച്ചു നിർത്താൻ കഴിഞ്ഞിട്ടുള്ള ഏക രാഷ്ട്രം.

ബഹുമാനപ്പെട്ട നായനാരുടെ നേതാവായ ശ്രീ. ജ്യോതിബാസുവാണ് വെസ്റ്റ് ബംഗാൾ ഭരിക്കുന്നത്. അദ്ദേഹം 6-ാം പഞ്ചവത്സര പദ്ധതിക്ക്

LIBRARY ARCHIVES Kerala Legislative Assembly

റിസോഴ്സസ് ഇല്ലാത്തതുകൊണ്ട് വർദ്ധനവ് കാണിച്ചത് 18 ശതമാനമാണ്, വെസ്റ്റ് ബംഗാളിൽ ശ്രീ. ജ്യോതിബാസുവിന്റെ ഗവൺമെന്റ് കേന്ദ്ര വിഹിതം ചോദിക്കാൻ പോയി. ഞാൻ പറയുന്നത് വസ്തുതയാണ്, അത് നിഷേധിക്കാമെങ്കിൽ നിഷേധിക്കൂ. റിസോഴ്സസ് ഇല്ലാത്തതുകൊണ്ട് കേന്ദ്രവിഹിതം കുറഞ്ഞ ഇന്ത്യയിലെ ഏക സംസ്ഥാനം വെസ്റ്റ് ബംഗാളാണ്. അതേ സമയത്ത് കേരളത്തിലെ റിസോഴ്സസ് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നോക്കുമ്പോഴും വളരെ കൂടുതലാണെന്ന് ഞങ്ങളും അവകാശപ്പെടുന്നില്ല, എന്നാൽപോലും വെസ്റ്റ് ബംഗാളിൽ 18 ശതമാനം കേന്ദ്രവിഹിതം വർദ്ധിച്ചപ്പോൾ കേരളം 35 ശതമാനം കേന്ദ്ര വിഹിതം വർദ്ധിപ്പിച്ചു എന്നുള്ളത് കേരളത്തിന്റെ ഒരു സവിശേഷതയായി കണക്കാക്കാവുന്നതാണ്. ഇവിടെ വലിയ, സാമ്പത്തിക പ്രതിസന്ധിയാണെന്നൊക്കെ ശ്രീ. കെ. പി. പ്രഭാകരനും, ശ്രീ. ബേബി ജോണും പറഞ്ഞു. ഈ സാമ്പത്തിക വർഷത്തിൽ (കഴിഞ്ഞ ഏഴ് മാസക്കാലം) ഒരു നയാപൈസപോലും ഓവർഡ്രാഫ്റ്റ് എടുക്കാതെ ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ഓവർഡ്രാഫ്റ്റ് എടുത്തില്ലാ എന്നു മാത്രമല്ല, 242 കോടി രൂപ നായനാരുടെ കാലത്ത് എടുത്ത ഓവർഡ്രാഫ്റ്റ് അടക്കം-മുഖ്യമന്ത്രി ശ്രീ. കരുണാകരൻ ആവർത്തിച്ചാവർത്തിച്ച് കേന്ദ്രഗവൺമെന്റിന്റെ മുമ്പിൽ ആവശ്യപ്പെട്ടതനുസരിച്ച് കേന്ദ്രഗവൺമെന്റ് ഒരു പുതിയ ഫോർമുല അഡോപ്റ്റ് ചെയ്തു. 242 കോടി രൂപയിൽ ശ്രീ. നായനാരുടെ കാലത്ത് 132 കോടി രൂപ ഓവർഡ്രാഫ്റ്റ് എടുത്തതടക്കം .....

ശ്രീ. ബേബിജോൺ : കേരളത്തിനുവേണ്ടി മാത്രമല്ല, ഇന്ത്യാ രാജ്യത്തൊട്ടാകെയുണ്ടായ പദ്ധതികൾക്കാണ്.

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട ബേബിജോൺ എത്ര വർഷം മന്ത്രിയായിരുന്ന ആളാണ്. ഒരു മന്ത്രി മറുപടി പറയുമ്പോൾ വിവരക്കേട് പറയുന്നത് ശരിയാണോ ? ഗവൺമെന്റ് കണക്ക് വച്ചുകൊണ്ടാണ് ഞാൻ പറയുന്നത്.

ശ്രീ. ബേബിജോൺ : അഖിലേന്ത്യാടിസ്ഥാനത്തിൽ ഒരു നയരൂപവല്ക്കരണത്തിന്റെ ഫലമായി കേരളത്തിനു ലഭിച്ചത് നമ്മുടെ മുഖ്യമന്ത്രിയുടെ ശ്രമഫലമായിട്ടാണ് കേരളത്തിനു പ്രത്യേകമായി കൊണ്ടുവന്നത് എന്നു പറഞ്ഞത് തെറ്റാണ്.

ശ്രീ. തച്ചടി പ്രഭാകരൻ : കേരളത്തിനായിരുന്നു ഏറ്റവും കൂടുതൽ ഓവർഡ്രാഫ്റ്റ് ഉണ്ടായിരുന്നത്. കേരളത്തിലാണ് ഏറ്റവും കൂടുതൽ സാമ്പത്തിക ബുദ്ധിമുട്ടുണ്ടായിരുന്നത്; എന്നുള്ളതുകൊണ്ട് കേരളാ ഗവൺമെന്റാണ് ഓവർഡ്രാഫ്റ്റ് ഇങ്ങനെ നിലനിന്നാലുണ്ടാകാവുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് കേന്ദ്രഗവൺമെന്റിനെ സമീപിച്ച് അതിനു പരിഹാരം ഉണ്ടാക്കാൻവേണ്ടി അഞ്ച് വർഷത്തെ മീഡിയം ടേം ലോൺ ആയി കൊടുത്തിട്ടുള്ളത്. ഈ ഏഴുമാസക്കാലത്തിനിടയിൽ കേന്ദ്രത്തിൽനിന്ന് ഓവർഡ്രാഫ്റ്റെടുത്തില്ലെന്നു മാത്രമല്ല, 80 കോടി രൂപ കേന്ദ്രഗവൺമെന്റുമായി ഉണ്ടായിരിക്കുന്ന ഉറപ്പ് അനുസരിച്ച് ഇൻസ്റ്റാൾമെന്റ് ഫിക്സ് ചെയ്തിട്ടുമുണ്ട്. ആ ഇൻസ്റ്റാൾമെന്റും കേന്ദ്രഗവൺമെന്റിൽ കുടിശ്ശിക ഇല്ലാതെ അടയ്ക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. എന്നിട്ടാണോ സാമ്പത്തിക പാപ്പരത്തത്തെക്കുറിച്ച് പറയുന്നത് ?

വേയ്സ് ആൻഡ് മീൻസ് വരുന്ന അവസരങ്ങളിൽ ചില മാസങ്ങളിൽ ചില ബുദ്ധിമുട്ടുകളുണ്ടാകും. കേന്ദ്രത്തിൽനിന്ന് വിഹിതം കിട്ടാൻ ചിലപ്പോൾ രണ്ടോ നാലോ ദിവസം താമസിച്ചുവെന്നുവരാം. ടാക്സിന്റെ വിഹിതം

LIBRARY ARCHIVES Kerala Legislative Assembly

പ്ലാൻ വിഹിതം. ഇതൊക്കെ കിട്ടാൻ ഒരു മാസത്തിൽ ചിലപ്പോൾ എ. ജി. അതിന്റെ കണക്ക് കൊടുത്താൽ അഡ്ജസ്റ്റ് ചെയ്തു കിട്ടാൻ രണ്ടോ മൂന്നോ ദിവസത്തെ ബുദ്ധിമുട്ട് വരും. ആദ്യം ഞങ്ങൾ തന്നെ പറഞ്ഞിരുന്നു 28-ാം തീയതി കൊടുക്കണമെന്ന്, പക്ഷേ കേന്ദ്രത്തിൽനിന്ന് കിട്ടേണ്ട കാശ് ഒന്നാം തീയതിയും രണ്ടാം തീയതിയും അവധി ദിവസമായി വന്നതുകൊണ്ട് 3-ാം തീയതി മുതലാണ് പേമെന്റ് കൊടുത്തത്. 1-ാം തീയതിയാണ് സാധാരണ സർക്കാർ ഉദ്യോഗസ്ഥൻമാർ ശമ്പളം വാങ്ങുന്നത്. 1-ാം തീയതിയാണ് ട്രഷറികളിൽ സർക്കാരിന്റെ ബില്ലുകൾ വരുന്നത്. അങ്ങനെ 1-ാം തീയതി വന്നപ്പോൾ അവധി ദിവസമായിരുന്നു. ഒന്നും രണ്ടും അവധി ദിവസങ്ങളായതിനാൽ 3-ാം തീയതി ശമ്പളം കൊടുത്തു. അത്തരത്തിലുള്ള ചില അഡ്ജസ്റ്റ്മെന്റ് സ്വാഭാവികമായും ഉണ്ടാകാം. മിച്ചം ബജനാവിൽ വച്ചുകൊണ്ടിരിക്കുകയല്ല നയം; ആവശ്യത്തിന് ചെലവാക്കുകയെന്നുള്ളതാണ് നയം. ഈ മാതിരി കാര്യത്തിൽ യാതൊരു വിധത്തിലുള്ള ബുദ്ധിമുട്ടുകളും കേരളത്തിലുണ്ടായിട്ടില്ല.

ഇവിടെ ശ്രീ. കെ. പി. പ്രഭാകരൻ ഒരുകാര്യം സൂചിപ്പിച്ചു. സബ്സിഡിയെക്കുറിച്ചാണ് സൂചിപ്പിച്ചത്. നമ്മുടെ നെൽകൃഷിക്കാരുടെ ആവശ്യങ്ങൾ നിറവേറാത്തതുകൊണ്ട് അവർ ഇപ്പോൾ ഷെഡ്കെട്ടി സമരം നടത്തുകയാണെന്ന് പറഞ്ഞു. അതേക്കുറിച്ച് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചതാണ്. ജനാർദ്ദനൻ നായർ എന്നു പറയുന്നയാൾ ഒരു റിട്ടയേർഡ് അഗ്രിക്കൾച്ചർ ഡയറക്ടറാണ്. അദ്ദേഹത്തെ ഒരു കമ്മിഷണറായിട്ട് ശ്രീമതി ഗൗരിയമ്മ നിയോഗിച്ചു. ശ്രീമതി ഗൗരിയുടെ കാലത്ത് അദ്ദേഹം ഡയറക്ടറായിരുന്നു. ജനാർദ്ദനൻ നായർ കമ്മിഷൻ റിപ്പോർട്ട് ഗവൺമെന്റ് വളരെ സജീവമായി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ജനാർദ്ദനൻ നായർ മാത്രമല്ല, അദ്ദേഹത്തെപോലെ തന്നെ അഗ്രിക്കൾച്ചറൽ എക്സ്പേർട്ട്സ് ഈ രാജ്യത്ത് വളരെയധികമുണ്ട്. നിരവധി അഗ്രിക്കൾച്ചറൽ എക്സ്പേർട്ട്സുമായി ഈ കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ചർച്ച ചെയ്തു—ഞാൻ ധനകാര്യമന്ത്രി എന്നുള്ള നിലയിൽ കഴിഞ്ഞ ദിവസം ഈ സഭയിൽ പ്രസ്താവിച്ചു നെൽകൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ സഭ അവസാനിക്കുന്നതിന് മുമ്പുതന്നെ അവരുടെ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുമെന്നു പറഞ്ഞപ്പോഴാണ് ശ്രീ. അരവിന്ദാക്ഷനടക്കമുള്ള പ്രതിപക്ഷാംഗങ്ങൾ കളക്ടറേറിനു മുമ്പിൽ പോയി സമരം നടത്തുന്നത്—ഇത് ഈ ഗവൺമെന്റിന്റെ നയമാണ്. നിങ്ങളെ പ്രകോപിപ്പിക്കാൻവേണ്ടി ഞാൻ പറയുന്നില്ല. ഈ ഗവൺമെന്റ് നെൽകൃഷിക്കാർക്ക് എന്തെങ്കിലും ഗുണം ചെയ്യുമെന്ന് പ്രഖ്യാപിച്ചു കഴിഞ്ഞപ്പോൾ ഉടൻതന്നെ സമരം നടത്തി ഞങ്ങളുടെ സമരത്തിൽ കൂടിയാണ് അതിന് പരിഹാരം നേടാൻ പോകുന്നതെങ്കിൽ അതേക്കുറിച്ച് ഞാൻ കൂടുതലായി ഒന്നും പറയുന്നില്ല. ഘട്ടംഘട്ടമായി സമരം നടത്തുകയും ആ സമരം പൊളിഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നതുകൊണ്ട് വല്ല കാര്യവുമുണ്ടോ ? ശ്രീ. കെ. പി പ്രഭാകരൻ ഇവിടെ സൂചിപ്പിച്ചു, ധനകാര്യമന്ത്രി എന്നുള്ള നിലയിൽ കൃഷിക്കാർക്ക് നല്കാമെന്നു പറഞ്ഞ ആനുകൂല്യങ്ങൾ.....

ശ്രീ. ടി. എസ്. ജോൺ : ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ട് എന്നാണ് ഗവൺമെന്റിന് കിട്ടിയത് ? മുൻ ഗവൺമെന്റിന്റെ കാലത്താണോ ? അന്ന് ആ ഗവൺമെന്റ് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ശ്രീമതി ഗൗരിയമ്മ കൃഷി വകുപ്പ് മന്ത്രിയായിരുന്നപ്പോൾ അവരുടെ കൈയിൽതന്നെയാണ് ജനാർദ്ദനൻ നായർ കമ്മിഷൻ റിപ്പോർട്ട് കൊടുത്തത്. ശ്രീമതി ഗൗരിയമ്മ തന്നെയാണ് ജനാർദ്ദനൻ നായർ

LIBRARY ARCHIVES Kerala Legislative Assembly

കമ്മിഷൻ റിപ്പോർട്ട് വാങ്ങിയത്. അതിലുള്ള നിർദ്ദേശങ്ങളെ ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ആ നിർദ്ദേശങ്ങൾക്കുടി പരിഗണിച്ച് അതിനേക്കാളും കുറച്ചുകൂടി നല്ല കാര്യങ്ങളെ ചെയ്യാമോ എന്നാണ് ഈ ഗവൺമെന്റ് അവഗാഢമായി ആലോചിക്കുന്നത്. ജനാർദ്ദനൻ നായർ കമ്മിഷൻ റിപ്പോർട്ട് അതേപടി അംഗീകരിക്കുകയെന്നുള്ള നയമല്ല ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ജനാർദ്ദനൻ നായർ കമ്മിഷൻ ചില ശുപാർശകൾ നെൽകൃഷിക്കാരെ സംബന്ധിച്ചിടത്തോളം വച്ചിട്ടുണ്ട്. അത് ഗവൺമെന്റ് പരിശോധിച്ചിട്ടുള്ളത് പ്രധാനമായും പാലക്കാട്ടെ നെൽകൃഷിക്കാർക്കും, തൃശ്ശൂർ കോൾ നിലങ്ങൾക്കും, കുട്ടനാട് കോൾനിലങ്ങൾക്കും വേണ്ടിയാണ്. പക്ഷേ അവിടെ മാത്രമേ നെൽകൃഷിക്കാരുള്ളു എന്ന നയമല്ല ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഈ ഗവൺമെന്റ് ഈ സംസ്ഥാനത്തുള്ള എല്ലാ നെൽകൃഷിക്കാരെയും സഹായിക്കുകയെന്നുള്ള ഒരു സമീപനത്തിന്റെ അടിസ്ഥാനത്തിൽ കുറച്ചുകൂടി വിശദമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിന് കാലതാമസമുള്ളതുകൊണ്ടാണ്. ഒരു കാര്യം ഞാൻ ബഹുമാനപ്പെട്ട കെ. പി. പ്രഭാകരനെ അറിയിക്കാം, പുഞ്ച സബ്സിഡിക്കായി 1.65 കോടി രൂപയാണ് ബഡ്ജറ്റിൽ അധികച്ചെലവായി വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുള്ളത്. നെൽകൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ സബ്സിഡി, നമ്മളെ പാവപ്പെട്ട ആളുകൾക്ക് പെൻഷൻ കൊടുക്കുന്നതുപോലെതന്നെ കൃഷി ആദായകരമല്ലാത്തതുകൊണ്ട് ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുള്ള സബ്സിഡികളെ പരമാവധി കൊടുക്കുന്നതിനുള്ള ശ്രമം നടത്തിയിട്ടുണ്ട്. ഇനിയും ഈ ഗവൺമെന്റ് ഒരു നയമെന്ന നിലയിൽ കേരളത്തിലെ കൃഷിക്കാരോട് പറയുകയാണ് കാലാകാലങ്ങളിൽ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള അവർക്കുവേണ്ടിയുള്ള എല്ലാവിധ ആനുകൂല്യങ്ങളും— വളത്ത് സബ്സിഡിയായാലും ശരി, പമ്പിംഗ് സബ്സിഡിയായാലും, വളം സബ്സിഡിയായാലും കീടനാശിനികളുടെ സബ്സിഡിയായാലും കള സബ്സിഡിയായാലും, കൃഷിക്കാർക്ക് യഥാവസരം കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നുള്ള കാര്യം ഈ രാജ്യത്തെ കൃഷിക്കാരെ അറിയിക്കാൻ ഞാൻ ഈയവസരം ഉപയോഗിക്കുകയാണ്.

ശ്രീ. കെ. പി. പ്രഭാകരൻ : സർ, പല പ്രാവശ്യവും ഉന്നയിച്ചതാണ്. രണ്ടാം വിളക്ക് സബ്സിഡി കൊടുക്കാൻ ഈ ഗവൺമെന്റ് ഒരു ജി. ഒ. 1984-ൽ പുറപ്പെടുവിച്ചിരുന്നു. മൂന്നിൽ രണ്ട് ഭാഗം ആളുകൾക്കേ കൊടുത്തിട്ടുള്ളു, ബാക്കി ആളുകൾക്ക് പിന്നീട് കൊടുത്തിട്ടില്ല. രണ്ടാം വിളയുടെ സബ്സിഡി കൊടുക്കാനുള്ള ജി. ഒ. ഇപ്പോൾ നിലവിലുണ്ടോ, അത് കൊടുത്തു തീർക്കുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട സി. പി. ഐ. നേതാവിന് എന്തെങ്കിലും സംശയം ബാക്കിയുണ്ടെങ്കിൽ നാളെ 11 മണിക്ക് തന്നെ നിങ്ങളുമായി ചർച്ച ചെയ്ത് ഇതിൽ എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ അത് പരിഹരിക്കാൻ നടപടിയെടുക്കാം. ഒന്നാം വിളയോ രണ്ടാം വിളയോ, മൂന്നാം വിളയോ നാലാം വിളയോ ഏത് വിള ആയാലും അതിനെക്കുറിച്ച് പ്രതിപക്ഷ നേതാക്കൻമാരുമായി ചർച്ച ചെയ്യാം. പക്ഷേ കൊടുക്കുമ്പോൾ ഇവിടെ സമരം ചെയ്തിട്ടാണ് കൃഷിക്കാർക്ക് കിട്ടിയത് എന്ന് പറഞ്ഞാൽ ശരിയാകുകയില്ല. ഈ ഗവൺമെന്റിന്റെ നയമെന്ന നിലയിൽ ഗവൺമെന്റ് ഇത് ചെയ്യാൻ തുടങ്ങുമ്പോൾ സമരം ചെയ്തതിന്റെ ഫലമായിട്ടാണ് കിട്ടിയത് എന്ന് പറഞ്ഞാൽ അത് അംഗീകരിക്കാൻ നിവൃത്തിയില്ല. വെള്ളപ്പൊക്കമുണ്ടായപ്പോൾ കേന്ദ്രത്തിൽനിന്ന് കാര്യമായ രീതിയിൽ സഹായം

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയില്ല എന്നും കിട്ടിയ പണം ദുർവിനിയോഗം ചെയ്തുവെന്ന് പ്രതിപക്ഷത്തുനിന്ന് ആക്ഷേപമുന്നയിക്കുകയുണ്ടായി. നിങ്ങൾ ഒന്ന് മനസിലാക്കണം. ഇവിടെയുണ്ടായതിനേക്കാൾ ഗുരുതരമായ വെള്ളപ്പൊക്കം ഉണ്ടായ സംസ്ഥാനമാണ് ആന്ധ്രാ. കഴിഞ്ഞവർഷം ആന്ധ്രാ ഗവൺമെന്റ് വെള്ളപൊക്ക ദുരിതാശ്വാസത്തിന് കേന്ദ്രഗവൺമെന്റിനോട് ആയിരം കോടി രൂപ ചോദിച്ചു. നമ്മുടെ സംസ്ഥാനം 600 കോടി രൂപയുടെ ആവശ്യം ഉന്നയിച്ചു. ആന്ധ്രാ ഗവൺമെന്റിന് കിട്ടിയത് 132 കോടി രൂപയും 600 കോടി രൂപ ആവശ്യപ്പെട്ട കേരള ഗവൺമെന്റിന് കിട്ടിയത് 134 കോടി രൂപയുമാണ്. ശ്രീ. കെ. കരുണാകരൻ കേരളത്തിന്റെ മുഖ്യമന്ത്രിയായും കേന്ദ്രവുമായി സഹകരിക്കുന്ന ഒരു ഗവൺമെന്റ് ഇവിടെയുള്ളതുകൊണ്ടും 600 കോടി രൂപ ചോദിച്ചപ്പോൾ 134 കോടി രൂപ കിട്ടി. നിങ്ങൾ പിൻതുണ നൽകുന്ന, ശ്രീ. എൻ. ടി. രാമറാവുവിന്റെ ഗവൺമെന്റ് ആയിരം കോടി ചോദിച്ചപ്പോൾ 132 കോടിയേ കൊടുത്തുള്ളൂ.

ശ്രീ. ഇ. കെ. നായനാർ : രാഷ്ട്രീയ പക്ഷപാതം ഒരു കേന്ദ്രഗവൺമെന്റ് കൈക്കൊള്ളാൻ പാടുണ്ടോ ?

ശ്രീ. തച്ചടി പ്രഭാകരൻ : രാഷ്ട്രീയ പക്ഷപാതമില്ല. കേന്ദ്ര ഗവൺമെന്റിന്റെ നയം റിസോഴ്സസ് വച്ച് അല്ലെങ്കിൽ കേസ് കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ വാദിക്കുന്നതനുസരിച്ച് ധനസഹായം കൊടുക്കുകയെന്നുള്ളതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, ശ്രീ. തച്ചടി പറഞ്ഞു കേന്ദ്രവുമായി സഹകരിച്ചതുകൊണ്ടാണ് കൂടുതൽ കിട്ടിയത് എന്ന്. അതേ സമയം കേന്ദ്ര ഗവൺമെന്റ് വിവേചനം കാട്ടിയില്ല എന്നും പറഞ്ഞു. ഇതിൽ ഏതാണ് ശരി.

ശ്രീ. തച്ചടി പ്രഭാകരൻ : വിവേചനം കാണിക്കാത്ത ഒരു കേന്ദ്രഗവൺമെന്റാണ് ഇവിടെയുള്ളതെന്ന് പല പ്രാവശ്യം പല ഘട്ടങ്ങളിലും തെളിഞ്ഞിട്ടുള്ളതാണ്. ഇന്ന് അധികാരത്തിൽ ഇരിക്കുന്നത് വിശേഷിച്ചും രാജീവ് ഗാന്ധിയും ഇന്ദിരാഗാന്ധിയും കക്ഷി പരിഗണനയില്ലാതെ വിവേചനമില്ലാതെ പ്രവർത്തിക്കുന്നവരാണ്. വെസ്റ്റ് ബംഗാളിൽ ജ്യോതിബാസുവിന് കേസ് അവതരിപ്പിക്കാൻ കഴിഞ്ഞില്ല. റിസോഴ്സസ് കാണിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് അവിടെ വിഹിതം കുറഞ്ഞു. നേരെ മറിച്ച് ഈ ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന്റെ മുൻപിൽ റിസോഴ്സസ് കാണിക്കുകയും കേന്ദ്രവിഹിതത്തിനുവേണ്ടി വാദിക്കുകയും ചെയ്തു.

ശ്രീമതി കെ. ആർ. ഗൗരി : തുക അനുവദിക്കുന്നത് ലോഹ്യത്തിന്റെ അടിസ്ഥാനത്തിലാണോ, അതോ ശരിയായിട്ടുള്ള വിവരത്തിന്റെ അടിസ്ഥാനത്തിലാണോ ? ജ്യോതിബാസു ഒന്നും പറയാൻ അറിഞ്ഞുകൂടാത്ത ആളല്ലേ. അതുകൊണ്ട് നിങ്ങൾക്ക് കൂടുതൽ കിട്ടിയത് ലോഹ്യം പറഞ്ഞിട്ടാണോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഗൗരിയമ്മക്ക് അത് അറിയാൻ വയ്യേ. രണ്ടു മൂന്നുപ്രാവശ്യം മന്ത്രിയായി ഇരുന്ന ആളല്ലേ. എല്ലാ സ്റ്റേറ്റുകളും വളരെ കൂടുതൽ ചോദിക്കും. ഡിസ്ക്രഷനു ശേഷം കിട്ടാവുന്നതിന്റെ പരമാവധി എല്ലാ സ്റ്റേറ്റുകൾക്കും കിട്ടും. ഞങ്ങൾ ഇതിൽ സംതൃപ്തരാണ്. കഴിഞ്ഞ വർഷവും ഈ വർഷവും വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് കേന്ദ്രത്തിൽ നിന്ന് കിട്ടിയ തുകയിൽ ഞങ്ങൾ സംതൃപ്തരാണ്. ചോദിക്കുമ്പോൾ 700, 800 കോടി ചോദിക്കും. ഞാനും റവന്യുമന്ത്രിയും കേന്ദ്ര ടീം വന്നപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രദേശങ്ങൾ കാണാൻ പോയിരുന്നു. കഴിഞ്ഞ വർഷം കേരളത്തിന് വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് കിട്ടിയ പണം ചെലവാക്കിയത് ശ്രീ. രാജീവ് ഗാന്ധി പാർലമെന്റിൽ പ്രഖ്യാപിച്ച നയ മനുസരിച്ചാണ്. വെള്ളപ്പൊക്കമുണ്ടാകുമ്പോൾ പണികൾ കൃത്രിമമായിട്ട് ചെയ്യാൻ പാടില്ല. ഫിക്സഡ് ഓൺ അസറ്റ്സ് ആയിരിക്കണം. റോഡി നാണെങ്കിൽ അതിന് ആവശ്യമായിട്ടുള്ള ഫോർമേഷൻ—പിന്നീട് അപകട വരാത്ത രീതിയിൽ പ്രവർത്തിക്കണമെന്ന് പറഞ്ഞു. സെൻട്രൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ കഴിഞ്ഞ വർഷത്തെ ധനവിനിയോഗത്തിൽ ഈ ഗവൺമെന്റിനെ ആത്മാർത്ഥമായി അഭിനന്ദനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രത്തിൽ നിന്നു തന്ന പൈസ സ്പിൽഓവർ വർക്കിന് ഉപയോഗിച്ചു എന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞു. ഏതു പൈസ കിട്ടിയാലും പൂർത്തിയാകാത്ത പണികൾ ചെയ്യുകയെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നയം. വികസന പ്രവർത്തനങ്ങൾ തുടങ്ങിയാൽ പൂർത്തീകരിക്കുകയെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നയം. അതനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഒരു കാര്യം പ്രതിപക്ഷത്തെ അറിയിക്കു കയാണ്. സാമ്പത്തിക പ്രതിസന്ധിയില്ലാതെ മുന്നോട്ടു പോകുന്ന ഒരു ഗവൺമെന്റാണ് നമ്മുടേത്. ശ്രീ. ഷൺമുഖദാസ് ചോദിച്ചു, എന്ത് റിസോഴ്സ സാണ് ഉണ്ടാക്കിയത് എന്ന്. കഴിഞ്ഞ മൂന്നുമാസം കൊണ്ട് 108 കോടി രൂപ നാഷണൽ സേവിംഗ്സിൽ ഈ ഗവൺമെന്റ് പിരിച്ചു. 108 കോടി രൂപയുടെ റിസോഴ്സസ് ഈ സംസ്ഥാനത്ത് ഉണ്ടാക്കിയതിൽ S.B. അക്കൗണ്ടിൽ 78 കോടി രൂപ മാത്രമാണ്നമ്മുടെ ദീർഘകാലാടിസ്ഥനത്തിലുള്ള നിക്ഷേപമായി കിട്ടിയത്. മൂന്നുമാസക്കാലത്തെ എസ്.ബി. അക്കൗണ്ടിലെ ബാലൻസ്എമൗണ്ട് കൂടി ചേർത്തു കഴിഞ്ഞാൽ കേന്ദ്രഗവൺമെന്റ് അതിന്റെ മൂന്നിൽ രണ്ടുഭാഗം ഈ സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി 5 വർഷം ഉപയോ ഗിക്കാനും 25 വർഷക്കാലംകൊണ്ട് തിരിച്ചടച്ചാൽ മതിയെന്നും പറയുന്നത് ആകർഷകമായ തീരുമാനമാണ്. ഇതുകൊണ്ട് കേരള സംസ്ഥാനത്തിനുള്ള ഗുണം 78 കോടി രൂപയുടെ മൂന്നിൽ രണ്ടുഭാഗവും മറേറത് മൂന്നുമാസം എസ്.ബി. അക്കൗണ്ടിൽ കിടന്നുകഴിഞ്ഞാൽ അതിന്റെ മൂന്നിൽ രണ്ടുഭാഗവും ചേർത്ത് അഞ്ചു വർഷക്കാലത്തേക്ക് കേന്ദ്രഗവൺമെന്റിന് തിരിച്ചട യ്ക്കാതെ കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലുള്ള റിസോഴ്സസ് ഉണ്ടാക്കി. വരുന്ന അഞ്ചു വർഷ ക്കാലത്തേക്ക് കേന്ദ്രഗവൺമെന്റിന്റെ മുൻപിലും പ്ലാനിംഗ് കമ്മീഷന്റെ മുൻപിലും ധനകാര്യ കമ്മീഷന്റെ മുൻപിലും പോയാൽ കേരളത്തിന്റെ വിഹിതമായി ഈ തുക കണക്കാക്കുമെന്നുള്ളതാണ് കേന്ദ്രഗവൺമെന്റ് എടുത്തിട്ടുള്ള സമീപനം. അങ്ങനെയാണ് ഇവിടെ ഞങ്ങൾ റിസോഴ്സസ് ഉണ്ടാക്കുന്നത്. കഴിഞ്ഞ ദിവസം ആരോ ഇവിടെ സൂചിപ്പിച്ചതുപോലെ സെയിൽസ് ടാക്സ്, അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ഇനത്തിൽ കഴിഞ്ഞ 7 മാസക്കാലം ഈ സംസ്ഥാനത്ത് പിരിച്ചതിനേക്കാൾ 40 കോടി രൂപയുടെ അധികപ്പിരിവ് നികുതിയുടെ റേറ് കൂടാതെ—ഈ സംസ്ഥാനത്ത് പിരിച്ചു കഴിഞ്ഞിരിക്കുന്നു. കരുണാകരൻ ഗവൺമെന്റാണ് കഴിഞ്ഞ നാലര വർഷ ക്കാലമായി ഈ രാജ്യം ഭരിക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകേണ്ട കാര്യമില്ല. ഈ ഗവൺമെന്റ് വന്ന സാഹചര്യം ശ്രീ. ബേബി ജോണിന് അറിയാമല്ലോ. ഇന്ന് ബേബി ജോണിനും കെ.പി. പ്രഭാകരനും കോൺഗ്രസിനോട് വലിയ വിരോധമാണ്. ഞങ്ങളോടൊപ്പും ആറരവർഷക്കാലം ഇരുന്നവരാണ്. ഇന്ദിരാഗാന്ധിയെ പാടിപുകഴ്ത്തി നടന്നിരുന്ന സി.പി.ഐ. ക്കും മാർക്സിസ്റ്റ് പാർട്ടിക്കും ആർ.എസ്.പി. ക്കും ഇപ്പോൾ ആണ് വലിയ കോൺഗ്രസ് വിരോധം ഉണ്ടായിരിക്കുന്നത്. ആറര വർഷക്കാലം മാർക്സിസ്റ്റ് പാർട്ടിയുടെ തെറ്റായ രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

സമീപനത്തെ എതിർത്ത ആളുകളാണ് കെ.പി. പ്രഭാകരനും ബേബി ജോണും. ഇവിടെയിരിക്കുന്ന ശ്രീ. കരുണാകരൻ ആഭ്യന്തര വകുപ്പുമന്ത്രിയെന്ന നിലയിലും ഒരുമിച്ച് ഭരിച്ച ആളുകൾക്ക് ഇപ്പോൾ വലിയ കോൺഗ്രസ് വിരോധം വന്നിരിക്കുന്നു.

1982-ലെ ഭരണം വന്നപ്പോൾ ശ്രീ. പി. എസ്. ശ്രീനിവാസൻ ഒരു പ്രഖ്യാപനം നടത്തി. ഇരു കമ്മ്യൂണിസ്റ്റ് പാർട്ടി ഇല്ലാതെ കേരളത്തിൽ 30 ദിവസം ഒരു ഗവൺമെന്റും നിൽക്കുകയില്ല എന്ന് ; അദ്ദേഹം പറഞ്ഞു. സി.പി.ഐ.യും സി.പി.എം. ഉം ഇല്ലാത്ത ഭരണം കേരളത്തിൽ ഉണ്ടാകുകയാണെങ്കിൽ അത് 30 ദിവസത്തേക്ക് നിൽക്കുകയില്ല എന്ന് പറഞ്ഞു. ശ്രീനിവാസൻ എവിടെ പോയി? മാർക്സിസ്റ്റ് പാർട്ടിയും കമ്മ്യൂണിസ്റ്റു പാർട്ടിയും ഇല്ലാതെയാണ് കേരളത്തിൽ ഐക്യമുന്നണി ഭരിക്കുന്നത്. 1957-ലും 1967-ലും 1980-ലും കേരളത്തിനുണ്ടായ ശാപമാണ്. 133-ൽ 117 ആളുകളുടെ ഭൂരിപക്ഷം കൊടുത്തിട്ടും അഞ്ചു വർഷം ഭരിക്കാത്തവരാണ് മാർക്സിസ്റ്റ് പാർട്ടിക്കാർ. ആ മാർക്സിസ്റ്റ് പാർട്ടി പിന്തുണ നൽകിയിരുന്നുവെങ്കിൽ ഞങ്ങൾക്ക് ജനങ്ങളുടെയിടയിൽ ഇറങ്ങിനടക്കാൻ കഴിയുമായിരുന്നില്ല. ഇവിടെ രാഷ്ട്രീയ അസ്ഥിരത കേരളത്തിന് ഒരു ശാപമാണ്.

സർ, മന്ത്രിസഭയുടെ ശരാശരി ആയുസ്സെടുത്താൽ ഒന്നു ഒന്നരവർഷത്തിൽ കൂടുതൽ ഇല്ലായിരുന്നു. അവിടെ രാഷ്ട്രീയ അസ്ഥിരതയ്ക്ക് വിരാമം ഇട്ടത് കോൺഗ്രസ് ആണ്. ശ്രീ. ആർ. ശങ്കറിന്റെ നേതൃത്വത്തിൽ നാലരവർഷക്കാലം ഈ സംസ്ഥാനത്ത് ഒരു ജനകീയ മന്ത്രിസഭയുണ്ടായി. അതു കഴിഞ്ഞതിനുശേഷം ഞങ്ങൾ ചെറിയ കക്ഷികളാണ് എന്നുള്ള നിലയിൽ ശ്രീ. അച്യുതമേനോന്റെ വലിയ കക്ഷിയിൽ ഞങ്ങൾ അംഗങ്ങളായിരുന്നു. അങ്ങനെ ആറരവർഷക്കാലം ശ്രീ. അച്യുതമേനോന്റെ നേതൃത്വത്തിലുള്ള ഐക്യമുന്നണി ഈ സംസ്ഥാനം ഭരിച്ചു. അങ്ങനെ മൊത്തം പത്തുവർഷക്കാലം ഐക്യമുന്നണി കേരളം ഭരിച്ചു. പിന്നീട് കേരളത്തിന്റെ രാഷ്ട്രീയ അസ്ഥിരതയ്ക്ക് പരിഹാരമുണ്ടാക്കിയത് ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യമുന്നണിയാണ്. ശ്രീ. ബേബി ജോൺ ഇവിടെ പറഞ്ഞു. ഞങ്ങൾ കുരുക്ഷേത്രത്തിൽ വച്ച് കണ്ടുകൊള്ളാമെന്ന്. അതുപോലെ നായനാരെ കൊണ്ട് ബേബി ജോണിനു ഒന്ന് പറയിപ്പിക്കാമോ ? ഞങ്ങൾ അഞ്ചുവർഷക്കാലത്തേക്ക് അധികാരത്തിൽ വരുമെന്ന് ശ്രീ. നായനാരെക്കൊണ്ട് പരസ്യമായിട്ട് ഒരു സ്റ്റേറ്റുമെന്റ് ഇറക്കിക്കാമോ ? ദേശാഭിമാനിയിലൂടെ ശ്രീ. ശങ്കരൻ നമ്പൂതിരിപ്പാട് പറയുന്നു ഞങ്ങൾ അടുത്ത അഞ്ചു വർഷക്കാലവും അധികാരത്തിൽ വരാൻ ആഗ്രഹിക്കുന്നില്ല എന്ന്. സാമുദായിക ശക്തികളെയെല്ലാം വിട്ടുപിരിഞ്ഞിട്ട് മുന്നോട്ടുപോകണമെന്നാണ് അദ്ദേഹം പറയുന്നത്.

സർ, മേയ്മാസം 19-ാം തീയതിവരെയാണെന്നു തോന്നുന്നു. ഈ ഗവൺമെന്റിന്റെ കാലാവധി. എന്ന് തെരഞ്ഞെടുപ്പു നടത്താനും ഞങ്ങൾ തയ്യാറാണ്. എപ്പോൾ വേണമെങ്കിലും. കുരുക്ഷേത്രത്തിലിറങ്ങി പ്രതിപക്ഷത്തെ നേരിടാൻ തയ്യാറാണെന്ന് അസന്ദിഗ്ദ്ധമായി പറയാൻ കഴിഞ്ഞ മറ്റൊരു മുഖ്യമന്ത്രി കേരളത്തിലുണ്ടായിട്ടുണ്ടോ ? അങ്ങനെയൊരു ഗവൺമെന്റുണ്ടോ ഈ രാജ്യത്ത്. വളരെ അസന്ദിഗ്ദ്ധമായ ഭാഷയിൽ ഐക്യജനാധിപത്യമുന്നണി പറയുന്നു എപ്പോൾ വേണമെങ്കിലും പ്രതിപക്ഷത്തെ കുരുക്ഷേത്രത്തിൽ വച്ച് നേരിടുന്നതിന് തയ്യാറാണെന്ന്. ഈ ഗവൺമെന്റ് നിലവിൽ വന്നതുതന്നെ എങ്ങനെയാണ് ? എതിർപ്പുകളുടെ ശരശയ്യയിൽ കിടന്നുകൊണ്ടാണ്. എത്രയെല്ലാം നിങ്ങൾ ശ്രമിച്ചിട്ടും ഒരു അമ്പെങ്കിലും ഈ ഐക്യജനാധിപത്യമുന്നണിക്ക് എൽപ്പിക്കാൻ കഴിഞ്ഞോ ? ഒരു പോറലെങ്കിലും എൽപ്പിക്കാൻ കഴിഞ്ഞോ ?

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ 1982-ൽ ഈ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് വന്ന കാര്യം നിങ്ങൾക്കറിയാം.

സർ, ഇൻഡ്യൻ നാഷണൽ കോൺഗ്രസ് എല്ലാ മതങ്ങളെയും അംഗീകരിക്കുന്ന ഒരു രാഷ്ട്രീയ കക്ഷിയാണ്. ഞങ്ങൾ എല്ലാ വർഗ്ഗങ്ങളെയും അംഗീകരിക്കുന്നു. കർഷകരെ അംഗീകരിക്കുന്നു. കർഷകത്തൊഴിലാളികളെ അംഗീകരിക്കുന്നു. ഇൻഡ്യയിലെ എല്ലാ മതങ്ങളെയും അംഗീകരിച്ചതുകൊണ്ടാണ് രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ വെടിവച്ചുകൊന്നത്. ദേശീയ ഐക്യത്തിനുവേണ്ടി ധീരമായി പോരാടിയതുകൊണ്ടാണ് ശ്രീമതി ഇന്ദിരാഗാന്ധിയെ വെടിവച്ചുകൊന്നത്. ഇൻഡ്യയുടെ രാഷ്ട്രീയ ഐക്യം കാത്തുസൂക്ഷിക്കുന്നതിന് മറ്റൊരു രാഷ്ട്രീയ കക്ഷിക്കും കഴിയുകയില്ല. ഇക്കാര്യത്തിൽ ഇൻഡ്യയിൽ മറ്റെയാർക്കും അഭിമാനിക്കാൻ അവകാശമില്ല. ദേശീയ ഐക്യം നിലനിറുത്താൻവേണ്ടി പ്രവർത്തിക്കുന്നത് ഇൻഡ്യൻ നാഷണൽ കോൺഗ്രസാണ്, വിമർശനം നടത്തുന്ന അവസരത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷങ്ങളോട് ഒരു കാര്യം പറയാനുണ്ട്. ഇന്ദിരാഗാന്ധിയുടെ ചരമദിനമായ ഒക്ടോബർ 31-ാം തീയതി ഐക്യദാർഢ്യദിനമായി ആചരിച്ച് പ്രതിജ്ഞ ആലപിച്ചതിനെ ശ്രീ ഇ കെ. നായനാർ വളരെ പുച്ഛമായി സംസാരിച്ചു. ഐക്യജനാധിപത്യമുന്നണിയുടെ മുഴുവൻ ആളുകളും ദേശീയ ഐക്യം നിലനിർത്തുന്നതിന് ഈ രാജ്യത്ത് ജനാധിപത്യം നിലനിർത്തുന്നതിനുവേണ്ടി പ്രവർത്തിക്കും. അങ്ങനെ പ്രവർത്തിക്കുന്ന ഒരു കക്ഷി എന്നുള്ള നിലയിൽ എപ്പോഴും വേണമെങ്കിലും കുരുക്ഷേത്രത്തിലേക്ക് പോകാൻ ഈ മുന്നണിക്ക് കഴിയും.

ബഹളം

കാലാവധി തീരുന്നതിനുമുമ്പ് എന്നു പോകുന്നതിനും സഭയിൽ ഭൂരിപക്ഷമുള്ള ഒരു ഗവൺമെൻറിന് അവകാശവും അധികാരവുമുള്ളതാണ്. എന്നാലും മേയ് മാസം 19-ാം തീയതി അവസാനിക്കുന്നതിനുമുമ്പ് ഈ ഗവൺമെൻറ് എന്നു ജനങ്ങളുടെ കുരുക്ഷേത്രത്തിലേക്ക് പോകണമെന്നു തീരുമാനിച്ചാലും അപ്പുറത്തിരിക്കുന്നവരിൽ 50 ശതമാനം ആളുകളും ഈ സഭയിൽ വരാൻ പോകുന്നില്ല എന്നു ഞാൻ അറിയിക്കുകയാണ്.

ബഹളം

സർ, 1982-ൽ ഈ ഐക്യജനാധിപത്യമുന്നണി ഇൻഡ്യൻ നാഷണൽ കോൺഗ്രസിൻെറ നേതൃത്വത്തിൽ അധികാരത്തിൽ വന്നപ്പോൾ കോൺഗ്രസ് രണ്ടു കക്ഷികൾ എന്ന നിലയിലാണ് മത്സരിച്ചത്. ആ രണ്ടു കോൺഗ്രസുകളും യോജിച്ചു. അന്ന് മത്സരിച്ചപ്പോൾ ശ്രീ. മാണിയുടെയും ജോസഫിൻെറയും നേതൃത്വത്തിൽ രണ്ട് കേരള കോൺഗ്രസുകൾ ഉണ്ടായിരുന്നു. രണ്ടു കേരള കോൺഗ്രസും ഈ കഴിഞ്ഞ നാലരവർഷത്തിനകം യോജിച്ചു. അന്ന് മാർക്സിസ്റ്റ് പാർട്ടിയുടെ കൂടെനിന്ന അഖിലേൻഡ്യാ മുസ്ലീംലീഗ് അവരുടെ രാഷ്ട്രീയ സമീപനം തെറ്റ് എന്നു പറഞ്ഞുകൊണ്ട് വ്യത്യസ്തമായിനിന്ന രണ്ടു മുസ്ലീംലീഗും യോജിച്ചു. കേരളത്തിൻെറ ചരിത്രത്തിൽ ആദ്യമാണ് ഇതുപോലൊരു ഐക്യജനാധിപത്യമുന്നണി വ്യത്യസ്തമായ കക്ഷികൾ യോജിച്ച് മുന്നണി ഉറപ്പിച്ചുകൊണ്ടുവന്നത് കേരളത്തിന് ഒരു മാതൃകാപരമായ സമീപനമാണ് ഐക്യജനാധിപത്യ മുന്നണി സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. ബേബി ജോൺ : സർ, ഇത്രയുംപേർ യോജിച്ചു എന്നു പറഞ്ഞല്ലോ. നമ്മുടെ എസ്. ആർ. പി. യും എൻ. ഡി. പി. യു. എത്രയായി.

ശ്രീ. തച്ചടി പ്രഭാകരൻ : സർ, അവർ ഇടയ്ക്ക് പിണങ്ങുകയും യോജിക്കുകയുമൊക്കെ ചെയ്യും. ഞാൻ അതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. ശ്രീ. കെ. കരുണാകരൻെറ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യമുന്നണി

LIBRARY ARCHIVES Kerala Legislative Assembly

അടുത്തു വരുന്ന കുരുക്ഷേത്രത്തിൽ ഞങ്ങളുടെ ശക്തി തെളിയിക്കാൻ പോകുകയാണ്. മാർകിസിസ്റ്റ് പാർട്ടി പാറപോലെ ഉറച്ച ഒരു പാർട്ടിയാണെന്നാണല്ലോ പറയുന്നത്. ഇന്ന് എന്താണ് അവരുടെ സ്ഥിതി? ശ്രീ. എം. വി. രാഘവൻ ഈ ഗവൺമെൻറിനെതിരായിട്ട് ശരവർഷം നടത്തിയ ആളല്ലേ? ശ്രീമതി ഗൗരിയമ്മയ്ക്ക് ഇത് നിഷേധിക്കാൻ കഴിയുമോ? ശ്രീ. എം. വി. രാഘവൻ, ശ്രീ സി. കെ. ചക്രപാണി, ശ്രീ. വാസുദേവമേനോൻ ശ്രീ. സി. പി. മൂസാൻകുട്ടി എന്നിവർ നിങ്ങളുടെ പാർട്ടിയിൽ നിന്നും പോയില്ലേ?

ക്രമപ്രശ്നം:

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഇവിടെ ധനകാര്യമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച സപ്ലിമെൻററി ഡിമാൻറിനെ മറുപടി പറയുകയാണ്. ഗവൺമെൻറിൻറെ നയപരമായ കാര്യങ്ങളും പറയാൻ മുഖ്യമന്ത്രി ഇരിപ്പുണ്ട്. മുഖ്യമന്ത്രി ഇരിക്കുമ്പോഴും അദ്ദേഹത്തെ കടത്തിവെട്ടിയാണോ മുഖ്യമന്ത്രി പറയേണ്ട കാര്യങ്ങളും പറയുന്നത് ഓർഡറിലാണോ?

ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് പറയുന്നതിൽ ക്രമപ്രശ്നമൊന്നുമില്ല. ഗവൺമെൻറിൻറെ നയപരമായ കാര്യങ്ങളും മന്ത്രിമാർക്കും പറയാവുന്നതാണ്.

ശ്രീ. തച്ചടി പ്രഭാകരൻ: ശ്രീ. എ. വി. താമരാക്ഷൻ പറയുന്നത് ശരിയാണെങ്കിൽ പ്രതിപക്ഷനേതാവിനു മാത്രമേ പ്രതിപക്ഷത്തെ നയപരമായ കാര്യങ്ങളും പറയാൻ അവകാശമുള്ളൂ. വാക്കൗട്ട് നടത്തുമ്പോൾ പ്രതിപക്ഷനേതാവിനെ അംഗീകരിച്ചുകൊണ്ട് എല്ലാവർക്കും വാക്കൗട്ട് നടത്തിയാൽ പോരേ? എന്തിനു മറ്റു സഭാനേതാക്കളെ പ്രത്യേകം പ്രത്യേകം സംസാരിച്ചുകൊണ്ട് വാക്കൗട്ട് നടത്തുന്നു? പ്രതിപക്ഷനേതാവിൻറെ നയം അംഗീകരിക്കുന്നവരല്ല. ശ്രീ. കെ. പി. പ്രഭാകരനും ബേബി ജോണും എന്നുള്ള വിവരം എനിക്കറിയാം. സർ, ഞാൻ ദീർഘിപ്പിക്കുന്നില്ല. നമ്മൾ 1982-ൽ വന്നപ്പോൾ ശ്രീ. എം. വി. രാഘവനും, ചക്രപാണിയും സി. പി. മൂസാൻകുട്ടിയുമെല്ലാം അപ്പുറത്തിരുന്നവരാണ്. ഇടതുപക്ഷമുന്നണിയിൽ ഉണ്ടായിരുന്ന ആളുകളാണ്. ശ്രീ. എം. വി. രാഘവൻ ഈ കരുണാകരൻ ഗവൺമെൻറിനു എതിരായിട്ട് എന്തുമാത്രം ശരമാണ് തൊടുത്തു വിട്ടിരുന്നത്. എന്നിട്ട് ഇന്നത്തെ സ്ഥിതി എന്താണ്? ഇന്ന് ശ്രീ. നമ്പൂതിരിപ്പാടിനും ശ്രീ. നായനാർക്കുമെതിരായിട്ട് പോകത്തക്ക രീതിയിൽ ആണ് പ്രതിപക്ഷമുന്നണി തകർന്നു തകർന്നുതരിപ്പണമായിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഐക്യജനാധിപത്യമുന്നണി വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി വീണ്ടും അധികാരത്തിൽ വരുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

ഈ ഉപധനാഭ്യർത്ഥനകളും പാസാക്കിത്തരണമെന്ന് ഞാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, പൊതുവായ ഒരു ചർച്ചക്ക് വളരെയൊന്നും സ്കോപ്പില്ലാത്ത ഒന്നാണ് സപ്ലിമെൻററി ഡിമാൻറ്. എങ്കിൽപോലും ഈ കീഴ്വഴക്കങ്ങളൊക്കെ മാറിക്കൊണ്ടാണ് ഇന്ന് ചർച്ച നടന്നിട്ടുള്ളത്. അത് ഈ കണക്കിൽ വളരെ സ്വാഗതാർഹമാണ്. പ്രതിപക്ഷത്തിൻറെ സമീപനത്തിൽ എനിക്ക് അശേഷം പരിഭവമില്ല, പ്രയാസമില്ല. ഇതല്ലാതെ അവർ മറെറന്തു ചെയ്യും? എവിടെയെല്ലാം ചെന്നുമുട്ടുന്നുവോ അവിടെയെല്ലാം പരാജയം. ചെന്നുപെടുന്നതിലെല്ലാം അന്ധേ പരാജയം. ഈ ഗവൺമെൻറിനെ ഏതെങ്കിലും വിധത്തിൽ പ്രതിക്കൂട്ടിൽ കയറാൻ സാധിക്കുമോയെന്നുനോക്കി ഗവൺമെൻറിനെ പ്രതിക്കൂട്ടിൽ നിർത്തി കുറെവിചാരണചെയ്യാനുള്ള നിരവധി

LIBRARY ARCHIVES Kerala Legislative Assembly

സംഗതികളും ഈ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. ആദ്യം മന്ത്രിസഭയുടെ കാലാവധിയുടെ കാര്യം പറഞ്ഞു. ഞാൻ അതിലൊക്കൊന്നും കടക്കുന്നില്ല. ഇപ്പോഴുള്ള പരിശ്രമം അഞ്ചുവർഷവും പൂർത്തിയാക്കാൻ പോവുകയാണല്ലോ എന്നാണ്. അഞ്ചുവർഷവും പൂർത്തിയാക്കിക്കൊണ്ട് ജനങ്ങളെ നേരിടാൻ ഈ ഗവൺമെന്റിന് പരിപൂർണ്ണ വിശ്വാസമുണ്ട്. നേട്ടങ്ങളിൽ അഭിമാനംകൊണ്ടുകൊണ്ട് നാളെക്കുവേണ്ടിയുള്ള പരിപാടികളും ആവിഷ്ക്കരിച്ച് ജനങ്ങളുടെ പിന്തുണ നേടാൻ കഴിവുള്ള ഒരു മുന്നണിയാണ് ഇതെന്നുള്ള കാര്യത്തിൽ പ്രതിപക്ഷംപോലും സഹകാര്യസംഭാഷണത്തിൽ ചോദ്യംചെയ്യുമെന്ന് ഞാൻ കരുതുന്നില്ല.

സർ, ഒരു കാര്യം എനിക്ക് പറയാനുള്ളത്, ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ തെരഞ്ഞെടുപ്പിന് പോകുന്നതിനുമുമ്പ്, തെരഞ്ഞെടുപ്പിന്റെ ഫലമെന്തായിരിക്കുമെന്ന് എല്ലാവരും വിധിയെഴുതിയ ഒരു കാലഘട്ടം ഇതിനു മുമ്പ് ഉണ്ടായിട്ടില്ല എന്നുള്ളതാണ് സത്യം. ഈ മുന്നണി ഇനിയും അധികാരത്തിൽ വരുമെന്നുള്ള കാര്യത്തിൽ ജനങ്ങൾക്ക് വിശ്വാസമുണ്ട്, പ്രതിപക്ഷത്തിന് അതു തുറന്നു സമ്മതിക്കുവാൻ നിവർത്തിയില്ലാത്തതുകൊണ്ട് ചില്ലറ വെല്ലുവിളിയും പ്രഖ്യാപനങ്ങളുമൊക്കെ നടത്തുന്നുവെന്നേയുള്ളൂ. അല്ലെങ്കിൽ അങ്ങ് ഒരു കാര്യം ആലോചിച്ച് നോക്കണം. എന്റെ സ്നേഹിതനായ ശ്രീ. ബേബി ജോണിന്റെ വെല്ലുവിളികേട്ടപ്പോൾ ഞാൻ അറിയാതെ ചിരിച്ചുപോയി. കരുത്തനായ ഒരാളെനോക്കി കൊണ്ട് പോളിയോപിടിപ്പെട്ട് കയ്യ് തളർന്ന് എണീറ്റുപോലും നിൽക്കുവാൻപോലും വയ്യാതെ ഊന്നുവടിയിൽ നിൽക്കുന്നവൻ, 'വാടാ നിന്നെ കാണിച്ചുതരാം' എന്നു വെല്ലുവിളിക്കുന്നതുപോലെയല്ലേ ഈ ആർ. എസ്. പി. ക്കാരന്റെ വെല്ലുവിളി. സ്വന്തമായിട്ട് വല്ലതുമുണ്ടോ ബേബി ജോണിന്റെ കയ്യിൽ ? നായനാർക്കുപോലും ഒരവസരത്തിൽ അതിനുള്ള സാദ്ധ്യത തോന്നിയിരുന്നു. ഇനി ഇപ്പോൾ ശ്രീ. നായനാരുടെ വെല്ലുവിളി കേൾക്കുമ്പോൾ ശ്രീ. പി. വി. കുഞ്ഞിക്കണ്ണനും ശ്രീ. സി. പി. മുസ്സാൻകുട്ടിയുമൊക്കെ ഉള്ളൂറി ചിരിക്കുകയായിരുന്നു. ഇതിൽനിന്നും ഒരു കാര്യം വളരെ വ്യക്തമാണ്. ഈ മുന്നണി ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ച മുന്നണി.....

ശ്രീ. ബേബി ജോൺ : കോൺഗ്രസ് ഒറ്റയ്ക്കുനിന്നു മത്സരിച്ചപ്പോൾ ഞങ്ങളുടെകൂടെ അഞ്ചുപേരെ ഉണ്ടായിരുന്നുള്ളൂ.

ശ്രീ. കെ. കരുണാകരൻ : അതല്ലേ ഞങ്ങളുടെ കഴിവ്. അങ്ങനെ അഞ്ചുപേരിൽ നിന്ന് വളർന്ന് വളർന്ന് ഈ സംസ്ഥാനത്തിന്റെ നേതൃത്വം പിടിച്ച് എടുക്കാൻ കഴിഞ്ഞു. നിങ്ങൾക്ക് 117 സീറ്റുകളും ഉണ്ടായിട്ടും അഞ്ചുകൊല്ലം ഭരിക്കാൻ സാധിക്കാത്ത ആളുകളാണ്. നിങ്ങൾ ഞങ്ങളുടെ മുഖത്തുനോക്കി കൊഞ്ഞനം കാണിച്ചിട്ടു എന്താണ് പ്രയോജനം ? അപ്പോൾ എന്റെ സ്നേഹിതൻ ബേബി ജോൺ ഉൾപ്പെടെ അപ്പുറത്തായിരുന്നു. അതിലേക്കൊന്നും ഞാൻ കടക്കാതിരിക്കുകയാണ് നല്ലത്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾ അധികാരത്തിൽ വന്നതിനേക്കാൾ ബലപ്പെട്ടിട്ടാണ് വീണ്ടും ജനങ്ങളെ പ്രതിനിധീകരിക്കാൻ പോകുന്നത്. നിങ്ങളുടെ കൂടെ ആരെല്ലാമിരുന്നിട്ടുണ്ടോ, ആത്മാഭിമാനവും തൻപോരിമയുമുള്ള അവർ ഇരുപത്തിനാലു മണിക്കൂർപോലും നിങ്ങളുടെ കൂടെ പൊറുക്കില്ലെന്നുള്ളത് ഇപ്പുറത്തുനോക്കിയാൽ കാണാൻ കഴിയും. അതൊരു സത്യമാണ്. അതുകൊണ്ട് ഈ ഗവൺമെന്റിനെ അടിച്ചിരുത്തിക്കളയാം, അല്ലെങ്കിൽ, ഏതെങ്കിലും വിധത്തിൽ പരാജയപ്പെടുത്തിക്കളയാമെന്നു വിചാരിക്കേണ്ട. ഒരു കാര്യം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. നായനാർപോലും എല്ലാ യോഗങ്ങളിലും അസംബ്ലിയിലും ഉന്നയിച്ചിട്ടുള്ളതല്ലാതെ പുതുതായി ഉന്നയിച്ച ഒരേയൊരു [illegible]

LIBRARY ARCHIVES Kerala Legislative Assembly

കൊയിലാണ്ടിയുടെ • കാര്യമാണ്. വേറൊന്നും അദ്ദേഹത്തിന് ഉന്നയിക്കാനില്ല.....(ബഹളം) ..... .പ്രതിപക്ഷം എത്രകണ്ട് പാപ്പരായിരിക്കുന്നുവെന്നുള്ളതിന് ഇതിൽപ്പരം പ്രത്യക്ഷമായ ഒരു ഉദാഹരണത്തിന്റെ ആവശ്യമില്ല.

ഇവിടെ ശ്രീ. ബേബിജോൺ ഉന്നയിച്ച പ്രധാനകാര്യം ഇവിടത്തെ സത്യാഗ്രഹപന്തലിനെക്കുറിച്ചാണ്. ഗവൺമെന്റ് ചെയ്ത ഒരു വലിയ അപരാധമായിട്ടാണ് സത്യാഗ്രഹപന്തൽ പൊളിച്ചുകളഞ്ഞതിനെക്കുറിച്ച് പറഞ്ഞത്. ശ്രീ.ബേബിജോണിന്റെ നേതാവായ ശ്രീ. ജ്യോതിബാസു ഭരിക്കുന്ന ബംഗാളിൽ സെക്രട്ടേറിയറ്റിന്റെ പരിസരത്ത് ഒരു സത്യാഗ്രഹംപോലും നടത്താൻപാടില്ല. അവിടെയൊക്കെ നിരോധനമാണ്. സത്യാഗ്രഹംപോലും അനുവദിക്കില്ല, പിന്നെയല്ലേ സത്യാഗ്രഹപന്തൽ കെട്ടാൻ സമ്മതിക്കുന്നത്. ഇവിടെ ഒരു സത്യാഗ്രഹപുരയാക്കിമാറ്റാനുള്ളതല്ല.ഇക്കാര്യത്തിൽ ഗവൺമെന്റ് ജനങ്ങളുടെ സൗകര്യം കണക്കാക്കിയാണ് നടപടി സ്വീകരിച്ചത്. എങ്കിൽപോലും സ്ത്രീകളായതുകൊണ്ട് പന്തൽ കെട്ടുവാനുള്ള അനുവാദം കൊടുത്തു. എത്രയോ വലിയ കാര്യങ്ങളും ഉന്നയിക്കാനുള്ള ഒരു സംസ്ഥാനത്ത് ഉന്നയിക്കാൻ കണ്ട കാര്യമിതാണ്. അവർക്ക് ഫലപ്രദമായ ഒരു കാര്യം പോലും ഉന്നയിക്കാൻ സാധിച്ചില്ലെന്നുള്ളതാണ്.

കഴിഞ്ഞ കുറെ ആഴ്ചകളായി കാണുന്നപ്രവണതയെന്തെന്നുവച്ചാൽ വ്യാവസായികരംഗത്തും തൊഴിലാളിരംഗത്തും വികസനരംഗത്തും സാമ്പത്തികരംഗത്തുമെല്ലാം അവയുടെ വായ അടച്ചുമൂടിക്കെട്ടി ആ വിധത്തിൽ നടപടി സ്വീകരിച്ച് അടച്ചുമൂടിക്കെട്ടിയിരിക്കുന്നു. ഇനിയെന്താണ് മാർഗ്ഗം ? ഇനിയൊരു മാർഗമായി കണ്ടുപിടിച്ചത്, അവരുടെ പൂർവ്വികനേതാവായിട്ടുള്ള ഗീബൻസിനെ സമീപിച്ചുകളയാമെന്നാണ്. ഇല്ലാത്ത സംഗതികൾ പലവുരു ആവർത്തിച്ചാൽ വിശ്വസിക്കും. .....(ബഹളം)..... അതിനുവേണ്ടി പറയുന്ന കാര്യങ്ങളെ വളച്ചൊടിക്കുകയാണ്. ഈ നാട്ടിലെ ജനങ്ങൾക്ക് ബുദ്ധിയുണ്ടെന്നുള്ള കാര്യം അവർ മറന്നുപോയി.

അടുത്തതായി പറഞ്ഞത്, പോലീസിന്റെ എക്സസിനെക്കുറിച്ചാണ്. പോലീസിനെക്കുറിച്ച് പറയുമ്പോൾ, പോലീസ് ഒന്നും ചെയ്യാതിരുന്നാൽ പോലീസ് നിർജ്ജീവമാണ്, നിയമസമാധാനമില്ലെന്ന് പറയും. പോലീസ് എന്തെങ്കിലും ചെയ്താൽ പോലീസ് എക്സസാണെന്ന് പറയും. ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത് രണ്ടും അനുവദിക്കില്ലെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നിലപാട്. നിർവീര്യമായ .....(ബഹളം).....

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. ബേബിജോൺ നിങ്ങളും ഇത്രയും പാപ്പരായിപ്പോയല്ലോ ? ആണത്തമുള്ള ഒരു പ്രതിപക്ഷമായിരുന്നെങ്കിൽ തങ്കമണിയിൽചെന്ന് ഒരു സ്ത്രീയെ എങ്കിലും മെഡിക്കൽ ചെക്കപ്പിന് അയച്ച് സർട്ടിഫിക്കറുപോലും ഇല്ലാതെ നിങ്ങൾ എന്തിനാണ് പറയുന്നത് ?

..... (ബഹളം) .....

മി. സ്പീക്കർ : ഇന്നത്തെ ചർച്ചയിൽ എല്ലാ കക്ഷിനേതാക്കൻമാർക്കും ആവശ്യാനുസരണം സംസാരിക്കാനുള്ള സമയം കൊടുക്കുകയും സംസാരിക്കുകയും ചെയ്തിട്ടുണ്ട്. അതിനുള്ള മറുപടി ഗവൺമെന്റിനു പറയാൻ ഉണ്ട്. ഇങ്ങനെ ഓരോ വാചകം പറയുമ്പോഴും എണീറ്റുനിന്ന് ഇടപെടുന്നത് പാർലമെന്ററി പ്രവർത്തനമാണോ ? അതുകൊണ്ട് ദയവായി സഭാനടപടികൾ ശാന്തമായി മുന്നോട്ടുകൊണ്ടുപോകണം. തുടർച്ചയായി തടസ്സപ്പെടുത്തരുത്. .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ : അങ്ങ് ചോദിച്ചല്ലോ, പ്രതിപക്ഷനേതാക്കൻമാർ ഇവരെ ആശുപത്രിയിൽ കൊണ്ടുപോയില്ലേ എന്ന്. അതിന്റെ തലേന്ന് രാത്രിയിൽ ഉള്ള മണ്ണെണ്ണ വിളക്ക് അണച്ചതുകൊണ്ട് ലൈറ്റില്ലാതെ ഈ വിക്രിയകളെല്ലാം കാണിച്ചിട്ട് മൂന്നാം ദിവസം ആശുപത്രിയിൽ കൊണ്ടുപോയാൽ വല്ല ഗുണവുമുണ്ടോ ? നിങ്ങളല്ലേ എന്നാൽ നേരത്തെ ആശുപത്രിയിൽ കൊണ്ടുപോകേണ്ടിയിരുന്നത് ? ഇതിനുവേണ്ടി നിങ്ങളയച്ച ഉമ്മൻചാണ്ടിയും കുറ്റ്യാനിയുമായിരുന്നില്ലേ അവരെ ആശുപത്രിയിൽ കൊണ്ടുപോകേണ്ടിയിരുന്നത് ?

ശ്രീ. കെ. കരുണാകരൻ : പോലീസുകാരിൽ ആരെങ്കിലും ഒരാൾ ഇവരെ ബലാൽസംഗം ചെയ്തതായി തങ്കമണിഗ്രാമത്തിലെ സ്ത്രീകളാരും പരാതി പറഞ്ഞിട്ടില്ല. എന്നു മാത്രമല്ല, ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയോടും പറഞ്ഞിട്ടില്ല. ശ്രീ. ജോസഫിനോടും പറഞ്ഞിട്ടില്ല. അങ്ങനെ പറഞ്ഞിരുന്നുവെങ്കിൽ ആ സമയത്തുതന്നെ ഞങ്ങൾ മെഡിക്കൽചെക്കപ്പിന് അയക്കുമായിരുന്നു. .... (ബഹളം) ..... അങ്ങനെ ആരും പരാതി പറയാത്ത സാഹചര്യത്തിൽ സ്ത്രീകളെ വിളിച്ച് മെഡിക്കൽ ചെക്കപ്പിന് അയയ്ക്കുവാൻ ഗവൺമെൻറിന് സാദ്ധ്യമായിരുന്നില്ല..... (ബഹളം)..... ഐ. ജി. യുടെ റിപ്പോർട്ടിനെക്കുറിച്ച് പരാമർശിച്ചപ്പോൾ അന്നുതന്നെ ഞാനൊരുകാര്യം വ്യക്തമായി പറഞ്ഞു.....(ബഹളം).....

ശ്രീ. കെ. പി. പദ്മകരൻ : അങ്ങ് ഒരു ദൈവ വിശ്വാസിയാണല്ലോ ? കുമ്പസാരത്തിൽ കൃസ്ത്യാനികൾ എല്ലാ സത്യവും തുറന്ന പറയുന്നതാണ്. തങ്കമണിയിലെ പള്ളിയിൽ വികാരിയോട് നാലു കൃസ്ത്യാനി സ്ത്രീകൾ അവരെ ബലാൽസംഗം ചെയ്തതായിട്ട് പറഞ്ഞത് പത്രങ്ങളിലൊക്കെ വന്നതാണ്. അതിനെക്കുറിച്ച അന്വേഷിക്കാമോ ?

ശ്രീ. കെ. കരുണാകരൻ : ഇതുവരെ ഒരു പുരോഹിതനും കുമ്പസാര രഹസ്യം വെളിപ്പെടുത്തിയിട്ടില്ല. അത് വെളിപ്പെടുത്തുവാൻ പാടില്ലെന്നിരിക്കെ കുമ്പസാര രഹസ്യം പറഞ്ഞു എന്നു പറയുന്നത് ഓർഡറിലാണോ സർ ? .....(ബഹളം)..... പ്രതിപക്ഷത്തിന്റെ അവതരണരീതിയിലെ ഒരു പ്രത്യേകതയാണിത്, കാരണം കൃസ്തീയ വിശ്വാസമനുസരിച്ച് പുരോഹിതന്റെ മുമ്പിൽ എല്ലാം തുറന്നു പറഞ്ഞാൽ ആ തെറ്റിന് പശ്ചാത്തപിച്ച് മാപ്പ് കൊടുക്കാനാണ് കുമ്പസാരം. ആ നടപടിയിൽ ഈ സംഗതി ആരു ചോദിച്ചാലും എന്തുകൊണ്ടെങ്കിലും പുറത്തു പറയുകയില്ലെന്ന നടക്കാത്ത സംഭവം പറഞ്ഞ് കുമ്പസരിച്ച ആളുകളോടു ചോദിക്കും എന്നുപറഞ്ഞാൽ ഇതാണ് നിങ്ങളുടെ പ്രചരണത്തിന്റെ മാർഗ്ഗം.

ശ്രീ. ബേബിജോൺ : ഇവിടെ ബലാൽസംഗത്തെക്കുറിച്ചുള്ള ചർച്ചയാണല്ലോ നടക്കുന്നത് ? ശ്രീ. പി. ജെ. ജോസഫും പറഞ്ഞില്ലെന്നു പറഞ്ഞു. ശ്രീ. പി. ജെ. ജോസഫിന്റെ പാർട്ടിയുടെ ഇടുക്കി ഡിസ്ട്രിക്ട് കമ്മിറ്റി പ്രസിഡൻറ് നാല്പതു സഹോദരിമാരെ പോലീസ് ബലാൽസംഗം ചെയ്തുവെന്ന് പ്രസ്താവന ഇറക്കിയിരിക്കുന്നു. അതിനെക്കുറിച്ച് നിങ്ങൾക്ക് എന്താണ് പറയാനുള്ളത് ?

ശ്രീ. കെ. കരുണാകരൻ : അത് പാർട്ടി അന്വേഷിച്ചുകൊള്ളും. എന്റെ അടുത്തോ പോലീസിന്റെയടുത്തോ പറഞ്ഞിട്ടില്ല.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : അങ്ങനെ ഒരു പരാതി ഞങ്ങളുടെ അടുത്ത് കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : സർ, എങ്കിൽപോലും സ്ത്രീകളോട് അപമര്യാദയായി പെരുമാറിയതുകൊണ്ടും വീടും കടയും കയറി ആക്രമിച്ചതിന്റെ പേരിലും സസ്പെൻഡു ചെയ്തത് അവരുടെ പേരിൽ കേസെടുത്തു. അതുകൊണ്ടും നിർത്തുന്നില്ല. റവന്യൂ ബോർഡ് മെമ്പറെക്കൊണ്ട് 22-ാം തീയതിയിലെ സംഭവത്തിനു ശേഷം രാത്രി നടന്ന സംഭവത്തെക്കുറിച്ച് അന്വേഷിക്കുവാൻ വേണ്ടി കല്പനയാക്കിയിട്ടുണ്ട്. ഡി. വൈ. എസ്. പി. ഉൾപ്പെടെയുള്ള ആഫീസർമാരെ മാറ്റി നിർത്തിയിട്ടാണ് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുള്ളത്, ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരിക്കലും അനുവദിച്ചു കൊടുക്കാവുന്നതല്ല. ഈ ഗവൺമെന്റ് അത് പൊറുക്കുന്നതല്ല. ഒരു ഭാഗത്ത് സത്യസന്ധമായ നിയമപരിപാലനം നടത്തണം, അതേ അവസരത്തിൽ പോലീസിന്റെ ഭാഗത്ത് ഒരിക്കലും 'എക്സസ്' ഉണ്ടാകാൻ പാടില്ല. അതുകൊണ്ടാണ് 24 മണിക്കൂറിനകം നടപടിയെടുത്തത്. ഞാൻ എന്റെ സ്നേഹിതൻ ബേബിജോണിനോട് ചോദിക്കട്ടെ, ബേബിജോൺ ഉൾപ്പെട്ട ശ്രീ. ഇ. കെ. നായനാരുടെ ഗവൺമെന്റിന്റെ കാലത്ത് കടലോരത്ത് മാനഭംഗപ്പെടുത്തി എന്ന് അവർ തുറന്നു പറഞ്ഞിട്ടുപോലും ഒരന്വേഷണത്തിനു തയ്യാറാകാത്ത നിങ്ങളാണോ എന്നോട് ചോദിക്കുന്നത് ? പക്ഷേ ഞാൻ അന്വേഷണം നടത്തുകയാണ് നടപടിയെടുക്കും. പോലീസ് സ്റ്റേഷനിൽ വച്ച് പോലീസ് സബ് ഇൻസ്പെക്ടറെ ഒഴിവാക്കിയിട്ട് കൊന്നിട്ട് അത് കൊലപാതകമല്ല ആത്മഹത്യയാണെന്നു പറഞ്ഞത്. അവരെ താങ്ങാൻ നടന്ന നിങ്ങളാണോ ഇങ്ങനെ ചോദിക്കുന്നത്.

ശ്രീ. ഇ. കെ. നായനാർ : അന്ന് ഞങ്ങൾ അന്വേഷണം നടത്തി. അന്വേഷണം നടത്തിയില്ലെന്ന് പച്ചക്കള്ളം. ഈ സഭയിൽവച്ച് പറയരുത്. സത്യവിരുദ്ധമായിട്ടുള്ളത് പറയരുത്.

ശ്രീ. കെ. കരുണാകരൻ : നടത്തിയിട്ടു പറഞ്ഞു, അങ്ങനെ ഒരു സംഭവമുണ്ടായിട്ടില്ലെന്ന്. അതുകൊണ്ട് ഞാൻ പറയുന്നത് ഈ ഗവൺമെന്റ് പോലീസിന്റെ കുറവുകളും കുറവുകളും ശരിയായ രീതിയിൽ തിരുത്തി അവരെ നേർവഴിക്ക് കൊണ്ടുപോകും. അതേ അവസരത്തിൽ അവർ ചെയ്യുന്ന നല്ല കാര്യങ്ങൾക്ക് പിന്തുണ കൊടുക്കേണ്ടതായിട്ടുണ്ട്. പോലീസുകാരെ പരിപൂർണ്ണമായി നിർവീര്യമാക്കിക്കഴിഞ്ഞാൽ സംസ്ഥാനത്തെ ജനങ്ങൾക്ക് സുരക്ഷിതത്വം കിട്ടുകയില്ല. അതേയവസരത്തിൽ അവരെ കയറൂരി വിടാനും ഈ ഗവൺമെന്റ് തയ്യാറല്ല. അതുകൊണ്ടാണ് പലപ്പോഴും പത്രപ്രവർത്തകൻമാരുടെ പേരിൽ ഉള്ള കേസ്സുകൾ 24 മണിക്കൂറിനകം നടപടിയെടുക്കുന്നത്, പോലീസ് സ്റ്റേഷനിൽവച്ച് മീശ പറിച്ചു എന്ന് പറഞ്ഞു. അതിനു കാര്യമായ തെളിവുകൾ ഇല്ലെങ്കിൽപോലും പ്രൈമാഫേസി ഉപയോഗിച്ച് അവരെ സസ്പെൻഡ് ചെയ്തു. ഈ കാര്യത്തിൽ ഡി. എസ്. പി. മുതൽ കീഴോട്ടുള്ള ഉദ്യോഗസ്ഥൻമാരിൽ കാലാകാലങ്ങളിൽ വരുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്. തങ്കമണി സംഭവത്തിൽ റവന്യൂബോർഡ് മെമ്പറുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ആരായാലും ശരി ഒരു റേപ്പ് നടന്നിട്ടുണ്ടെന്നേ സംഗതി വരികയാണെങ്കിൽ ഐ. ജി. യാണെങ്കിലും സസ്പെൻഡ് ചെയ്തത് നടപടിയെടുക്കാൻ ഈ ഗവൺമെന്റ് മടികാണിക്കുകയില്ല. അതിൽ ആർക്കും ഒരു സംശയവും വേണ്ട. കാരണം പോലീസുകാർ ഞങ്ങളുടെ ഏറ്റവും വലിയ വിശ്വാസപ്രമാണമാണ്. ഒരിക്കലും ഞങ്ങൾ ഇതിനു എതിർപ്പായിട്ട് പ്രവർത്തിക്കുകയില്ല. ഈ ഗവൺമെന്റ് ഒരിക്കലും പോലീസിനെ അഴിഞ്ഞാടാൻ സമ്മതിക്കുകയില്ല. പോലീസ് അഴിഞ്ഞാടിയാൽ ഒന്നു ചെയ്യാതെ അതേ പ്രതികരണങ്ങളുണ്ടാകും അതുകൊണ്ടാണ് ഒരു ഗവൺമെന്റും മുമ്പ് ചെയ്യാത്ത അത്രയും

LIBRARY ARCHIVES Kerala Legislative Assembly

നടപടി ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. ഇതിൽ പല പോരായ്മകളുമുണ്ട്. ട്രെയിസിംഗിന്റെ കാര്യം പറഞ്ഞു. 1977-ലെ അഖിലേന്ത്യ തെരഞ്ഞെടുപ്പിനുശേഷം ഉണ്ടായിട്ടുള്ള ഒരു പ്രത്യേകത പോലീസിന് യാതൊരുവിധത്തിലുള്ള നിയന്ത്രണവും ഇല്ലാതെ കയറൂരി വിടുന്ന സ്ഥിതി ഒന്നുകിൽ ചെയ്തിരിക്കും അല്ലെങ്കിൽ ചെയ്യും. ഈ സ്ഥിതിയിൽനിന്ന് അവരെ തിരിച്ചുകൊണ്ടുവരാനുള്ള സംരംഭത്തിൽ ഈ ഗവൺമെൻറ് വിജയിക്കും, ഈ സംസ്ഥാനത്ത് ക്രമസമാധാനം നിലനിറുത്താൻ സാധിക്കും എന്ന് എനിക്ക് ഉറപ്പുണ്ട്. അഞ്ചുകൊല്ലം പൂർത്തിയാക്കി വികസന പ്രക്രിയയിലൂടെ മുന്നോട്ടുനീങ്ങി ദുർബല വിഭാഗങ്ങളും, ദാരിദ്ര രേഖയ്ക്ക് താഴെയുള്ള ആളുകളും, പട്ടികജാതി—പട്ടികവർഗ്ഗക്കാർ, മൽസ്യത്തൊഴിലാളി സ്ത്രീകളും, കുട്ടികളും—ഈ ദുർബല വിഭാഗങ്ങളുടെ മോചനത്തിനുവേണ്ടി പ്രവർത്തിച്ച ഈ ഗവൺമെൻറ് അഞ്ചു കൊല്ലമല്ല ജനങ്ങളുടെ വിശ്വാസം നേടിക്കൊണ്ട് ഇനിയും അഞ്ചുകൊല്ലം ഭരിക്കും. ഇവിടെ ശ്രീ. കെ. ചന്ദ്രശേഖരൻ അടുത്ത് ഈ സഭ കൂടുകയില്ലെന്നാണല്ലോ പറഞ്ഞത്. രാഷ്ട്രീയ ചർച്ചയ്ക്കുള്ള അവസാനത്തെ യോഗമായിരുന്നു അവിശ്വാസപ്രമേയം. അവിശ്വാസ പ്രമേയ ദിവസം കഴിഞ്ഞപ്പോഴും ഞാൻ പറഞ്ഞു, ഇനി ജനങ്ങളുടെ പ്രശ്നങ്ങളുമായി നമുക്ക് ഗോദയിൽ കാണാമെന്ന്. കുരുക്ഷേത്രത്തിൽ വേണ്ട. നമുക്കു ഗോദയിൽ കാണാം. അവിടെ വരൂ മലർത്തിയടിക്കും ജനങ്ങളെ. ആ കാര്യത്തിൽ എനിക്ക് സംശയമില്ല. ഈ ഉപധനാഭ്യർത്ഥന പാസാക്കിതരണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ഇനി സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്—

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ഞാൻ പോയ്ന്റ് ഓഫ് ഓർഡർ ആവശ്യപ്പെടുന്നു.

വോട്ടെടുപ്പ് നടന്നു. അതിൽ സഭ മറുപുറത്ത് കാണുംപ്രകാരം വേർതിരിഞ്ഞു:

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ–70

1	ശ്രീ.	എ.വി. അബ്ദുറഹിമാൻ ഹാജി
2	,,	പി.എം. അബൂബക്കർ
3	,,	ഇ. അഹമ്മദ്
4	,,	കൊറമ്പയിൽ അഹമ്മദ് ഹാജി
5	,,	കെ. അവുക്കാദർകുട്ടി നഹ
6	,,	ആർ. ബാലകൃഷ്ണപിള്ള
7	,,	തെന്നല ജി. ബാലകൃഷ്ണപിള്ള
8	,,	പി.കെ കെ. ബാവ
9	,,	യു.എ. ബീരാൻ
10	,,	ബെന്നിബെഹനാൻ
11	,,	പി. ഭാസ്കരൻ
12	,,	വി. ദിനകരൻ
13	,,	പി.സി. ജോർജ്ജ്
14	,,	എം.എം. ഹസ്സൻ
15	,,	എം.പി.എം. ഇസ്ഹാക്ക് കുരിക്കൾ
16	,,	എ.എൽ. ജേക്കബ്
17	,,	ടി.എം. ജേക്കബ്
18	,,	സി.ജി. ജനാർദ്ദനൻ
19	,,	ടി.എസ്. ജോൺ
20	,,	എ.സി. ജോസ്
21	,,	ജോസ് കുറ്റിയാനി
22	ഡോക്ടർ	കെ.സി. ജോസഫ്
23	ശ്രീ.	കെ.സി. ജോസഫ്
24	,,	പി.ജെ. ജോസഫ്
25	,,	വി.വി. ജോസഫ്
26	,,	കെ.കെ. നായർ
27	ശ്രീമതി	എം. കമലം
28	ശ്രീ.	കെ.ജി.ആർ. കർത്താ
29	,,	കെ. കരുണാകരൻ
30	,,	പി.കെ. കുഞ്ഞാലിക്കുട്ടി
31	,,	മണിമംഗലത്ത് കുട്യാലി
32	,,	ഇ.ജെ. ലൂക്കോസ്
33	,,	കെ.പി.എ. മജീദ്
34	,,	കെ.എം. മാണി
35	,,	കെ. മുഹമ്മദാലി
36	,,	ഇ.ടി. മുഹമ്മദ് ബഷീർ
37	,,	പി.എ. മുഹമ്മദ് കണ്ണ്
38	,,	പി.വി. മുഹമ്മദ്
39	,,	ടി.എച്ച്. മുസ്തഫ
40	,,	കെ.എസ്. നാരായണൻ നമ്പൂതിരി
41	,,	കെ.പി. നൂറുദ്ദീൻ
42	,,	ഉമ്മൻചാണ്ടി

LIBRARY ARCHIVES Kerala Legislative Assembly

43	ശ്രീ.	സി.വി. പത്മരാജൻ
44	,,	തച്ചടി പ്രഭാകരൻ
45	,,	കെ. രാഘവൻ മാസ്റ്റർ
46	,,	രാഘവൻ പൊഴക്കടവിൽ
47	,,	കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
48	,,	കെ.പി. രാമചന്ദ്രൻ നായർ
49	,,	എസ്. രാമചന്ദ്രൻ പിള്ള
50	,,	തേറമ്പിൽ രാമകൃഷ്ണൻ
51	,,	കെ.പി. രാമൻ
52	,,	തോപ്പിൽ രവി
53	,,	എൻ. ശങ്കരൻ നാടാർ
54	,,	പി. സീതിഹാജി
55	,,	സിദ്ധാർത്ഥൻ കാട്ടുങ്ങൽ
56	,,	കടവൂർ ശിവദാസൻ
57	,,	നാലകത്തു സൂപ്പി
58	,,	എൻ. ശ്രീനിവാസൻ
59	,,	പന്തളം സുധാകരൻ
60	,,	കോട്ടക്കുഴി സുകുമാരൻ
61	,,	സി.എം. സുന്ദരം
62	,,	എൻ. സുന്ദരൻ നാടാർ
63	,,	വി. സുരേന്ദ്രൻ പിള്ള
64	,,	പി.പി. തങ്കച്ചൻ
65	,,	സി.എഫ്. തോമസ്
66	,,	കെ.കെ. തോമസ്
67	,,	തോമസ് കല്ലംപള്ളി
68	,,	പി.കെ. വേലായുധൻ
69	,,	ടി.വി. വിജയരാജൻ
70	,,	സ്റ്റീഫൻ പാദുവ

പ്രതികൂലിക്കുന്നവർ–55

1	ശ്രീ.	ടി.കെ. അബ്ദു
2	,,	ടി.കെ. ആറുമുഖൻ
3	,,	ബേബിജോൺ
4	,,	കെ.കെ. ബാലകൃഷ്ണൻ
5	,,	മൊടിയേരി ബാലകൃഷ്ണൻ
6	,,	ഒ. ഭരതൻ
7	ശ്രീമതി	മാർഗ്ഗവി തങ്കപ്പൻ
8	ശ്രീ.	കെ.ആർ. ചന്ദ്രമോഹനൻ
9	,,	കെ. ചന്ദ്രശേഖരൻ
10	,,	എൻ. ചന്ദ്രശേഖരക്കുറുപ്പ്
11	,,	വി.എസ്. ചന്ദ്രശേഖരൻപിള്ള
12	,,	സിറിയക് ജോൺ
13	ശ്രീമതി	പി. ദേവൂട്ടി
14	,,	കെ.ആർ. ഗൗരി

LIBRARY ARCHIVES Kerala Legislative Assembly

15 ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
16 ,, ടി.കെ. ഹംസ
17 ,, കെ.ഇ. ഇസ്മായിൽ
18 ,, എം. ജിനദേവൻ
19 ,, ഇ.കെ. നായനാർ
20 ,, വി.സി. കബീർ
21 ,, കെ.ടി. കണാരൻ
22 ,, എം.കെ. കേശവൻ
23 ,, വി. കേശവൻ
24 ,, സി.ടി. കൃഷ്ണൻ
25 ,, കെ. കൃഷ്ണൻകുട്ടി
26 ,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
27 ,, കെ.ടി. കുമാരൻ
28 ,, പി. കുമാരൻ
29 ,, പി.വി. കുഞ്ഞിക്കണ്ണൻ
30 ,, ലോനപ്പൻ നമ്പാടൻ
31 ,, സി.പി. മൂസ്സാൻകുട്ടി
32 ,, കെ. മൂസ്സക്കുട്ടി
33 ,, എ.കെ. പത്മനാഭൻ
34 ,, കെ. പങ്കജാക്ഷൻ
35 ,, ടി.പി. പീതാംബരൻ മാസ്റ്റർ
36 ,, കെ.പി. പ്രഭാകരൻ
37 ,, കെ. പുരുഷോത്തമൻ
38 ശ്രീമതി റേച്ചൽ സണ്ണി പനവേലി
39 ശ്രീ. വർക്കല രാധാകൃഷ്ണൻ
40 ,, എം.വി. രാഘവൻ
41 ,, വി.കെ. രാജൻ
42 ,, കാനം രാജേന്ദ്രൻ
43 ,, കെ. ശങ്കരനാരായണപിള്ള
44 ,, എ.കെ. ശശീന്ദ്രൻ
45 ,, എ.സി. ഷൺമുഖദാസ്
46 ഡോക്ടർ എ. സുബ്ബറാവു
47 ശ്രീ. കെ.വി. സുരേന്ദ്രനാഥ്
48 ,, എ.വി. താമരാക്ഷൻ
49 ,, സി.കെ. തങ്കപ്പൻ
50 ,, വി.ജെ. തങ്കപ്പൻ
51 ,, എസ്. ആർ. തങ്കരാജ്
52 ,, പി.സി. തോമസ് (കടുത്തുരുത്തി)
53 ,, ആർ.എസ്. ഉണ്ണി
54 ,, ജി. വരദൻ
55 ,, പി. വിജയദാസ്

നിഷ്പക്ഷർ–ഇല്ല

അനുകൂലിക്കുന്നവർ-70

പ്രതികൂലിക്കുന്നവർ-55

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ–പ്രമേയം പാസായിരിക്കുന്നു, ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന 12-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 300 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച് .....

ശ്രീ. എം. വി. രാഘവൻ : സർ, ഞാൻ പോയം ആവശ്യപ്പെടുന്നു.

അനുകൂലിക്കുന്നവർ–70

1	ശ്രീ.	എ. വി., അബ്ദുറഹിമാൻ ഹാജി,
2	,,	പി എം. അബൂബക്കർ
3	,,	ഇ. അഹമ്മദ്
4	,,	കൊരമ്പയിൽ അഹമ്മദ് ഹാജി
5	,,	കെ. അവുക്കാദർകുട്ടിനഹ
6	,,	ആർ. ബാലകൃഷ്ണപിള്ള
7	,,	തെന്നല ജി. ബാലകൃഷ്ണപിള്ള
8	,,	പി. കെ. കെ. ബാവ
9	,,	യൂ. എ. ബീരാൻ
10	,,	ബെന്നി ബെഹനാൻ
11	,,	പി. ഭാസ്കരൻ
12	,,	വി. ദിനകരൻ
13	,,	പി. സി. ജോർജ്ജ്
14	,,	എം. എം. ഹസ്സൻ
15	,,	എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ
16	,,	എ. എൽ ജേക്കബ്
17	,,	ടി. എം. ജേക്കബ്
18	,,	സി. ജി. ജനാർദ്ദനൻ
19	,,	ടി. എസ്. ജോൺ
20	,,	എ. സി. ജോസ്
21	,,	ജോസ് കുറിയാനി
22	ഡോക്ടർ	കെ. സി. ജോസഫ്
23	ശ്രീ.	കെ. സി. ജോസഫ്
24	,,	പി. ജെ. ജോസഫ്
25	,,	വി. വി. ജോസഫ്
26	,,	കെ. കെ. നായർ
27	ശ്രീമതി	എം. കമലം
28	ശ്രീ.	കെ. ജി. ആർ. കർത്താ
29	,,	കെ. കരുണാകരൻ
30	,,	പി. കെ. കുഞ്ഞാലിക്കുട്ടി
31	,,	മണിമംഗലത്തു കുട്യാലി
32	,,	ഇ ജെ. ലൂക്കോസ്
33	,,	കെ. പി. എ. മജീദ്
34	,,	കെ. എം. മാണി
35	,,	കെ. മുഹമ്മദാലി
36	,,	ഇ. ടി. മുഹമ്മദ് ബഷീർ
37	,,	പി. എ. മുഹമ്മദ് കണ്ണ്

LIBRARY ARCHIVES Kerala Legislative Assembly

38 ശ്രീ. പി.വി. മുഹമ്മദ്
39 ,, ടി.എച്ച്. മുസ്തഫ
40 ,, കെ.എസ്. നാരായണൻ നമ്പൂതിരി
41 ,, കെ.പി. നൂറുദ്ദീൻ
42 ,, ഉമ്മൻചാണ്ടി
43 ,, സി.വി. പത്മരാജൻ
44 ,, തച്ചടിപ്രഭാകരൻ
45 ,, കെ. രാഘവൻ മാസ്റ്റർ
46 ,, രാഘവൻ പൊഴക്കടവിൽ
47 ,, കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
48 ,, കെ.പി. രാമചന്ദ്രൻ നായർ
49 ,, എസ്. രാമചന്ദ്രൻ പിള്ള
50 ,, തേറമ്പിൽ രാമകൃഷ്ണൻ
51 ,, കെ.പി. രാമൻ
52 ,, തോപ്പിൽ രവി
53 ,, എൻ. ശക്തൻ നാടാർ
54 ,, പി. സീതിഹാജി
55 ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
56 ,, കടവൂർ ശിവദാസൻ
57 ,, നാലകത്ത് സൂപ്പി
58 ,, എൻ. ശ്രീനിവാസൻ
59 ,, പന്തളം സുധാകരൻ
60 ,, കോട്ടക്കുഴി സുകുമാരൻ
61 ,, സി.എം. സുന്ദരം
62 ,, എൻ. സുന്ദരൻ നാടാർ
63 ,, വി. സുരേന്ദ്രൻ പിള്ള
64 ,, പി.പി. തങ്കച്ചൻ
65 ,, സി.എഫ്. തോമസ്
66 ,, കെ.കെ. തോമസ്
67 ,, തോമസ് കല്ലംപള്ളി
68 ,, പി.കെ. വേലായുധൻ
69 ,, ടി.വി. വിജയരാജൻ
70 ,, സ്റ്റീഫൻ പാദുവ

പ്രതികൂലിക്കുന്നവർ–55

1 ശ്രീ. ടി.കെ. അബ്ദു
2 ,, ടി.കെ. ആറുമുഖൻ
3 ,, ബേബിജോൺ
4 ,, കെ.കെ. ബാലകൃഷ്ണൻ
5 ,, കോടിയേരി ബാലകൃഷ്ണൻ
6 ,, ഒ. ഭരതൻ
7 ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
8 ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ
9 ,, കെ. ചന്ദ്രശേഖരൻ
10 ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
11 ,, വി.എസ്. ചന്ദ്രശേഖരൻ പിള്ള
12 ,, സിറിയക് ജോൺ

LIBRARY ARCHIVES Kerala Legislative Assembly

13 ശ്രീമതി പി. ദേവകുട്ടി
14 ,, കെ.ആർ. ഗൗരി
15 ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
16 ,, ടി.കെ. ഹംസ
17 ,, കെ.ഇ. ഇസ്മായിൽ
18 ,, എം. ജിനദേവൻ
19 ,, ഇ.കെ. നായനാർ
20 ,, വി.സി. കബീർ
21 ,, കെ.ടി. കണാരൻ
22 ,, എം.കെ. കേശവൻ
23 ,, വി. കേശവൻ
24 ,, സി.ടി. കൃഷ്ണൻ
25 ,, കെ. കൃഷ്ണൻ കുട്ടി
26 ,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
27 ,, കെ.ടി. കുമാരൻ
28 ,, പി. കുമാരൻ
29 ,, പി.വി. കുഞ്ഞിക്കണ്ണൻ
30 ,, ലോനപ്പൻ നമ്പാടൻ
31 ,, സി.പി. മൂസ്സാൻകുട്ടി
32 ,, കെ. മൂസ്സക്കുട്ടി
33 ,, എ.കെ. പത്മനാഭൻ
34 ,, കെ. പങ്കജാക്ഷൻ
35 ,, ടി.പി. പീതാംബരൻ മാസ്റ്റർ
36 ,, കെ.പി. പ്രഭാകരൻ
37 ,, കെ. പുരുഷോത്തമൻ
38 ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി
39 ശ്രീ. വർക്കല രാധാകൃഷ്ണൻ
40 ,, എം.വി. രാഘവൻ
41 ,, വി.കെ. രാജൻ
42 ,, കാനം രാജേന്ദ്രൻ
43 ,, കെ. ശങ്കരനാരായണപിള്ള
44 ,, എ.കെ. ശശീന്ദ്രൻ
45 ,, എ.സി. ഷൺമുഖദാസ്
46 ഡോക്ടർ എ. സുബ്ബറാവു
47 ശ്രീ. കെ.വി. സുരേന്ദ്രനാഥ്
48 ,, എ.വി. താമരാക്ഷൻ
49 ,, സി.കെ. തങ്കപ്പൻ
50 ,, വി.ജെ. തങ്കപ്പൻ
51 ,, എസ്. ആർ. തങ്കരാജ്
52 ,, പി.സി. തോമസ് (കടുത്തുരുത്തി)
53 ,, ആർ.എസ്. ഉണ്ണി
54 ,, ജി. വരദൻ
55 ,, പി. വിജയദാസ്

നിഷ്പക്ഷർ ഇല്ല.

അനുകൂലിക്കുന്നവർ-70

പ്രതികൂലിക്കുന്നവർ-55

LIBRARY ARCHIVES Kerala Legislative Assembly

നിഷ്പക്ഷത പാലിക്കുന്നവർ-ആരുമില്ല

ഉപധനാഭ്യർത്ഥന പാസാക്കിയിരിക്കുന്നു.

ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

ഇനി ജില്ലാഭരണവും പലവകയും എന്ന 11-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ പതിനഞ്ചുലക്ഷത്തി ഇരുപത്തി രണ്ടായിരത്തി നാനൂറ് രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കി.

ഉപധനാഭ്യർത്ഥന പാസാക്കിയിരിക്കുന്നു. ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

ഇനി വിദ്യാഭ്യാസം, കലാസംസ്ക്കാരം എന്ന 17-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ രണ്ടുകോടി തൊണ്ണൂറുലക്ഷത്തി തൊണ്ണൂറായെട്ടായിരത്തി ഇരുന്നൂറ് രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കി.

ഉപധനാഭ്യർത്ഥന പാസാക്കിയിരിക്കുന്നു. ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

ഇനി കൃഷി എന്ന 30-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കി.

ഉപധനാഭ്യർത്ഥന പാസാക്കിയിരിക്കുന്നു. ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

ഇനി ക്ഷേമം എന്ന 31-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരുകോടി പത്തുലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കി.

ഉപധനാഭ്യർത്ഥന പാസാക്കിയിരിക്കുന്നു. ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

ഇനി വനം എന്ന 35-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കി.

ഉപധനാഭ്യർത്ഥന പാസാക്കിയിരിക്കുന്നു. ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

ഇനി വ്യവസായം എന്ന 38-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ പത്തുലക്ഷത്തി ഇരുന്നൂറു രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കി.

ഉപധനാഭ്യർത്ഥന പാസാക്കിയിരിക്കുന്നു. ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

ഇനി ജലസേചനം എന്ന 39-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു നൂറ് രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കി.

ഉപധനാഭ്യർത്ഥന പാസാക്കിയിരിക്കുന്നു. ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

ഇനി ഗതാഗതം എന്ന 42-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ നാല് കോടി ഇരുന്നൂറ് രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കി.

LIBRARY ARCHIVES Kerala Legislative Assembly

ഉപധനാഭ്യർത്ഥന പാസാക്കിയിരിക്കുന്നു. ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

ഇനി ചർച്ചയില്ലാതെ പാസാക്കുന്ന ഉപധനാഭ്യർത്ഥനകൾ

ഇനി കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന 5-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 200 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കി.

വാഹന നികുതികൾ എന്ന 9-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 200 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കി.

സ്റ്റേഷനറിയും ഭരണപരമായ മറ്റ് സർവ്വീസുകളും എന്ന 14-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു 100 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കി.

പൊതുമരാമത്ത് എന്ന 15-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഇരുപത്തിയെട്ടുലക്ഷത്തി നാല്പത്തി ഒന്നായിരത്തി ഇരുന്നൂറ് രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കി.

പെൻഷനും പലവകയും എന്ന 16-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ പതിനഞ്ചുലക്ഷത്തി അൻപതിനായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കി.

മെഡിക്കൽ എന്ന 18-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 200 രൂപയുടേയും ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കി.

പൊതുജനാരോഗ്യം എന്ന 20-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ രണ്ടുലക്ഷത്തി അറുപത്തി അയ്യായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കി.

ഭവന നിർമ്മാണം എന്ന 22-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ നാല്പത്തിയെട്ടുലക്ഷത്തി അൻപത്തിയാറായിരത്തി ഇരുന്നൂറ് രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കി.

നഗരവികസനം എന്ന 23-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അൻപത്തിനാല് ലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കി.

പ്രകൃതിക്ഷോഭത്തിന് ഇരയായവർക്ക് ദുരിതാശ്വാസം നല്കുക എന്ന 27-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഇരുപത്തിയൊന്ന് കോടി അറുപത്തി ഏഴ് ലക്ഷത്തി നാല്പത്തി മൂവായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കി.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന 29-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 200 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കി.

മൃഗസംരക്ഷണം എന്ന 32-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ പതിനെട്ട് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കി.

LIBRARY ARCHIVES Kerala Legislative Assembly

ക്ഷീരവ്യവസായം എന്ന 33-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ഒരു കോടി എഴുപത്തിയേഴ് ലക്ഷത്തി ഒൻപതിനായിരത്തി എണ്ണൂറ് രൂപയുടെ ഉപ ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കി.

പല വായ്പകളും മുൻകൂറും എന്ന 46-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ അറുപത്തി അയ്യായിരം രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണ മെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കി.

ഉപധനാഭ്യർത്ഥന പാസാക്കിയിരിക്കുന്നു. ഗ്രാൻറ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ : ഇന്ന് ബഹുമാനപ്പെട്ട കെ.പി. പ്രഭാകരൻ സംസാരിച്ച അവസരത്തിൽ ഉണ്ടായ പരാമർശം സംബന്ധിച്ച് ചില ഒബ്ജക്ഷൻസ് ഇവിടെ റെയിസ് ചെയ്യുകയുണ്ടായി. അത് പരിശോധിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞിരുന്നു. അത് പരിശോധിച്ചതിൽ എന്ന പ്രയോഗം രേഖയിൽ ഉണ്ടായിരിക്കുന്നതല്ല. ദയവായി പത്രങ്ങളും അത് പ്രസിദ്ധീകരിക്കരുത് എന്ന് അഭ്യർത്ഥിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

1986 നവംബർ മാസം 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനുവേണ്ടി സഭ 4.02-ന് പിറ

2/1924/S.

LIBRARY ARCHIVES Kerala Legislative Assembly